വാല്യം 38

ആര്യാട് ബ്ലോക്ക്

(ആലപ്പുഴ ജില്ല)

1. ആര്യാട്
2. മണ്ണൻചേരി
3. മാരാരിക്കുളം സൗത്ത്

ജനകീയാസൂത്രണ പ്രസ്ഥാനം

## മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്ത്



# വികസനരേഖ



"ഗ്രാമ സ്വരാജിനെപ്പറ്റിയുള്ള എന്റെ ആശയം ഇതാണ്. അതൊരു സമ്പൂർണ്ണ റിപ്പബ്ലിക്കാണ്. സുപ്രധാനമായ ആശയങ്ങൾക്ക് അത് അയൽക്കാരെ ആശ്രയിക്കുകയില്ല. എന്നാൽ പരസ്പരാശ്രയം ആവശ്യമായ കാര്യങ്ങളിൽ അത് ഉണ്ടായിരിക്കുകയും ചെയ്യും"

– ഗാന്ധിജി

# മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്



# ഒൻപതാം പദ്ധതി ജനകീയ പദ്ധതി

## മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്

★

# വികസന സെമിനാർ

★

## ഹോളിഫാമിലി ഹൈസ്കൂൾ – കാട്ടൂർ
## 1997 ജനുവരി 7

മാരാരിക്കുളം തെക്കു ഗ്രാമപഞ്ചായത്ത്



ഇ.എം.എസ്സ്.
ജനകീയാസൂത്രണസമിതി സംസ്ഥാന ചെയർമാൻ

# നമ്മുടെ പഞ്ചായത്ത്

| | | |
|---|---|---|
| പേര് | : | മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്ത് (സ്പെഷ്യൽ ഗ്രേഡ്) |
| വില്ലേജ് | : | കലവൂർ, പാതിരാപ്പള്ളി (ഭാഗികം) |
| ബ്ലോക്ക് | : | ആര്യാട് |
| താലൂക്ക് | : | അമ്പലപ്പുഴ |
| അസംബ്ലി നിയോജകമണ്ഡലം | : | മാരാരിക്കുളം |
| പാർലമെന്റ് നിയോജകമണ്ഡലം | : | ആലപ്പുഴ |
| പഞ്ചായത്ത് വിസ്തീർണ്ണം | : | 19.07 ച;കി.മീ; |
| ജനസംഖ്യ | : | 43357 |
| വാർഡുകൾ | : | 15 |

അതിരുകൾ

| | | |
|---|---|---|
| തെക്ക് | : | ആര്യാട് പഞ്ചായത്ത് |
| പടിഞ്ഞാറ് | : | അറേബ്യൻ കടൽ |
| വടക്ക് | : | മാരാരിക്കുളം വടക്ക് പഞ്ചായത്ത് |
| കിഴക്ക് | : | ആര്യാട് മണ്ണഞ്ചേരി പഞ്ചായത്തുകൾ |

## ജനപ്രതിനിധികൾ

**എം. പി.**

ശ്രീ. വി. എം. സുധീരൻ

**എം. എൽ. എ**

അഡ്വ : പി. ജെ. ഫ്രാൻസിസ്

**ജില്ലാ പഞ്ചായത്ത് മെമ്പർമാർ**

1. പി. പത്മനാഭൻ
2. ഫിലോമിന ടോമി

**ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ**

1. അഡ്വ: ആർ. ജയസിംഹൻ
2. ശ്രീമതി. സുഭദ്രാ ബാബു
3. ശ്രീമതി. ലീലാമ്മ ജേക്കബ്ബ്
4. ശ്രീ. കെ. സി. ഷഡാനന്ദൻ

## മുൻ പഞ്ചായത്ത് പ്രസിഡന്റന്മാർ



കെ.ടി. ലിയോൺ പിള്ള
ആദ്യപ്രസിഡന്റ്



സി.ഡി. മൈക്കിൾ കുഞ്ഞ്
രണ്ടാമത്തെ പ്രസിഡന്റ്



ടി.ജെ. ഫിലിപ്പ്
മൂന്നാമത്തെ പ്രസിഡന്റ്



കെ.ആർ. ധർമാനന്ദൻ
നാലാമത്തെ പ്രസിഡന്റ്

## ആദ്യപഞ്ചായത്തിലുണ്ടായിരുന്നവരിൽ ഇന്ന് ജീവിച്ചിരിക്കുന്നവർ



രാഘവകൈമൾ
ഉഴുത്തുവേലിൽ



സി.ഡി. മൈക്കിൾ കുഞ്ഞ്
രണ്ടാമത്തെ പ്രസിഡന്റ്



ആർ.തങ്കപ്പൻ



ഫെലിക്സ് പ്രസന്റേഷൻ

## നിലവിലുള്ള പഞ്ചായത്ത് മെമ്പറൻമാർ


കെ.ആർ.ധർമ്മാനന്ദൻ


പി.വി. സത്യനേശൻ


കെ.എൽ. വിജയൻ


എം.വി. പൊന്നമ്മ ടീച്ചർ


എൻ.എം. ആനന്ദൻ


സി.എ. ലിയോൺ


സി.ജി. ഫ്രാൻസിസ്


ജോർജ് ജോസഫ്


ശൈലജ ശാന്തപ്പൻ


ഷീലാ സുരേഷ്


വിക്ടോറിയാ കാഞ്ചി


എ.എൽ.റോബർട്ട്



പി.ഡി. മാലതി
പ്രസിഡന്റ്



എ.എ. ജോസഫ്
വൈസ് പ്രസിഡന്റ്



വി.ഡി. അംബുജാക്ഷൻ
സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ

## പഞ്ചായത്തിലെ ജീവനക്കാർ

സർവ്വശ്രീ. വി. പൊന്നപ്പൻ (സെക്രട്ടറി)
" കെ. കെ. സുലൈമാൻ (ജെ.എസ്.)
" എ. പി. പരമേശ്വരൻ (യു.ഡി.സി.)
" മാർട്ടിൻ മാസിഡോ (യു.ഡി.സി.)
" എസ്. രാജൻ (യു.ഡി.സി.)
" എ. കെ. പൊന്നമ്മ (എൽ.ഡി.സി.)
" വി. പൊന്നമ്മ (എൽ.ഡി.സി.)
" കെ. സോമനാചാരി (എൽ.ഡി.സി.)
" പി.ബി സുന്ദർ റാവു (ജെ.ബി.സി.)
" കെ. ലക്ഷ്മണൻ (പ്യൂൺ)
" പി. കെ. സാറാമ്മ (പ്യൂൺ)
" കെ. ദേവയാനി (എഫ്.റ്റി.എസ്)
" പി. ലക്ഷ്മിക്കുട്ടി (എഫ്.റ്റി.എസ്)
" വി. എൻ. ശോഭന (പി.റ്റി.എസ്)
" ലത്തീഫാബീവി (പി.റ്റി.എസ്)
" എൻ. എ. മുഹമ്മദ് ഷറീഫ് (പി.റ്റി.എസ്)

## കെ.ആർ.പി/ഡി.ആർ.പി.മാർ

1. കെ. കെ. സുലൈമാൻ
2. കെ. എസ്. സ്റ്റാൻലി
3. കെ. പവിത്രപണിക്കർ
4. പി. എസ്. ക്ലീറ്റസ്
5. കെ. വി. അനിൽ
6. പി. പി. ഗോപിദാസ്
7. കെ. എം. ഭഗീരഥൻ
8. സൂസി ജേക്കബ്ബ്
9. ഷൈൻകുമാർ
10. റ്റി. എസ്. മോഹനൻ
11. കെ. പൊന്നപ്പൻ
12. പി.എസ്. വെട്ടിയാർ
13. സാലി വേലായുധൻ
14. തോമസ്

## താളുകൾ മറിയുമ്പോൾ


ആമുഖം

ചരിത്രം

ഭൂപ്രകൃതിയും വിഭവങ്ങളും

കൃഷിയും ജലസേചനവും

മൃഗസംരക്ഷണവും മത്സ്യബന്ധനവും

വിദ്യാഭ്യാസം

കുടിവെള്ളവും പൊതുജനാരോഗ്യവും

വ്യവസായം

ഗതാഗതം - ഊർജ്ജം - മാർക്കറ്റ്

പാർപ്പിടവും - സാമൂഹ്യക്ഷേമവും

സംസ്കാരം

സ്ത്രീപദവി

സഹകരണമേഖല

പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം

വിഭവസമാഹരണം

ഉപസംഹാരം

# മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിൻെറ വികസന റിപ്പോർട്ട്

## ആമുഖം

ഓരോ ഗ്രാമവും സ്വാശ്രിതവും വികേന്ദ്രീകൃതവുമായ സാമ്പത്തിക-രാഷ്ട്രീയ അധികാരമുള്ളതായിരിക്കണമെന്നതായിരുന്നു മഹാത്മാഗാന്ധിയുടെ കാഴ്ചപ്പാട്. അദ്ദേഹത്തിൻെറ സങ്കൽപ്പത്തിലെ ഇൻഡ്യയുടെ ഒരു പ്രധാന ഘടകമായിരുന്നു പഞ്ചായത്തീരാജ്. ഭരണഘടനയുടെ ആദ്യത്തെ കരടുരൂപത്തിൽ പഞ്ചായത്ത്രാജിനെ കുറിച്ച് പരാമർശിച്ചിട്ടില്ലെന്ന് മനസ്സിലാക്കിയ ഗാന്ധിജി പുതുക്കിയ കരടിൽ അതുൾപ്പെടുത്തണമെന്ന് നിർബന്ധിച്ചു. പഞ്ചായത്തുകൾക്ക് എത്രമാത്രം അധികാരമുണ്ടോ അത്രത്തോളം ജനങ്ങൾക്ക് ഉപകാരപ്രദമാകുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ദേശീയനയത്തിൻെറ നിർദ്ദേശക തത്ത്വങ്ങൾ ഉൾക്കൊള്ളുന്ന ഭരണഘടനയുടെ 40-ാം വകുപ്പിൽ (ഗാന്ധിജിയുടെ നിർബന്ധം മൂലം ചേർക്കപ്പെട്ടതാണിത്.) ഇങ്ങനെ പറയുന്നു. ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കാൻ രാഷ്ട്രം നടപടി സ്വീകരിക്കണം. ആവശ്യമെങ്കിൽ ഒരു സ്വയംഭരണ യൂണിറ്റുപോലെ പയറവർത്തിക്കാൻ കഴിയുന്ന വിധത്തിലുള്ള അധികാരവും അവകാശവും അതിന് ലഭ്യമായിരിക്കണം.

മേൽപ്പറഞ്ഞ വകുപ്പിനെ പ്രവർത്തി പഥത്തിലെത്തിക്കാനുള്ളൊരു വലിയ കാൽവെയ്പായിരുന്നു 1957ലെ ബൽവന്ത്റായ്മേത്ത കമ്മിറ്റി റിപ്പോർട്ടും ഇന്ത്യയിൽ പഞ്ചായത്തീരാജ് സമ്പ്രദായം നടപ്പാക്കാൻ നിർദ്ദേശിച്ചതിലൂടെ നാം കണ്ടത്. അന്നുമുതൽ ദേശീയതലത്തിലും സംസ്ഥാനതലത്തിനും പഞ്ചായത്തീരാജ് ശക്തിപ്പെടുത്തുവാനുള്ള നിരവധി നീക്കങ്ങളുണ്ടായി. എന്നാൽ 30 കൊല്ലത്തെ പ്രതിബന്ധങ്ങൾക്കും എതിർപ്പുകൾക്കും ശേഷം 64-ാം ഭരണഘടനാ ഭേദഗതിയിലൂടെ പഞ്ചായത്തീരാജിൻെറ എല്ലാ പ്രശ്നങ്ങൾക്കും ഭാരത സർക്കാർ പരിഹാരം കണ്ടെത്തിയെന്ന് അവകാശപ്പെട്ടു. ഈ ബിൽ അടിസ്ഥാനതലങ്ങളിൽ ജനാധിപത്യത്തെ പ്രതിഷ്ഠിക്കാനും അധികാരം ജനങ്ങളിലെത്തിക്കാനും അഴിമതി അവസാനിപ്പിച്ച് രാഷ്ട്രീയത്തിലെ അധികാരദല്ലാളൻമാരെയും ഇടനിലക്കാരെയും ഒഴിവാക്കാനുമാണെന്ന് പ്രസ്താവിച്ചു. വിപ്ലകരവും, ചരിത്രപ്രധാനവുമായ ഒരു ബിൽ ഭരണഘടന പ്രാബല്യത്തിൽ വന്ന ശേഷം ഉണ്ടായ ഒരു മഹത്തായ സംഭവമെന്ന് അന്നത്തെ പ്രധാനമന്ത്രി അവകാശപ്പെട്ടു. എങ്കിലും കേന്ദ്രീകൃത സ്കീമുകൾ കൂടിക്കൂടി വന്നു(ഉദാ: എം.പി.സ്കീം) കേരളത്തിൽ തന്നെ പഞ്ചായത്തീരാജ് ബിൽ പാസാകാൻ 1994 വരെ കാത്തിരിക്കുകയും 1996-ൽ നടപ്പാക്കുകയും ചെയ്തു.

1957ലെ ബൽവന്ത് റായ് മേത്ത കമ്മറ്റിയുടെ സൈദ്ധാന്തികവശം അതത് സ്ഥലത്തെ പ്രാദേശിക നേതൃത്വവും സർക്കാരും തമ്മിൽ ഒരു കണ്ണി രൂപപ്പെടുത്തുകയും സർക്കാരിൻെറ നയപരിപാടികൾ പ്രവൃത്തിയിലേക്ക് കൊണ്ടുവരികയും ചെയ്യുക എന്നതായിരുന്നു. പഞ്ചായത്തീരാജ് സമ്പ്രദായത്തിൻെറ പരിമിതികൾ ചൂണ്ടിക്കാട്ടിയതിൻെറ അടിസ്ഥാനത്തിൽ ടി സംവിധാനത്തിൻെറ പ്രവർത്തനങ്ങൾ പരിശോധിക്കാനും അത് ശക്തിപ്പെടുത്താനും നിർദ്ദേശങ്ങൾ സമർപ്പിക്കാനും 1978-ൽ അശോക് മേത്തകമ്മറ്റി എന്നപേരിൽ ഒരു അഖിലേന്ത്യാ കമ്മറ്റിയെ നിയോഗിച്ചു. ഈ കമ്മറ്റി പഞ്ചായത്തീരാജ് സമ്പ്രദായം അധികാരവികേന്ദ്രീകരണത്തിനും ജനകീയപങ്കാളിത്തത്തിനും മാത്രമുള്ളതല്ലെന്നും അത് ഗ്രാമവികസനത്തെ സഹായിക്കുകയും അടിസ്ഥാനതല ആസൂത്രണ പ്രക്രിയ ശക്തിപ്പെടുത്തുകയും ചെയ്യണമെന്നും അഭിപ്രായപ്പെട്ടു. കൃഷി, വനവൽക്കരണം, കുടിൽ വ്യവസായങ്ങൾ, ക്ഷേമപദ്ധതികൾ തുടങ്ങിയ മേഖലകളിലെ വികസനപരിപാടികളിൽ പങ്കു വഹിക്കാൻ കമ്മറ്റി നിർദ്ദേശിച്ചു. തുടർന്ന് 1983-ൽ ജില്ലാആസൂത്രണത്തിനുള്ള സി.എച്ച്. ഹനുമന്തറാവു വർക്കിംഗ് ഗ്രൂപ്പും 1985ലെ ജി.വി.കെ റാവു കമ്മറ്റിയും ബ്ലോക്കിനെയും കീഴ്തല ആസൂത്രണങ്ങളേയും താഴ്ന്ന തലത്തിലുള്ള പഞ്ചായത്തീരാജ് സ്ഥാപനങ്ങളുമായി സംയോജിപ്പിക്കാൻ നിർദ്ദേശിച്ചു. 1986-87ൽ സിംഘ്വി കമ്മറ്റി പഞ്ചായത്തീരാജിൻെറ വീക്ഷണപത്രിക തയ്യാറാക്കുക യുണ്ടായി. ഇതിൽ പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ അടിസ്ഥാന തലത്തിലും ഗ്രാമീണവികസനത്തിൻെറ ആസൂത്രണത്തിലും പ്രയോഗത്തിലും സൂക്ഷ്മമായി പങ്കുകൊള്ളണമെന്ന് ആവശ്യപ്പെട്ടു. ഗ്രാമപഞ്ചായത്തുകളുടെ രൂപീക്രണം സാധ്യമാവണമെന്നും സിഘ്വി കമ്മറ്റി ശുപാർശ ചെയ്തു.

1994 ലെ കേരളാ പഞ്ചായത്തീരാജ് ആക്ടിലെ ഗ്രാമസഭകളുടെ നിർദ്ദേശം നടപ്പാക്കിയതോടുകൂടി അധികാരം കൂടുതൽ വികേന്ദ്രീകരിക്കപ്പെട്ടു. അതോടുകൂടി വോട്ടവകാശമുള്ള എല്ലാ പൗരൻമാരും ഗ്രാമസഭാമെമ്പർമാരാവുകയും പഴയ വാർഡ് മെമ്പർ കൺവീനറോ, കോ-ഓർഡിനേറ്ററോ ആയി മാറുകയും ചെയ്തു. ഇതോടുകൂടി സർക്കാരിൽ നിന്നു കിട്ടുന്ന സഹായങ്ങൾ ഓരോ ഗ്രാമീണൻെറയും അവകാശമാണ്. അല്ലാതെ ആരുടെയും ഔദാര്യമല്ലെന്ന് മനസ്സിലാക്കി. ജനകീയാസൂത്രണപ്രക്രിയയിലൂടെ ഓരോ ഗ്രാമീണനും താന്താങ്കളുടെ നാടിനുയോജിച്ച പദ്ധതി രൂപപ്പെടുത്തുന്നതിന് സഹായിയും, അധികാരിയുമായി മാറിയ ഈ സാഹചര്യത്തിൽ ഗ്രാമീണപ്രശ്നങ്ങളുമായി ഇപ്പോഴാകുവാനും അവയ്ക്ക് ശാസ്ത്രീയമായ പരിഹാരം കണ്ടെത്തുന്നതിന് സഹായകരമായ മാർഗ്ഗങ്ങളെക്കുറിച്ച് ചർച്ചചെയ്യുവാനും നമുക്ക് കഴിയണം.

ഈ വികസനരേഖ തയ്യാറാക്കുന്നതിന് 12 ഗ്രൂപ്പുകൾ 7 ദിവസം തുടർച്ചയായി യോഗം കൂടിയിട്ടുണ്ട്. 4 മുതൽ 6 ഗ്രൂപ്പുകൾ വരെ എല്ലാവാർഡുകളിലും സഞ്ചരച്ച് പ്രാഥമികവിവരശേഖരണം നടത്തിയിട്ടുണ്ട്. ടി. യോഗങ്ങളുടെയും ചർച്ചകളുടേയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഈ വികസനരേഖ സജീവമായ ചർച്ചക്കും, മാർഗ്ഗനിർദ്ദേശങ്ങൾക്കുമായി സമർപ്പിക്കുന്നു.



# മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് ചരിത്രം

ഒരു പ്രദേശത്തിൻെറ ചരിത്രം അവലോകനം ചെയ്യുന്നതിലൂടെ അവരുടെ സംസ്കാരം, പാരമ്പര്യം എന്നിവ കൂടുതലായി മനസിലാക്കാൻ കഴിയും. ഈ സാസംസ്കാരിക പാരമ്പര്യം ഒരു ഭൂവിഭാഗത്തിൻെറ വികസനത്തിന് സ്വീകരിക്കേണ്ട മാർഗങ്ങളിലേക്ക് വെളിച്ചം വീശുന്നതാണ്. ഈ പ്രാദേശികാസൂത്രണത്തിന് ജനങ്ങളുടെ നിർലോഭമായ സഹകരണം, സംഭാവന എന്നിവ ആർജിക്കുവാൻ കഴിയുമെന്നാണ് മാരാരിക്കുളം തെക്കുപഞ്ചായത്തിൻെറ എത്തിനോക്കിയാൽ കാണാൻ കഴിയുന്നത്. മാതൃരാജ്യത്തിൻെറ രക്ഷക്ക് വേണ്ടി പൊരുതിമരിച്ച നൂറുകണക്കിന് യോദ്ധാക്കളെസൃഷ്ടിക്കാൻ ഈ ഗ്രാമപഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ട്. ഈ പ്രദേശത്തിൻെറ ചരിത്രം പരാമർശിക്കുന്ന ആദ്യസംഭവവും ഇതുതന്നെയാണ്. ഒന്നും രണ്ടും പുറക്കാടു യുദ്ധങ്ങളിൽ ചെമ്പകശേരി രാജാവിനെ സഹായിച്ചത് കാട്ടൂരിൽ നിന്നുള്ള കുടുംബങ്ങൾ ആയിരുന്നു. ടി യുദ്ധത്തിൽ വീരമൃത്യുവരിച്ചവരുടെ ജഡങ്ങൾ കെട്ടുവള്ളത്തിൽ കൊണ്ടുവന്ന് ഹനുമാൻ ക്ഷേത്രത്തിനു സമീപമുള്ള പുരയിടങ്ങളിലും സംസ്കരിച്ചു എന്നും പഴമക്കാർ ഇന്നും പറഞ്ഞുവരുന്നു. സ്വാതന്ത്ര്യാനന്തര ഇൻഡ്യയുമായി ബന്ധപ്പെട്ടു നടന്ന യുദ്ധങ്ങളിൽ മാതൃരാജ്യത്തിൻെറ സംരക്ഷണത്തിനായുള്ള ധീരപ്രവർത്തനങ്ങൾക്ക് 'വീരചക്ര' പുരസ്കാരം നേടിയ ഏകമലയാളിയും ഈ ഗ്രാമത്തിൻെറ അഭിമാനമായ സുബേദാർ പി.എം. ഗൃഗരി ആണ്. ചരിത്രരേഖകളിൽ കാട്ടൂർ ആദ്യമായി സ്ഥാനം പിടിക്കുന്നത് ഫാ: ജോർജ് കുർഹാമാർ എസ്.ജെ. 1644ൽ എഴുതിയ പുസ്തകത്തിൽ ആണ്. പ്രസ്തുത ഗ്രന്ഥത്തിൽ കാട്ടൂരിൽ അന്ന് 300 ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു എന്നു രേഖപ്പെടുത്തിയിരിക്കുന്നു. ഈ സമൂഹത്തിൻെറ സ്വാധീനം ഇവിടുത്തെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ വികസിപ്പിക്കുവാൻ സഹായകമായി ഭവിച്ചിട്ടുണ്ട്. 1860 ൽ സ്ഥാപിച്ച വൈദികപഠന കേന്ദ്രമാണ് ചരിത്രരേഖകളിൽ കാണുന്ന ആദ്യത്തെ വിദ്യാഭ്യാസസ്ഥാപനം.( ഈ ചരിത്രം വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് അന്യത്ര ചേർത്തിരിക്കുന്നു. ഇതിൻെറ സ്ഥാപനം ജനപങ്കാളിത്തത്തോടെ ഒരു സ്കൂൾ സ്ഥാപിക്കുന്നതിന് ഇവിടുത്തെ സാധാരണക്കാരന് പ്രചോദനം നൽകി. സ്ഥാപകനായ പണ്ഡിതശ്രേഷ്ഠൻ ഫാ: പീറ്റർ പാവിൾ പ്രസൻേറഷൻ തന്നെ സ്വന്തം സ്ഥലം സ്കൂൾ നിർമിക്കുന്നതിന് സൗജന്യമായി വിട്ടുകൊടുത്തു. 1860കളിൽ ജാതിമതഭേദമന്യേ എല്ലാവർക്കും പഠിക്കാവുന്ന ഒരു സ്ഥാപനം ഇതോടുദയം ചെയ്തു. ഇതിൻെറ ലോക്കൽ മാനേജറൻമാരായി സമീപത്തു താമസിക്കുന്ന ടി. സ്കൂളിനു സമീപത്തുതാമസിക്കുന്ന ക്രൈസ്തവകുടുംബക്കാരും, നായർ കുടുംബക്കാരും മാറിമാറി വന്നിരുന്നു. അന്നുവരെ ആശാൻ കളരികളും, അയോധനകളരികളും ആയിരുന്നു ഈ പ്രദേശത്തെ പ്രധാനവിദ്യാകേന്ദ്രങ്ങൾ. പൗരാണിക കാലം മുതൽക്കേ മൂത്തേടത്തു രാജാവിൻെറ സൈന്യാധിപസ്ഥാനം യുദ്ധകാലങ്ങളിൽ വഹിച്ചിരുന്നത് കാട്ടൂരിലെ തൈശ്ശേരി കുടുംബക്കാർ ആയിരുന്നു. ഈ പ്രദേശത്ത് പ്രശസ്തമായ ആയോധനകളരികൾ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ശ്രീഹനുമാൻെറ പ്രതിഷ്ഠയുള്ള പുതിയവീട്ടിൽ ക്ഷേത്രം തന്നെ ഇതിനു തെളിവാണ്. സ്കൂളിൻെറ സ്ഥാപനത്തോടെ അക്ഷരവിദ്യാപഠനം സ്കൂളിലേക്ക് മാറ്റുകയും തുടർന്ന് 1910ൽ സർക്കാർ വക വെർണ്ണാർകുലർ മിഡിൽ സ്കൂൾ ആയി ഉയർത്തപ്പെടുകയും ചെയ്തു. വി.എം.സ്കൂൾ എന്നറിയപ്പെട്ട ഈ സരസ്വതീക്ഷേത്രം ഈ പഞ്ചായത്തു പ്രദേശത്ത് ധാരാളം അദ്ധ്യാപകരെ വാർത്തടുത്തു. ആലപ്പുഴക്കും ചേർത്തലക്കും മദ്ധ്യേ ആദ്യമായി ഒരു ലൈബ്രറി സ്ഥാപിച്ചത് ഈ വിദ്യാലയവുമായി ബന്ധപ്പെട്ടായിരുന്നു. നിർഭാഗ്യവശാൽ ഈ രണ്ടുസ്ഥാപനങ്ങളും അഗ്നിക്കിരയായി. ജനങ്ങൾ ഒറ്റക്കെട്ടായിനിന്ന് വൻനേട്ടങ്ങൾ സൃഷ്ടിക്കുന്നതും നിസ്സാരപകമൂലം സംഹരിക്കുന്നതും നമുക്കിവിടെ കാണാം. എന്തിനേയും ധീരതയോടെ നേരിടുന്നതിനും, നേട്ടങ്ങൾ ഉണ്ടാക്കുന്നതിനും, അതുപോലെ നശിപ്പിക്കുന്നതിനുമുള്ള വൈരുദ്ധ്യവാസന നമ്മളിൽ കാണുന്നു എന്നുള്ളത് തുടർന്നുള്ള ചരിത്രം തെളിയിക്കുന്നു.

വളരെ വാണിജ്യപ്രാധാന്യമുള്ള ഒരു ഗ്രാമമായിരുന്നു മാരാരിക്കുളം തെക്ക്. ഇവിടെ ഒരു കാലത്ത് പത്തേമാരികൾ വിദേശത്തുനിന്ന് സാധനങ്ങൾ കൊണ്ടുവന്ന് കച്ചവടം

ചെയ്തിരുന്നു. ഈ പഞ്ചായത്തിൻെറ രണ്ട് അതൃത്തി കേന്ദ്രങ്ങളിലും ചൗക്കകൾ(ഇന്നത്തെ കസ്റ്റംസ്) പ്രവർത്തിച്ചിരുന്നു. ഈ ചൗക്ക അടുത്തകാലംവരെ തുമ്പോളികടപ്പുറത്ത് ഉണ്ടായിരുന്നു എന്നതിനു തെളിവാണ് ഇന്നുമുള്ള ചൗക്കകടവ്. അതുപോലെതന്നെ കാട്ടൂരിലും ഇവിടെനിന്നും ചെമ്മീൻ പരിപ്പ്, കൊപ്ര, എണ്ണ, മത്സ്യഎണ്ണ, ഉണക്കമീൻ, തമ്പകത്തടി മുതലായവ കയറ്റി അയച്ചിരുന്നു. അതുപോലെ വസ്ത്രങ്ങൾ, ആഭരണങ്ങൾ, കല്ല്, ഓട് ഉപ്പ് മുതലായവ ഇറക്കുമതിയും ചെയ്തിരുന്നു.

വളരെ പ്രാചീനങ്ങളായ ദേവാലയങ്ങൾ ഈ ഗ്രാമത്തിലുണ്ട്. 1539ൽ സ്ഥാപിച്ച കാട്ടൂർപള്ളിക്കാണ് ഇതിൽ പ്രഥമസ്ഥാനം. ചെറിയകലവൂർ ധർമശാസ്താ ക്ഷേത്രമാണ് ഈ പഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്ന ക്ഷേത്രം. ഈ ക്ഷേത്ര ശ്രീകോവിലും ശബരിമല അയ്യപ്പക്ഷേത്ര ശ്രീകോവിലും ഒരേ അളവവിലാണെന്നും (തച്ചുശാസ്ത്രം), രണ്ടിൻെറയും നിർമാതാവ് ഒരാൾതന്നെ ആയിരുന്നു എന്നും പറയപ്പെടുന്നു. ശ്രീ അയ്യപ്പൻെറ ബ്രഹ്മചര്യാഭാവം ഏറ്റവും കൂടിതലുള്ളതാണ് ഈ ക്ഷേത്രത്തിലെ പ്രതിഷ്ഠ. അതുകൊണ്ടുതന്നെ ഇവിടെ വിവാഹം നടത്താറില്ല. തച്ചുശാസ്ത്ര വൈദഗ്ധ്യത്തിൻെറ പൗരാണികമേൻമക്ക് ഈ ക്ഷേത്രം ഉത്തമദൃഷ്ടാന്തമാണ്. ശ്രീകോവിലിനുള്ളിലെ ദീപം അമ്പലക്കുളത്തിൽ പ്രതിബിംബിക്കുന്നു. ജലനിരപ്പുകുറഞ്ഞാലും ഇത് കാണാൻ കഴിയും എന്നതാണ് പ്രത്യേകത. മണ്ണഞ്ചേരി പഞ്ചായത്തിലെ ശിവക്ഷേത്രത്തിലെ ശ്രീകോവിൽ പടിഞ്ഞാട്ടുദർശനമാകാൻ കാരണം ഈ ക്ഷേത്രത്തിൻെ സ്ഥാനമാണെന്നു പറയപ്പെടുന്നു. ഈ പഞ്ചായത്തിലെ ഏക സർക്കാർ ക്ഷേത്രം ഇതുമാത്രമാണ്. വിവിധവിഷയങ്ങളെ സംബന്ധിച്ച് ആമുഖമായി ചരിത്രപശ്ചാത്തലം അവലോകനം ചെയ്യുന്നതിനാൽ നമുക്ക് ദേശീയസ്വാതന്ത്ര്യസമരകാലത്തെ സംഭവങ്ങളും സംഭാവനകളുമായി ബന്ധപ്പെടാം.

ദേശീയസ്വാതന്ത്ര്യപ്രസ്ഥാനവുമായി ബന്ധപ്പെട്ട് നമ്മുടെ പഞ്ചായത്തിൽ നിരവധി ധീരദേശാഭിമാനികൾ പ്രവർത്തിച്ചിരുന്നു. വിദേശവസ്ത്രബഹിഷ്കരണവുമായി ബന്ധപ്പെട്ട് 1930 കളിൽ ഇൻഡ്യൻ നാഷനൽ കോൺഗ്രസിൻെറ നേതൃത്വത്തിൽ നടന്ന സമരങ്ങളിലും തുടർന്ന് 1938ൽ ബ്രിട്ടീഷ് ഭരണത്തിനെതിരായും പ്രായപൂർത്തിവോട്ടവകാശത്തിനുവേണ്ടിയും തിരുവിതാംകൂർ ലേബർ അസോസിയേഷൻെറയും പിന്നീട് രൂപംകൊണ്ട തിരുവിതാംകൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയൻേറയും നേതൃത്വത്തിൽ നടന്ന വമ്പിച്ച അവകാശപോരാട്ടങ്ങൾക്ക് ഈ പഞ്ചായത്തിലെ സംഘടിതതൊഴിലാളികൾ സക്ഷ്യം വഹിച്ചിട്ടുണ്ട്. ഇതേ കാലയളവിൽ മലബാറിൽ കർഷകപ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ നടന്ന സമരവും ഈ പഞ്ചായത്തിലെ തൊഴിലാളിസമരങ്ങൾക്ക് ആവേശമായിത്തീർന്നു. ജൻമിത്വം ഈ നാട്ടിൽ കൊടികുത്തിവാണിരുന്നു. ഭൂമിയിൽ കൃഷിചെയ്ത് കായ്ഫലം ജൻമിക്ക് കാഴ്ചവച്ചിരുന്ന കാലം! മാനംമര്യാദക്ക് പെൺമക്കളെ വളർത്തുവാനും കെട്ടിച്ചയയ്ക്കുവാനും കൂരവെക്കുവാനും അവകാശമില്ലാതിരുന്ന കാലം! നിരന്തരമായ കുടിയൊഴിപ്പിക്കൽ നടമാടിയിരുന്നു. വികൃതവും ഭീകരവുമായ ഈ അവസ്ഥാവിശേഷം നമ്മുടെ പഞ്ചായത്തിലെ കുടിയാൻമാരെ ജീവച്ഛവങ്ങളാക്കിയിരുന്നു. ജൻമിമാരുടെ ഇച്ഛാനുവർത്തികളായില്ലെങ്കിൽ ഗുണ്ടകളുടേയും പോലീസിൻേറയും ക്രൂരമായ നിരന്തരമർദ്ദനങ്ങൾക്കും പീഢനങ്ങൾക്കും വിധേയരാകേണ്ടിയും വന്നിരുന്നു. മത്സ്യത്തൊഴിലാളികളാകട്ടെ കൊടിയചൂഷണത്തിന് വിധേയപ്പെട്ടുകൊണ്ടുമിരുന്നു. 1957ൽ പ്രഖ്യാപിച്ചതും 69ൽ പാസാക്കിയതുമായ ഭൂപരിഷ്കരണനിയമം മൂലമാണ് ഈ അവസ്ഥക്കും പരിഹാരമുണ്ടായത്. ഭൂപരിഷ്കരണനിയമം നടപ്പിലാക്കുന്നതിനു മുമ്പുതന്നെ 'ഞാൻ താമസിക്കുന്ന വീടിരുപ്പുസ്ഥലം എൻേറതാണെന്ന്' പ്രഖ്യാപിച്ചുകൊണ്ട് അളന്നുതിരിച്ചുനടപ്പാക്കിയ ശ്രീ. രാമൻകുട്ടി(9-ാം വാർഡിൽ മഠത്തിൽ ക്ഷേത്രത്തിനുസമീപം) ഈ പഞ്ചായത്തിൽ പുതിയൊരു മാറ്റത്തിനു തുടക്കം കുറിച്ചു. തുടർന്ന് സംഘടിത പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിൽ നടന്ന വളച്ചുകെട്ടുസമരവും പിൽക്കാലത്തെ കേരളത്തിൽ ഭൂപരിഷ്ക്കരണനിയമം പൂർണമായി നടപ്പിലാക്കാൻ പ്രേരിപ്പിച്ചു.

ടി.യു. സംഘടനകളിലൂടെ ലഭിച്ച അനൗപചാരിക വിദ്യാഭ്യാസവും രാഷ്ട്രീയ വിദ്യാഭ്യാസവും ഈ പഞ്ചായത്തിലെ വിവിധമേഖലകളിലുള്ള തൊഴിലാളികൾക്ക് കൂടുതൽ ആത്മവിശ്വാസവും പ്രചോദനവും നൽകി. ഈ പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് തൊഴിലാളിവർഗത്തിൻെറ ബൗദ്ധികവും ശാരീരികവുമായ മുൻകൈയിൽ നടന്ന ഉജ്വലമായ പുന്നപ്ര-വയലാർ സമരം രാജവാഴ്ചക്കും രാജവാഴ്ചക്കും ദിവാൻ ഭരണത്തിനുമെതിരെ സ്വാതന്ത്ര്യത്തിനും കിടന്നുറങ്ങുന്ന സ്വന്തം ഭൂമിക്കും വേണ്ടി നടന്ന ഈ സമരം നമ്മുടെ പഞ്ചായത്തിലെ ആബാലവൃദ്ധം ജനങ്ങളേയും ഇളക്കിമറിച്ചു. മാരാരിക്കുളത്തും കാട്ടൂരും ധീരമായ ചെറുത്തുനിൽപുണ്ടായി. കാട്ടൂർക്യാമ്പിൽ ഭീകരമായ വെടിവെയ്പുനടന്നു. കാട്ടൂർക്യാമ്പൻെറ നേതൃത്വം ധീരനായ കാട്ടൂർ ജോൺകുട്ടി എന്നുവിളിച്ചിരുന്ന പള്ളിപ്പറമ്പിൽ ജോൺകുട്ടിക്കായിരുന്നു. വെടിവെയ്പിൽ ധീരദേശാഭിമാനി ശ്രീ. കാട്ടൂർ ജോസഫ് പിടഞ്ഞുവീണുമരിച്ചു. വെടിവെക്കാൻ നിറതോക്കുചൂണ്ടിയ പട്ടാളമേധാവിയോട് 'നിങ്ങൾക്കും നിങ്ങൾതൻ ധരണിക്കും വേണ്ടയാണീ സമരം' എന്ന് നെഞ്ചുനിവർത്തി പ്രഖ്യാപിച്ച ശ്രീ. ജോസഫ് ഈ പഞ്ചായത്തിലെ അനശ്വരനായ രാജ്യസ്നേഹിയാണ്. ശ്രീ. ജോസഫിനോടൊപ്പം ശ്രീമാൻമാർ ടി.കെ. വേലായുധൻ, ഉമ്മിണിശ്ശേരി പളനി, പൊഴിമുട്ടത്തു ദാമോദരൻ, സറോക്ക് അന്തോച്ചേട്ടൻ എന്നിവർക്കും വെടിയേറ്റു.

ഈ പശ്ചാത്തലങ്ങളാകെ ജനതയെ അവകാശബോധവാൻമാരാക്കി. അക്കാലത്തു നിലനിന്നിരുന്ന പ്രാകൃത നിയമങ്ങൾക്കുമെതിരെ ആഞ്ഞടിച്ചു. മാറുമറക്കാനും മീശ വെക്കാനും അവകാശമില്ലാതിരുന്ന കാലം തെക്കേ പാലക്കൽ സെലസ്റ്റൽ എന്ന ധീരൻ മീശവെച്ചത് നാലുചക്രം പിഴയായി കമ്പനിയിൽ നൽകേണ്ടി വന്ന ചെറുത്തുനിൽപിൻെറ ചരിത്രം ഈ പഞ്ചായത്തിനുണ്ട്. അക്കാലത്ത് നാട്ടിലാകെ പാടിക്കേട്ട

"യുദ്ധം വന്നാൽ നമുക്കെല്ലാർക്കും
പട്ടാളത്തിൽ ചേരാല്ലോ ........
പട്ടാളത്തിൽ ചേർന്നാൽ പിന്നെ
മീശേംവെച്ചു നടക്കാല്ലോ...
മീശേം വെച്ചുനടന്നാൽ പിന്നെ
തമ്പ്രാൻപടിക്കലും ചെല്ലാല്ലോ......"

എന്ന വരികളുടെ പാരമ്പര്യം പേറുന്ന നാം എല്ലാ അർത്ഥതലങ്ങളിലും യഥാർത്ഥ തമ്പ്രാക്കളായി മാറുന്ന ചരിത്രദൗത്യം പൂർണതയിലെത്തിക്കുന്ന പ്രവർത്തനങ്ങളുമായി മുന്നേറാം.

1953 ആഗസ്റ്റ് 15ന് കലവൂർ കേന്ദ്രമാക്കി ഒരു വാടകകെട്ടിടത്തിലാണ് പഞ്ചായത്ത് പ്രവർത്തനം

ആരംഭിച്ചത്. ശ്രീ. കരുണാകരതണ്ടാരുടെ വകയായ കെട്ടിടത്തിന് 5 രൂ ആയിരുന്നു പ്രതിമാസ വാടക. ഈ പഞ്ചായത്തിൻെറ വിസ്തീർണം 19.07 ചതുരശ്രകിലോമീറ്റർ ആണ്. 1991 ലെ കാനേഷുമാരി കണക്കനുസരിച്ച് 45335 ആയിരുന്നു മൊത്തം ജനസംഖ്യ. ഇതിൽ ഭൂരിഭാഗവും സ്ത്രീകളായിരുന്നു. എന്നാൽ ഇപ്പോളത്തെ കണക്കനുസരിച്ച് പഞ്ചായത്തിലെ ആകെ ജനസംഖ്യ 43357 ആണ്. ഇതിൽ 22373 സ്ത്രീകളാണ്.

ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴത്താലൂക്കിൻെ വടക്കുപടിഞ്ഞാറ് കടൽത്തീരത്തോടുചേർന്നു കിടക്കുന്ന ഒരു പഞ്ചായത്താണിത്. വടക്ക് മാരാരിക്കുളം തോടും, തെക്ക് തീയശേരിപൊഴിയും, കിഴക്ക് നാഷനൽ ഹൈവേയും അനുബന്ധപ്രദേശങ്ങളും ആണ് പഞ്ചായത്തിൻെറ അതിരുകൾ. കയർമേഖലയേയും, മത്സ്യബന്ധനമേഖലയെയും ആശ്രയിച്ചുകഴിയുന്നവരാണ് ജനങ്ങളിൽ ഏറിയ പങ്കും. കാർഷികമേഖലയെ ആശ്രയിക്കുന്നവരും കുറവല്ല.

പണ്ടെങ്ങോ ഒരു പുലയസ്ത്രീ കൈതോല ചെത്തുവാനായി കുളക്കരയിൽ കണ്ട കല്ലിൽ തേച്ച് അരിവാളിനു മൂർച്ചകൂട്ടിയപ്പോൾ കല്ലിൽനിന്നും രക്തം ഒഴുകിയെന്നും, ആ കല്ല് ശിവലിംഗമായിരുന്നു എന്നും, തുടർന്ന് മറ്റാരോ മാരാരി (ശിവൻ)ലിംഗം കുളക്കര പ്രതിഷ്ഠിച്ചതിനാൽ ഈ പ്രദേശം മാരാരിക്കുളമായിത്തീർന്നു എന്നുള്ള ഐതിഹ്യം ഇന്നും നിലനൽക്കുന്നു. ഇതിൽ ചേർത്തലതാലൂക്കിൽപെട്ടഭാഗം മാരാരിക്കുളം വടക്കെന്നും അമ്പലപ്പുഴ താലൂക്കിൽപെട്ട ഭാഗം മാരാരിക്കുളം തെക്കെന്നും അറിയപ്പെടുന്നു.

ഈ പഞ്ചായത്തിന് ആദ്യം 12 വാർകളാണ് ഉണ്ടായിരുന്നത്. തെരഞ്ഞെടുക്കപ്പെട്ട 12 വാർഡുകളിൽനിന്നും മെമ്പർമാർക്കുപുറമേ പട്ടികജാതി, വർഗ്ഗത്തിൽ നിന്നും ഓരാളേയും തെരഞ്ഞെടുത്തിരുന്നു. അങ്ങനെ 12 വാർഡുകളിലായി13 മെമ്പർമാരാണ് ഉണ്ടായിരുന്നത്.

ആദ്യപഞ്ചായത്തിൻെറ പ്രസിഡൻറായിരുന്നു ശ്രീ. ലിയോൺപിള്ളതോമസ് വാർഡിൽനിന്നും എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ട മെമ്പറായിരുന്നു. ശ്രീ. വി.വി. പരമേശ്വരൻ ആയിരുന്നു ആദ്യപഞ്ചായത്തിൻെറ വൈസ് പ്രസിഡൻറ്.

സർവ്വശ്രീ

1. പി.ജെ. അഗസ്റ്റസ്
2. ടി.വി. തോമസ്
3. സി.ആർ. ഉമ്മച്ചൻ
4. ആർ. തങ്കപ്പൻ
5. പി.കെ. കേശവക്കുറുപ്പ്
6. പി.ജെ. ജൂസീഞ്ഞ്
7. സി.ഡി. മൈക്കിൾകുഞ്ഞ്
8. ശ്രാമ്പിക്കൽ ബാബ അയ്യപ്പി(റിസർവേഷൻ)
9. വി.എൻ.രാഘവക്കൈമൾ
10. എ.എ. വർഗീസ്
11. ഫെലിക്സ് പ്രസൻേറഷൻ

എന്നിവരായിരുന്നു മറ്റംഗങ്ങൾ

ആദ്യപഞ്ചായത്തിൽ ഒരു ക്ലർക്കും പ്യൂണും മാത്രമാണ് ജീവനക്കാരായി ഉണ്ടായിരുന്നത്. ആദ്യപഞ്ചായത്ത് എന്ന സൂചകം കൊണ്ടുതന്നെ എല്ലാവികസനപ്രവർത്തനങ്ങൾക്കും പ്രാരംഭം കുറിക്കേണ്ട ചുമതലയും ഈ ഭരണസമിതിക്കായിരുന്നു. അടിസ്ഥാനസൗകര്യങ്ങളായ റോഡ്, പാലം, തോട് എന്നിവയുടെ നിർമാണത്തിനാണ് ഈ പഞ്ചായത്ത് മുഖ്യമായും ഊന്നൽ നൽകിയത്. പഞ്ചായത്ത് നിലവിൽ വരുന്ന 1953 കാലഘട്ടത്തിൽ നാഷനൽ ഹൈവെ കൂടാതെ കലവൂർ-കാട്ടൂർ റോഡ് മാത്രമാണ് ഉണ്ടായിരുന്നത്. ആലപ്പുഴ-ചേർത്തല തീരദേശറോഡിന് പ്രാരംഭംകുറിച്ചു എങ്കിലും വാഴക്കൂട്ടത്തിലഴിവരെ മാത്രമെ റോഡ് നിർമാണം സാധ്യമായുള്ളൂ. അതിൽതന്നെ തുമ്പോളി തീയശ്ശേരി പൊഴിക്കുമാത്രമേ പാലം നിർമിച്ചിരുന്നുള്ളു. കായൽ ചെളിയും മണലും കൂട്ടിക്കുഴച്ച് അതിന് മേൽ പൂഴിവിരിച്ചായിരുന്നു ആദ്യകാലങ്ങളിൽ റോഡ് നിർമിച്ചിരുന്നത്. റോഡ് നിർമാണത്തിലെ മറ്റെല്ലാതടസ്സങ്ങളും നീക്കികിട്ടുന്നതിനുവേണ്ടി ശ്രീ.ജേക്കബ് അറയ്ക്കൽൻെറ നേതൃത്വത്തിൽ മാരാരിക്കുളംതെക്ക്, മാരാരിക്കുളം വടക്ക്, ചേർത്തല തെക്ക് പഞ്ചായത്തുകളിലെ ജനപ്രതിനിധികൾ പൊതുമരാമത്ത് വകുപ്പ് മന്ത്രി ശ്രീ. എ. അച്ചുതനെ കണ്ട് നിവേദനം സമർപ്പിച്ചു. അദ്ദേഹം റോഡിൻെറ പണിതീരാത്ത പ്രദേശങ്ങൾ സന്ദർശിച്ച് ആവശ്യകത ബോധ്യപ്പെട്ടതിൻെറ അടിസ്ഥാനത്തിൽ നിർമാണം പൂർത്തീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുവാൻ ഉത്തരവിട്ടു. കാട്ടൂരിലുള്ള ശ്രീ. കുന്നൽ ഗൃശരിയുടെ വകസ്ഥലം റോഡിന് വിട്ടുകിട്ടാതിരുന്ന സാഹചര്യത്തിൽ ജില്ലാവികസന സമിതിയുടെ തീരുമാന പ്രകാരം സർക്കാരിൽ പൊന്നുംവില അടച്ച് കളക്ടറുടെ ഉത്തരവിൻ പ്രകാരം ഈ ഭൂമി റോഡിന് അക്വയർ ചെയ്യുകയാണ് ഉണ്ടായിരുന്നു. ആദ്യപഞ്ചായത്തിൻെറ എടുത്തുപറയത്തക്ക മറ്റൊരു നേട്ടമായ ചെട്ടികാട് ഗവ: ആശുപത്രിയുടെ നിർമാണത്തിലും, ശ്രദ്ധേയമായ ഒരു സംഭവമുണ്ട്. ഈ ആശുപത്രി ആദ്യം പ്രവർത്തിച്ചിരുന്നതം ഇന്നത്തെ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രദേശത്തായിരുന്നു. കുരിക്കശേരി കുടുംബം വക മണ്ണഞ്ചേരി പഞ്ചായത്തിലുള്ള കെട്ടിടത്തിൽ സർക്കാരുമായുള്ള ഉടമ്പടിപ്രകാരം വാടകയില്ലാതെയാണ് പ്രവർത്തനം നടത്തിയിരുന്നത്. എന്നാൽ വർഷങ്ങൾക്കുശേഷം കെട്ടിട ഉടമ സർക്കാരിനോട് വാടകയാവശ്യപ്പെട്ടു. വാടകസംബന്ധിച്ച ഉടമ്പടി, കെട്ടിട ഉടമകൾ ലംഘിച്ചു എന്ന കാരണത്താൽ ആശുപത്രി നഷ്ടമാകുമെന്ന സാഹചര്യം വന്നപ്പോൾ അന്ന് ശ്രീമൂലം പ്രജാസഭയിൽ അംഗമായിരുന്ന കുരിശിങ്കൽ ശ്രീ ലോനപ്പൻപിള്ള കുടിശിഖത്തുക സർകാരിൽ കെട്ടിവെക്കുകയും ആശുപത്രി ചെട്ടിക്കാട്ടിലുള്ള തൻെറ സ്ഥലത്തേക്ക് മാറ്റുവാൻ ഉത്തരവുണ്ടാകണമെന്ന് അപേക്ഷിക്കുകയും ചെയ്തു. ഇപ്രകാരമാണ് ചെത്തിക്കാട് ഗവ: ആശുപത്രി മണ്ണഞ്ചേരി പഞ്ചായത്തിൽ നിന്നും മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ടത്. 1957ൽ ഇത് പി.എച്ച്. സെൻററായി ഉയർത്തപ്പെട്ടു. പഞ്ചായത്തിൻെറ ആസ്ഥാനം തുടക്കത്തിൽ കലവൂരിലുള്ള വാടകക്കെട്ടിടത്തിലായിരുന്നു എന്നത് നേരത്തേ സൂചിപ്പിച്ചുവല്ലോ. പുതിയ തലമുറയിലെ ഒട്ടുമിക്കപേർക്കും അറിയപ്പെടാത്തതതായ ചില സംഭവങ്ങൾ ഇതിനു പശ്ചാത്തലമായുണ്ട്. ഒന്നാം പഞ്ചവത്സരപദ്ധതിക്കാലത്ത് നമ്മുടെ പഞ്ചായത്തിൽ പുതിയതായി രണ്ടു സ്കൂളുകൾ, പ്രീതികുളങ്ങരയും, സർവോദയപുരത്തും, അനുവദിച്ചു കിട്ടുന്നതിന് സർക്കാരിനോട് അഭ്യർത്ഥിച്ചു. ഭൂദാനപ്രസ്ഥാനത്തിൻെറ ഭാഗമായി എടക്കണ്ണാട്ട് ശ്രീ. ശങ്കരക്കുറുപ്പ് വിട്ടുകൊടുത്ത 18 ഏക്കർ സ്ഥലത്തുനിന്നും

ഒരേക്കർ സർവോദയപുരത്ത് സ്കൂൾ പണിയുന്നതിനായി നീക്കിവെച്ചു. എന്നാൽ പ്രീതികുളങ്ങരയിൽ മാത്രം ഒരു എൽ.പി. സ്കൂൾ അനുവദിച്ച് ഉത്തരവ് ഉണ്ടാവുകയാണ് ചെയ്തത്. പ്രീതികുളങ്ങരയിൽ അനുവദിച്ച സ്കൂളിന് ഉഴുത്തുവേലി കുടുംബക്ഷേത്രം വക ഒരേക്കർ ഭൂമി സൗജന്യമായി വിട്ടുതന്നു. സ്കൂൾ നിർമാണം ഒരു കോൺട്രാക്റ്റ് വർക്കായിരുന്നു എങ്കിലും ഗതാഗതസൗകര്യം ഇല്ലാതിരുന്നതിനാൽ ജോലി ഏറ്റെടുക്കുവാൻ കഴിഞ്ഞില്ല. സ്കൂളിൻെറ ആവശ്യകത മനസിലാക്കിയ സേവന തത്പരരായ ജനങ്ങൾ തലച്ചുമടായാണ് നിർമാണസാമഗ്രികൾ സ്ഥലത്ത് എത്തിച്ചത്. ഇപ്രകാരം പരിപൂർണമായ ജനപങ്കാളിത്തത്തോടുകൂടി പ്രീതികുളങ്ങര എൽ.പി. സ്കൂളിൻെറ നിർമാണം പൂർത്തിയായി. സ്കൂളും പഞ്ചായത്ത് ഓഫീസും കലവൂർ കേന്ദ്രീകരിച്ചുനിൽകുന്നു എന്നകാരണത്താൽ പഞ്ചായത്ത് ഓഫീസിൻെറ പ്രവർത്തനം കാട്ടൂരിലേക്ക് മാറ്റണമെന്ന് ഒരു വിഭാഗം ജനങ്ങളും ഏതാനും പഞ്ചായത്ത് മെമ്പർമാരും ആവശ്യപ്പെട്ടു. എങ്കിലും പഞ്ചായത്ത് ഹെഡ്ക്വാർട്ടേഴ്സ് സർക്കാരിൻെറ ഉത്തരവ് ഇല്ലാതെ മാറ്റുവാൻ പാടില്ലെന്ന കാരണത്താൽ അത് നടക്കാതെ വന്നു. പിന്നീട് തദ്ദേശസ്വയംഭരയമ വകുപ്പു മന്ത്രി ശ്രീ.പി.പി.ഉമ്മർകോയക്ക് ഒരു നിവേദനം നൽകിയതിൻെറ അടിസ്ഥാനത്തിൽ കാട്ടൂരിൽ ഒരു കെട്ടിടം പണിയുവാൻ ഉത്തരവ് ഉണ്ടായി. അതിന് ആവശ്യമായ സ്ഥലം പഞ്ചായത്തിന് സ്വന്തമായി ഇല്ലായിരുന്നു. പഞ്ചായത്ത് മെമ്പർമാരുടെ നേതൃത്ത്വത്തിൽ കുറെ അധികം പേർ ചേർന്ന്

ശ്രീമൂലം പ്രജാസഭാംഗമായിരുന്ന ശ്രീ.കെ.എൽ. ലോനൻപിള്ളയെ സമീപിക്കുകയും തുടർന്ന് അദ്ദേഹം ഓഫീസ് മന്ദിരം സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം സൗജന്യമായി നൽകുകയും ചെയ്തു. അതിനെ തുടർന്ന് ഈ സ്ഥലത്ത് പഞ്ചായത്തം സ്വന്തം നിലയിൽ കെട്ടിടം പണി പൂർത്തിയാക്കുകയും കലവൂരിലെ വാടക കെട്ടിടത്തിൽ നിന്നും ഓഫീസ് പ്രവർത്തനം കാട്ടൂരിലുള്ള ഇന്നത്തെ സ്ഥലത്തേക്ക് മാറ്റപ്പെടുകയും ചെയ്തു.

പൊതുകിണറുകൾ സ്ഥാപിക്കുന്നതിന് തുടക്കം കുറിക്കുകയും പാതയോരങ്ങളിൽ മണ്ണെണ്ണ ചിമ്മിനി സ്ഥാപിച്ചു കൊണ്ട് രാത്രികാല സഞ്ചാരത്തിന് ചെറിയ വെളിച്ചമേകിയും ചുമടുതാങ്ങികൾ നിർമ്മിച്ച് ഭാരം വഹിക്കുന്നവർക്ക് ആശ്വാസമേകിയും 1965ൽ ഒന്നാം പഞ്ചായത്ത് ഭരണം ചരിത്രരേഖകളിലേക്ക് ഇടംതേടി.

രണ്ടാം പഞ്ചായത്തം ഭരണസമിതി അധികാരത്തിൽ വന്നു. ഈ പഞ്ചായത്ത് സഭയിൽ 12 അംഗങ്ങൾ ഉണ്ടായിരുന്നു. ആദ്യപഞ്ചായത്തിൽ അംഗമായിരുന്ന സി.ഡി.മൈക്കിൾക്കുഞ്ഞ് പ്രസിഡൻറായി അധികാരം ഏറ്റു. ശ്രീ.വി.പി.പരമേശ്വരൻ ആയിരുന്നു വൈസ് പ്രസിഡൻറ് . ഇവരെകൂടാതെ സർവ്വ ശ്രീ.

1. വി.എസ്.നന്ദകുമാർ
2. സി.വി.പൊടുത്താഞ്ഞ്.
3. മേരി കൊച്ചുകുഞ്ഞ്
4. കെ.സി.ശങ്കരൻ
5. പി.ജെ.ജോസഫ്.
6. ആർ.ദാമോദരൻ
7. ആർ.തങ്കപ്പൻ
8. ടി.ടി.ജോസഫ്
9. പി.ജെ.ഈപ്പൻ
10. ടി.വി.മാത്യു.

എന്നിവർ മെമ്പർമാരും ആയിരുന്നു. പ്രധാനമായും പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങൾ തമ്മിൽ ബന്ധിപ്പിച്ചു കൊണ്ടുള്ള റോഡുകളും പാലങ്ങളുടെ നിർമ്മാണത്തിനാണ് മുഖ്യമായ ഊന്നൽ നൽകിയത്. തെരുവുകളിൽ മണ്ണെണ്ണ ചിമ്മിനിക്കു പകരമായി ഇലക്ട്രിക് ബൾബുകൾ സ്ഥാപിക്കുന്നത് ഈ കാലവളവിൽ ആണ്. നാട്ടിൻ പുറങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിച്ച് ശുദ്ധജലവിതരണത്തിന് തുടക്കം കുറിച്ചതും പ്രത്യേക പരാമർശവിഷയമാണ്. നാമമാത്രമായാണെങ്കിലും ഭൂരഹിത തൊഴിലാളികൾക്ക് 4 സെൻറ് ഭൂമി സൗജന്യമായി നൽകി. മറ്റുചില പ്രത്യേകതകൾ കൂടി ഈ കമ്മറ്റിയുടെ പ്രവർത്തന കാലയളവിനുണ്ട്. വൈസ് പ്രസിഡൻറായിരുന്ന വി.വി.പരമേശ്വരന് എതിരായി കമ്മറ്റിയിൽ അവിശ്വാസ പ്രമേയം അവതരിപ്പിച്ചു. ഇതിൻെറ ഫലം വരുന്നതിനു മുൻപേ അദ്ദേഹം തൽസ്ഥാനം രാജിവച്ചതിനാൽ ശ്രീ.ആർ.ദാമോദരൻ വൈസ് പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടു. പഞ്ചായത്ത് ഭരണസമിതിയുടെ കാലയളവ് 5 വർഷമാണെങ്കിലും വിവധകാരണങ്ങളാൽ 16 വർഷത്തോളം ഈ ഭരണസമിതി നിലനിന്നു. ശ്രീ.സി.ഡി.മൈക്കിൾ ക്കുഞ്ഞാണ് മാരാരിക്കുളം തെക്ക് പഞ്ചായത്തിൻെറ ഇന്നേവരെയുള്ള ചരിത്രത്തിൽ ദീർഘകാലം പ്രസിഡൻറ് സ്ഥാനം അലങ്കരിച്ചത്.

1979ൽ ശ്രീ.ടി.ജെ.ഫിലിപ്പിൻെറ നേതൃത്വത്തിൽ മൂന്നാം പഞ്ചായത്തം സഭ ആധികാരത്തിൽ വന്നു. ശ്രീ.പി.വി.രാമനാഥൻ ആയിരുന്നു വൈസ്പ്രസിഡൻറ്. പഞ്ഞചായത്തം വാർഡുകളുടെ എണ്ണം 12 ആയിരുന്നത് ഈ കാലയളവിൽ 13 ആയി ഉയർന്നു. സർവ്വശ്രീ.

1. ടി.ടി.മാത്യു.
2. പി.പുരിഷൻ
3. കെ.കെ.കേശവൻ
4. ടി.വി.മാത്യു
5. കെ.പി.ഹരിദാസ്
6. ടി.എ.സെബാസ്റ്റ്യൻ
7. ബേബി ജോസഫ്
8. കെ.ആനന്ദൻ
9. ടി.എൻ.വാസു
10. എൻ.ശാന്തൻ
11. സി.ടി.അബ്രാഹം

എന്നിവരായിരുന്നു മറ്റ് അംഗങ്ങൾ. മുൻകാല ഭരണസമിതി നടത്തിയ വികസനപ്രവർത്തനങ്ങൾക്ക് ഉപരിയായി ശുദ്ധജലവിതരണത്തിന് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയും സാനിട്ടേഷൻ പ്രവർത്തനങ്ങൾക്ക് കൂടുതൽതുക ചിലവഴിച്ചും പഞ്ചായത്തിൻെറ പ്രവർത്തനം നടത്തിപ്പോന്നു. 1984വരെ ആയിരുന്നു ഈ പഞ്ചായത്തിൻെറ കാലാവധി.

1988 ഫെബ്രുവരി മാസത്തിൽ ശ്രീ.കെ.ആർ.ധർമ്മാനന്ദൻെറ നേതൃത്വത്തിൽ നാലാം പഞ്ചായത്ത് ഭരണസമിതി അധികാരത്തിൽ വന്നു. ശ്രീ.പി.ബാബു ആയിരുന്നു വൈസ് പ്രസിഡൻറ്. 13 വാർഡുകൾ എന്നത് 14 ആയി ഉയർന്നു.

സർവ്വശ്രീ.

1. സി.വി. ഗോപാലകൃഷ്ണൻ
2. ടി.ജെ. ബഞ്ചമിൻ

3, പി.ജെ.ജയമോഹൻ
4. ടി.എം. സൈമൺ
5. സി.എൻ.ശിവദാസൻപിള്ള
6. ത്രേസ്യാമ്മ ജോസഫ്
7. എൻ.എം.ആനന്ദൻ
8. കെ.മി.ഷഡാനന്ദൻ
9. പി.ഡി.മാലതി
10. ആൻറണിവർഗ്ഗീസ്
11. കെ.എൽ.വിജയൻ
12. സേവ്യർമാത്യു എന്നിവരായിരുന്നു മറ്റ് അംഗങ്ങൾ.

ഈ ഭരണസമിതിയുടെ കാലത്ത് വികസന പ്രവർത്തനങ്ങൾ ഏറെ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കാൻ കഴിഞ്ഞു. വിവിധവകുപ്പുകൾ കേന്ദ്രീകരിച്ച് നടത്തിയിരുന്ന ഫണ്ടുകൾ വികേന്ദ്രീകരണ സ്വഭാവത്തോടെ സർക്കാർ നേരിട്ട് പഞ്ചായത്തിനെ ഏൽപ്പിക്കുവാൻ തുടങ്ങി. ഉദാ. ജവഹർ തൊഴിൽദാന പദ്ധതി ഉപാധിരഹിതഫണ്ട് (Un-tied fund)മുതലായവ. വികസനരംഗത്ത് ഒരു പുതിയ കാൽവയ്പ് ഈ പഞ്ചായത്തിൻെറ കാലയളവിൽ നടത്തു വാൻ കഴിഞ്ഞു. പഞ്ചായത്തിൻെറ എല്ലാ വാർഡുകളിലും റോഡുകളുടെ നിർമ്മാണം നടത്തുവാൻ കഴിഞ്ഞു. ഉപാധിരഹിതഫണ്ട് ഉപയോഗിച്ച് 90-91 കാലയളവിൽ നാളികേര കർഷകരെ സഹായിക്കുന്നതിന് പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കി. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് ഉതകുന്ന സ്വാശ്രയഗ്രാമപദ്ധതിയിൽപെടുത്തി ഒട്ടനവധി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയതും ഈ കാലത്താണ്. ലോകബാങ്ക് സഹായത്തോടെ വൻപിച്ച ഒരു സാനിട്ടേഷൻ പദ്ധതി നടപ്പിലാക്കി. ഭൂരഹിതരായ 200ൽ ഏറെ കുടുംബങ്ങൾക്ക് 4സെൻറ് ഭൂമി വീതം സൗജന്യമായി നൽകി. സംപൂർണ്ണ സാക്ഷരത കൈവരിക്കുന്നതിന് ഉതകുന്ന സാക്ഷരകേരളം എന്ന തുടർവിദ്യാഭ്യാസ പരിപാടിക്കും നേതൃത്വം നൽകി. പഞ്ചായത്ത് സഭായോഗം ചേരുന്നതിന് നിലനിന്നിരുന്ന പരിമിതമായ സൗകര്യം കണക്കിലെടുത്ത് വിശാലമായ സൗകര്യങ്ങളോടുകൂടിയ ഒരു കൗൺസിൽ ഹാളും പ്രസിഡൻറിന് പ്രത്യേക ഓഫിസ് മുറിയും നിർമ്മിച്ചു. 1995 ഒക്ടോബർ 2-ാം തിയതി വരെ ആയിരുന്നു ഇതിൻെറ കാലാവധി.

ആദ്യപഞ്ചായത്ത് 1953ൽ അധികാരത്തിൽ വരുമ്പോൾ ഒരു ക്ലർക്കും പ്യൂണും മാത്രമാണ് ജീവനക്കാരായി ഉണ്ടായിരുന്നതെങ്കിൽ ഭരണപരമായ ചുമതല ഏറി വരുകയും ജനസംഖ്യയുടെ വർദ്ധനവും ക്രമാനുഗതമായി ഓഫിസ് ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവിന് ഇടയാക്കി. ഇപ്പോൾ മൊത്തം ജീവനക്കാരുടെ എണ്ണം 16 ആണ്. എക്സിക്യൂട്ടീവ് ഓഫീസർ എന്നറിയപ്പെട്ടിരുന്ന ഓഫീസ് അധികാരി പുതിയ ഭരണസംവിധാന പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നു മാറി.

### ഓഫീസ് ഘടന

സെക്രട്ടറി,ജൂനിയർ സൂപ്രണ്ട്, 3 യു.ഡി.ക്ലർക്കുമാർ,4 എൽ.ഡി.ക്ലർക്കുമാർ, 2ശിപായിമാർ, 2ഫുൾടൈംസ്വീപ്പർമാർ, 3 പാർട്ട് ടൈംസ്വീപ്പർമാർ എന്നിങ്ങനെയാണ്.

1994ലെ പഞ്ചായത്തീരാജ് സംവിധാനം നിലവിൽ വന്നതിനെ തുടർന്ന് ഇപ്പോൾ നിലവിലുള്ള അഞ്ചാമത്തെ ഭരണസമിതി അംഗങ്ങളെ തെരഞ്ഞെടുത്തു. ഈ സമിതി 1995 ഒക്ടോബർ 2-ാം തിയതി കുമാരി പി.ഡി.മാലതിയുടെ നേതൃത്വത്തിൽ അധികാരത്തിൽ വന്നു. ശ്രി.എ.എ.ജോസഫ് ആണ് വൈസ് പ്രസിഡൻറ്. നിലവിലുണ്ടായിരുന്നതിൽ നിന്നു വ്യത്യസ്തമായി മൂന്നിലൊന്ന് സീറ്റുകൾ വനിതകൾക്കായി സംവരണം ചെയ്തു. മാത്രമല്ല പഞ്ചായത്തുകൾ ഗ്രാമപഞ്ചായത്ത് എന്ന പേരിൽ അറിയാൻ തുടങ്ങി. വാർഡുകളുടെ എണ്ണം 14ൽ നിന്ന് 15 ആയി ഉയർത്തി.

സർവ്വ ശ്രീ.
1. വി.ഡി.അംബുജാക്ഷൻ
2. സി.ജി.ഫ്രാൻസീസ്
3. ഷീലാ സുരേഷ്
4. എം.വി.പൊന്നമ്മ ടീച്ചർ
5. ജോർജ് ജോസഫ്
6. എ.എൽ.റോബർട്ട്
7. കെ.ആർ.ധർമ്മാനന്ദൻ
8. എൻ.എം.ആനന്ദൻ
9. പി.വി.സത്യനേശൻ
10. ഷൈലജാശാന്തപ്പൻ
11. സി.എ.ലിയോൺ
12. കെ.എൽ.വിജയൻ
13. വിക്ടോറിയാ കാക്കി എന്നിവരാണ് മറ്റ് അംഗങ്ങൾ.

പത്താം വാർഡിൽ നിന്നും ആദ്യം തിരഞ്ഞെടുക്കപ്പെട്ടിരുന്നത് ശ്രി.കെ.തിലകൻ ആയിരുന്നു. ജോലിസംബന്ധമായ കാരണത്താൽ രാജിവച്ചതിനെ തുടർന്ന് ശ്രി.എൻ.എം. ആനന്ദൻ ഉപതെരഞ്ഞെടുപ്പിലൂടെ പഞ്ചായത്ത് അംഗമായി.

പഞ്ചായത്തീരാജ് സംവിധാനത്തിൽ ഗ്രാമപഞ്ചായത്തിൽ നികുതി നിർണ്ണയിക്കുന്നതിനും മറ്റ് അത്യാവശ്യ ഭരണപരമായ കാര്യനിർവ്വഹണത്തിനും ഒരു സ്ററാൻറിംഗ് കമ്മറ്റിയും നിലവിൽ വന്നു. ഇതിൽ പ്രസിഡൻറിനും വൈസ് പ്രസിഡൻറിനും പുറമെ മൊത്തം മെമ്പർമാരുടെ മൂന്നിലൊന്ന് പേരും അംഗങ്ങളാകും. ഇതിൽ ഒരാൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗ പ്രതിനിധിയും മറ്റൊന്ന് വനിതാ പ്രതിനിധിയ, ആയിരിക്കും. ശ്രി.വി.ഡി.അംബുജാക്ഷൻ ആണ് സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ചെയർമാൻ.ശ്രിമാൻ പി.വി.സത്യനേശൻ, കെ.എൽ.വിജയൻ, എൻ.എം.ആനന്ദൻ, ശ്രീമതി പൊന്നമ്മ ടീച്ചർ എന്നിവർ സ്റ്റാൻറിംഗ് കമ്മറ്റി അംഗങ്ങളാണ്. ഈ പ്രകാരം അംബുജാക്ഷൻ പഞ്ചായത്തിൻെറ ആദ്യചെയർമാനും കുമാരി പി.ഡി.മാലതി ആദ്യവനിതാപ്രസിഡൻറും ആയി.

നിലവിൽ പുതിയ റോഡ് നിർമ്മാണങ്ങൾക്കു പുറമെ യൂണിസെഫ്-എസ്.സി.യു.-മത്സ്യഫെഡ് സഹായത്തോടെ സംപൂർണ്ണ സാനിട്ടേഷൻ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പഞ്ചായത്ത് പ്രവർത്തനം പ്രാരംഭഘട്ടത്തിലാണ്.

അടിക്കടി ഉണ്ടാകുന്ന കടലാക്രമണവും കാർഷിക മേഖലയിലെ സ്തംഭനങ്ങളും, സർവ്വോദയത്ത് സ്ഥിതി ചെയ്യുന്ന നൈറ്റ്സോയിൽഡിപ്പോയും നമ്മുടെ പഞ്ചായത്തിൻെറ പരിഹാരം തേടുന്ന പ്രശ്നങ്ങളാണ്. ഹ്രസ്വമായ ഈ ചരിത്രരേഖയിൽ പരാമർശിക്കാതെ പോയ വ്യക്തികളും വിഷയങ്ങളും പഞ്ചായത്തിൻെറ മുന്നോട്ടുള്ള ചരിത്രത്തിൽ നൽകിയ സംഭാവനകളും സേവനങ്ങളും നന്ദിപൂർവ്വം സ്മരിക്കുന്നു.

*മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്ത്.*

# ഭൂപ്രകൃതിയും വിഭവങ്ങളും

മാരാരിക്കുളം തെക്കു ഗ്രാമ പഞ്ചായത്തിൻെറ പൊതുവായ കിടപ്പ് ഉത്തരാർദ്ധഗോളത്തിലെ ഉഷ്ണ മേഖലയിൽ അക്ഷാംശം 9°-54' ക്കും 9°-572' ക്കും ഇടയ്ക്കും രേഖാംശം 74.52° ക്കും 74°-53.87' ക്കും ഇടയ്ക്കുമാണ്. ആലപ്പുഴ ജില്ലയിൽ, അമ്പലപ്പുഴ താലൂക്കിൽ കലവൂർ വില്ലേജ് പൂർണമായും പാതിരപ്പള്ളി വില്ലേജ് ഭാഗികമായും ഈ ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെടുന്നു. N.H. 47ന് പടിഞ്ഞാറു ഭാഗത്തായി (കുറച്ചുഭാഗം N.H. 47ന് കിഴക്കും ഉണ്ട്) അമ്പലപ്പുഴ താലൂക്കിൻെറ വടക്കു പടിഞ്ഞാറെ അറ്റത്തായി, ചേർത്തല താലൂക്കിനോടു ചേർന്നാണ് ഈ ഗ്രാമം കിടക്കുന്നത്. N.H47ന് കിഴക്കുഭാഗത്തുള്ള വീതികുറഞ്ഞ് നീളത്തിൽ കിടക്കുന്ന പ്രദേശം പൊതുവേ നിരപ്പായതും, തെക്കുഭാഗം കിഴക്കോട്ടു ചരിഞ്ഞും കാണപ്പെടുന്നു. N.H 47ന് പടിഞ്ഞാറു ഭാഗത്തുള്ള പ്രദേശങ്ങൾ പൊതുവേ കിഴക്കുനിന്നും പടിഞ്ഞാറോട്ടു ചെറുതായി ചരിഞ്ഞാണ് കിടക്കുന്നത്. ആകെ വിസ്തീർണ്ണം 19.07 ചതുരശ്ര കിലോമീറ്റർ, അഥവാ 1863 ഹെക്ടറാണ്. സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം 7.5 മീറ്ററിൽ താഴെയാണ്. ഏകദേശം സമതലമായ ഇവിടെ കുന്നുകളോ, ചതുപ്പുകളോ, ഇല്ലെന്നു തന്നെ പറയാം. കാർഷിക കാലാവസ്ഥാ മേഖല (ആഗ്രോക്ലൈമാറ്റിക് സോൺ) പ്രകാരം ഈ പഞ്ചായത്ത് തീരദേശ മണൽ മണ്ണു മേഖലയാണ് (Coastal Sandy Zone - CESS Report) ഈ മേഖല കേരളത്തിലെ താഴ്ന്ന പ്രദേശം ഉൾപ്പെടുന്ന പ്രശ്ന മേഖലയിലാണ് സ്ഥിതി ചെയ്യുന്നത്.

ഭൂപ്രകൃതിയനുസരിച്ച് ഈ ഗ്രാമത്തെ മൂന്നായി തരം തിരിക്കാം. (1) N.H 47 നോടു ചേർന്നുള്ള കിഴക്കുഭാഗം ഒരു കിലോമീറ്റർ വീതിയിൽ തെക്കുവടക്കായി കിടക്കുന്നു. വരൾച്ച കൂടുതലായി അനുഭവപ്പെടുന്ന, താരതമ്യേന ജൈവാംശം കുറവുള്ള ഇവിടം, വെള്ളനിറം കൂടുതലുള്ള മണൽപ്രദേശ മാണ്. (2) അതിനു പടിഞ്ഞാറു ഭാഗം ഒരു കിലോമീറ്റർ വീതിയിൽ തെക്കു വടക്കായി കിടക്കുന്ന, ജൈവവംശം അല്പം കൂടി കൂടിയ, കഠിനമായ വരൾച്ച അനുഭവപ്പെടാത്ത മണൽ പ്രദേശമാണ്. (3) അതിനും പടിഞ്ഞാറു ഭാഗത്തായി കടലിനോടു ചേർന്ന് കിലോമീറ്റർ വീതിയിൽ തെക്കുവടക്കായി കിടക്കുന്ന വരൾച്ച ഇല്ലാത്ത, ഫലഭൂയിഷ്ഠമായ തീരസമതലം.

**പൂർവ്വസമതലം**

മേൽ പ്രസ്താവിച്ച-ഒന്നാമതായി സൂചിപ്പിച്ച- 1 കിലോമീറ്റർ വീതിയുള്ള പ്രദേശത്തെ മണ്ണ്, സിലിക്കയുടെ അംശം കൂടുതലുള്ളതും, നല്ല നീർവാർച്ചയുള്ളതുമായ മണൽ മണ്ണാണ്. N.H 47ന് പടിഞ്ഞാറ് അരുകുചേർന്ന്, ഇടയ്ക്കിടെ വിട്ടിട്ടാണെങ്കിൽ പോലും തെക്കു വടക്കായി നെൽപ്പാടങ്ങളുടെ നിര, മുൻ കാലങ്ങളിൽ ഉണ്ടായിരുന്നത് ഇന്നും ഏറെക്കുറെ നശിക്കാതെയുണ്ട്. ഈ പ്രദേശത്തെ ഭൂമിയുടെ കാർഷികേതര ആവശ്യം കൂടുതലായതുകൊണ്ട്, പലവയലുകളും നികർത്തി പുരയിടങ്ങളാക്കിയിട്ടുണ്ട്. വയലുകൾ പലതും കൃഷിചെയ്യാതെ കിടക്കുന്നതായി കാണാം. ഈ പാടങ്ങൾക്ക് പടിഞ്ഞാറായി പുരയിടങ്ങളും, അവയ്ക്കു പിന്നിലായി വീണ്ടും ഒരു തിര പാടങ്ങളും, വിത്തെയും, പുരയിടങ്ങളും പാടങ്ങളുടെ നിരയും ആയി, പ്ലാൻ ചെയ്തതു പോലെയാണ് ഈ പ്രദേശത്തിൻെറ കിടപ്പ്. 7 കിലോമീറ്റർ നീളമുള്ള N.H. 47നിൽ നിന്നാരംഭിക്കുന്ന 11 റോഡുകൾ ഈ പ്രദേശത്തെ കിഴക്കു പടിഞ്ഞാറായി വിഭജിക്കുന്നു. വയലുകളും ഈ റോഡു നിർമ്മാണത്താൽ മുറിഞ്ഞു കഷണങ്ങളായിട്ടുണ്ട്. തെക്കുവടക്കായി ഒരു റോഡും ഈ ഒരു കിലോമീറ്റർ വീതിയ്ക്കുള്ളിൽ ഉടനീളം നിർമ്മിച്ചിട്ടുണ്ട്. ഈ പ്രദേശത്തെ പാടങ്ങളിൽ നിന്നും പുറപ്പെടുന്ന നീരൊഴുക്കുകൾ പടിഞ്ഞാറോട്ട് ഒഴുകുന്നതിന് അനേകം തോടുകളുടെ ശൃംഗല തന്നെയുണ്ട്. ഇവിടത്തെ പ്രധാന വിളവുകൾ നെല്ലും തെങ്ങുമാണ്. ഇടയ്ക്കിടെ വയലുകളിൽ പച്ചക്കറി കൃഷിയും ചെയ്തുവരുന്നു. വേനൽക്കാലത്തും വെള്ളം കെട്ടി നിൽക്കുന്ന ചാലുകൾ ഇവിടത്തെ പാടശേഖരങ്ങൾക്കിടയിൽ വളരെ ചുരുക്കമായേ കാണുന്നുള്ളു. മണ്ണിന് പശിമ ഇല്ല. വേനൽക്കാലത്ത്

പാടങ്ങളിലേയും തോടുകളിലേയും വെള്ളം നിശ്ശേഷം വറ്റി വരണ്ടു പോകാറുണ്ട്. മത്സ്യബന്ധന സാദ്ധ്യതയുള്ള ഏക ചാൽ കൊറ്റാട്ടു പാടശേഖരത്തിലെതു മാത്രമാണ്. ഇപ്പോൾ ഈ ചാലിലും വേനൽക്കാലത്ത് വളരെ താഴ്ന്ന നിലയിലേക്ക് ജലവിതാനം എത്താറുണ്ട്. ഈ വരണ്ട പ്രദേശത്ത് പാടത്തിന്റെ വരമ്പുകളിൽ സമൃദ്ധമായി കുർക്ക (ചീവക്കിഴങ്ങ്) ഉല്പാദിപ്പിക്കപ്പെടുന്നു. പാടങ്ങളുടേയും റോഡുകളുടേയും വശങ്ങളിലും, വെളിസ്ഥലങ്ങളിലും, ഏതാണ്ട് നാല്പതു വർഷം മുമ്പുവരെ ധാരാളമായി കണ്ടിരുന്ന മണൽക്കൂനകൾ ഇന്ന് തീരെ കാണാനില്ല. ഒരു പറമ്പിൽ ഒരു കാവ് എന്ന തോതിൽ ധാരാളമായി കണ്ടു വന്നിരുന്ന കാവുകൾ ഈ പ്രദേശത്തു നിന്നും ഇന്ന് അപ്രത്യക്ഷമായിക്കഴിഞ്ഞിരിക്കുന്നു. കാവുകളിൽ കണ്ടിരുന്ന 'തമ്പകം. എണ്ണത്തിൽ ചുരുങ്ങിവരുന്നതായും, ചില കാവുകളിൽ നിന്നും അവ നിശ്ശേഷം അപ്രത്യക്ഷമാവുകയും ചെയ്തുകൊണ്ടിരിക്കുന്നതായി കാണാം. ഈ പ്രദേശത്തിന്റെ പടിഞ്ഞാറെ അതിർത്തിയിലൂടെ പോകുന്ന റെയിൽവേലൈൻ കാടുകളുടെ നാശത്തിനും, നിലം നികർത്തുന്നതിനും കാരണമായിട്ടുണ്ട്. തൻമൂലം മഴവെള്ളം പെട്ടെന്ന് ഈ പ്രദേശത്തുനിന്നും ഒഴിഞ്ഞു പോകാതെ വരികയും, താല്കാലിക വെള്ളക്കെട്ടു പ്രശ്നം ഉണ്ടാവുകയും ചെയ്യുന്നു. പറമ്പുകളിൽ പുൽപ്പടർപ്പുകൾ നന്നേ കുറഞ്ഞു വരുന്നു. കൃഷിചെയ്യാത്ത പാടങ്ങളിൽ കറുകപ്പുല്ല് പിടിച്ച് കൈയ്യടക്കിയിരിക്കുന്നു. കറുകപ്പുല്ല് കന്നുകാലികൾക്ക് ഇഷ്ടാഹാരമാണെങ്കിലും, ഇവയുടെ ആധിക്യം മൂലം തെങ്ങിൻ തൈകൾക്ക് വേണ്ട വളർച്ച ലഭിക്കാതെ മുരടിക്കുന്നതായികാണാം. മുൻ കാലങ്ങളിൽ പുരയിടം നിരപ്പു കിളച്ച് വേരോടെ ഇവയെ നശിപ്പിച്ചിരുന്നത്, ഇന്ന് ആരും അനുവർത്തിച്ചു കാണുന്നില്ല. പാടങ്ങളിൽ പയർ, എള്ള് എന്നിവ കൃഷി ചെയ്യുന്നവരും ഈ പ്രദേശത്തുണ്ട്. മേൽ മണ്ണ് വൻ തോതിൽ ഖനനം ചെയ്തു പുരയിടത്തിന്റെ ഫലഭൂയിഷ്ടത നഷ്ടപ്പെടുത്തുന്നത് ഈ പ്രദേശത്ത് കൂടുതലായികാണപ്പെടുന്നു. ചിലർ പാടങ്ങൾ തന്നെ കുഴിച്ച് മണൽ വിൽക്കുന്നു. 2.5 സെൻറിമീറ്റർ കനത്തിൽ മണൽ ഉണ്ടാകുവാൻ ഉദ്ദേശം ആയിരം വർഷം എടുക്കുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഈ മണ്ണ്, ആയിരക്കണക്കിനു വർഷങ്ങളിലെ, പ്രകൃതിയുടെ പ്രവർത്തന ഫലമായാണ് ഫലഭൂയിഷ്ടമായ മേൽ മണ്ണായിത്തീരുന്നത്. ഈ മേൽ മണ്ണും, സിലിക്കാംശം കലർന്ന അടിമണ്ണും വെട്ടിവിറ്റതിനാൽ ഈ പ്രദേശങ്ങളിൽ ഉൽപ്പാദനക്ഷമത കുറഞ്ഞ പുരയിടങ്ങൾ ഉണ്ടായി. ഘനമേറിയ മണലിന്റെ ആവരണം വെട്ടി മാറ്റിയതിനാൽ ഈ പുരയിടങ്ങളിലെ ഈർപ്പം സൂര്യതാപത്താൽ നഷ്ടപ്പെടുന്നതു കൂടുവാൻ ഇറങ്ങി; അതോടെ വരൾച്ച കൂടുതലായി അനുഭവപ്പെടാനും തുടങ്ങി. ഉദ്ദേശം 30 വർഷങ്ങൾക്കു മുമ്പുവരെ, സാർവ്വത്രികമായി കണ്ടിരുന്ന ചെറുപുന്നകൾ ഇന്ന് തീരെ അപ്രത്യക്ഷമായിട്ടില്ലെന്നു മാത്രം പേരിന് അവിടവിടെ ഒറ്റപ്പെട്ട ചില ചെറുപുന്നകൾ കാണാം. ഈ പ്രദേശത്ത് എവിടേയും കണ്ടിരുന്ന ശീമക്കൊന്നവേലികൾ, മതിലുകളുടെ ആവിർഭാവത്തോടെ വൻതോതിൽ അപ്രത്യക്ഷമായി. തൽഫലമായി, പൊതുവേ ജൈവാംശം കുറഞ്ഞ ഇവിടത്തെ മണ്ണിന് പച്ചിലവളം ലഭിക്കാനുള്ള സ്രോതസ്സും കുറഞ്ഞു വരുന്നതായിക്കാണാം. ഈ ഭാഗത്ത് ഉദ്ദേശം 2 മീറ്റർ ആഴം മുതൽ തന്നെ ജലം കിട്ടും. ജലത്തിന് ഉപ്പുരസം ഇല്ല. നല്ല ജലം കിട്ടുന്ന പുരയിടങ്ങൾ ധാരാളമുണ്ട്. ഭൂരിഭാഗം പ്രദേശങ്ങളിലേയും ജനത്തിന് കലശിമണ്ണിന്റെ ഗന്ധമുണ്ട്. ഭൂമി കുറേ താഴ്ത്തി കുഴിച്ചാൽ എവിടേയും കലശിമണ്ണു കാണാം. കലവൂർ ശ്രീ ധർമ്മശാസ്താ ക്ഷേത്രം സ്ഥിതി ചെയ്യുന്ന സ്ഥലം ശുദ്ധജലം ലഭിക്കുന്ന പുരയിടമാണ്. ഈ പുരയിടത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകത നിരീക്ഷണത്തിൽ കാണാൻ കഴിയും. തൊട്ടടുത്ത കിണറ്റിലെ ജലനിരപ്പ് ഉയർന്നും, അമ്പലക്കുളത്തിലെ ജലനിരപ്പു താഴ്ന്നും കാണപ്പെടുന്നു. കുളത്തിലെ ജലനിരപ്പു താഴ്ന്നാലും കിണറ്റിലെ ജലനിരപ്പ് ഒപ്പം താഴുന്നില്ല. കൂടാതെ ഈ പുരയിടത്തിലെ ക്ഷേത്രം വക ആലുകൾ തളിർക്കുകയും ഇലകൊഴിയുകയും ചെയ്യുന്നത് ഒരേ സമയത്തല്ല.

കെ.എസ്.ഡി.പി. ഫാക്ടറിക്കു പടിഞ്ഞാറു ഭാഗം, ഫാക്ടറിവരുന്നതിനുംമുമ്പ് ശുദ്ധ ജലം കിട്ടുന്ന പ്രദേശമായിരുന്നു. എന്നാൽ ഇന്ന് വ്യവസായമാലിന്യങ്ങൾ ഈ പ്രദേശത്തെ വെള്ളം പാനയോഗ്യമല്ലാതാക്കി. പരിസരപ്രദേശത്തെ 425-ഓളം കുടുംബങ്ങൾക്ക് കുടിവെള്ളം ഇല്ല തന്നെ. കൂടാതെ തെങ്ങിൻ പുരയിടങ്ങളും, കൃഷിയിടങ്ങളും ഈ മാലിന്യപ്രശ്നത്താൽ വാസയോഗ്യമോ, കൃഷിയോഗ്യമോ അല്ലാതാവുകയും ചെയ്തിട്ടുണ്ട്. ഈ വരൾച്ച കൂടിയ വെള്ള മണൽ പ്രദേശത്തെ ആദായകരമായ കൃഷി കശുമാവു കൃഷിയാണ്. ഇത് നല്ലരീതിയിൽ എവിടേയും കാണാൻ കഴിയും. മുല്ലപ്പൂകൃഷി ഈ മേഖലയിൽ പല വീടുകളിലും കാണാം.

**മധ്യസമതല പ്രദേശം**

ഗ്രാമ പഞ്ചായത്തിനെ കീറിമുറിച്ചുകൊണ്ട് തെക്കുവടക്കായി കിടക്കുന്ന തീരദേശ റെയിൽവേ ലൈനിന്റെ പടിഞ്ഞാറുഭാഗം മുതൽ ഉദ്ദേശം 1 കിലോമീറ്റർ വീതിയിൽ തെക്കുവടക്കായി ഈ പ്രദേശം കണക്കാക്കാം. താരതമ്യേന വരൾച്ച, പൂർവ്വ സമതലത്തേക്കാള കുറവും, ജൈവാംശമുള്ളതും, നീർവാർച്ചയുള്ളതുമായ മണൽ മണ്ണും ഈ പ്രദേശത്തിന്റെ പ്രത്യേകതയായി കണക്കാക്കാം. പൂർവ്വ സമതലത്തെ കീറിമുറിച്ചുകൊണ്ട് കിഴക്കുപടിഞ്ഞാറായി പോകുന്ന 11 റോഡുകൾ ഈ മദ്ധ്യസമതലത്തേയും കീറിമുറിക്കുന്നുണ്ട്. കൂടാതെ തെക്കുവടക്കായും റോഡുണ്ട്. ഈ മധ്യഭാഗത്തും, ഒരു നിരപാടങ്ങളും കാണാം. ഇവിടേയും പല വയലുകളും നികർത്തി പുരയിടങ്ങളാക്കിയിട്ടുണ്ട്. ഭൂരിഭാഗം പുരയിടങ്ങളും കൃഷിചെയ്യാതെയാണു കിടക്കുന്നത്. വയലുകളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് മണ്ണിനെ വീണ്ടും നല്ല രീതിയിൽ ഒരുക്കേണ്ടതുണ്ട്. തോടുകൾഅടഞ്ഞു കിടക്കുന്നു. പ്രധാനകൃഷി തെങ്ങാണെങ്കിലും, ഭൂരിഭാഗവും രോഗം ബാധിച്ചവയാണ്. ഇവിടെയും മിക്ക പുരയിടങ്ങളിലും കാവുകൾ ഉണ്ടായിരുന്നു. ഇവ വേണ്ടരീതിയിൽ സംരക്ഷിച്ചു കാണുന്നില്ല. പണ്ടുണ്ടായിരുന്ന കോതപറമ്പിൽ കാവ്, കുളമാക്കി മഠം കാവ്, ചെറുവള്ളിക്കാവ് എന്നിവ പൂർണ്ണമായും നശിപ്പിച്ചതിനാൽ, അവയുടെ ആവാസവ്യവസ്ഥ

തന്നെ തകർന്നുപോയി. എലിശല്യം വർദ്ധിപ്പിച്ചു, കാവുകളിൽ കണ്ടിരുന്ന വലിയ ഈ പാമ്പുകൾ അന്യം നിന്നിരിക്കയാണ്. ഈ പ്രദേശങ്ങളിലെ വയലുകളിലും, ചെറിയ ജലാശയങ്ങളിലും കണ്ടിരുന്ന ആമ്പലുകളും, ഭംഗിയുള്ള പൂവ് വിരിയുന്ന, വേഗത്തിതക്ഷ ചീഞ്ഞ് ലയിച്ചു ചേരുന്ന, പായൽ വർഗ്ഗത്തിൽപ്പെട്ട ഒരു സസ്യവും ഇന്ന് കാണാനേ ഇല്ല. കരപാടം കൃഷിചെയ്യാതെ കിടന്ന് വറ്റിവരണ്ടുണങ്ങിയതിൻെറ ഫലമായാകാം, ഈ പ്രദേശങ്ങളിൽ കുറ്റിക്കാടുകളും, കാക്കമുത്ത്, കോഴിപ്പഴം, കങ്കേളി മുതലായവയും ധാരാളമായി വളർന്നുവന്നിട്ടുള്ളത് എന്നനുമാനിക്കാം. കൂടാതെ ഇലഞ്ഞിമരം, ചൂരൽ, കുരുയിലപ്പഴം കായ്ക്കുന്ന മരം മുതലായവയും കാണാം. മുൻകാലങ്ങളിൽ സംരക്ഷിക്കുന്ന ഔഷധസസ്യങ്ങൾ ഇന്ന് പല പുരയിടങ്ങളിലും കാണാനില്ല. കൊടിത്തൂവാ, തൊട്ടാവാടി, ഞെറുഞ്ഞണ്ടി, ശംഖുപുഷ്പം, കയ്യെണ്ണ, തഴുതാമ, ആനച്ചുവടി, ഉമ്മത്ത്, എരിക്ക്, ബ്രഹ്മി, ശതാവരി, കുറുന്തോട്ടി എന്നിവ കാട്ടുചെടിപോലെ സ്വയം വളർന്നു വരുന്നതായി ക്കാണാം. കറുകം പുല്ല്, കുടലുചുരുങ്ങി, തകര, തുമ്പ, ഞൊങ്ങണംപുല്ല്, പന്നച്ചെടി, താളിപ്പരുത്തി, വെറ്റിലക്കെട്ട്, മുക്കുറ്റി, കുപ്പച്ചീര, പെരിയിലം, കമ്യൂണിസ്റ്റു പച്ച എന്നീ പാഴ്ച്ചെടികളും അങ്ങിങ്ങായി കാണാം. വൻ വൃക്ഷങ്ങൾ അപ്രത്യക്ഷമായി. ഗൃഹനിർമ്മാണത്തിനും മറ്റുമായി ആഞ്ഞിലി, തമ്പകം, പ്ലാവ്, പാല എന്നിവ വെട്ടിമാറ്റിയ കുറ്റികൾ പലയിടത്തും കാണാമെങ്കിലും, പകരം പുതിയ വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുന്നതായി കാണാനില്ല. അന്തരീക്ഷത്തെ ശുദ്ധീകരിക്കുന്ന പാലവൃക്ഷത്തെ ഒരു തത്വദീക്ഷയുമില്ലാതെ നശിപ്പിച്ചിട്ടുള്ളതായി കാണാം. ഇതിൻെറ തടി കടുപ്പമുള്ളതല്ല, വിറകിനും മോശമാണ്. നിന്നാൽ അന്തരീക്ഷത്തെ ശുദ്ധീകരിക്കുന്ന പ്രകൃതിയുടെ ഒരു എയർ ഫിൽറ്റർ ആയി ഈ വൃക്ഷം പ്രവർത്തിക്കുന്നു. ദൈവസാന്നിദ്ധ്യം ഉള്ള വൃക്ഷമെന്നനിലയിൽ പൂർവ്വികർ ഇതിനെ വേണ്ടപോലെ സംരക്ഷിച്ചാരാധിച്ചിരുന്നു. അതു കൊണ്ടു തന്നെ പാല മരങ്ങളിൽ ചെകുത്താൻ, യക്ഷി മുതലായ ദുർദ്ദേവതകളെ ആവാഹിച്ച് ആണിയിൽ തറച്ച് മന്ത്രവാദകർമ്മങ്ങളെല്ലാം, ഈ വൃക്ഷത്തെ സംരക്ഷിച്ചു നിലനിർത്തുന്നതിനു വേണ്ടി ബോധപൂർവ്വം ഉണ്ടാക്കിയ താണെന്ന്, ഇതൻെറ പരിസ്ഥിതി ശുദ്ധീകരണത്തിനുള്ള കഴിവിലൂടെ വ്യക്തമാകുന്നുണ്ട്. വ്യാപകമായി കണ്ടിരുന്ന കാഞ്ഞിരം, പുന്ന എന്നിവ അപൂർവ്വ വൃക്ഷമായി മാറിക്കഴിഞ്ഞു. തന്മൂലം എണ്ണയാട്ടുന്ന മരചക്കുകളും, പുന്നക്കായ് ശേഖരിച്ച് ഉണക്കി വിൽക്കുന്ന കുടിൽ വ്യവസായവും നമ്മുടെ ഗ്രാമത്തിൽ നിന്നും എന്നെന്നേ ക്കുമായി അപ്രത്യക്ഷമായി.

കർഷകരിൽ ഭൂരിഭാഗവും കന്നുകാലികളെ വളർത്തു ന്നവർ കൂടിയാണ്. നാടൻ കാലികളെ വളർത്തിയിരുന്ന സ്ഥാനത്ത് ഇന്ന് സങ്കര ഇനം പശുക്കളെയാണ് കൂടുതലായി കണ്ടുവരുന്നത്. ആടു വളർത്തുന്നവരുടേയും എണ്ണം കുറഞ്ഞു വരുന്നു. പച്ചക്കറി കൃഷി അധികവും പുരയിടങ്ങളിലാണ് നടക്കുന്നത്. വാഴ, ചേമ്പ്, പതിനെട്ടുമണിയൻ പയർ, കപ്പ, കാച്ചിൽ, നനകിഴങ്ങ്, മുക്കിഴങ്ങ് എന്നിവ സാധാരണയായി പുരയിടങ്ങളിൽ കൃഷി ചെയ്തു വരുന്നു. ചുരുക്കം ചിലർ ചേനയും, ഒറ്റപ്പെട്ട് കുരുമുളകു കൃഷിയും ചെയ്തു വരുന്നതായി കാണാം. പുരയിടങ്ങളിലെ കൃഷിക്ക് ചാണകം, വളരെ പ്രധാനപ്പെട്ട വളമാണ്. കുളം, തോട് എന്നിവയെ ആശ്രയിച്ചാണ് ജലസേചനം നടക്കുന്നത്. ജലസേചനത്തിനും ശുദ്ധജലമാണ് ഉപയോഗിക്കുന്നത്.

ഈ മദ്ധ്യസമതലത്തിൻെറ തടുക്ക്, ഏകദേശം ഗ്രാമപഞ്ചായത്തിൻെറ മദ്ധ്യഭാഗത്തായി, സർവ്വോദയപുരം എന്ന സ്ഥലത്തിനു സമീപം, ആലപ്പുഴ മുനിസിപ്പാലിറ്റിയുടെ സർവ്വവിധ മാലിന്യങ്ങളും നിക്ഷേപിക്കുന്ന എക്കർ കണക്കിനു വിസ്തീർണ്ണമുള്ള പ്രദേശമുണ്ട്. ഇവിടെ കാടുകളും, പാഴ്ച്ചെടികളും, കാട്ടുവള്ളികളും പടർന്നു പിടിച്ചു കിടക്കുന്നു. രോഗാണുക്കൾ പ്രസരിക്കുന്ന ഈ പ്രദേശത്തുനിന്നും പലവിധ രോഗങ്ങളും പൊട്ടിപ്പുറപ്പെട്ട് പരിസര പ്രദേശ ത്തേക്കും കൂടിവ്യാപിക്കുന്നതായി അനുഭവപ്പെടുന്നുണ്ട്.

**തീരസമതലം**

ആലപ്പുഴ-ചേർത്തല തീരദേശ റോഡിൻെറ പടിഞ്ഞാറു ഭാഗത്ത്, ഏകദേശം 1/2 കിലോമീറ്റർ വീതിയിൽ തെക്കുവടക്കായി, കടലിനോടു ചേർന്ന് തീരസംരക്ഷണ മേഖലയിലാണ് ഈ പ്രദേശം. ജൈവാംശം കൂടുതലുള്ളതും, നല്ല നീർവാർച്ചയുള്ളതും, മണൽ മണ്ണുള്ളതുമായ ഈ പ്രദേശം. ജൈവാംശം കൂടുതലുള്ളതും, നല്ല നീർവാർച്ചയുള്ളതും, മണൽമണ്ണുള്ളതുമായ ഈ പ്രദേശം വളരെ ഫല ഭൂയിഷ്ടമാണ്. 50 വർഷങ്ങൾക്കുമുമ്പുള്ള തീരസമതലമല്ല ഇന്നു കാണുന്നത്. വിശാലമായിരുന്ന കടൽതീരം ഇന്ന് അപ്രത്യക്ഷമായിട്ടുണ്ട്. കടലാക്രമണം ചെറുക്കുന്നതിന് കരിങ്കൽ ഭിത്തികൾ വന്നിട്ടുണ്ട്. ഉദ്ദേശം 7 കി. മീ. നീളത്തിൽ കടൽതീരമുണ്ട്. അന്താരാഷ്ട്രധാരണയനുസരിച്ച് കരയിൽ നിന്നും 320 കി.മീ. ദൂരം വരെയുള്ള കടൽ പ്രദേശം നമുക്ക് സാമ്പത്തിക ചൂഷണത്തിനു അവകാശപ്പെട്ടതാണ്. ഒരു നിലക്കുപറഞ്ഞാൽ കേരളത്തിൻെറ കരവിസ്തീർണ്ണത്തിൻെറ നാലു മടങ്ങുവരും; കേരളത്തിന് സാമ്പത്തിക ചൂഷണത്തിന് അവകാശപ്പെട്ട സമുദ്രത്തിൻെറ വിസ്തീർണ്ണം.

"നാട്യ പ്രധാനം നഗരം ദരിദ്രം,
നാട്ടിൻപുറം നന്മകളാൽ സമൃദ്ധം,
കാട്ടിന്നകത്തോ കടലിന്നകത്തോ
കാട്ടിത്തരുന്നു വിധിരത്നമെല്ലാം"

എന്ന കവി വാക്യം നമുക്കു വളരെ യോജിച്ചതാണ്. ഈ കവി വാക്യം നമുക്കു വളരെ യോജിച്ചതാണ്. ഈ സമുദ്രം ലോകത്തിലെ ഏറ്റവും മത്സ്യസമ്പന്നമായ ഭാഗമാണ്. സൗദി അറേബ്യൻ തീരങ്ങൾ മാത്രമാണ് നമ്മെ വെല്ലുന്നതായുള്ളു. 20 മീറ്ററിൽ കുറഞ്ഞ ആഴമുള്ള ഉൾക്കടൽ ഭാഗം മത്തി, അയല, ചെമ്മീൻ, ചൂര, നെത്തോലി തുടങ്ങിയ മത്സ്യങ്ങൾക്കു പ്രസിദ്ധമാണ്. "ചാകര" എന്ന അപൂർവ്വ പ്രതിഭാസം, കഴിഞ്ഞ പത്തു വർഷങ്ങളായി നമ്മുടെ തീരപ്രദേശത്ത് വന്നും പോയും കൊണ്ടിരിക്കുന്നു. അതിലോലവും ശാന്തവുമായ പരിസ്ഥിതിയാണ് അപ്പോൾ ഈ പ്രദേശത്ത്. തീരത്തിനടുത്തുകൂടെ സമുദ്രത്തിൽ, വടക്കുനിന്നും തെക്കോട്ടൊഴുകുന്ന ജലപ്രവാഹം (അടിയൊഴുക്ക്) കടൽതീരത്തെ

തുടർച്ചയായിമാറ്റിക്കൊണ്ടിരിക്കുന്നു. ചാകരയുള്ള പ്രദേശത്ത് കടൽ ശാന്തമാവുകയും, കരവയുടെ പങ്ക് പിന്നോട്ടുപോവുകയും, ചാകരക്ക് അപ്പുറവും ഇപ്പുറവും ഉള്ള പ്രദേശം കടലാക്രമണത്താൽ കരയെ എടുത്തുകൊണ്ടു പോവുകയും ചെയ്യുന്നു. ഈ ജലപ്രവാഹത്തിൻെറ സ്വാഭാവിക ഗതിയിൽ മാറ്റം വരുന്ന പുലിമുട്ടുകൾ അപ്രതീക്ഷിതമായ കടലാക്രമണത്തെ വിളിച്ച് വരുത്താം.

നമ്മുടെ ഗ്രാമപഞ്ചായത്തിൻെറ തീരസമതലത്തിലൂടെ 10 റോഡുകൾ കടൽത്തീര ബീച്ചിൽ കിഴക്കു നിന്നും എത്തുന്നുണ്ട്. ഇവ ബീച്ചിനെ **N.H.** 47നുമായും, ആലപ്പുഴ-ചേർത്തല തീരദേശ റോഡുമായും കൂട്ടിയിണക്കുന്നു. 6 പൊഴികൾ ഈ തീരദേശ സമതലത്തിൽ കടലിനോടു ചേരുവാൻ എത്തുന്നുണ്ട്. ഇവയിലൂടെ വർഷകാലത്തു ലഭിക്കുന്ന ജലം മുഴുവനും വാർന്ന് സമുദ്രത്തിൽ എത്തുന്നു. ഈ പൊഴികളിൽ ചെമ്മീൻ (കാര) കാണാറുണ്ട്. കമ്മട്ടി വർഗ്ഗത്തിപ്പെട്ട ഞണ്ട് അപൂർവ്വമായി മാത്രമേ കാണാറുള്ളൂ. ഞണ്ടുകൾ സ്വയം ഭോജികളാണ്. ഇവയ്ക്ക് ഒളിച്ചിരിക്കാനുള്ള സങ്കേതം ഇല്ലാത്തതിനാൽ ഇവ വംശനാശം നേരിടുന്നു. കഴിഞ്ഞ വർഷം 1 1/2 കിലോഗ്രാം ഭാരമുള്ള ഒരു ഞണ്ടിനെ കിട്ടിയത് 10 വർഷത്തിനിടക്ക് ഒരു തവണ മാത്രമാണ് 100 വർഷങ്ങൾക്കു മുമ്പ് സാധാരണ കാണാറുണ്ടായിരുന്ന ചീങ്കണ്ണിയെ ഇന്ന് ഈ നാട്ടുകാർക്ക് കാണണമെങ്കിൽ കാഴ്ച ബംഗ്ലാവിൽ പോയേ പറ്റൂ. കുളക്കോഴി, കുറുക്കൻ എന്നിവയുടെയും കഥ മറ്റൊന്നല്ല. കുളക്കോഴി ആസ്മാ (വലിവ്) രോഗത്തിന് സിദ്ധൗഷധമാണെന്ന ധാരണയാൽ ആ പക്ഷികളുടെ നാശം വേഗത്തിലായി. കണ്ടൽക്കാടുകളുടെ നാശം പൊഴികളുമായി ബന്ധപ്പെട്ട ആവാസവ്യവസ്ഥ തകരുന്നതിനുകാരണമായി.

പുരാതന കാലം മുതൽ തീരസമതലത്തിലെ പ്രധാനകൃഷി തെങ്ങാണ്. തെങ്ങുകൾക്ക് പഴയ കാലങ്ങളിൽ ലഭിച്ചിരുന്ന പരിചരണം ഇന്നു ലഭിക്കുന്നില്ല. കൂടുതൽ തെങ്ങും രോഗം ബാധിച്ച്, നല്ല വിളനല്കുന്നില്ല. വേനൽക്കാലത്ത് ഇവിടെ തെങ്ങുകൾക്ക് തളിയ്ക്കാറുണ്ട്. എലിയും ചെല്ലിയും ഈ പ്രദേശത്തെ തെങ്ങുകൾക്ക് ഭീഷണിയായിട്ടുണ്ട്. പലപുരയിടങ്ങളിലും എലി കടിച്ച് ദ്വാരമിട്ട ഇളംകരിക്കുകൾ വീണുകിടക്കുന്നത് സർവ്വസാധാരണമാണ്. പശുക്കൾക്കും, ആടുകൾക്കും പഥ്യമായിരുന്ന അടമ്പ് എന്ന സസ്യം ഈ പ്രദേശത്ത് യഥേഷ്ടം വളർന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. വർദ്ധിച്ച ജനസാന്ദ്രതയും, തീരശോഷണവും മൂലം ഇന്ന് ഇവ അപൂർവ്വമായി മാത്രം കാണാം. "കൊഴുപ്പ" എന്ന സസ്യം, ഔഷധഗുണമുള്ള ബ്രഹ്മി എന്നിവ ഇവിടത്തെ പാടങ്ങളിലും സമുദ്രതീരത്തും വളർന്നു നിൽക്കുന്നതു കാണാം. കൊഴുപ്പ കറിവയ്ക്കാനുപയോഗിക്കുന്നു.

തീരസമതലത്തിൽ പൂവരശ് ധാരാളം വളരുന്നുണ്ട്. പൂവരശും ഉയരമുള്ള തെങ്ങുമാണ് ഇവിടെ തടി (ടിംബർ)യുടെ ആവശ്യം അധികമായും പരിഹരിക്കുന്നത്. കുടംപുളി, പുന്ന എന്നിവയ്ക്ക് വളരുവാൻ പറ്റിയമണ്ണാണ് ഇവിടെ മുൻകാലങ്ങളിൽ ഈ വൃക്ഷങ്ങൾ എല്ലായിടത്തും കാണാൻ കഴിഞ്ഞിരുന്നു ഇപ്പോൾ എല്ലാം വെട്ടിമാറ്റപ്പെട്ടിരിക്കുന്നു പുളി വീട്ടാവശ്യങ്ങൾക്ക് ഒഴിവാക്കാനാവാത്ത വിലപ്പെട്ട വസ്തുവാണ് മദ്ധ്യ സമതലത്തിലേതു പോലെ ഇവിടെയും വീടുകൾക്ക് ശീമക്കൊന്നയും ഒതളവും കൊണ്ടുള്ള ചുറ്റുവേലികളാണുള്ളത്. മതിലുകൾ പ്രചരിച്ചതോടെ വേലികളുടെ പ്രാധാന്യം കുറഞ്ഞു. ഇതു ജൈവവളം മണ്ണിൽ കുറയാനിടയാക്കിയിട്ടുണ്ട്.

ജലം ഉപ്പു രസമില്ലാത്തതാണ് പൊഴികളിലും തോടുകളിലും ഓരു ജലമുണ്ട് പാനയോഗ്യമായ ജലം ലഭ്യമാണെങ്കിലും ചില ഷെൽട്ടറുകളിൽ ജൈവാംശം കൂടുതലുള്ള, നിറമുള്ള ജലം കാണാൻ കഴിയും. ഉപ്പുരസം ഇല്ലാത്ത ഭൂഗർഭ ജലം വാട്ടർ അതോറിറ്റി മുഖേന പഞ്ചായത്ത് വാട്ടർ സപ്ലൈ സ്കീമിൽപെടുത്തി തീരദേശത്തു ശുദ്ധജലവിതരണം ചെയ്യുന്നുണ്ട് ഇനിയും വാട്ടർ ടാപ്പുകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതുണ്ട്.

**നീരൊഴുക്കുകൾ**

പഞ്ചായത്തിൻെറ കിഴക്കൻ പ്രദേശത്തു വയലുകളുമായി ബന്ധപ്പെട്ടുകിടക്കുന്ന തോടുകളുംപുരയിടങ്ങളിലുള്ള ചെറു തോടുകളും കൂടിച്ചേർന്ന് തോടുകളുടെ ഒരു ശൃംഖല തന്നെ ഈ ഗ്രാമപഞ്ചായത്തിൽ ഉണ്ട്. ഈ തോടുകളെല്ലാം പൊഴികളിൽ ചെന്ന് എത്തുന്നു. ഇങ്ങനെയുള്ള ആറു പൊഴികൾ ഈ ഗ്രാമപഞ്ചായത്തിലുണ്ട് ഇവ സമുദ്രത്തിൽ എത്തിച്ചേരുന്നു. പഞ്ചായത്തിൻെറ തെക്കേ അതിർത്തിയിലെ പൊഴികൾ, കിഴക്കൻ പ്രദേശത്ത്, തെക്കോട്ടൊഴുകി പടിഞ്ഞാറോട്ടു തിരിഞ്ഞ് സമുദ്രത്തിൽ പതിക്കുമ്പോൾ, വടക്കുഭാഗത്തുള്ള പൊഴി പടിഞ്ഞാറോട്ട് ഒഴുകി തെക്കോട്ടു തിരിഞ്ഞ് കടലിൽ എത്തുന്നു. മറ്റു നാലു പൊഴികളും കിഴക്കുനിന്നുത്ഭവിച്ചു വടക്കു പടിഞ്ഞാറോട്ടൊഴുകി തെക്കോട്ടു തിരിഞ്ഞ് കടലിൽ എത്തുന്നു. മറ്റു നാലു പൊഴികളും കിഴക്കുനിന്നുത്ഭവിച്ച് വടക്കു പടിഞ്ഞാറോട്ട് ചരിഞ്ഞാണൊഴുകുന്നത്. ഇവയെല്ലാം വേനൽക്കാലത്ത് വറ്റി വരണ്ടു പോകാറുണ്ട്. വേലിയേറ്റ സമയത്തുമാത്രമാണ് ഇവ നിറഞ്ഞു കവിയുന്നത്. വേലിയിറക്ക സമയത്ത് വെള്ളം ഒഴുകിപ്പോവുകയും ചെയ്യുന്നു. വേലിയിറക്ക സമയത്ത് ജലം ഒഴുകിപ്പോകാതെ, ബണ്ടു കെട്ടി തടഞ്ഞു നിർത്താൻ കഴിഞ്ഞാൽ വേനൽക്കാല വരൾച്ച ഒരു പരിധിവരെ തടഞ്ഞു നിർത്താൻ കഴിഞ്ഞാൽ വേനൽക്കാല വരൾച്ച ഒരു പരിധിവരെ തടഞ്ഞു നിർത്താൻ കഴിയും. അങ്ങിനെ കിഴക്കൻ പ്രദേശത്ത് കൃഷിക്ക് സഹായകരവും ആകും.

**ഭൂഗർഭ ജലം**

ഭൂഗർഭജലം ലഭിക്കുവാൻ മീഡിയം കപ്പാസിറ്റി കുഴൽക്കിണർ സ്ഥാപിക്കുവാൻ അനുയോജ്യമായ പ്രദേശമായി ശാസ്ത്രജ്ഞൻമാർ ഈ പ്രദേശത്തെ വർഗ്ഗീകരിച്ചിട്ടുണ്ട്. ഇപ്പോഴുള്ള ഉപയോഗം 65 ശതമാനത്തിനു താഴെയാണ്. കൂടുതൽ ഉപഭോഗത്തിനും വികസനത്തിനും നിബന്ധനകളും നിയന്ത്രണങ്ങളും ആവശ്യമില്ലാത്ത മേഖലയാണ് മാരാരിക്കുളം തെക്കു ഗ്രാമപഞ്ചായത്ത്. വരൾച്ച കൂടുതലുള്ള കിഴക്കൻ പ്രദേശത്ത് വെള്ളത്തിനു കലശിഗന്ധമുണ്ട്. തീരദേശമാണെങ്കിലും, പൊതുവേ ഉപ്പുരസം ഇല്ലാത്ത ജലം

വസിക്കുന്ന നമ്മുടെ ഗ്രാമപഞ്ചായത്തിൽ, മുഴുവൻ ജനങ്ങൾക്കും ശുദ്ധജലം ലഭ്യമാക്കാൻ പറ്റിയ പദ്ധതികൾ വികസിപ്പിക്കാവുന്നതാണ്.

### ധാതുസമ്പത്ത്

പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശത്ത് ഭൂമിക്കടിയിൽ സിലിക്കാമണൽ കാണപ്പെടുന്നു. എങ്കിലും Coastal Sandy Soil ആണ് ഭൂരിഭാഗവും. Fino mixed typic Sulfaquent എന്നു വർഗ്ഗീകരിക്കുന്ന ഈ മണ്ണിനെ KOI എന്ന ചുരുക്കപ്പേരിൽ മാപ്പിൽ CESS അടയാളപ്പെടുത്തുന്നു. വൻതോതിൽ സിലിക്കാ ഖനനത്തിന് സാദ്ധ്യതയില്ലാത്ത പ്രദേശമാണ്. പൊതുവേ ചതുപ്പുനിലങ്ങളോ, സ്ഥലങ്ങളോ ഇല്ലാത്ത പ്രദേശമാണെങ്കിലും, വെള്ളമണൽ പ്രദേശം എന്നു കണക്കാക്കാനുംപാടില്ലാത്ത പ്രത്യേകതയാണ് ഇവിടത്തെ ഭൂമിക്കുള്ളത്. ഇപ്പോൾ മണൽ വില്പന വർദ്ധിച്ചിട്ടുള്ളത്, വരൾച്ചക്കും, ഭൂമിയുടെ ഊഷരതയ്ക്കും ആക്കം കൂട്ടിയിട്ടുണ്ട്. ഇങ്ങനെയൊക്കെയാണെങ്കിലും ഇവിടത്തെ ഭൂമിയുടെ പ്രധാന ഉപയോഗം കാർഷികാവശ്യങ്ങൾക്കു തന്നെയാണ്.

### കാലാവസ്ഥ

സാധാരണയായി ആണ്ടിൽ കിട്ടുന്ന മഴ 2964 എം.എം. ആണ്. പ്രതിമാസ ശരാശരി 249.3എം.എം. ഉം, തെക്കുപടിഞ്ഞാറൻ മൺസൂണിൽ സധാരണ 1511എം.എം.ഉം, വടക്കുകിഴക്കൻ മൺസൂണിൽ 832 എം.എം. ഉം മഴ ലഭിക്കുന്നു.

**താഴെപറയുന്ന പട്ടിക കാണുക.**

| | |
|---|---|
| ആകെ നിലം | 80 - ഹെക്ടർ |
| പുരയിടം | 1786 - " |
| കൃഷിയോഗ്യതരിശ് | 8 - " |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 7 - " |
| ആകെ | 1881 " |
| പ്രധാനവിളകൾ | 1 - തെങ്ങ് |
| | 2 - നെല്ല്. |

**വിദ്യാഭ്യാസയോഗ്യത**

| | പുരുഷൻമാർ | സ്ത്രീകൾ |
|---|---|---|
| എസ്.എസ്.എൽ.സി. | 8226 | 7-93 |
| ഡിഗ്രി | 1500 | 889 |
| പി.ജി | 116 | 141 |
| ഐ.ടി.ഐ | 338 | 78 |

### ജനസമ്പത്ത്

1981 ലെ സെൻസസ് പ്രകാരം മാരാരിക്കുളം തെക്കം ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 45,335 ആണ്. ചതുരശ്രകിലോമീറ്ററിന് 2377പേർ ഇവിടെ അധിവസിക്കുന്നു. തീരസമതലത്തിലാണ് ജനസംഖ്യ കൂടുതൽ ഉള്ളതായി കണക്കാക്കപ്പെട്ടിട്ടുള്ളത്. 1996 നവംബർ മാസ ത്തെ കണക്കെടുപ്പിൽ ആകെ ജനസംഖ്യ 43357 ആയി കുറഞ്ഞതായികാണുന്നു. പട്ടിക കാണുക

## താപനില – 1994ൽ രേഖപ്പെടുത്തിയ താപനില

| മാസം | കൂടിയതാപനില | കുറഞ്ഞതാപനില |
|---|---|---|
| ജനുവരി | 32.4 ഡിഗ്രി സെ. | 22.8 ഡിഗ്രി സെ. |
| ഫെബ്രുവരി | 32.2 " | 24.2 " |
| മാർച്ച് | 33.5 " | 25.2 " |
| ഏപ്രിൽ | 33.3 " | 25.7 " |
| മേയ് | 32.6 " | 26.3 " |
| ജൂൺ | 29.8 " | 24.2 " |
| ജൂലൈ | 28.9 " | 23.2 " |
| ആഗസ്റ്റ് | 28.9 " | 23.6 " |
| സെപ്റ്റംബർ | 30.3 " | 24.0 " |
| ഒക്ടോബർ | 31.4 " | 23.9 " |
| നവംബർ | 32.7 " | 23.8 " |
| ഡിസംബർ | 33.0 " | 22.6 " |

## ഈർപ്പം

1994 ൽ രാവിലെ 8.30നും വൈകീട്ട് 5.30നും കണക്കാക്കി അന്തരീക്ഷ ഈർപ്പം താഴെ പട്ടികയിൽ ശതമാനക്കണക്കിൽ രേഖപ്പെടുത്തിയിരികുന്നു.

| | | |
|---|---|---|
| ജനുവരി | 85% | 73% |
| ഫെബ്രുവരി | 86% | 73% |
| മാർച്ച് | 86% | 76% |
| ഏപ്രിൽ | 83% | 77% |
| മേയ് | 83% | 78% |
| ജൂൺ | 94% | 89% |
| ജൂലൈ | 94% | 89% |
| ആഗസ്റ്റ് | 94% | 87% |
| സെപ്റ്റംബർ | 90% | 32% |
| ഒക്ടോബർ | 91% | 83% |
| നവംബർ | 89% | 78% |
| ഡിസംബർ | 77% | 71% |

| പുരുഷൻമാർ | | | | | | സ്ത്രീകൾ | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 5 | 5-12 | 12-18 | 18-40 | 40-60 | 60 | 5 | 5-12 | 12-18 | 18-40 | 40-60. | 60 |
| 1243 | 2521 | 2383 | 7836 | 4327 | 2100 | 1559 | 1989 | 3021 | 8472 | 3909 | 2461 |



# കൃഷി, ജലസേചനം

## കാർഷിക ചരിത്രം

1863 ഹെക്ടർ വിസ്തീർണ്ണമുള്ള മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിന് സുദീർഘമായ ഒരു ചരിത്രമുണ്ട്. മാരാരിക്കുളം തെക്ക് പകുതി തിരുവിതാംകോട്ട് രാജ്യത്തിൻെറ ചേർത്തല താലൂക്കിലാണ് 100 വർഷങ്ങൾക്കുമുൻ പുവരെപെട്ടിരുന്നത്. ഈ മാരാരിക്കുളം തെക്കു പകുതിയാണ് മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്. അന്ന് ഈ പ്രദേശം കോട്ടയം ജില്ലയിൽ പെട്ടതായിരുന്നു. ആലപ്പുഴ ജില്ലാ രൂപീകരണത്തോടെ അമ്പലപ്പുഴ താലൂക്കിൽ മാരാരിക്കുളം തെക്കു പകുതി ഉൾപ്പെടുത്തി. ഈ ഗ്രാമപഞ്ചായത്ത് കലവൂർ, പാതിരപ്പള്ളി എന്നീ രണ്ടു വില്ലേജുകളായി കിടക്കുന്നു. ഇത് കലവൂർ വില്ലേജ്-കാട്ടൂർ മുറി എന്നും പാതിരപ്പള്ളി-ചെട്ടികാടുമുറി എന്നാണ് അറിയപ്പെട്ടിരുന്നത്. കേരളം മുഴുവൻ അറിയപ്പെടുന്ന കാർഷികവിളകളാണ് ഈ പഞ്ചായത്തിൽ ഉൽപാദിപ്പിച്ചിരുന്നത്. തിരുവാതാംകൂർ രാജാക്കൻമാർ ഏറ്റവും രുചിയുള്ളതായി അംഗീകരിച്ച മാരാരിക്കുളം വഴുതനങ്ങയും, കേരളത്തിലെ ഏറ്റവും കൂടുതൽ എണ്ണ അംശമുള്ള കൊപ്രയും, ആരും തലകുലുക്കി സമ്മതിക്കുന്ന ലഹരി അംശമുള്ള കള്ളും ഈ പ്രദേശത്തെ പ്രസിദ്ധമാക്കി. ചെമ്പകശ്ശേരി രാജാക്കൻമാരുടെ കാലം മുതൽക്കു തന്നെ ഈ ഗ്രാമപഞ്ചായത്തിലെ ഭൂമിയുടെ ഉടമസ്ഥാവകാശം ദേവസ്വങ്ങൾക്കും സവർണ്ണ അവർണ്ണ ഭേദമെന്യേ ചില കുടുംബങ്ങൾക്കും ഉണ്ടായിരുന്നു. പ്രധാനജൻമികൾ ദേവസ്വങ്ങൾ ആയിരുന്നു. തണ്ടപ്പേരു പ്രകാരം 1-ാം നമ്പർ മാരാരിക്കുളം ദേവസ്വം, 2-ാം നമ്പർ മാരൻകുളങ്ങര ദേവസ്വം, 3ാം നമ്പർ ഞാണ്ടിരിക്കൽ കോവിലകവും 4ാം നമ്പർ കാട്ടൂർ പുതിയവീട്ടിൽ ദേവസം എന്നിങ്ങനെ ആയിരുന്നു. ഈ ദേവസ്വങ്ങളുടെ ഭൂമിയിൽ അവകാശങ്ങളും ഭരണവും ഊരായ്മക്കാർക്കായിരുന്നു. മാരാരിക്കുളം ദേവസ്വത്തിൻെറ കാരായ്മ പാഴൂർ, മനയിൽ നമ്പൂതിരികുടുംബത്തിനും, മാരൻകുളങ്ങര പുതിയവീട്ടിൽ ദേവസ്വങ്ങളുടെ ഊരായ്മ തൈശ്ശേരിയിൽ നായർ കുടുംബത്തിനുമായിരുന്നു. ഈ ഊരായ്മക്കാർ ദേവസ്വം സ്ഥലങ്ങൾ കർഷകർക്ക് പാട്ടത്തിനും വാരത്തിനും നൽകിയിരുന്നു. ഭൂമിപാട്ടത്തിനും നിലം വാരത്തിനുമാണ് നൽകിയിരുന്നത്. പാട്ടം വെൺപാട്ടവും, വാക്കാൽപാട്ടവും ഉണ്ടായിരുന്നു. ഇത് പുരയിടങ്ങൾക്കാണ്. നിലങ്ങൾക്ക് വാരം ആയിരുന്നു. വെൺപാട്ടം എന്നുപറയുന്നത് ആധാരം എഴുതികൊടുത്തിട്ടുള്ളതും വാക്കാൽ പാട്ടംവെറും വാക്കാൽപറച്ചിലിലുള്ള കാർഷികാവകാശവും ആയിരുന്നു. പുരയിടങ്ങൾക്ക് പാട്ടം രൂപയായും ഓലയായും എണ്ണയായും കൊടുത്തിരുന്നു. നിലങ്ങൾക്ക് വാരം ഉല്പന്നത്തിൻെറ പകുതി ആയിരുന്നു. കൂടാതെ ഉത്സവക്കാഴ്ച പണമായി നൽകണമായിരുന്നു. അന്നത്തെ ജൻമികൾക്ക് കർഷകൻ 12 ഇരട്ടിപാട്ടമോ വാരമോ ഒന്നിച്ച് കെട്ടിവച്ചാൽ ജൻമം കർഷകന് ആധാരം ചെയ്തു കൊടുത്തിരുന്നു. പല തവണകളായി അണെങ്കിൽ അത് 16 ഇരട്ടി ആയിരുന്നു. ചിലർ (ജൻമിക്ക് കാണം ജൻമിക്ക് കൊടുക്കുന്ന അഡ്വാൻസ് തുക) കൊടുത്ത് ഭൂമിയിൽ അവകാശം നേടുകയും അതായത് കാണപ്പാട്ടം പിന്നീട് ജൻമം ആധാരം ചെയ്തു കൊടുക്കുകയും ചെയ്തിരുന്നു. ഇപ്രകാരം ജൻമികളുടെ എണ്ണം വർദ്ധിച്ചു. ഈ പഞ്ചായത്തിൽ 1088ൽ ഏകദേശം 100 വർഷങ്ങൾക്കു മുൻപ് കലവൂർ കേന്ദ്രമാക്കി ഒരു സബ്‌രജിസ്റ്റർ ആഫീസ് ഇടക്കണ്ണാട്ട് കുടുംബം നൽകിയ ഭൂമിയിൽ ആരംഭിച്ചു. ഇത് ഭൂമി സംബന്ധമായ ഇടപാടുകൾ സുഗമമാക്കി. 1987വരെ ആലപ്പുഴക്കും, ചേർത്തലക്കും ഇടയ്ക്കുള്ള ഏക സബ്‌രജിസ്റ്റർ ഓഫീസ് ആയിരുന്നു ഇത്. ഇങ്ങനെ ഏകദേശം100 വർഷങ്ങൾ ക്കുമുൻപ് തയ്യാറാക്കിയ റവന്യൂസെറ്റിൽമെൻറ രജിസ്റ്റർ പ്രകാരം

മാരാരിക്കുളം തെക്കുവില്ലേജിൽ 1154 ജൻമാവകാശമുള്ള ജൻമികൾ ഉണ്ടായി. ഈ ഉടമകളുടെ സ്ഥലങ്ങളിൽ ഭൂമിയിൻമേൽ അവകാശങ്ങളില്ലാതെ താമസിച്ചിരുന്നവരെ കുടിയന്മാർ എന്നു വിളിച്ചിരുന്നു. ഈ കുടിയാന്മാർ ഭൂമിയിൽ കൃഷിപ്പണി ചെയ്തിരുന്നു. പാടത്തു കൃഷിപ്പണി ചെയ്തിരുന്നവർക്ക് ഭക്ഷണവും കൂലിയും കൊയ്ത്തിന് പതവും കൊടുത്തിരുന്നു. തെങ്ങിന് കുടം ഉപയോഗിച്ച് കോരിനനച്ചിരുന്നു. ജൻമി കുടികിടപ്പുകാർക്ക് ഒന്നോ രണ്ടോ തെങ്ങ് വിട്ടുകൊടുത്തിരുന്നു ഇത് അനുഭവതെങ്ങ് എന്നപേരിൽ അറിയപ്പെട്ടിരുന്നു. കൂടാതെ കുടി മര്യാദ എന്ന പേരിൽ നാളികേരവും കൊടുത്തു പോന്നു. ഇതിൽ നിന്നും വ്യത്യസ്ഥമായി കുണ്ടേലാറ്റുമല്യന്മാരുടെ ഭൂമിയിലെ താമസ്സക്കാർ കൃഷിക്കാരായിരുന്നു. അവർ തെങ്ങിൻ തൈകൾ നട്ടുപിടിപ്പിക്കുകയും ആനയും ആനത്തൊട്ടിയും എത്തുന്ന ഉയരംവരെ ആദായം എടുക്കുന്നതിനുള്ള അവകാശവും ലഭിച്ചിരുന്നു. ഇതിന് കൃഷിക്കാർ ദേഹണ്ഡം എന്ന് പറഞ്ഞിരുന്നു. ഇതിനുശേഷമുള്ള ആദായം ജൻമി എടുക്കുമായിരുന്നു. ആദ്യകാലങ്ങളിൽ ജൻമി കുടിയാന്മാരെ നിർബന്ധിച്ചു താമസ്സിപ്പിച്ചിരുന്നു. ജൻമി അറിയാതെ മറ്റൊരു സ്ഥലത്തേക്കുമാറി താമസ്സിക്കാൻ അനുവാദം ഇല്ലായിരുന്നു. ആരെങ്കിലും അറിയാതെ താമസ്സം ഒഴിഞ്ഞുപോയാൽ അവനെ കള്ളക്കേസുകൾ കൊടുത്തു പിടിപ്പിക്കുകയോ ഗുണ്ടകളെക്കൊണ്ടു മർദ്ദിപ്പിക്കുകയോ ചെയ്തിട്ടുണ്ട്.

പിന്നീട് കുടിയാൻമാരെ സാമസ്സിപ്പിക്കുന്നതിൽ സമ്മതം കൊടുക്കാത്ത അവസ്ഥയുമുണ്ടായി. ഈ കാലഘട്ടത്തിൽ കുടിയിറക്കു ഭീഷണിക്കു വഴങ്ങി കുടിയാന്മാർ ജൻമിയുടെ ആജ്ഞ അനുസരിച്ച് ജീവിച്ചുപോന്നു. 1957ലെ ഹിന്ദുകോഡ്ബിൻ 1964ലെ ലാൻറ്റിഫോംആക്ട് 1970 ജാനുവരി ഒന്നു മുതൽ പ്രാബല്യത്തിലായ കുടികിടപ്പവകാശം നിയമം എന്നിവമൂലം ഭൂമിയിൽ താമസ്സമുള്ള എല്ലാകുടിയാന്മാർക്കും വാക്കാൽ ദേഹണ്ഡക്കാർക്കും ഭൂമിയുടെ ഉടമസ്ഥാവകാശം ലഭിച്ചു. അതുപ്രകാരം ഇന്ന് റീസർവ്വെ പൂർത്തീകരിച്ച് റിപ്പോർട്ടുകിട്ടിയാൽ 29000 ഭൂഉടമകൾ ഉണ്ടാകുമെന്ന് കാണുന്നു.

**കൃഷിരീതി:** പ്രധാനകൃഷി തെങ്ങും നെല്ലുമായിരുന്നു. നിലങ്ങളിൽ പച്ചക്കറികളും തെങ്ങിൻ തോട്ടങ്ങളിൽ വാഴ, ചേമ്പ്, പയറുവർഗ്ഗങ്ങൾ മരച്ചീനി തുടങ്ങിയവ കൃഷി ചെയ്തുവരുന്നു.

| | വിള | വിസ്തീർണ്ണം | |
|---|---|---|---|
| 1. | തെങ്ങ് | 1664 | ഹെക്ടർ |
| 2. | നെല്ല് | 80 | " |
| 3. | പയർ | 20 | " |
| 4. | എള്ള് | 5 | " |
| 5. | പച്ചക്കറികൾ | 42 | " |
| 6. | വാഴ | 50 | " |
| 7. | മരച്ചീനി | 5 | " |
| 8. | കുരുമുളക് | 5 | " |
| 9. | കശുമാവ് | 15 | " |

തെങ്ങുകൃഷിക്ക് മൂന്നു കൃഷിപ്പണിയാണ് ചെയ്തിരുന്നത്.ഒരു വട്ടം വെട്ട്, ഒരു കിള പിന്നെ തടം വരയൻ തടം വരയിലിനോടു് ചേർന്ന് എല്ലാ കുള്ളങ്ങളും തോടുകളും വെട്ടി ചെളിയും മണ്ണും തെങ്ങിൻറ ചുവട്ടിൽ ഇട്ടു പോന്നു. വെള്ളം വറ്റിക്കുന്നതിത് പാട്ടയും വല്ലവും ഉപയോഗിചിരുന്നു.

മഴയ്ക്കു മുമ്പ് വട്ടം വെട്ടി പച്ചില വളങ്ങളും, ചാണകം, ചകിരിചോറ് , മൽസ്യവളങ്ങൾ ചാരം എന്നിവ ചുവട്ടിലിടുകയും ഇത് ഒന്നു മൂടുകയും ചെയ്തിരുന്നു. പറമ്പുകിളയ്ക്കൽ അതിപ്രധാനമായിരുന്നു. കൂമ്പൽ വച്ചു കിളക്കുകയോ ജൈവവളം ഇട്ട് മൂടികിളക്കുകയോ ചെയ്തിരുന്നു. ഈ കിളയ്ക്കൽ മൂലം ഭൂമിനിരപ്പിലും, വെള്ളം ഒഴുകി പോകാതെയും കിടക്കുമായിരുന്നു. ഭൂമിയിൽ നിന്നും അനേകം സുഷിരങ്ങളിൽ കൂടി ജലം ബാഷ്പീകരിച്ചു പോകുന്നതു തടയുന്നതിന് കിളക്കൽ സഹായിചിരുന്നു. കിളക്കുമ്പോൾ സുഷിരങ്ങൾ അടഞ്ഞുപോകുന്നതുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു. തോടും കുളവും വെട്ടിമാടി പിടിപ്പിക്കുന്നത് നിർബന്ധമായിരുന്നു. പുരയിടങ്ങളുടെ ഇടിച്ചിൽ തടയുന്നതിനും, വേനൽ ക്കാലത്ത് വശങ്ങൾ വഴി ചൂടുകയറി ഭൂമിയെ ചൂടാക്കുന്നതിനെ തടയുന്നതിനും മാടി പിടിപ്പിക്കാൻ സഹായിച്ചിരുന്നു. ഇതുപോലെ പാടങ്ങളുടെ മട്ടലുകളും വരമ്പകളും താങ്ങിമാടി പിടിപ്പിച്ചിരുന്നു.

പാടത്ത് വിരിപ്പും മുണ്ടകനും കൂടി വിതയ്ക്കുന്ന രീതിയായിരുന്നു. ഇതു മൂലം കൂലി ചെലവുകുറഞ്ഞിരുന്നു. ഒരു വിത കഴിഞ്ഞ് കള പറിക്കൽ മാത്രമെ ഉണ്ടായിരുന്നുള്ളു. വിരിപ്പ് കൊയ്തുകഴിഞ്ഞാൽ കുറ്റിച്ചുവട്ടിൽ നിന്നും മുണ്ടകൻ കിളിർത്തു പൊങ്ങും. അത് മകരമാസത്തിൽ കൊയ്തെടുക്കും. അതിനു ശേഷം പാടത്ത് പച്ചക്കറി, നടുന്നു. ചില സഥലങ്ങളിൽ വൻ തോതിൽ ചെറുപയറും എള്ളും തുണ്ടം കോരി വെച്ചുപിടിപ്പിക്കുന്നു. വിരിപ്പും മുണ്ടകനും അല്ലാത്ത വിത്തുകൾ ഈ പ്രദേശത്തിന് യോജിച്ചതല്ല. വിത്തു സംഭരിക്കുന്നത് പ്ര ത്യക രീതിയിലാണ്. വിത്തിന് കുംഭക്കാറ്റും, മഞ്ഞും കോളളിച്ച് പത്തായത്തിൽ സംഭരിക്കുന്നു. മേടം പത്തിന് മുമ്പ് വിത്ത് വിതക്കുന്നു. മഴയെ ആശ്രിയിച്ചാണിത്. വട്ടത്തിൽ കണ്ണികൾ കോരി അവിടെ പാകിയും ഒരു പരിധി കഴിയുമ്പോൾ ചെറിയ തൂമ്പകൾ ഉപയോഗിച്ച് വെട്ടിയിടും., സ്ത്രികളെ ഉപയോഗിച്ച് പറിച്ചുനട്ടും വരുന്നു. നിലത്തിൻെറയും കാലാവസ്ഥയുടെയും അവസ്ഥയ്ക്കു വിധേയമായി നിരപ്പുവിതയും നടക്കുന്നു. വികസന ബ്ളോക്കളുടെ ആരംഭത്തോടെ രാസവസ്തുപ്രയോഗങ്ങൾ തുടങ്ങിയത് ആദ്യക്കാലങ്ങിൽ ഉപയോഗിച്ചിരുന്ന രാസവളത്തെ കർഷകൻ പാടിമിക്സർ എന്നു വിളിച്ചിരുന്നു. കുട്ടനാടൻ പ്രദേശങ്ങിലെ വിളവിനെക്കാൾ എത്രയോ കുറവായിരുന്നു ഇവിടെത്തെ വിളവുകൾ. എങ്കിലും ഈ പഞ്ചായത്തിൻെറ പ്രധാനവിളകളിൽ രണ്ടാമത്തെ ഇനം നെല്ലു തന്നെയായിരുന്നു. നെല്ല് ആദ്യന്തര ഉപയോഗതടതിനു മാത്രമെ ലഭിച്ചിരുന്നുളളു. ആയതിനാൽ ഇവിടെ നെല്ലിൻെറ മാർക്കറ്റ് ഇല്ലായിരുന്നു. എന്നാൽ നാളികേരം പ്രധാനവിളയായിരുന്നു. കലവൂർ, കാട്ടൂർ, കേന്ദങ്ങളായി ധാരാളം കൊപ്രക്കടകൾ ഉണ്ടായിരുന്നു. ആദ്യത്തെ കൊപ്ര വ്യാപാരി എസ് അർജ്ജുനൻ പിളളയും തോംവീട്ടിൽ

നാരായണനും പഞ്ചായത്തു സ്വദേശിയായ കൊപ്രവ്യാപാരി കൊടിവീട്ടിൽ ഷൺമുഖദത്തും ആയിരുന്നു.

## കൂലി സേവന വ്യവസ്ഥകൾ

പുരയിടങ്ങളിൽ . ഓരോ കർഷകനും അവകാശപ്പെട്ട കർഷകപ്പണിക്കാർ ഉണ്ട്. കുളങ്ങളിൽ നിന്നും കോരി നനയ്ക്കുന്ന കാലത്ത് ദിവസക്കൂലി നിശ്ചയിച്ചിരുന്നു. ഇപ്പോൾ എൻജിനും, പമ്പു സെറ്റും ഉപയോഗിച്ചുള്ള നനയാണ് നടന്നു കൊണ്ടിരിക്കുന്നത്. ഇതിൽ മണ്ണെണ്ണ ഉപയോഗിച്ചു നനയ്ക്കുന്ന എൻജിന് 25 രൂപാ മണിക്കൂറിനും വൈദ്യുതി ഉപയോഗിച്ചു നനയ്ക്കുന്ന പമ്പു സെറ്റിന് മണിക്കൂറിൽ 20 രൂപയുമാണ് ക്കൂലി. ജന്മി പുരയിടം വിറ്റാൽ പണിക്കാർക്ക് അവകാശം കൊടുത്തിരിക്കണം. അല്ലെങ്കിൽ പുതിയതായി വാങ്ങിയ ആൾ ടി-പണിക്കാരനെ തൻെറ പണിക്കാരനായി അംഗീകരിച്ച് കൃഷിപ്പണി അവർക്ക് നൽക്കണം. കൊയ്ത്തിന് പത്തിന് ഒന്നും എന്ന ക്രമത്തിൽ പതം ആയിരുന്നു. ഇപ്പോൾ ദിവസക്കൂലിയാണ്. തെങ്ങു കയറ്റ തൊഴിലാളിക്ക് തെങ്ങിൻഎറ എണ്ണം അനുസരിച്ച് തേങ്ങ കൊത്തിയെടുക്കും. ഇതിന് കൊയ്യാലു് എന്നു പറയും. പണ്ടു ക്കാലങ്ങളിൽ ഓലക്കീറി മടലുകളും അളിയുമായി തിരിച്ചുകൊടുക്കുന്നതും തെങ്ങു കയറ്റതൊഴിലാളിയായിരുന്നു. തെങ്ങു കയറ്റതൊഴിലാളി കൊയ്യൽ കൂടാതെ കൊത്തുതേങ്ങ, ഏണി തേങ്ങ എന്ന രീതിയിൽ തേങ്ങ എടുക്കുമായിരുന്നു പഴയ തൊഴിലാളികളും ഇപ്പോൾ ചില ആത്മാർത്ഥയുള്ള തൊഴിലാളികളും തെങ്ങിൻെറ മണ്ട ചവറുകൾ പറിച്ച് വൃത്തിയാക്കിരുന്നു. കൂടാതെ ഇടിയുന്ന കുലകൾ മുട്ടു കൊടുത്തും കെട്ടിയും സൂക്ഷിച്ചിരുന്നു. ഒറ്റ തെങ്ങു കയറുന്നവർ കൂലിയായി രണ്ടു രൂപാ വാങ്ങുന്നു. മരുന്നുതളിക്കുന്ന ആവശ്യത്തിനു കയറുന്നവർക്ക് 4 രൂപയാണ്. തെങ്ങുരോഗങ്ങൾക്ക് ചികിൽസ ഇല്ലാതിരുന്ന കാലത്ത് രോഗം വരാതിരിക്കുവാനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാനും അർത്തുങ്കൽ പള്ളിയിൽ കാൽനടയായി പോകുന്ന തീർത്ഥാടകർക്ക് കരിക്ക് നേർച്ചയായി കൊടുത്തിരുന്നു. കൂടാതെ പേടുകായ്ക്കുന്ന തെങ്ങിൽ പേടു് കെട്ടിവെച്ചാൽ തെങ്ങ് നാണിച്ച് പേടുകായിക്കില്ല എന്നും വിശ്വസിച്ചുപോന്നു.

## ഉല്പാദനക്ഷമത

നെല്ലിൻെറ ഉല്പാദനക്ഷമത സംസ്ഥാന ഉൽപാദനക്ഷമതയെക്കാൾ താഴെയാണ്. അത് മുൻക്കാലങ്ങളിലും താഴെയായിരുന്നു. നാളികേരത്തിൻെറ ഉല്പാദനക്ഷമത വളരെ മുന്നിലായിരുന്നു. ഇന്ന് വിവിധ ഗ്രാമസഭങ്ങളിൽ നിന്നും കിട്ടിയ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ നാളികേരത്തിൻെറ ഉൽപ്പാദനം 20 തേങ്ങ ഒരു വർഷം എന്ന നിരക്കിലാണ്. തികച്ചും പാരമ്പര്യരീതികളിലായിരുന്നു വിത്തു തേങ്ങകൾ ശേഖരിച്ചിരുന്നത്. നല്ല തേങ്ങയും കൂടുതൽ ഉൽപ്പാദനം തരുന്ന തെങ്ങും കൃഷിക്കാർ തന്നെ തെരെഞ്ഞെടുത്തും തേങ്ങകൾ താഴെ വീഴാതെ കെട്ടിയിറക്കി തൊണ്ട് ചെറിയ ഘനം കുറഞ്ഞ പാളയിൽ വരിഞ്ഞ് തേങ്ങകൾ തമ്മിൽകൂട്ടികെട്ടി അല്ലെങ്കിൽ ഏച്ചുകെട്ടി മറ്റുവൃക്ഷങ്ങളുടെ കമ്പിൽ ഓരോ തേങ്ങയും കമ്പിൻെറ ഇരു വശങ്ങളിലായി വരത്തക്കവിധം സ്ഥാപിക്കുകയും അവിടെ ക്കിടന്ന് ഉണങ്ങി മുളവന്നതിനു ശേഷം മണ്ണിൽ നിലത്തു പാകി തെങ്ങിൻ തൈകൾ ഉൽപ്പാദിപ്പിക്കുകയാണ് ഇവിടെത്തെ രീതി. ചിലർ മച്ചിൻെറ മുകളിലും തേങ്ങ സൂക്ഷിക്കാറുണ്ട്. വിത്തിന് ഉപയോഗിക്കുന്ന നാളികേരം വെള്ളത്തിലിട്ട് അതിൻെറ വിതാതം ശരിയാണോ എന്ന് പരിശോധിക്കാറുണ്ട്. വെള്ളത്തിലെ കിടപ്പും വിതാനവും ശരിയായ നാളികേരം മാത്രമെ വിത്തിന് ഉപയോഗിക്കു.

## കൃഷി ജലസേചനം.

8-ാം പദ്ധതി വികസനസക്കീമുകളുടെ അവലോകനം. 8-ാംപദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള എല്ലാ സ്ക്കീമുകളും മാരാരികുളം തെക്ക് ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല,.പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസർ അദ്ദേഹത്തിനു കിട്ടുന്ന അലോട്ടുമെൻറിൽ ഒരു ഭാഗം ഇവിടെത്തെ കൃഷി ഭവനം നല്കിയിരുന്നു എന്നുമാത്രം. സക്കീമുകളുടെ ടാർജറ്റ് വളരെ താഴ്ന്നതായിരിക്കും. അതു് എല്ലാ കർഷകരെയും അറിയിച്ച് നടപ്പാക്കാൻ പ്രയോഗികമായി കൃഷി ഓഫീസർക്ക് പ്രയാസങ്ങൾ ഉണ്ടാക്കിയിരുന്നു. ഈ കാരണത്താൽ തന്നെ കൃഷി ഭവനുമായി അനുദിനം ബന്ധപ്പെടുന്ന കർഷകർക്കുമാത്രം 8-ആം പദ്ധതിയുടെ ഗുണം ലഭിച്ചതായി ക്കാണാം. ചില ഇനങ്ങളിൽ വേണ്ടത്ര പ്രചരണം ലഭിക്കാത്തതുമൂലം ജനകീയാസൂത്രണത്തിൻെറ അഭാവം മൂലം കർഷകരെ ചില പദ്ധതികൾ കെട്ടിഏൽപ്പിക്കേണ്ടതായി വന്നിട്ടുണ്ട്. എന്നാൽ 96-97 കാലഘട്ടത്തിൽ പഞ്ചായത്തുരാജ് സംവിധാനം വന്നതോടുക്കൂടി അലോട്ടുമെൻെറിലും പ്രവർത്തനത്തിലും വർദ്ധനവുകാണാം. 92-93 ൽ അലോട്ടുമെൻെറ് നന്നേ കുറവായിരുന്നു.

ലഭിച്ചതു മുഴുവനും ചെലവാക്കി.തുടർന്ന് 96-97 വരെയുള്ള സ്ക്കീമുകളുടെ അവലോകനം താഴെ പട്ടികയിലൂടെ നടത്തുന്നു.

## 1992-93

| ക്രമ നമ്പർ | സ്കീമിന്റെ പേര് | ചെലവായ തുക | എണ്ണം / തൂക്കം ഏക്കർ / സെന്റ് | അഭിപ്രായം |
|---|---|---|---|---|
| 1 | 25% സബ്സിഡി നിരക്കിൽ തെങ്ങിൻ തൈകൾ നല്കൽ | 7020 | 780. | ഗുണനിലവാരം വിശ്വസനീയമല്ല എന്ന ഗ്രാമറിപ്പോർട്ട് |
| 2 | മഗ്നീഷ്യം സൾഫേറ്റ് 50% സബ്സിഡി നിരക്കിൽ വിതരണം | 88000 | 4400കി. | 88000 രൂപാ കർഷകരും മുടക്കി എല്ലാവർക്കും കൊടുക്കാൻ കഴിഞ്ഞില്ല. |
| 3. | എലിവിഷം സൗജന്യമായി നൽകൽ | 950 | 950 | എല്ലാവർക്കും എത്തിക്കാൻ കഴിഞ്ഞില്ല. |
| 4. | പച്ചവർഗ്ഗച്ചെടി വിതരണം മട്ടുമാവ് സൗജന്യം | | 66 എണ്ണം | ആവശ്യത്തിന് തികഞ്ഞില്ല. |
| 5. | മൈനർ കിഴങ്ങു വർഗ്ഗ . കിറ്റ് വിതരണം | 120 | 13 പേർക്ക് | ആവശ്യത്തിന് തികഞ്ഞില്ല. |
| 6. | മരച്ചീനിക്കമ്പ് സൗജന്യവിതരണം. | | 300 കമ്പ് 18 പേർക്ക് കൊടുത്തു. ഒരു കമ്പിൽ നിന്നും 4 ചുവടു് 5 കമ്പ് ഉണ്ടെങ്കിൽ 1 സെന്റ് കൃഷി ചെയ്യാം. | എത്ര സെന്റ് കൃഷി ചെയ്തു എന്ന് ഒരു പരിശോധനയും നടത്തിയിട്ടില്ല |
| | | 96090 | | |

80 ഹെക്ടർ നിലവും, 1786 ഹെക്ടർ പുരയിടവും, 8 ഹെക്ടർ കൃഷിയോഗ്യതരിശും 29000 സ്വന്തമായി സ്ഥലമുള്ളവരും ഉള്ള ഈ പഞ്ചായത്തിൽ 92-93 ലെ അലോട്ടുമെന്റ് തീരെ അപര്യാപ്തമായിരുന്നു എന്ന് കാണാം . ഒരു വർഷം കൃഷിഭവൻ നില നിർത്തണമെങ്കിലുണ്ടാകുന്ന എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് ഇതിന്റെ എത്രയോ മടങ്ങ് അധികമാണ്.

## 1993 - 94

| | | | | |
|---|---|---|---|---|
| 1 | തെങ്ങിന് ചെളി ഇടൽ | 42234 | 126 കർഷകർക്കു കൊടുത്തു | സബ്സിഡിതൃപ്തികരമല്ല.ഒരു തെങ്ങിന് 4 രൂപാ വെച്ചു കൊടുത്തു.24 രൂപയ്ക്കു ചെളി ഇറക്കിയാൽ 4 രൂപാ കൊടുക്കും. |
| 2. | കേരസംരക്ഷണസമിതികൾക്ക് പരിശീലനം | 1600 | 9 പരിശീലനക്ലാസ്സുകൾ നടന്നു. | സാമൂഹ്യപ്രതിബന്ധതയുള്ള കർഷകർക്കും പരിശീലനം നൽകണം. |
| 3. | കമ്പോസ്റ്റു കുഴി നിർമ്മാണം വീട്ടുവളപ്പിൽ. | 4500 | 180 എണ്ണം. | ഒരു കുഴിക്ക് 25 രൂപാ വീതം സബ്സിഡി നല്കി. |
| 4. | പച്ചിലവളം വിത്തുവിതരണം | 3000 | 300 കർഷകർക്ക് നൽകി. | വേണ്ടത്ര പ്രചരണം ലഭിച്ചില്ല. |
| 5. | പയർകൃഷി | 7500 | വൻപയർ 15 ഹെക്ടർസ്ഥലത്തു കൃഷി ചെയ്തു. | |
| 6. | മിശ്രകൃഷിക്കാർക്ക് അവാർഡ് | 500 | രണ്ടു കർഷകർ | |
| 7. | പയർ കൃഷിക്കാർക്ക് കീനാശിനി | 725 | 5 ഹെക്ടർ കൃഷിചെയ്തു 125 രൂപാ ഹെക്ടർ ഒന്നിന് സബ്സിഡി നല്കി | |
| | ആകെ | 60259 | അലോട്ട്മെന്റ് തുക തീരെ കുറവായിരുന്നു. | |

1994-95

| | | | | |
|---|---|---|---|---|
| 1. | ജലസേചനം പമ്പു സെറ്റ് 1/3 സബ്സിഡി | 44124- | 39 എണ്ണം 7.8 ഹെക്ടർ ജലസേചനം | വേണ്ടത്ര പ്രചരണം ലഭിച്ചില്ല. |
| 2. | കുഴൽകിണർ | 21947 | 43 എണ്ണം 5.16 ഹെക്ടർ ജലസേചനം | പ്രകൃതിദത്ത ജല സംഭരണികൾ ശ്രദ്ധിക്കാനായി |
| 3 | പ്രത്യേക തൊഴിൽ ദാനപദ്ധതി | | യുവാക്കളായ തൊഴിലില്ലാത്തവരിൽ നിന്നും 1100 രൂപാ വീതം വാങ്ങി ഈ പദ്ധതിപ്രകാരം രജിസ്റ്റർ ചെയ്തു. എസ്.സി., എസ്.ടി. വിഭാഗം 100 രൂപാമാത്രം നൽകണം. പ്രതിമാസം 1000 രൂപാവച്ച് 60 വയസുമുതൽ പെൻഷൻ. 105 പേർ രജിസ്റ്റർ ചെയ്തു ഇതിൽ 12 പേർക്കും പൊതുപരിശീലനം രണ്ടു പ്രാവശ്യം നൽകി. പ്രത്യേക പരിശീലനം നൽകിയവരുടെ എണ്ണം താഴെപറയുന്നു. | |
| | പശുവളർത്തൽ | 30പേർ | | ഇവർതൊഴിൽ ചെയ്യുവാൻ സഹായം പ്രതീക്ഷിച്ച് കാത്തിരിക്കുന്നു. ഇവർക്ക് 9-ാം പദ്ധതിയിൽ തൊഴിൽ നൽകണം. 95-96 വർഷം ഉൾപ്പെടെയാണ് 105 പേർ. വേറെ 12 പേർ അപേക്ഷകൊടുത്തുവെങ്കിലും പണം അടച്ചിട്ടില്ല. |
| | കുറ്റിമുല്ല കൃഷി | 10 പേർ | | |
| | ആടുവളർത്തൽ | 5 പേർ | | |
| | കയർതറയിൽ നെയ്ത്ത് | 2പേർ | | |
| | മീൻ വളർത്തൽ | 4പേർ | | |
| | കൂൺകൃഷി | 3 | | |
| | ഫുഡ് പ്രോസസിംഗ് | 4 പേർ | | |
| 4. | വാഴകൃഷി ജലസേചനം സബ്സിഡിനല്കൽ | 3000 | 3എണ്ണം 60സെന്റ് സ്ഥലം ജലസേചനം ചെയ്തു. | വേണ്ടത്ര പ്രചരണം ലഭിച്ചില്ല. |
| 5. | മഹിളാസമാജം പച്ചക്കറികൃഷി | 130 | 50സെന്റ് കൃഷിചെയ്തു | കസ്തൂർബാമഹിളാസമാജം എന്ന ഒരു സമാജത്തിനാണ് കൊടുത്തത്. |
| 6. | പച്ചിലവളവിത്തു വിതരണം കിലോയ്ക്ക് 8രൂപാ സബ്സിഡി. | 9600 | 1200കിലോ | പ്രചരണം കുറവായിരുന്നു. |
| 7. | കമ്പോസ്റ്റുകുഴി നിർമ്മാണം ഒരു കുഴിക്ക് 25 രൂപ സബ്സിഡി | 5225 | 205കുഴികൾ | " |
| 8. | പരിശീലനപരിപാടി. ഒരു പരിശീലന ക്ലാസിന് 200 രൂപവീതം | 1600 | 8 ക്ലാസുകൾ നടത്തി | " |
| 9. | കശുമാവ് കൃഷിവികസനം 1500 രൂപ ഹെക്ടറിന് സബ്സിഡി | 15,000 | ആകെ 10 ഹെക്ടർ 32പേർ കൃഷി ചെയ്തു. | |
| 10. | പയർകൃഷി വികസനം 1 ഹെക്ടറിന് 400 രൂപ സബ്സിഡി | 2000 | ആകെ 5 ഹെക്ടർ 32 കർഷകർ കൃഷിചെയ്തു | |
| 11 | ദേശീയപയറു കൃഷി വികസനം 1 ഹെക്ടറിന് 900രൂപാ സബ്സിഡി | 17100 | ആകെ 10 ഹെക്ടർ 19 കർഷകർ കൃഷിചെയ്തു | വേണ്ടത്ര പ്രചരണം ലഭിച്ചില്ല. |
| 12. | സമഗ്രതെങ്ങുകൃഷി ജലസേചനം | | | |
| a) | കിണർ എസ്.സി.എസ്.ടി സൗജന്യം | 4000 | 1കിണർ എസ്.സി.,എസ്.ടി. | |
| b) | പമ്പ് സെറ്റ് 1/3 സബ്സിഡി പരമാവധി 2400 രൂപ | Not reported | 15 പമ്പ് സെറ്റ് | |

| | | | | |
|---|---|---|---|---|
| c) | കുഴൽകിണർ 800രൂപാ സബ്സിഡി | 4000 | 5 കുഴൽ കിണർ | പാരമ്പര്യ ജലസ്രോതസ്സ് അവഗണിച്ചു |
| 13 | എള്ള് കൃഷി വികസനം<br>1 ഹെക്ടറിന് 1000രൂപ സബ്സിഡി | 1000 | 2പേർ കൃഷി ചെയ്തു<br>ആകെ 1 ഹെക്ടർ<br>500 രൂപ വീതം നൽകി | വേണ്ടത്ര പ്രചരണം ലഭിച്ചില്ല |
| 14 | മുല്ലകൃഷി | 4000 | 1000 രൂപവെച്ച്<br>4 പേർക്ക് നൽകി | |
| | ആകെ | 132626 | | |
| 1995-96 | | | | |
| 1 | കുരുമുളക് കൃഷി<br>സൗജന്യവള്ളി വിതരണം | Not reported | 2000 വള്ളികൾ<br>കൊടുത്തു | ഒരു തൊഴിലായി സംഘടിപ്പിച്ച്<br>വള്ളികൾ കൊടുത്തില്ല തുടർന്ന്<br>അന്വേഷണം നടത്തിയില്ല |
| 2 | പ്രകൃതിക്ഷോഭം ദുരിതാശ്വാസം | 28800 | 32പേർക്ക് | നൽകിയ തുക തൃപ്തികരമല്ല |
| 3 | യുവാക്കൾക്കുള്ള തൊഴിൽ<br>ദാന പദ്ധതി മുല്ലകൃഷി | 1000 | 1 തൊഴിൽ രഹിതന് | ബാക്കി 9 പേർ പരിശീലനം<br>ലഭിച്ചവർ ഇനിയും ഉണ്ട്. |
| 4 | ഇഞ്ചി, മഞ്ഞൾ കൃഷിവികസനം<br>മഞ്ഞൾ 25സെൻറിൽ കൃഷി ചെയ്താൽ<br>825 രൂപ സബ്സിഡി, ഇഞ്ചി - 25<br>സെൻറിന്1200 രൂപ | 3300 | 4 പേർക്ക് കൊടുത്തു<br>1 എക്കർ കൃഷി ചെയ്തു. | വേണ്ടത്ര പ്രചരണം ലഭിച്ചില്ല. |
| 5 | കൊക്കോകൃഷി വികസനം | 2000 | ആകെ 1ഹെക്ടർ,<br>4പേർ കൃഷി ചെയ്തു | വേണ്ടത്ര പ്രചരണം ലഭിച്ചില്ല |
| 6. | സ്കൂൾ പച്ചക്കറിത്തോട്ടം<br>10സെൻറിൽ കൃഷി ചെയ്യാൻ വിത്ത്<br>വളം, കീടനാശിനി ഉപകരണം 1 വർഷം<br>സ്കൂൾ 1 അധ്യാപകന് പരിശീലനവും | | 1 സ്കൂൾ | MIHS പൂങ്കാവ് ആണ് തിരഞ്ഞെടുത്തത്. അടുത്ത വർഷം ഇത്<br>നടന്നില്ല |
| 7 | കശുമാവ് കൃഷിവികസനം, ഒട്ടുമാവ്<br>തൈകൾ സൗജന്യം നടീൽ ചെലവ്<br>ഒരു തൈക്ക് 3 രൂപ | 480 | 160എണ്ണം 1 ഹെക്ടർ | വേണ്ടത്ര പ്രചരണം ലഭിച്ചില്ല |
| 8 | കശുമാവ് തീവ്രവികസനം 1500 രൂപ<br>ഹെക്ടറിന് സബ്സിഡി | 7500 | 5 ഹെക്ടർ 25 കർഷകർ<br>കൃഷിചെയ്തു | തുടർ പരിശോധനയും<br>നിർദേശങ്ങളും നൽകുന്നില്ല. |
| 9 | ജൈവവളകൃഷി വികസനം | | | - |
| | 1. കമ്പോസ്റ്റ് കുഴി 25 രൂപ | 3725 | 149 കുഴികൾ | - |
| | 2. പച്ചിലവള വിത്തുകൾ 8 രൂപ<br>സബ്സിഡി | 4800 | 600 കിലോ | - |
| | 3. പരിശീലനക്ലാസുകൾ | 1000 | 5 ക്ലാസുകൾ നടത്തി | - |
| 10 | കശുമാവ് വളം സൗജന്യ നിരക്കിൽ<br>നൽകൽ | 4352 | 8 ഹെക്ടർ 128 കിറ്റുകൾ | |

| | | | | |
|---|---|---|---|---|
| 11 | പഴവർഗ വികസന പദ്ധതി, പഴയതോട്ടങ്ങൾ പുതുക്കൽ. 1 ഹെക്ടറിന് 1200 രൂപ സബ്സിഡി | 1200 | 2 പേർക്കു കൊടുത്തു ആകെ 1 ഹെക്ടർ | " |
| 12 | മാവുകൃഷി വളം നൽകൽ 1 ഹെക്ടറിന് 1125 രൂപ സബ്സിഡി | 1125 | ആകെ 1ഹെക്ടർ 4 പേർ കൃഷി ചെയ്തു | പ്രചരണം ലഭിച്ചില്ല. കർഷകർ സാമ്പത്തി[illegible] ബുദ്ധിമുട്ടിൽ |
| 13 | തെങ്ങുകൃഷി വികസനം<br>1. കൂമ്പചീയലിന് കീടനാശിനി | - | 3333 തെങ്ങുകൾ 100 കി. തുരിശ്, 100 കി ചുണ്ണാമ്പ് | " "<br>" " |
| | 2. ചെല്ലിനശീകരണം | | 1600 തെങ്ങിന് 200 കി ബി.എച്ച്.സി. | |
| | 3. രാസവസ്തു കിറ്റ് സൗജന്യനിരക്കിൽ 8 രൂപ നിരക്കിൽ | 180040 | 13505 തെങ്ങ | പ്രചരണം ലഭിച്ചു ഗാർകാവശ്യക്കാരും വാങ്ങി |
| | 4. ജലസേചനം, കുഴൽകിണർ 800 രൂപ സബ്സിഡി | 7200<br>151822 | 9 എണ്ണം<br>336 എണ്ണം | "<br>" |
| | 5. പമ്പ്സെറ്റ് മൂന്നിലൊന്ന് സബ്സിഡി | 120399 | 64എണ്ണം | " |
| | 6. [illegible] വിതരണം, കിലോക്ക് 5 രൂപ [illegible] / 8. [illegible] യന്ത്രം | 325 / 1000<br>2000 | 65 കിലോ 100 കർഷകർക്ക് കൊടുത്തു / 1 എണ്ണം | |
| | 9. പരിശീലനക്ലാസ് | 1000 | 4 പരിശീലന പരിപാടി നടത്തി | " |
| | 10. കണികജലസേചനം 7500 രൂപ ഒരു ഹെക്ടറിന് സബ്സിഡി | 7500 | 2 പേർ 3 എക്കർ സ്ഥലത്ത് നടപ്പാക്കി | " |
| 14 | സ്കൂൾകുട്ടികൾക്ക് വീട്ടുവളപ്പിൽ പച്ചക്കറികൃഷി | 4600 | 460 കിററ് 460 കുട്ടികൾക്ക് നൽകി | തുടർ പരിശോധനാനിർദേശങ്ങൾ നടത്തിയില്ല |
| 15 | പത്ത് സെൻറ് പച്ചക്കറി ജനറൽ സെക്ടർ വിത്തു സൗജന്യം, 100 രൂപ കീടനാശിനി സൗജന്യം. | 360 | 3 പേർക്ക് നൽകി | " |
| 16 | ബയോഗ്യാസ് പ്ലാൻറ് നിർമാണം ഒരു പ്രോജക്ടിന് 2400 രൂപ സബ്സിഡി | 24000 | 10 എണ്ണം | " |
| | ആകെ | 560723 | | |
| | 1996 - 97 | | | |
| 1 | സുഗന്ധവിളകൃഷി<br>1. ഇഞ്ചി | 2000 | 25 സെൻറിന് 500 രൂപ 4 പേർക്കു നൽകി 1 എക്കർ | കൂടുതൽ വ്യാപകമാക്കണം |
| | 2. മഞ്ഞൾ | 1600 | 25 സെൻറിന് 500 രൂപ 4 പേർക്കു നൽകി 1 എക്കർ | കൂടുതൽ വ്യാപകമാക്കണം |
| | 3. മഞ്ഞൾ മാതൃകാകൃഷിത്തോട്ടം | 825 | 1 ആൾക്ക് 25 സെൻറ് തോട്ടം | |
| 2 | കശുമാവ് വികസനം | 7500 | 5 ഹെക്ടർ | |
| 3 | എത്തവാഴ സ്കൂൾ കുട്ടികൾക്ക് | 400 | 1 കുട്ടിക്ക് 10 രൂപയുടെ വാഴവിത്ത് വച്ച് 40 കുട്ടികൾക്ക് നൽകി | |
| 4 | എത്തവാഴ അൺടൈഡ് ഫണ്ട് | 33200 | 1500 കർഷകർക്ക് 5 വിത്തുകൾ വീ[illegible]ം നൽകി | വ്യാപകമായ പ്രചരണം ലഭിച്ചു |

| | | | |
|---|---|---|---|
| 5 | വിത്ത് വളം പ്രച്ചക്കറി നൽകൽ അൺടൈഡ് ഫണ്ട് | 12850 | 1500 കർഷകർക്ക് |

## 96-97ലേക്കുള്ള ചെറുകിട ജലസേചന പ്രവൃത്തികളുടെ പ്രൊപ്പോസൽ

1. വാഴക്കൂട്ടം പൊഴിയുടെ വശങ്ങളുടെ സംരക്ഷണം 2,07,000 രൂപ
2. കവിതാജംഗ്ഷൻ ഡ്രെയിനേജ് ആൻറ് കൾവർട്ടം 2,00,00 രൂപ
3. കോയിക്കൽ പാടശേഖര സംരക്ഷണം കൾവർട്ട് സ്ലൂയിഡ്. 4,00,00 രൂപ

വിവിധഗ്രാമസഭകളിൽ ചർച്ച ചെയ്യപ്പെട്ട കാർഷിക പ്രശ്നങ്ങളുടെ പശ്ചാത്തലത്തിൽ ഓരോ വിളകളുടേയും പ്രധാനപ്രശ്നങ്ങളും പ്രശ്നപരിഹാരങ്ങൾക്കുള്ള നിർദേശങ്ങളും താഴെ കൊടുക്കുന്നു.

1. തെങ്ങ് - മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിലെ പ്രധാനകൃഷി തെങ്ങാണ്. 1786 ഹെക്ടർ പ്രദേശത്ത് തെങ്ങുകൃഷിയുണ്ട്. നാളികേര കർഷകരെ അലട്ടുന്ന മുഖ്യപ്രശ്നം തെങ്ങുരോഗമാണ്. ഈ രോഗത്തിൻെറ കാരണങ്ങളും പ്രതിവിധികളും എന്താണെന്ന് മനസിലാക്കുന്നതിന് കഴിഞ്ഞിട്ടില്ല.
2. പ്രതിരോധ ശേഷിയുള്ള വിത്തുകളായി ബന്ധപ്പെട്ട അധികാരികൾ നൽകിവരുന്ന വിത്തുകൾ ഉദ്ദേശിക്കുന്ന ഗുണനിലവാരത്തിലെത്തുന്നില്ല.
3. രോഗപ്രതിരോധപ്രവർത്തനങ്ങൾ പൂർണമായും വ്യാപകമായും ഒരേ സമയം നടത്തുന്നില്ല.
4. ഗുണനിലവാരമുള്ള മരുന്നുകൾ ന്യായമായ വിലക്ക് ലഭിക്കുന്നില്ല.
5. രോഗം വന്ന തെങ്ങുകൾ വെട്ടിമാറ്റി പകരം പുതിയവ നട്ടുപിടിപ്പിക്കുന്നതിനുള്ള ധനസഹായം തൃപ്തികരമല്ല.
6. രോഗം വന്ന തെങ്ങുകൾക്ക് ഇൻഷുറൻസ് ആനുകൂല്യം ഇല്ല.
7. രോഗം ബാധിച്ച തെങ്ങുകൾ നശിക്കുന്നതിനേക്കാൾ കൂടുതൽ തെങ്ങുകൾ ചെമ്പൻചെല്ലി, കൊമ്പൻചെല്ലി എന്നിവയുടെ ആക്രമണം മൂലം നശിക്കുന്നു.
8. കാർഷികമേഖലയിലേക്ക് പ്രത്യേകിച്ച് നാളികേരകൃഷിയിലേക്ക് പുതിയതലമുറ ആകർഷിക്കുന്നില്ല.
9. ജൈവവളലഭ്യത കുറഞ്ഞുവരുന്നു.
10. വ്യാവസായിക മലിനീകരണം കൃഷി നശിപ്പിക്കുന്നു.
11. മണ്ണ് പരശോധനാസമ്പ്രദായം തൃപ്തികരമല്ല.
12. ഉത്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ല.
13. കർഷകർക്ക് ബാങ്കുവായ്പാ വ്യവസ്ഥകൾ ലഘൂകരിച്ചിട്ടില്ല, ദീർഘകാല വായ്പകൾ ലഭിക്കുന്നില്ല.
14. വിളവെടുപ്പിനും കൃഷിപ്പണിക്കും തൊഴിലാളികളെ ലഭിക്കുന്നില്ല.
15. ജലസേചനസൗകര്യം ദൗർലഭ്യവും വിനിയോഗിക്കുന്നില്ല.
16. കുളം, തോട് മുതലായവ യഥാസമയങ്ങളിൽ വെട്ടുന്നില്ല.
17. മാർക്കറ്റ് പിടിച്ചുനിർത്തുന്നതിന് സർക്കാർ ഇടപെടുന്നില്ല.
18. ഇടവിളകൃഷിനടത്തി തെങ്ങുകൃഷി ലാഭകരമാക്കുന്നില്ല.
19. എലികൾ വിളവ് നശിപ്പിക്കുന്നു.

സാധ്യതകൾ

1. തീരദേശ മണൽ മണ്ണ് തെങ്ങുകൃഷിക്ക് എറ്റവും യോജിച്ചതാണ്.
2. ജലസേചനത്തിന് ഭൂഗർഭജലം ധാരാളമുള്ള വൈറ്റ് മേഖലയാണ് ഈ ഗ്രാമപ്രദേശം എന്ന് സി.ഇ.എസ്.എസ്. റിപ്പോർട്ടിൽ അംഗീകരിച്ചിട്ടുണ്ട്.
3. പൊഴികളും തോടുകളും കുളങ്ങളും യഥേഷ്ടമുണ്ട്.
4. പഞ്ചായത്തിൻെറ എല്ലാ ഭാഗത്തും വൈദ്യുതി എത്തിയിട്ടുണ്ട്.
5. പാരമ്പര്യമായി ഭൂമിക്ക് യോജിച്ചവിത്തിനങ്ങൾ ഒരുക്കി പരിചയമുള്ള കർഷകരുണ്ട്.
6. സാങ്കേതികമേൽനോട്ടത്തിനും ഉപദേശത്തിനും കൃഷിഭവനും, വാർഡുതല സംരക്ഷണ സമിതിയുണ്ട്.
7. തൊഴിലില്ലാത്ത ചെറുപ്പക്കാർ ധാരാളമുണ്ട്.
8. അൺടൈഡ് ഫണ്ട് സർക്കാർ പഞ്ചായത്തുകൾക്ക് ഗ്രാൻറ് അനുവദിച്ചിട്ടുണ്ട്.
9. ജൈവവളം നിർമിക്കുന്നതിനുള്ള സ്ഥലവും വിഭവങ്ങളും ഉണ്ട്.
10. മലിനീകരണ നിയന്ത്രണനിയമങ്ങളും അവ നടപ്പാക്കുവാൻ അധികാരമുള്ള സ്ഥാപനങ്ങൾ ജില്ലാതലത്തിലുണ്ട്.
11. മണ്ണ് പരിശോധനക്ക് ജില്ലാതലസംവിധാനമേ ഉള്ളു.
12. ഉൽപന്നങ്ങൾക്ക് ന്യായമായ വിലലഭിക്കുന്നതിന് ആവശ്യമായ പ്രദേശിക മാർക്കറ്റുണ്ട്. അവ കണ്ടെത്തുവാൻ സാധിക്കും.
13. ഉൽപന്നങ്ങൾ നിർമിക്കുന്നതിന് സാങ്കേതികവിദഗ്ധരുണ്ട്.
14. നാളികേര ഉത്പന്നങ്ങളുടെ നിർമാണം കുടിൽ വ്യവസായമായി നടപ്പാക്കുന്നതിന് താത്പര്യമുള്ള വ്യക്തികളും ഗ്രൂപ്പുകളും ഉണ്ട്.
15. [illegible] ലോൺ കൊടുക്കുന്ന ധനകാര്യസ്ഥാപനങ്ങളും ബാങ്കുകളും ഉണ്ട്.

16. ചെല്ലികളെ ആകർഷിക്കുവാൻ കരിമ്പന നട്ടുപിടിപ്പിക്കുവാൻ സാധിക്കും. മധുരക്കള്ള് ട്രേയിൽ ഉയരത്തിൽ വെച്ചുകൊടുത്ത് അവയെ പിടിപ്പിക്കുവാൻ സാധിക്കും.

നിർദ്ദേശങ്ങൾ

1. തെങ്ങുകളെ ബാധിക്കുന്ന രോഗങ്ങളെ സംബന്ധിച്ച ഗവേഷണവിവരങ്ങളും ശാസ്ത്രജ്ഞൻമാരുടെ നിർദേശങ്ങളും കൃഷിഭവൻ വഴി ഉടൻ തന്നെ കർഷകരിൽ എത്തിക്കുവാൻ സംവിധാനം ഉണ്ടാകണം.

2. നിർദിഷ്ടഗുണനിലവാരമുള്ള തൈകൾ സർക്കാർ കൃഷിഫാമുകളിൽ മാത്രം ഉത്പാദിപ്പിക്കുകയും അവിടെ നിന്നും ഗ്രാമപഞ്ചായത്തുകൾക്ക് ഏജൻസികൾ വഴിയല്ലാതെയും ലഭിക്കണം. പാരമ്പര്യരീതിയിലുള്ള വിത്തുശേഖരണം ശാസ്ത്രീയനിർദേശങ്ങൾ നൽകി പ്രോത്സാഹിപ്പിക്കണം.

3. കാർഷികാവശ്യങ്ങൾക്ക് ഉപാതിരഹിതഫണ്ട് കൂടുതലായി അനുവദിക്കുക. ഇതുപയോഗിച്ച് ഗ്രാമപഞ്ചായത്ത് രൂപീകരിക്കുന്ന സമിതി കൃഷിപ്പണികൾ നേരിട്ടുനടത്തുകയും ചിലവാകുന്ന തുക ഓരോ കർഷകനിൽ നിന്നും നികുതിപോലെ വസൂലാക്കുന്ന പദ്ധതിയുണ്ടാകയാൽ വ്യാപകമായും പൂർണമായും ഓരേസമയം എല്ലാ തെങ്ങുകളേയും സംരക്ഷിക്കുവാൻ സാധിക്കും.

4. കൃഷിഭവനിൽ മരുന്നുകൾ, കീടനാശിനികൾ, രാസവളങ്ങൾ എന്നിവ ന്യായമായ വിലക്ക് ലഭിക്കുന്നതിന് സ്കീം തയ്യാറാക്കണം.

5. രോഗം വന്ന തെങ്ങുകൾ വെട്ടിമാറ്റി പുതിയവ നട്ടുപിടിപ്പിക്കുന്നതിനുള്ള നഷ്ടപരിഹാരം 1000 രൂപയായി വർദ്ധിപ്പിക്കണം.

6. രോഗം വന്ന തെങ്ങുകൾക്കും ഇൻഷുറൻസ് ആനുകൂല്യം ലഭിക്കുന്നതിന് നിയമം ഭേദഗതി ചെയ്യണം.

7. ചെമ്പൻചെല്ലി, കൊമ്പൻചെല്ലി, എലി എന്നിവയുടെ ആക്രമണം തടയുന്നതിന് സ്ഥിരം പ്രവർത്തിക്കുന്ന ഒരു ദ്രുതകർമസന്നദ്ധപ്രവർത്തക സമിതി രൂപീകരിക്കുക. ആവശ്യമായ കീടനാശിനികളും ഉപകരണങ്ങളും ഈ സമിതിക്ക് നൽകുക.

8. വേണ്ടത്ര ബോധവത്കരണം നൽകി പുതിയ തലമുറയെ കൃഷിയിലേക്ക് ആകർഷിക്കുക. നാളികേരകൃഷിയോടുകൂടി പൂൽകൃഷി, മറ്റ് ഇടവിളകൾ എന്നിവ കൃഷിചെയ്ത് കൃഷി ഒരുലാഭകരമായ ബിസിനസ് ആണെന്ന് കാണിച്ചുകൊടുക്കുക.

9. ചണമ്പ്, ഡയിഞ്ച എന്നിവയുടെ വിത്തുകൾ വിതരണം ചെയ്യുക. തരിശുഭൂമിയിൽ ജൈവവളം ലഭിക്കുന്ന സസ്യങ്ങൾ നട്ടുപിടിപ്പിക്കുവാൻ പദ്ധതി തയ്യാറാക്കണം. ചെറുപയർ, വൻപയർ എന്നിവ ഇടവിളയായി കൃഷിചെയ്യുക. വ്യാപകമായി നിർമിച്ചു വരുന്ന മതിലുകൾ, സ്ലാബു മതിലുകൾ എന്നിവയോട് ചേർന്ന് ശീമക്കൊന്നകളും മറ്റും വെച്ചുപിടിപ്പിക്കുക. ഒരുവീടിന് ഒരു കമ്പോസ്റ്റ് കുഴിയെങ്കിലും ഉണ്ടാക്കുക. പ്ലാസ്റ്റിക് കിറ്റുകൾ ശേഖരിച്ച് കരിച്ച് നശിപ്പിക്കുക. കന്നുകാലി, കോഴി, താറാവ് എന്നിവയുടെ വളർത്തൽ പ്രോത്സാഹിപ്പിക്കുക.- ശീമക്കൊന്നയുടെ തടിയുടെ മാഹാത്മ്യം പ്രചരിപ്പിക്കുക.

10. വ്യവസായശാലകളിലെ മലിനീകരണനിയന്ത്രണ പ്രവർത്തനങ്ങൾ പൂർണമായി നിയമാനുസരണം നടപ്പിലാക്കുക.

11. മണ്ണ് പരിശോധിച്ച് ഉടൻതന്നെ പരിശോധനാഫലം ലഭിക്കുന്നതിന് ഗ്രാമപഞ്ചായത്തുതലത്തിൽ സംവിധാനം ഉണ്ടാക്കുക. ഗവൺമെൻറുതലത്തിലുള്ള ലാബോറട്ടറികൾ വിപുലീകരിക്കുക. സ്വകാര്യമേഖലയിലും ലാബോറട്ടറികൾ തുടങ്ങുന്നതിനു സഹായിക്കുക.

12. നാളികേരത്തിൻെറ വില സർക്കാർ ഇടപെട്ട് നിയന്ത്രിക്കുക.

13. നാളികേരകർഷകന് ദീർഘകാല വായ്പകൾ അനുവദിക്കുക. വായപാവ്യവസ്ഥകൾ ലഘൂകരിക്കുക.

14. തെങ്ങുകയറ്റത്തിന് യന്ത്രം നൽകി പ്രയത്നം ലഘൂകരിക്കുക. ഗ്രാമപഞ്ചായത്ത് രൂപീകരിക്കുന്ന കർഷകരുടെ സമിതിയിൽ തൊഴിലാളികളെയും ഉൾപെടുത്തുക.

15. കള്ള് പുളിക്കാതെ ചെത്തിയെടുക്കുന്ന (ടാപ്പിംഗ്) രീതി ആവിഷ്ക്കരിക്കുക. ഈ തെങ്ങിൽ മധുശീതള പാനീയക്കടകൾ മുഖേന വിതരണം ചെയ്യുക.

16. ഇളനീർ പന്തലുകൾ സ്ഥാപിക്കുന്നതിന് സഹായം നൽകുക. ഇളനീർ ഒരു ശീലമാക്കി മാറ്റുവാനുള്ള പ്രചോദനം നൽകുക.



# നെൽകൃഷി

മാരാരിക്കുളം തെക്ക് പഞ്ചായത്തിലെ രണ്ടാമത്തെ പ്രധാന കൃഷിവിള നെല്ലാണ്. കൃഷിഭവനിൽ നിന്നും ലഭിച്ച കണക്കുപ്രകാരം ഇവിടെ 80 ഹെക്ടർ പ്രദേശത്ത് നെല്ല് കൃഷി ചെയ്യുന്നു.

നെൽകൃഷിയുടെ പ്രധാന പ്രശ്നങ്ങൾ

1. വയലുകളുമായി ബന്ധപ്പെട്ട തോടുകൾ അപ്രത്യക്ഷമായി ക്കൊണ്ടിരിക്കുന്നു.

2. പുതിയ ഇനം വിത്തുകൾ ഇവിടെ കരപ്പാടങ്ങൾക്ക് അനു യോജ്യമായവയല്ല.

3. ഇവിടുത്തെ അനുയോജ്യമായ വിത്തുകൾ വിരിപ്പ്, മുണ്ടകൻ എന്നിവ പാകപ്പെടുത്തി എടുക്കുന്നതിനുള്ള പരമ്പരാഗത മാർഗ്ഗങ്ങൾ പുതിയ തലമുറയ്ക്ക് പകർന്നിട്ടില്ല.

4. രാസവള പ്രയോഗത്തിന് മുൻപായി പരമാവധി ജൈവ വളങ്ങൾ പ്രയോഗിക്കുവാൻ ജൈവവളം ലഭിക്കുന്നില്ല.

5. കാലോചിതമായ കൂലി കൊടുക്കുവാൻ കർഷകൻ പ്രാപ്തനല്ല.

6. നെൽപ്പാടങ്ങൾ തരിശിടുന്നു.

7. പാടം നികത്തി മറ്റ് വിളകൾ കൃഷി ചെയ്യുന്നു.. ഇതുമൂലം അടുത്ത പാടങ്ങളും കൃഷിചെയ്യാനാകാതെ വരുന്നു. നികത്തിയ ഭൂമിയിൽ വെച്ചുപിടിപ്പിക്കുന്ന വൃക്ഷങ്ങളുടെയും നെൽപ്പാടങ്ങളുടെ വശങ്ങളിൽ അടുത്ത ഭൂമിയുടെ വശങ്ങളിൽ ഉടമ വച്ചുപിടിപ്പിക്കുന്ന വൃക്ഷങ്ങളുടേയും ചോലകൾ നെൽകൃഷിയെ ബാധിക്കുന്നു. നിലം നികത്തുന്നതു മൂലം തോടുകൾ അടഞ്ഞുപോകുന്നതിനാൽ ജലസേചനസൗകര്യവും നഷ്ടപ്പെടുന്നു.

8. എലികൾ ഞാറുവെട്ടി നശിപ്പിക്കുന്നു.

9. മഴക്കാലത്ത് ലഭിക്കുന്ന ജലസമ്പത്ത് വാർന്നു പോകുന്നത് തടയുന്നില്ല.

10. ഈർപ്പം നിലനിർത്തുന്ന പ്രവർത്തനങ്ങൾ ഇല്ല.

11. മണ്ണിന് പശിമയില്ല.

12. കൂട്ടുകൃഷിസമ്പ്രദായം നടപ്പാക്കാൻ യോജിച്ച പാടശേഖരങ്ങളിൽ പോലും മേൽപ്പടി പരിപാടി പ്രയോഗിച്ചുനോക്കുന്നില്ല.

13. കരപ്പാടങ്ങളിലെ കൃഷി ഒരേ സമയത്ത് ചെയ്യുന്നില്ല. 14. കാർഷിക ഉപകരണങ്ങളുടെ അപര്യാപ്തത.

15. കർഷകത്തൊഴിലാളികൾ പ്രത്യേകിച്ച് കൊയ്ത്തുതൊഴിലാളികൾ വിരളമായി വരുന്നു.

സാദ്ധ്യതകൾ ;

1. പഞ്ചായത്തിന്റെ വിസ്തീർണത്തിൽ മൂന്നിലൊന്നുനിലം ആയിരുന്നു.

2. നിലങ്ങളുമായി ബന്ധിച്ച് ജലസേചനത്തോടുകൾ

ഉണ്ട്.

3. പരമ്പരാഗത വിത്തുകളായ വിരിപ്പും മുണ്ടകനും ലഭ്യമാണ്.

4 ജലസമ്പത്ത് ധാരാളമുണ്ട്.

5. ജൈവവളം വികസിപ്പിക്കുന്നതിന് സാദ്ധ്യതയുണ്ട്.

6. തൊഴിലില്ലാത്തവർ ധാരാളമുണ്ട്.

7. ചെളി, അടുത്തുതന്നെ ലഭിക്കുന്ന വസ്തുവാണ്. പശിമയുള്ള പൂഴിമണ്ണ് 40 കിലോമീറ്ററിനുള്ളിൽ ലഭിക്കും.

8. ഗതാഗത യോഗ്യമായ റോഡുകളുണ്ട്.

9. വൈദ്യുതി എല്ലാ പ്രദേശത്തും എത്തിയിട്ടുണ്ട്.

10. ആധുനിക യന്ത്രോപകരണങ്ങൾ ഉപയോഗിക്കുന്ന തിന് പരിശീലനം സിദ്ധിച്ച തൊഴിലാളികളുണ്ട്.

11. ഇടവിളകൃഷി (കൊണ്ടകൃഷി)ക്ക് സാധ്യതയു ള്ളതാണ് ഇവിടുത്തെ പാടങ്ങൾ.

12. താല്പര്യമുള്ള കർഷകരുണ്ട്.

13. വായ്പാസൗകര്യങ്ങൾ ലഭിക്കുവാൻ സഹകരണബാങ്കുകൾ, ദേശസാൽകൃത ബാങ്കുകൾ എന്നിവയുണ്ട്.

നിർദ്ദേശങ്ങൾ

1. അടഞ്ഞുപോയതോടുകൾ പുനഃസ്ഥാപിക്കുകയോ പുതിയതോടുകൾ ഉണ്ടാക്കി പ്രശ്നം പരിഹരിക്കുകയോ ചെയ്യാം.

2. പരമ്പരാഗത വിത്തുകൾ ശേഖരിച്ച് കർഷകർക്ക് വിതരണം ചെയ്യുക.

3. ഇവിടുത്തെ ഭൂമിക്ക് യോജിച്ച വിത്ത് പാകപ്പെടുത്തുന്നതിനുള്ള പരമ്പരാഗത അറിവ് പുതിയ തലമുറക്ക് കൈമാറുന്നതിന് ഒരു പ്രദേശികവിത്തൊരുക്കൽ വിജ്ഞാനവ്യാപനം നടത്തുക.

4. ജൈവവളം പരമാവധി ഉത്പാദിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കണം. മണ്ണ് പരിശോധിച്ച് വളം നിർദ്ദേശിക്കണം. കന്നു കാലി വളർത്തലും കോഴി, താറാവ് കൃഷിയും പ്രോത്സാഹിപ്പിക്കണം.

5. വിത്തും വളവും ,ബ്സിഡി നിരക്കിൽ വിതരണം ചെയ്യണം. ഇതിന് പ്രാദേശിക കാർഷിക വികസന സമിതിയെ പ്രാപ്തമാക്കണം.

6. തരിശിടുന്ന നിലം കൂട്ടുകൃഷി സമ്പ്രദായത്തിൽ കൃഷി ചെയ്യുക.

7. തോടുകൾ വെട്ടി ഉപയോഗപ്രദമാക്കുക. കൃഷിഭൂമി ലാൻറ് യൂട്ടിലൈസേഷൻ ആക്ട് അനുസരിച്ച് സംരക്ഷിക്കുകയും ചെയ്യുക.

8. എലികളെ ഒരേ സമയം നശിപ്പിക്കുവാൻ തക്കവിധത്തിൽ പരിപാടി ആസൂത്രണം ചെയ്യുക.

9. ആറ് പൊഴികളിലും വി.സി.ബി. നിർമ്മിക്കുക.

10. പാടങ്ങളിൽ ഈർപ്പം നിലനിർത്തുന്നതിന് ചെളിയും പശിമയുള്ള പൂഴിമണ്ണും ഇടുക.

11. പാടങ്ങളെല്ലാം കൂട്ടുകൃഷി അടിസ്ഥാനത്തിൽ കൃഷിചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

12. കർഷകർക്കും പുതിയ യന്ത്രോപകരണങ്ങൾ ഉപയോഗിക്കുന്നതിന് പരിശീലനം ലഭിച്ചവർക്കും ഉപകരണങ്ങൾ നൽകുക.

13. സമഗ്രവയൽ കൃഷി സംബന്ധിച്ച് 10 സെൻറ്, 30 സെൻറ്, 50 സെൻറ്, ഒരേക്കർ, ഒരു ഹെക്ടർ എന്നി നിലയിൽ യൂണിറ്റുകളായി തിരിച്ച് സ്കീം തയ്യാറാക്കുക.

14. നെൽകൃഷിയിലേക്ക് ജനങ്ങളെ ആകർഷിക്കുവാൻ ബോധവത്കരണം നടത്തുക.

ഇടവിളകൃഷികൾ(പാടശേഖരം)

മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ 42 ഹെക്ടർ സ്ഥലത്ത് പച്ചക്കറികൃഷി ചെയ്യുന്നതായി കൃഷിഭവൻ രേഖകളിൽ കാണുന്നു. ഇത് ശരിയാണെങ്കിൽ സംസ്ഥാന ശരാശരിയുടെ 0.015% ഈ പഞ്ചായത്തിൽ നിന്നുമാണെന്ന് കാണാം. ഇതിൽ ഭൂരഭാഗവും പാടങ്ങളിലെ കൃഷിയാണെന്ന് കാണാം. പച്ചക്കറികൃഷിയുടെ പ്രധാനപ്രശ്നങ്ങളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

പ്രശ്നങ്ങൾ

1. കൊയ്ത്തുകഴിയുമ്പോൾ ആവശ്യമുള്ള പച്ചക്കറി മറ്റ് വിളകൾ എന്നിവയുടെ വിത്ത് ലഭിക്കുന്നില്ല.

2. ജൈവവളവും മറ്റ് വളങ്ങളും ലഭിക്കുന്നില്ല.

3. വരൾച്ചക്കാലമായതുകൊണ്ട് ജലസേചനസൗകര്യമില്ല.

4. ഇ[illegible]ത്പന്നങ്ങൾക്ക് മാർക്കററ്റുകൾ ഇല്ല.

5. എല്ലാ പാടങ്ങളിലും പച്ചക്കറികൃഷി വ്യാപകമായില്ല.

6. പാടത്തിൻെറ വരമ്പിൽ കൃഷി ചെയ്തിരുന്ന പാരമ്പര്യ സ്വഭാവം ഇന്ന് കർഷകനിൽ കാണുന്നില്ല.

7. വളരെക്കാലം നെൽക്കൃഷി ചെയ്യാതെകിടക്കുന്ന പാടങ്ങൾ ധാരാളമുണ്ട്. അവ നെൽകൃഷിക്ക് പാകപ്പെടുത്തി എടുക്കുന്നത് വരെയുള്ള കാലത്ത് എന്തുചെയ്യണമെന്ന് കർഷകൻ ബോധവാനല്ല.

8. ജനപ്പെരുപ്പം മൂലവും നികത്തി ഭവനങ്ങൾ നിർമിച്ചും റോഡ്, റെയിൽവേ എന്നിവയുടെ നിർമാണം മൂലവും ജലത്തിൻെറ നിർഗമനം അടഞ്ഞ് നെൽകൃഷിക്ക് സാധ്യമല്ലാത്ത പാടങ്ങളിൽ എന്തുചെയ്യണമെന്ന് കർഷകന് ബോധ്യമില്ല.

നിർദ്ദേശങ്ങൾ :

1. കൊയ്ത്തുകഴിയുന്നതിന് മുമ്പായി ഇടവിളക്കുള്ള പയർ, എള്ള്, മുതിര, പച്ചക്കറി എന്നിവയുടെ വിത്തുകൾ കർഷകർക്ക് എത്തിച്ചുകൊടുക്കുവാൻ സംവിധാനം ഉണ്ടാവണം.

2. തോടുകളിലും, കുളങ്ങളിലും വളരുന്ന പായലുകൾ ഇളംപരുവത്തിൽ ശേഖരിക്കണം. ശീമക്കൊന്നകൃഷി, കന്നുകാലിവളർത്തൽ എന്നിവ പ്രോത്സാഹിപ്പിക്കണം.

മീൻവളം ശേഖരിച്ച് സൂക്ഷിക്കാൻ സംവിധാനം ഉണ്ടാകണം. പച്ചക്കറികൃഷിക്ക് ആവശ്യമായ രാസവളക്കിറ്റുകൾ വിതരണം ചെയ്യണം.

3. പ്രാദേശിക മാർക്കറ്റുകളിൽ വിളശേഖരിച്ച് എത്തിക്കാൻ സംവിധാനം വേണം. പച്ചക്കറി സഹകരണസംഘസ്റ്റാളുകൾ സ്ഥാപിക്കണം.

4. പാടങ്ങളിൽ മുൻകാലങ്ങളിൽ ചെയ്യുംപോലെ കൊണ്ടകൃഷിക്കാലത്ത് താൽക്കാലിക കുളങ്ങൾ നിർമിക്കണം. പാടശേഖരങ്ങളിലെ എല്ലാ കർഷകരെയും യോജിപ്പിച്ച് സാമൂഹ്യജലസേചന പദ്ധതി ആവിഷ്ക്കരിക്കുക. ജലസേചനം ആവശ്യത്തിനനുസരണം നടത്തുവാൻ ഡ്രിപ്പ് ഇറിഗേഷൻ സമ്പ്രദായം ഏർപ്പെടുത്തുക.

5. താല്പര്യമുള്ള കർഷകർക്ക് പച്ചക്കറികൃഷിക്ക് ജലസേചനത്തിന് പെഡൽപമ്പുകൾ വിതരണം ചെയ്യുക.

6. പാടങ്ങളിൽ പച്ചക്കറികൃഷി വ്യാപകമാക്കണം. അടുത്തവിള ഇറക്കുന്നതിനുമുമ്പായി കൊയ്ത്തു കഴിഞ്ഞ് കൊണ്ടകൃഷിക്ക് സമയമുണ്ട്. പടവലം, ചീര, വെണ്ട, പാവൽ, തണ്ണിമത്തൻ, മത്തൻ വെള്ളരി, നിലക്കടല, മധുരക്കിഴങ്ങ് എന്നിവയുടെ വിത്തുകൾ യഥാസമയം കർഷകർക്ക് എത്തിച്ചുകൊടുക്കണം.

7. പാടത്തിൻെറ വരമ്പിൽ ചേമ്പ്, കാച്ചിൽ, ചെറുകിഴങ്ങ്, ചീവക്കിഴങ്ങ്(കൂർക്ക) എന്നിവയുടെ കൃഷി ലാഭകരമാണെന്ന് പുതിയ കർഷകതലമുറയെ പറഞ്ഞ് മനസ്സിലാക്കി കൃഷിചെയ്യിക്കാൻ ഇവയുടെ നടീൽവസ്തുക്കൾ യഥാസമയങ്ങളിൽ എത്തിച്ചുകൊടുക്കണം.

8. വളരെക്കാലം നെൽക്കൃഷി ചെയ്യാതെ കിടക്കുന്ന പാടങ്ങളിലെ മണ്ണ് നെൽകൃഷിക്ക് യോജിച്ചതാക്കുന്നതിന് ചെറുപയർ, വൻപയർ എന്നിവ കൃഷി ചെയ്യിപ്പിക്കുക.

9. വറ്റൽമുളക് നെൽകൃഷിചെയ്യാൻ സാധ്യമാകാത്ത പാടങ്ങളിൽ കൃഷിചെയ്യാമോ എന്ന് പരിശോധിക്കുക. അതിന് പ്രോത്സാഹനം ചെയ്യുക. ചെടിമുരിങ്ങ ഇത്തരം പാടങ്ങളിൽ വൻതോതിൽ കൃഷിചെയ്യുവാൻ പരിപാടി ആവിഷ്ക്കിക്കുക.

തെങ്ങിൻതോട്ടങ്ങളിലെ ഇടവിള കൃഷികൾ

1. കമുക് ; കമുക് ഈ ഗ്രാമപഞ്ചായത്തിൽ വരുമാനമാർഗമുള്ള ഒരു തൊഴിലായി കൃഷി ചെയ്യുന്നവരില്ല. എന്നാൽ കമുകുകൃഷിക്ക് സാധ്യതയുള്ള മണ്ണാണ്. ഇവിടെ നാടൻ ഇനം കമുകാണ് പാരമ്പര്യമായി നട്ടുപിടിപ്പിച്ചതായി കാണുന്നത്.

പ്രശ്നങ്ങൾ ;-

1. നാടൻ ഇനം കമുകാണ് നിലവിലുള്ളത്.

2. മംഗള എന്ന പുതിയ ഇനം കമുകിന് പെട്ടെന്ന് രോഗം പിടിക്കുന്നതായി കാണുന്നു. ഇതിൻെറ അടയ്ക്ക ഉണങ്ങുമ്പോൾ തൂക്കം കുറവായി കാണുന്നു.

3. ജലസേചനം വളരെ ആവശ്യമുള്ള വൃക്ഷമാണ് കമുക്.

4. താല്പര്യമുള്ള കർഷകർ കുറവാണ്.

നിർദ്ദേശങ്ങൾ ;-

1. നാടൻ ഇനം കമുകുകൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഇവയുടെ കായ്കകൾക്ക് തൂക്കം ലഭിക്കും. രോഗപ്രതിരോധശേഷിയുണ്ട്.

2. മംഗള കമുക് പെട്ടെന്ന് കായക്കുന്നതാണ്. മഹാളി രോഗത്തിന് മരുന്ന് തളിക്കേണ്ടതാണ്. ഇവിടുത്തെ നാടൻ ഇനങ്ങളുമായി ചേർത്ത് സങ്കരയിനം വിത്ത് ഉത്പാദിപ്പിക്കണം.

3. ജലസേചനത്തിന് ധാരാളം സാധ്യതകളുണ്ട്. അവ വിനിയോഗിക്കണം. തെങ്ങ് നനക്കുന്നതുപോലെ കമുങ്ങ നനച്ചുകൊടുക്കണം. ഈ ഗ്രാമപഞ്ചായത്തിലെ കുളങ്ങളുടേയും തോടുകളുടേയും കരകളിൽ കമുക് നട്ടുപിടിപ്പിക്കുവാൻ പ്രത്യേക സ്കീം ഉണ്ടാക്കണം. അടക്കായ്ക്ക് നല്ല മാർക്കറ്റുണ്ടെന്ന് കർഷകരെ മനസ്സിലാക്കണം.

6. അടക്ക കൊണ്ടുള്ള ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിന് പരിശീലനം നൽകണം. അടക്ക ശേഖരിച്ച് ഉണക്കി കാമ്പെടുത്ത് വിൽക്കുന്ന സംരംഭം നല്ല തൊഴിൽസാധ്യതയുള്ളതാണ്. ഇത് നടത്തുന്നതിന് വനിതകൾക്ക് സഹായം ചെയ്തുകൊടുക്കണം.

തത' വാഴ.. ഈ ഗ്രാമപഞ്ചായത്തിൽ 50 ഹെക്ടർ പ്രദേശത്ത് വാഴ കൃഷിചെയ്യുന്നതായാണ് കൃഷി ഭവൻ കണക്ക്.

പ്രശ്നങ്ങൾ

1. കൂമ്പടപ്പ് പ്രധാന രോഗമാണ്.

2. നേന്ത്രവാഴയുടെ വിത്ത് കിട്ടുന്നില്ല.

3. പാളയം കോടൻ വിത്തുകൾക്കും ക്ഷാമമുണ്ട്.

സാധ്യത

1. പാളയംകോടൻ, പൂവൻ, ഞാലിപൂവൻ,ചുണ്ടില്ലാകണ്ണൻ,റോബസ്റ്റ,കപ്പക്കാളി,എന്നിവ ഈ പ്രദേശത്തിന് യോജിച്ചതാണ്.

2. ഏറ്റവും ലാഭകരമായ വാഴകൃഷി പാളയംകോടൻെറയും ഞാലിപൂവൻെറയും ചുണ്ടില്ലാകണ്ണൻേറയുമാണ്.

നിർദ്ദേശങ്ങൾ

1. നടീൽ വസ്തുക്കൾ കർഷകർക്ക് എത്തിച്ചു കൊടുക്കുന്നതിനുള്ള സ്കീം ആവിഷ്കരിക്കുക

2. കെടുവളം ഇല്ലാതാക്കാനും, വാഴയ്ക്ക് രോഗം പിടിപെടാതിരിക്കാനും വാഴയ്ക്കൊപ്പം കണ്ടിച്ചേമ്പും നട്ടുകൊടുക്കുക.

3. പാളയം കോടൻേറയും ഞാലിപ്പൂവൻെറയും ചുണ്ടില്ലാകണ്ണൻെറയും വിത്തുകൾ മാതൃവാഴയിൽ നിന്നും വേർപെടുത്താതെ തന്നെ ദൃഢമായ വിത്തുകൾ.വളരാൻ അനുവദിക്കുക.

ചേനയും ചേമ്പും

ചേനയും ചേമ്പും ഈ ഗ്രാമപഞ്ചായത്തിൽ വളരെ ആദായകരമായി കൃഷിചെയ്യാവുന്ന വസ്തുക്കളാണ്. ഈ ക്രിഷി ഒരിക്കലും നഷ്ടം വരുത്തുന്നില്ല. ഇവയുടെ നടീൽ

വസ്ത്തുക്കൾ കൂടുതലായി കർഷകർക്ക് വിതരണം ചെയ്യണം. തെങ്ങിനു ചുറ്റും ചേമ്പുകൾ വെയ്ക്കുന്നത് കെടുവളം ഇല്ലാതാക്കാൻ സഹായിക്കും. ചേനയെ ഒരിക്കലും എലി നശിപ്പിക്കുകയില്ല.

റ കുരുമുളക്- ഈ ഗ്രാമപഞ്ചായത്തിൽ 5 ഹെക്ടർ പ്രദേശത്ത് കുരുമുളക് ക്രിഷി ചെയ്യുന്നതായി കാണുന്നു. ഇത് സത്യമാണെങ്കിൽ സംസ്ഥാന ശരാശരിയുടെ 0.0047ശതമാനം കുരുമുളക് കൃഷി ഈ ഗ്രാമപഞ്ചായത്തിലാണ്

പ്രശ്നങ്ങൾ

1. ഇടവിളയായി ആരും കാണുന്നില്ല.

2. നടീൽ വസ്തുക്കൾ ലഭിക്കുന്നില്ല.

3. തെങ്ങിൽ പടർത്തി കൃഷി ചെയ്യാൻ ആരും തയ്യാറല്ല

4. മതിയായ വിജ്ഞാനം കർഷകർക്ക് ലഭിക്കുന്നില്ല.

സാധ്യതകൾ

1. മേൽത്തരം നടീൽ വസ്ത്തുക്കൾ വിതരണം ചെയ്യണം.

2. വളപ്രയോഗത്തിനുവേണ്ട പരിജ്ഞാനം നൽകണം.

3. ഇലവാട്ടത്തിനെതിരെ മരുന്നു തളിക്കാൻ സംവിധാനം ഉണ്ടാകണം.

4. കുരുമുളക് കൃഷി ഒരു ആദായമാർഗ്ഗമാണെന്ന ബോധം ഉണ്ടാകണം.

5. കുരുമുളക് കൃഷി കേരളത്തിൽ ഒരു ഇടവിളയാണ്, കാരണം കുരുമുളക് മറ്റ് മരങ്ങളിലാണ്വളർന്നു കയറുന്നത്. ടി മരങ്ങൾ മണ്ണിൻെറ ഫലഭൂയിഷ്ഠി എടുക്കുന്നു. ഈ രീതി മാറ്റി ഏറ്റവും വലിയ കുരുമുളക് ഉൽപ്പാദന രാജ്യമായ മലേഷ്യയൻ മാതൃക സ്വീകരിക്കണം. മലേഷ്യയിലേതു പോലെ തമ്പകം ഇവിടെയും വളരുന്നുണ്ട്. കുരുമുളക് തമ്പകത്തിൻെറ കഴകളിൽ പടർത്തുന്ന കൃഷി സമ്പദായം ഏറ്റെടുക്കൽ പദ്ധതി ആവിഷ്കരിക്കണം.

കശുമാവ്- ഈ ഗ്രാമപഞ്ചായത്തിൽ 15 ഹെക്ടർ പ്രദേശത്ത് കശുമാവ് കൃഷിചെയ്യുന്നതായി കണക്കാക്കുന്നു.

പ്രശ്നങ്ങൾ

1. തേയില കൊതുകിൻെറ ആക്രമണം ഉണ്ട്.

2. വളപ്രയോഗം നടത്താത്ത പാരമ്പര്യമാണ്.

3. കശുവണ്ടിക്ക് ഗുണമേൻമയില്ല.

4. നല്ലയിനം കശുമാവുകളുടെ തൈകൾ ലഭിക്കുന്നില്ല.

5. മാങ്ങകൾ പ്രയോജനപ്പടുത്താനാകുന്നില്ല.

6. മാങ്ങകളുടെ ഔഷധഗുണത്തെപ്പറ്റി കർഷകൻ ബോധവാനല്ല.

സാധ്യതകൾ

1. കശുമാവ് കൃഷിക്ക് യോജിച്ച മണ്ണാണ്.

2. കൃഷിയുടെ വ്യാപനത്തിന് യോജ്യമായ തരിശ് ഭൂമിയുണ്ട്.

3. വിദഗ്ദോപദേശത്തിന് കൃഷി ഭവനുണ്ട്.

4. വിപണന സാധ്യതയുണ്ട്.

5. ഇവിടുത്തെ വിറകിൻെറ ആവശ്യം പരിഹരിക്കുന്ന വൃക്ഷമാണ്.

നിർദ്ദേശങ്ങൾ

1. തേയില കൊതുകിൻെറ ആക്രമണത്തിനെതിരെ മരുന്നു തളി വ്യാപകമാക്കണം.

2. വളപ്രയോഗം നടത്താൻ കർഷകരെ പഠിപ്പിക്കണം.

3. മേൽത്തരം കശുമാവ് തൈകൾ വിതരണം ചെയ്യണം.

4. മറ്റ് പഴങ്ങളെക്കാൾ വളരെയധികം ഗുണമേൻമയുള്ളതാണ് കശുമാങ്ങകൾ എന്ന സത്യം പ്രചരിപ്പിക്കണം. കുട്ടികളുടെ ഉദരസംബന്ധമായ രോഗങ്ങൾക്ക് അത്യുത്തമമാണ്.

5. കശുമാങ്ങകൾ അരിഞ്ഞുണക്കി (ഉണക്കമുന്തിരി പോലെ) ഉപയോഗിക്കുന്ന രീതി പ്രചരിപ്പിക്കണം.

6. മാങ്ങകൾ കൊണ്ട് ഉപോല്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായം ആരംഭിക്കണം.

റ മരച്ചീനി - ഈ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വ്യാപകമായി ക്രിഷി ചെയ്തിരുന്നതാണ്. എന്നാൽ ഇപ്പോൾ ഈ ക്ഷി എലിശല്യം മൂലം നന്നെ കുറവാണ്. ചുരുങ്ങിയ ചെലവിൽ കൂടുതൽ ഉൽപ്പാദനം ഉണ്ടാക്കാവുന്നതാണ് മരച്ചീനികൃഷി. ഇവിടെ 5ഹെക്ടർ പ്രദേശത്ത് മരച്ചീനി ഉള്ളതായാണ് കൃഷിഭവനിലെ കണക്ക്.

പ്രശ്നങ്ങൾ

1. എലിശല്യം ഈ കൃഷിയെ നിരുത്സാഹപ്പെടുത്തി.

2. വിത്തു കൾ ശരിയായ പാകം വന്നവയല്ല ലഭിക്കുന്നത്.

3. ആധുനിക ഗവേഷണഫലങ്ങൾ കർഷകരിൽ എത്തുന്നില്ല.

സാധ്യതകൾ

1. മരച്ചീനി തെങ്ങിൻ തോപ്പലെ ഇടവിളയായി കൃഷി ചെയ്യാം.

2. ജലസേചന സൗകര്യമുണ്ട്.

നിർദ്ദേശങ്ങൾ

1. എലികളെ നശിപ്പിക്കുന്നതിന് ഒരു സമയബന്ധിത പരിപാടി ആവിഷ്കരിക്കുക.

2. തെങ്ങിൻ തോട്ടത്തിലെ ഇടവിളയായി മരച്ചീനിയെ മാറ്റുവാൻ കർഷകരെ പ്രേരിപ്പിക്കുക..

3. മേൽത്തരം നടീൽ വസ്തുക്കളും വളവും സൗജന്യനിരക്കിൽ നൽകണം.

4. എലികളുടെ ആക്രമണതോത് കുറയ്ക്കുന്നതിന് എല്ലാവരും മരച്ചീനി കൃഷി ഒരേ സമയം ചെയ്യുവാൻ പ്രേരിപ്പിക്കുക.

വെറ്റില

പ്രശ്നങ്ങൾ

1. വെറ്റില കൃഷി കുറഞ്ഞുവരികയാണ്.

2. മാർക്കറ്റില്ലാതെ വരുന്നു.

3. ഗുണമേൻമയുള്ള വെറ്റില ഉൽപ്പാദിപ്പിക്കുന്നില്ല.

4. നടീൽ വസ്തുക്കളുടെ ലഭ്യത കുറയുന്നു.

5. വണ്ടൻ കയറി വെറ്റില കൃഷി നശിപ്പിക്കുന്നു

സാധ്യതകൾ

1. പരമ്പരാഗതമായി വെറ്റില കൃഷിക്കാരുണ്ട്.

2. അനുയോജ്യമായ മണ്ണ്.

3. ജലസേചന സൗകര്യമുണ്ട്.

4. ബാങ്കുകൾ വായ്പ നൽകുന്നുണ്ട്.

നിർദ്ദേശങ്ങൾ

1. ബാങ്ക് വായ്പ വർദ്ധിപ്പിക്കണം.

2. നടീൽ വസ്തുക്കൾ ശേഖരിച്ച് വിതരണം ചെയ്യുക.

3. ചോലവൃക്ഷങ്ങൾ സംരക്ഷിക്കുക.

4. വണ്ടൻ കയറി നശിപ്പിക്കുന്നതിനെ കുറിച്ച് പഠിച്ച് കീടനാശിനി പ്രയോഗത്തിന് നിർദ്ദേശം നൽകണം.

5. ജൈവവളപ്രയോഗം നടത്താൻ സഹായം നൽകണം.

6. കുറ്റിവെറ്റിലകൃഷിക്ക് പ്രോത്സാഹനം ചെയ്യണം.

കിഴങ്ങുവർഗ്ഗകൃഷി

മധുരക്കിഴങ്ങ്,ചീവക്കിഴങ്ങ്,നനക്കിഴങ്ങ്,മുക്കിഴങ്ങ്, കാച്ചിൽ അടതോപ്പ് എന്നിവയും മറ്റ് ചെറുകിഴങ്ങുകളും ഇവിടെ പാരമ്പര്യമായി കൃഷി ചെയ്തു പോരുന്ന ഇനങ്ങളാണ്..

പ്രശ്നങ്ങൾ

1. ഗുണമേൻമയുള്ള നടീൽ വസ്തുക്കൾ ലഭ്യമല്ല.

2. ഈ കൃഷി ഒരു വരുമാന മാർഗ്ഗമായി കർഷകൻ കണക്കാക്കുന്നില്ല.

3. കൃഷിരീതിയെ ക്കുറിച്ച് വേണ്ട വിജ്ഞാനം കർഷകർക്കില്ല.

നിർദ്ദേശങ്ങൾ

1. നടീൽ വസ്തുക്കൾ ശേഖരിച്ച് നൽകണം.

2. കൃഷിരീതി പുതിയ തലമുറയെ പഠിപ്പിക്കണം.

3 മധുരക്കിഴങ്ങ് കൃഷി ലാഭകരമാണെന്ന് കർഷകരെ മനസ്സിലാക്കണം.

പൈനാപ്പിൾ

പ്രശ്നങ്ങൾ

1. പൈനാപ്പിൾ കൃഷി ഈ ഗ്രാമപഞ്ചായത്തിൽ പ്രചരിച്ചിട്ടില്ല.

2. പൈനാപ്പിൾ നല്ലതു പോലെ ഉണ്ടാകുന്നതായി കാണുന്നെങ്കിലും ഉപ്പൻ ചകോരം കാക്ക,തോടുകളുടെ വശങ്ങളിൽ വളരുന്ന പൈനാപ്പിൾ തോട്ടിലേക്ക് ചരിഞ്ഞുവീണാൽ ആമ, എന്നിവ നശിപ്പിക്കുന്നു.

3. പുരയിടങ്ങളുടെ അതിർത്തികളിൽ പൈനാപ്പിൾ നടുന്ന രീതിയാണ് ഇവിടത്തെ കർഷകർക്ക് ഉള്ളത്.

നിർദ്ദേശങ്ങൾ

1. തെങ്ങിൻ തോട്ടത്തിൽ ഇടവിളകൃഷിയായി പൈനാപ്പിൾ കൃഷിചെയ്യുവാൻ പ്രോത്സാഹിപ്പിക്കുക.

2. മേൽത്തരം നടീൽ വസ്തുക്കൾ വിതരണം ചെയ്യുക.

3. പൈനാപ്പിളിൻെറ വശങ്ങളിൽ നിന്നും വരുന്ന മുളകൾ നടീൽ വസ്തുവായി ശേഖരിക്കുവാൻ കർഷകനെ പഠിപ്പിക്കുക.

4. മുള്ളില്ലാത്ത ഇനം പൈനാപ്പൾ പ്രചരിപ്പിക്കുക.

5. ഒരേ സമയം ചക്ക പഴുക്കുന്നതിൻെറ സാങ്കേതികവിദ്യ കർഷകർക്ക് പകർന്ന് കൊടുക്കുക.

ള. പൂകൃഷി- പഞ്ചായത്തിൻെറ കിഴക്കൻ മേഖല പൂകൃഷിക്ക് യോജിച്ചതാണ്.

നിർദ്ദേശങ്ങൾ

1. പെൻഷൻ സ്കീം പ്രകാരം രജിസ്റ്റർ ചെയ്ത തൊഴിൽ രഹിതരായ യുവാക്കളിൽ മുല്ലപ്പൂകൃഷിക്ക് പരിശീലനം ലഭിച്ചവർക്ക് തൊഴിൽ ചെയ്യുവാൻ പദ്ധതി ആവിഷ്കരിക്കുക.

2. പൂക്കളുടെ മാർക്കറ്റ് ഉണ്ടാക്കി കൊടുക്കുക.

3. പൂകൃഷിക്കാരുടെ സഹകരണസംഘം സ്ഥാപിച്ച് ടി കൃഷിയെ സമഗ്രമായി സഹായിക്കുക.

4. താൽപ്പര്യമുള്ള കർഷകർക്ക് ആധുനിക പൂകൃഷിമേഖലയുടെ വിജ്ഞാനവ്യാപനം നടത്തുക. അവരെ ടി കൃഷിയിലേക്ക് ആകർഷിക്കുക.

ഔഷധസസ്യകൃഷി

ഔഷധസസ്യകൃഷി ഒരു തൊഴിലായി സ്വീകരിച്ചവർ ഇവിടെ തീരെകുറവാണ്. ഔഷധസസ്യങ്ങളും ഇവിടെ കാട്ടുചെടിയായി വളരുന്നുണ്ട്. ഉദാഹരണം ബ്രഹ്മി, കുറുന്തോട്ടി,എരുക്ക്, ആടലോടകംമുതലായവ. വേലി,അടപതിയൻ എന്നിവ കൃഷി ചെയ്യാൻ ഇവിടുത്തെ മണ്ണിൽ കഴിയും.

നിർദ്ദേശം

1. ഔഷധസസ്യകൃഷി പ്രചരിപ്പിക്കൻ പദ്ധതി ആവിഷ്കരിക്കുക.

2. ഔഷധസസ്യങ്ങളുടെ നടീൽ വസ്തുക്കൾ വിതരണം ചെയ്യുക.

3. ഔഷധസസ്യങ്ങളുടെയും പൂക്കളുടെയും എണ്ണ ഉൽപ്പാദിപ്പിക്കുന്നതിന് പ്ലാൻറുകൾ സ്ഥാപിക്കാൻ സഹായം നൽകുക.

4. ഔഷധിയുമായി ബന്ധപ്പെടുത്തി ഇവിടുത്തെ ഔഷധസസ്യങ്ങൾക്ക് മാർക്കറ്റ് നേടിക്കൊടുക്കുക.

പഴവർഗ്ഗകൃഷി

മാവ്,പ്ലാവ്,പേര,പപ്പായ എന്നിവ ഇവിടെ നല്ല നിലയിൽ വളരുന്ന പഴവർഗ്ഗമരങ്ങളാണ്.

പ്രശ്നങ്ങൾ

1. മാവും, പ്ലാവും വെട്ടി നശിപ്പിക്കുന്നു.

2. ഭൂമിയിലെ വെള്ളം വലിച്ചെടുക്കുന്ന മറുനാടൻ ഇനത്തിൽപ്പെട്ട അക്കേഷ്യ,യൂക്കാലിപിറ്റിസ് പോലുള്ള വൃക്ഷങ്ങളാണ് സോഷ്യൽഫോറസ്ട്രി വഴിനടപ്പാക്കുന്നത്.

3. പപ്പായ കൃഷി വൻതോതിൽ നടത്തുന്നില്ല.

4. പപ്പായ ഗുണമേൻമയിൽ ഏറ്റവും മികച്ച പഴമാണെന്ന ബോധം ജനങ്ങൾക്കില്ല.

5. പഴങ്ങളുടെ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന സ്ഥാപനങ്ങൾ ഇല്ല.

നിർദ്ദേശങ്ങൾ

1. തടിയുടെ ആവശ്യത്തിന് മാവ്, പ്ലാവ്,എന്നിവ വെട്ടിനശിപ്പിക്കുമ്പോൾ പകരം പുതിയവ നട്ടു പിടിപ്പിക്കുവാൻ ബോധവൽക്കരണം നടത്തുക.

[illegible]്യൽ ഫോറസ്ടി വഴി വൃക്ഷതൈകൾ വിതരണം ചെയ്യു[illegible] ഫലവർഗ്ഗതൈകൾ നൽകുക. യൂക്കാലി,അക്കേഷ്യ,എന്നിവ നിരുത്സാഹപ്പെടുത്തുക.

3. വിവധയിനം പഴവർഗ്ഗങ്ങളുടെ നടീൽവസ്തുക്കൾ അടങ്ങുന്ന കിറ്റുകൾ വിതരണം ചെയ്യുക.

4. പപ്പായ വൻതോതിൽ കൃഷി ചെയ്യുന്നതിന് മാതൃകാപപ്പായ കൃഷിത്തോട്ടം സ്ഥാപിക്കുക. ഉയരം കുറഞ്ഞതിനും പപ്പായവർഗ്ഗത്തിൻെറ തൈകൾ നൽകുക. പപ്പായക്കറശേഖരിക്കുന്നതിനും,ഔഷധഫാക്ടറികൾ അവ എടുക്കുന്നതിനും സംവിധാനം ഉണ്ടാക്കുക.

5. പപ്പായ ഏറ്റവും ഗുണമുള്ള പഴം ആണെന്ന സത്യം പ്രചരിപ്പിക്കുക.

6. പഴ വർഗ്ഗജാമുകൾ ഉണ്ടാക്കുന്നതിനു പെൺകുട്ടികൾക്ക് പരിശീലനം നൽകണം.

2. ഒരു പുരയിടത്തിൽ ഒരു പുളിയെങ്കിലും വളർത്തുവാൻ സംവിധാനം ഉണ്ടാക്കുക.

3. നാളികേര കർഷകരെ സാമ്പത്തിക പരാജയത്തിൽ നിന്നുംകുടമ്പുളികൾ രക്ഷിക്കുമെന്ന് മനസ്സിലാക്കിക്കുക. ഒരു തെങ്ങിൽ നിന്നും ശരാശരി 20 തേങ്ങകൾ ഒരു വർഷം കിട്ടുമ്പോൾ കുടമ്പുളി നല്ലതുപോലെ സംരക്ഷിച്ചാൽ 8000 രൂപാവരെ കിട്ടുമെന്ന് ഇവിടുത്തെ കർശകർക്ക് അനുഭവമുണ്ട്.

സുഗന്ധവിളകൾ-

മാരാരിക്കുളം തെക്കുഗ്രാമപഞ്ചായത്തിൽ കൃഷി ചെയ്തുവരുന്ന പ്രധാന സുഗന്ധവിള ഇഞ്ചി,മഞ്ഞൾ എന്നിവയാണ്. 8-ാം പദ്ധതികാലത്ത് ഒന്നേക്കൽ ഏക്കർ മഞ്ഞളും,ഒരേക്കർ ഇഞ്ചിയും കൃഷിചെയ്തു. ഈ വിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കുവാൻ പ്രോജക്ട് ഉണ്ടാക്കേണ്ടതാണ്. ഇഞ്ചിയും, മഞ്ഞളും താരതമേന്യ ചിലവുകുറഞ്ഞ കൃഷിയാണ്.. വ്യാപകമായ പ്രചരണവും പ്രോത്സാഹനവും ഉണ്ടായാൽ ഉല്പാദനം വളരെയധികം വർദ്ധിപ്പിക്കുവാൻ കഴിയും.

പുന്നവരം - വെള്ളത്തിൽ ഉപയോഗിക്കുന്ന മര-ഉരുപ്പടികൾക്ക് വളരെയോജിച്ച മരമാണിത്. ചെറുപുന്ന, തമ്പകത്തിൻെറ തന്നെ മേൻമ കാണിക്കുന്നു. ഇവിടെ യാതൊരു പരിചരണവുമില്ലാതെ വളരുന്ന മരങ്ങളാണ്. ഇന്ന് ഇവകൾ നശിച്ചുകൊണ്ടിരിക്കയാണ്. പകരം പുതിയ വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുന്നില്ല. ഒരു നൂറുവർഷങ്ങൾക്കു മുൻപു വരെ പുന്നയ്ക്ക എണ്ണ ഇവിടുത്തെ പാവപ്പെട്ടവർ വിളക്കു കത്തിക്കുവാൻ ഉപയോഗിച്ചിരുന്നു. ഈ ഉത്പന്നത്തെ മുൻ നിർത്തി ഒരു എണ്ണയാട്ടു വ്യവസായം അല്ലെങ്കിൽ പുന്നക്കുരു വിപണനം എന്ന പഴയതൊഴിൽ വീണ്ടെടുക്കാംഎ പുന്നമരങ്ങൾ നട്ടുപിടിപ്പിച്ചാൽ ഒരു ചെലവും കൂടാതെ വിലപിടിപ്പുള്ള തടിയും പുന്നക്കുരുവും ഉണ്ടാക്കാൻ സാധിക്കും. ആയതിനാൽ ഈ മരങ്ങളുടെ സംരക്ഷണവും വ്യാപനവും ലക്കാക്കി പദ്ധതി ആവിഷ്കരിക്കേണ്ടതാണ്.

# മൃഗസംരക്ഷണം

19.07 സ്ക്വയർ കിലോമീറ്റർ വിസ്തീർണമുള്ള മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിൽ ചെറുകിട പരിമിത കർഷകരാണ് ഏറെയും ഭൂരിഭാഗവും 10 സെൻറിന് താഴെ ഭൂമിയുള്ളവരാണ്. എന്നാൽ തുച്ഛമായ ഭൂവുടമകളുമുണ്ട്. വിപുലമായ നെൽകൃഷിയോ വലിയ പാടശേഖരങ്ങളോ ഇല്ല. ഉപജീവനത്തിനായി പ്രധാ നമായും ആശ്രയിക്കുന്നത് മത്സ്യ ബന്ധനത്തേയും ചെറുകിട കയർ മേഖലയേയുമാണ്. ആശാസ്യമായ വരുമാനം ഈ മേഖലകൾ കൊണ്ട് നേടാൻ കഴിയാത്ത പശ്ചാത്തലത്തിൽ ജനങ്ങളുടെ വരുമാനത്തിൽ മുന്നേറ്റമുണ്ടാക്കുവാനും ജീവിതഗുണത വർദ്ധിപ്പിക്കുവാനും ഉതകുന്ന ഒരു മേഖലയാണ് മൃഗസംരക്ഷണം.

സംസ്ഥാന ആളോഹരി വരുമനത്തിൻെറ 10.5% മൃഗസംരക്ഷണത്തിൽ നിന്നാണ് ലഭിക്കുന്നത്. എന്നാൽ ആളോഹരി ചെലവ് 1.3% മാത്രമാണ്. മറ്റു പലമേഖലയെക്കാളും. കുറഞ്ഞ മുതൽ മുടക്കിൽ ഗണ്യമായ നേട്ടം ഉണ്ടാക്കുവാൻ കഴിയുന്ന ഒരു മേഖലയാണ് മൃഗമപരിപാലനം.

കാർഷിക രംഗത്തോടൊപ്പം വികസിക്കേണ്ട ഒരു മേഖല എന്ന നിലയിൽ കാർഷിക രംഗത്തുണ്ടാകുന്ന മാറ്റകേറ്റങ്ങൾ ഈ മേഖലയിലും പ്രതിഫലിക്കും.

കാലിവളർത്തലിന് ഈ പഞ്ചായത്തിൽ ഒരു സുവർണ്ണ കാലഘട്ടമുണ്ടായിരുന്നു. അത് കാർഷിക വിളകളുടേയും ആരോഗ്യകരമായ കാലമായിരുന്നു. ഈ കാലഘട്ടത്തിൽ 'കാപ്പടയ്ക്കു' കാലികളെ വളർത്തുന്ന രീതി ദരിദ്രകർഷകരിലും കർഷകത്തൊഴിലാളികളിലും ഉണ്ടായിരുന്നു. കാലികളുടെ എണ്ണം കുടുംബ മഹിമയുടെ ഭാഗമായി പോലും കരുതപ്പെട്ടിരുന്നു. ഈ സമയം അത്യപൂർവ്വമായ രോഗ പ്രതിരോ ധ ശേഷിയുള്ള നാടൻ ഇനങ്ങളാണ് ഉണ്ടായിരുന്നത്. ഈ നാടൻ ഇനങ്ങൾ കൈത്തീറ്റയാലും കാടിയാലും സംരക്ഷിക്കപ്പെട്ടു പോന്നു. ചെലവു കുറവായിരുന്നതു പോലെ തന്നെ വരുമാനവും കുറവായിരുന്നു. എന്നാൽ ശാസ്ത്രീയമായ കാലി വളർത്തൽ സമ്പ്രദായം അന്നുണ്ടായിരുന്നില്ല. ഹരിത ധവള വിപ്ലവത്തിൻെറ ഭാഗമായി 1960 - കളോടെ സങ്കര ഇനങ്ങളുടെ വരവായി.

നഗരവൽക്കരണവും പാടങ്ങൾ നികത്തപ്പെടുന്നതും തരിശിടുന്നതും മൃഗസംരക്ഷണത്തിന് ആവശ്യ മായ വൈക്കോലും തീറ്റപ്പുല്ലും പച്ചിലകളും കിട്ടുന്നതിനുള്ള സാദ്ധ്യത കുറച്ചത് മൃഗസംരക്ഷണ മേഖലയെ നേരിടുന്ന മുഖ്യ പ്രശ്നങ്ങളിൽ ഒന്നാണ്.

പശു ആട് എന്നിവയാണ് ഇവിടുത്തെ പ്രധാന വളർത്തുമൃഗങ്ങൾ. കോഴി, താറാവ്, പന്നി, മുയൽ എന്നിവയും വളർത്തുന്നുണ്ട്. വ്യാവസായിക അടിസ്ഥാനത്തിൽ ഇറച്ചിക്കോഴി വളർത്തലും, മുട്ടക്കോഴി വളർത്തലും, പന്നി വളർത്തലും ഈ പഞ്ചായത്തിൽ തുച്ഛമായാണെങ്കിലും നടത്തപ്പെടുന്നുണ്ട്. കാലിവളർത്തലിൻെറ ഗണ്യമായ പങ്കും ഗ്രാമീണ മേഖലയിൽ ആയതിനാൽ ഗ്രാമീണ മേഖലയുടെ സമ്പദ്ഘടനയെ വളർത്തുന്നതിനും വനിതകൾക്ക് ഇതൻെറ ഉപഉല്പന്ന നിർമ്മാണത്തിലൂടെ സ്വയം വരുമാനം കണ്ടെത്തുന്നതിനും കഴിയുന്നതാണ്.

## മൃഗ സംരക്ഷണ സ്ഥാപനങ്ങൾ

ഈ പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയും ഒരു ബീജസങ്കലന കേന്ദ്രവുമാണുള്ളത് ഇവ യഥാക്രമം പഞ്ചായത്തിൻെറ 3 ഉം 12 ഉം വാർഡുകളിൽ സ്ഥിതി ചെയ്യുന്നു. പഞ്ചായത്തിൻെറ 3-ാം വാർഡിലും 10-ാം വാർഡിലും 12-ാം വാർഡിലും ഓരോ ക്ഷീര സഹകരണ സംഘങ്ങളുണ്ട്. കൂടാതെ ഒരെണ്ണം പ്രവർത്തന രഹിതമായും ഉണ്ട്. ഈ മൂന്നു സംഘങ്ങളിലായി 219 അംഗങ്ങൾ 1086 ലിറ്റർ പാൽ അളക്കുന്ന. ഇത് ഉല്പാദനത്തിൻെറ 25% വരും.

| മൃഗങ്ങളുടെ സ്ഥിതി വിവരക്കണക്ക് | |
|---|---|
| മൃഗങ്ങൾ ഇനം | |
| പശു നാടൻ | 902 |
| പശു സങ്കരം | 281 |
| കാള നാടൻ | 42 |
| കാള സങ്കരം | 2 |
| എരുമ | 21 |
| [illegible] | [illegible] |
| [illegible] | 646 |
| മുട്ടനാട് | 71 |
| പന്നി | 44 |
| കോഴി | 7447 |
| താറാവ് | 948 |

മൃഗസംരക്ഷണം പ്രത്യേക ഊന്നൽ കൊടുക്കേണ്ട മേഖലകൾ

1 പാലുല്പാദനവും ഉപ ഉല്പന്നവും.
2 മുട്ടയുല്പാദനം.
3 മാംസോല്പാദനം
4 ജൈവവള ഉല്പാദനവും, ജൈവ വാതകവും.

1 പാലുല്പാദനം.

നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യ 43357 ആണ് ഇവർക്കായി ഒരാളിന് 1/4 ലിറ്റർ പാൽ വച്ചു കണക്കാക്കിയാലും 10840 ലിറ്റർ പാൽ വേണ്ടി വരും നമ്മുടെ ഉത്പാദനം ഏകദേശം 4500 ലിറ്റർ മാത്രമാണ്. ഒരു പശുവിൽ നിന്നും പത്തു ലിറ്റർ ഉത്പാദനം പ്രതീക്ഷിച്ചാലും 630 ൽപരം കാലികളെ വളർത്തുവാൻ സാദ്ധ്യതയുണ്ട്.

2 മുട്ടയുല്പാദനം

മുട്ടയുടെ ഇപ്പോഴത്തെ ഉത്പാദനം കേവലം 4500 മാത്രമാണ് പ്രതിദിനം ഒരാളിന് 1/2 മുട്ട വച്ചു കണക്കാക്കിയാൽപോലും നമ്മുടെ ആഭ്യന്തര ഉപഭോഗത്തിന് 21000 ൽപരം മുട്ട വേണം. ബാഹ്യമായും ഏറെ സാദ്ധ്യതയുണ്ട്. ഇന്ന് നമ്മൾ മുട്ടയുടെ കാര്യത്തിന് അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കയാണ്

3. മാംസോൽപാദനം

മാംസോൽപാദനത്തിൽ മാത്രമല്ല, ശുദ്ധമായ മാംസം വിശ്വാസ്യതയോടെ വാങ്ങുവാൻ പറ്റാത്ത ഒരു അവസ്ഥയും നമ്മുടെ പഞ്ചായത്തിലുണ്ട്. മാംസോല്പാദന രംഗത്ത് ശ്രദ്ധിച്ചാൽ കുറെ മുന്നോട്ടു പോകുവാൻ കഴിയും.

| സ്ഥാപനത്തിൻെറ പേര് | സ്ഥാപനത്തിൻെറ പേര് | സ്റ്റാഫിൻെറ എണ്ണം |
|---|---|---|
| മൃഗാശുപത്രി | മാരാരിക്കുളം തെക്ക് പഞ്ചായത്ത് മൃഗാശുപത്രി | 4 |
| ബീജ സങ്കലന കേന്ദ്രം | | |

ആട്, കോഴി, പന്നി, താറാവ്, നാടൻ മത്സ്യം എന്നിവ സംയുക്തമായി കൃഷി നടത്തിയാൽ ഏറെ ലാഭകരവും തൊഴിൽ സാദ്ധ്യത ഏറ്റുന്നതുമാണ്. മാംസോല്പാദന രംഗത്തുള്ള ഈ വിപുലമായ സാദ്ധ്യതകൾ കണക്കിലെടുത്ത് പഞ്ചായത്ത്തല പ്രോജക്റ്റ് എന്ന തരത്തിൽ ചിന്തിക്കേണ്ടതാണ്. മാംസ ഉപഭോക്താക്കൾ നേരിടുന്ന വെല്ലുവിളി.

1) മോശമായതും, രോഗമുള്ളതും, ചത്തതുമായ മൃഗങ്ങളെ അറവു നടത്തുന്നു.
2) മാംസ പരിശോധന ഇല്ലായ്മ.
3) വഴിയോരങ്ങളിലെ വില്പന
4) ശാസ്ത്രീയമായ അറവ് എന്നിവ ഉപഭോക്താക്കൾ നേരിടുന്ന വെല്ലുവിളികളാണ്

മൃഗ സംരക്ഷണ മേഖലയിലെ പ്രധാന പ്രശ്നങ്ങൾ

1) കാലിത്തീറ്റയുടെ വില വർദ്ധനവ്
2) തീറ്റപ്പുല്ലിൻെറ അഭാവം
3) വൈക്കോൽ ഉൽപാദനക്കുറവ്
4) പരമ്പരാഗതമായി ലഭിച്ചുകൊണ്ടിരുന്ന പോഷകപ്രദമായ നാടൻ സസ്യങ്ങളുടെ ഉൻമൂല നാശം
5) നല്ലയിനം നാടൻ പശുക്കളുടെ ലഭ്യതയില്ലായ്മ
6) കറവമാടുകളുടെ കൊടുക്കൽ വാങ്ങലിന് ഇടനിലക്കാരുടെ തട്ടിപ്പ്
7) ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത
8) അലഞ്ഞുതിരിയുന്ന നായ്ക്കളുടെ ശല്യം
9) അശാസ്ത്രീയമായ കാലി വളർത്തൽ സമ്പ്രദായം.
10) ബീജസങ്കലന പ്രവർത്തനം തൃപ്തികരമല്ല.
11) ചാണകത്തിൻെറ മുഴുവൻ ഉപയോഗവും നടക്കുന്നില്ല.
12) അശാസ്ത്രീയമായ പാൽ ശേഖരണവും ഉപഭോഗവും വിനാശകാരികളായ കീടങ്ങളെ ഉല്പാദിപ്പിക്കപ്പെടുന്നു.
13) പാലിൻെറ മതിയായ സംഭരണത്തിൻെറ അഭാവവും കർഷകന് മതിയായ വില കിട്ടായ്കയും.
14) ഉപ ഉല്പന്നങ്ങളുടെ ഉല്പാദനമില്ലായ്മ.
15) ശാസ്ത്രീയമായ അറവുശാലയുടെ അഭാവം.
16) അനധികൃത കശാപ്പുശാലകളുടെ ആധിക്യം ആരോഗ്യ പ്രശ്നങ്ങളടക്കം പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
17) സാമ്പത്തിക ലഭ്യതയുടെ പരിമിതിയും ഉരുക്കളുടെ ഭീമമായ വിലയും ഇതന് സംരക്ഷണമില്ലായ്മയും.

സാദ്ധ്യതകൾ

1) തീറ്റപ്പുൽ കൃഷി സമൃദ്ധമാക്കാവുന്ന ഭൂപ്രകൃതിയാണ്. തെളിയിക്കപ്പെട്ടിട്ടുണ്ട്.
2) പഞ്ചായത്തിൻെറ വിസ്തീർണ്ണത്തിൽ 80 ഹെക്ടർ/പാടശേഖരവും1603 ഹെക്ടർ പുരയിടവുമാണ്.
3) മൃഗങ്ങളേ പരിപാലിക്കുന്നതിന് താല്പര്യവും പരിചയവുമുള്ള കർഷകരുണ്ട്.

4) ഒരു മൃഗാശുപത്രിയും ഐ.സി.ഡി.എസ് യൂണിറ്റും നിലവിലുണ്ട്.

5) തൊഴുത്തു നിർമ്മാണത്തിന് ഗുണഭോക്തൃ വിഹിതം ലഭിക്കും.

6) ചാണക ലഭ്യതയുണ്ട്.

7) പാല് ആവശ്യത്തിന് ഉല്പാദിപ്പിക്കുവാൻ കഴിയും. വിപണന സാദ്ധ്യതയും ഉണ്ട്.

8) ഉപ ഉല്പന്ന നിർമ്മാണത്തിന് ഗുണഭോക്തൃ വിഹിതം ലഭിക്കും.

9) 200 ഉരുക്കളേയെങ്കിലും ഇവിടെ ആഴ്ച തോറും കശാപ്പു ചെയ്യുന്നു.

നിർദ്ദേശങ്ങൾ

1) പഞ്ചായത്തിൽ ഒരു കാലിത്തീറ്റ ഫാക്റ്ററി ഉണ്ടാക്കേണ്ടതാണ്.

2) വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും തീറ്റപ്പുൽ കൃഷിചെയ്യുന്നതിന് സൗകര്യം ഉണ്ടാക്കിക്കൊടുക്കേണ്ടതാണ്.

3) നാടൻ സസ്യങ്ങൾ (അടമ്പ്, ഉതളം, തഴുതാമ)വളർത്താൻ സഹായിക്കുക.

4) കരപ്പാടങ്ങൾ തരിശിടാതെ കൃഷിയിറക്കിക്കുക.

5) അത്യുല്പാദന ശേഷിയുള്ളതും രോഗപ്രതിരോധ ശേഷിയുള്ളതും നമ്മുടെ കാലാവസ്ഥയ്ക്കു യോജിക്കുന്നതുമായ കന്നുകാലികളെ മൃഗസംരക്ഷണ വകുപ്പ് വഴി കർഷകർക്ക് നേരിട്ടു നൽകുക.

6) മൃഗാശുപത്രിയിൽ ഫോൺ സൗകര്യവും വാഹന സൗകര്യവും ഏർപ്പെടുത്തുക. രാത്രികാല സേവനത്തിന് ഒരു ലൈവ് സ്റ്റോക്ക് അസിസ്റ്റൻറിനെയെങ്കിലും നിയമിക്കുക.

7) സേവനത്തിന് പഞ്ചായത്തിനെ മൂന്നു വാർഡുകൾ അടങ്ങുന്ന ഓരോ ബ്ലോക്കായി ചികിത്സാ സേവന പ്രവർത്തനം വിപുലമാക്കുക. ഈ കേന്ദ്രങ്ങളിൽ ഒരാളെയെങ്കിലും പരിശീലിപ്പിച്ച് മേൽതരം ബീജ സങ്കലന പ്രവർത്തനം വിപുലമാക്കുക. ഈ ആവശ്യത്തിന് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുക.

8) അലഞ്ഞുതിരിഞ്ഞു നടക്കുന്ന പട്ടികളെ പിടിച്ചു നശിപ്പിക്കുന്നതിന് പഞ്ചായത്തിൽ സ്ഥിരം സംവിധാനം ഉണ്ടാക്കുക.

9) കൃഷിക്കാരൻെറ പങ്കാളിത്തത്തോടെ ആധുനിക രീതിയിലുള്ള കാലിത്തൊഴുത്ത് നിർമ്മിക്കുക.

10) ആധുനിക കൃഷി രീതിയെക്കുറിച്ച് ബോധവൽക്കരണം നടത്തുക.

11) ഗോബർ ഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കുക.

12) കുറഞ്ഞത് മൂന്നു വാർഡുകൾക്ക് ഒരു കേന്ദ്രം എന്ന നിലയിൽ പാൽ സംഭരണ കേന്ദ്രങ്ങൾ തുറക്കുക.

13) വനിതാ ഗ്രൂപ്പുകളെ സംഘടിപ്പിച്ച് ഉപ ഉല്പന്നങ്ങൾ ഉണ്ടാക്കി പ്രാദേശിക വിപണി കണ്ടെത്തുക.

14) ആട്, കോഴി, പന്നി, താറാവ് ഉൾനാടൻ മത്സ്യം എന്നിവ സംയുക്തമായി 'ഗ്രൂപ്പ് ഫാമിംഗ്' രീതി ഏർപ്പെടുത്തുക.

15) ഉരുക്കളെ ഗുണഭോക്താക്കളുടെ വിഹിതത്തോടെ ഇൻഷ്വർ ചെയ്യുക.

**സഹകരണ സ്ഥാപനം**

| സ്ഥാപനത്തിൻെറ പേര് | ഗ്രൂപ്പ് | അംഗങ്ങൾ | പ്രതിദിന ശേഖരണം |
|---|---|---|---|
| പാതിരപ്പള്ളി ക്ഷീരോല്പാദന സഹകരണ സംഘം | 3 | | |
| കാട്ടൂർ ക്ഷീര സഹകരണ സംഘം | 4 | | |

മൃഗ സംരക്ഷണ സ്ഥാപനം
8-ാം പദ്ധതിയിൽ നടപ്പാക്കിയ സ്കീമുകൾ
ക്ഷീര വികസന വകുപ്പിലൂടെ നടപ്പിലാക്കിയവ

| വർഷം | പദ്ധതിയുടെ പേര് | ഗുണഭോക്താവിൻെറ എണ്ണം | അനുവദിച്ചതുക |
|---|---|---|---|
| 92-93 | സൈലേജ് | 1 | 625 |
| " | ഹെ | 1 | 200 |
| " | തീറ്റപ്പുൽ കൃഷി | 12 | 1000 |
| 93-94 | സൈലേജ് | 2 | 1250 |
| " | ഹെ | 1 | 200 |
| " | തീറ്റപ്പുൽകൃഷി | 18 | 2800 |
| 94-95 | യുറിയഫോർട്ടിഫിക്കേഷൻ | 4 | 1600 |
| " | ഹെ | 1 | 200 |
| " | വാണിജ്യപുൽകൃഷി | 1 | 15000 |
| | തൊഴുത്ത് നിർമ്മാണം | 3 | 1166 |
| " | പ്രത്യേകമായ പദ്ധതി | 2 | 12000 |
| " | തീറ്റപ്പുൽകൃഷി | 29 | 7500 |
| " | വനിതായൂണിറ്റ് | 1 | 22000 |
| 95-96 | യൂറിയാ ഫോർട്ടിഫിക്കേഷൻ | 10 | 5000 |
| " | മാതൃകാ കാലിത്തൊഴുത്ത് | 5 | 6250 |
| " | സൈലേജ് | 1 | 110 |
| " | മാതൃകാ ഡയറി യൂണിറ്റ് | 1 | 7000 |
| " | വനിതാ യൂണിറ്റ് | 1 | 22000 |



# മത്സ്യബന്ധനം

" പയ്യത്തിന്നാൽ പനയും തിന്നാം "

## കടൽ മത്സ്യബന്ധനം

ഏഴ് കിലോമീറ്റർ നീളം വരുന്ന ഒരു മനോഹരമായ കടൽത്തീരമാണ് നമുക്കുള്ളത്. 7 പഞ്ചായത്ത് വാർഡുകൾ പൂർണ്ണമായും തീരപ്രദേശത്താണ്. നൈസർഗികമായ സംപുഷ്ടി നമ്മുടെ കടലിനെഒരു കാലത്ത് അനുഗ്രഹിച്ചിരുന്നു. ഈ കാലയളവിൽ പരമ്പരാഗത തൊഴിലുപകരണങ്ങളായ കോരുവല, ചൂടവല, നോനാവല, വടിവല, പാച്ചിവല എന്ന തെരണ്ടിവല, വക്കു കൊണ്ടുള്ള പെരുവലതുടങ്ങിയ വലകളും ചെറിയ ചൂണ്ടയും ആഴക്കടൽ മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്നു. വേപ്പ് ചൂണ്ടയും ഉപയോഗിച്ചിരുന്നു.

നമ്മുടെ കടൽത്തീരം ചെറുമത്സ്യങ്ങളെ ആകർഷിക്കാൻ കഴിയുന്ന തരത്തിലുളള ചെറുപുററുകൾ കൊണ്ട് സമൃദ്ധമായിരുന്നു. അതുകൊണ്ടുതന്നെ തണ്ടുവലിച്ചുളള തീരക്കടൽ മത്സ്യ ബന്ധനം നടത്തുന്നതിന് കഴിഞ്ഞിരുന്ന. 10 മുതൽ 14 വരെ തൊഴിലാളി ഉൾക്കൊളളുന്ന ചുടവലയും വളളവും 10 മുതൽ 14 വരെ തൊഴിലാളികളെ ഉൾക്കൊളളുന്ന കോരുവളളവും വലയും 5 പേര് ഉൾക്കൊളളുന്ന ഒഴുക്കുവല ഗ്രൂപ്പ് നീട്ടിയിട്ട് പിറ്റെ ദിവസവും പൊക്കുന്ന 5 പേര് അടങ്ങുന്ന പെരുവലഗ്രൂപ്പ് 3 പേരടങ്ങുന്ന ചെറുചൂണ്ട ഗ്രൂപ്പ് 6 പേരടങ്ങുന്ന വലിയവേപ്പ് ഗ്രൂപ്പ്. വേനൽക്കാല മത്സ്യബന്ധനജത്തിന് ഉപയോഗിക്കുന്ന ഏകദേശം നൂറുപേരെക്കൊണ്ട് വലിക്കുന്ന കമ്പവലയും, 40 പേരെക്കൊണ്ട് വലിക്കുന്ന നോനാവലയും 25 പേരെക്കൊണ്ട് വലിക്കുന്ന മാണവലയും തൊഴിൽ സമൃദ്ധിയുടെ ലക്ഷണങ്ങൾ ആയിരുന്നു.

| ഇനം | എണ്ണം | തൊഴിലാളികളുടെ ആകെ എണ്ണം |
|---|---|---|
| കോരുവള്ളം, വല | 20 | 360 |
| ചൂടവല, വള്ളം | 7 | 105 |
| നീട്ടുവല,പെരുവലയടക്കം | 102 | 510 |
| ചൂണ്ട | 20 | 80 |
| വലിയ വേപ്പ് | 7 | 35 |
| കമ്പവല | 15 | 900 |
| നോനാവല | 30 | 750 |

ഒറ്റമരം വള്ളമായിരിന്നു അക്കാലത്ത് പ്രചാരണത്തിലുണ്ടായിരുന്നത്. ചീനിമരം കൊണ്ടും, നാടൻമാവ് ഉപയോഗിച്ചും വള്ളം നിർമ്മിച്ചിരുന്നു. വല പഞ്ഞിനൂൽനൂറ്റ് മുറുക്കി ഇവിടെ തന്നെ കെട്ടി ഉണ്ടാക്കിയിരുന്നു. ഈ പ്രവൃത്തിയിൽ മത്സ്യത്തൊഴിലാളികുടുംബം പൂർണ്ണമായും സഹകരിച്ചിരുന്നു. നൂൽ നൂറ്റുന്നതിന് തിരിവട്ടും മുറുക്കുന്നതിന് തിരി വോടും വലകെട്ടുന്നതിന് ഇളപ്പും കണ്ണിവലിപ്പത്തിനനുസൃതമായ പടിയുമാണ് ഉപയോഗിച്ചിരുന്നത്. മത്സ്യത്തൊഴിലാളി സ്ത്രീകളുടെ പ്രധാന തൊഴിലായിരുന്നു ഇത്. ഈടും കരുത്തും നിലനിർത്തുന്നതിന് വലകൾ മുഞ്ഞ ഇലയിൽ പുഴുങ്ങിയും ചൂണ്ടചരടുകൾ പനഞ്ചിക്കാപശയിൽ മുക്കിയും ഉപയോഗിച്ചിരുന്നു.

തൊഴിലുപകരണങ്ങൾ സ്വന്തനിലയിൽ തൊഴിലാളികൾക്ക് ഉണ്ടായിരുന്നില്ല. തീരദേശപ്രദേശത്തെ

പ്രമാണിമാരും ജൻമിമാരും ആയിരുന്നു തൊഴിലുടമകൾ. ഇവരുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് വിധേയപ്പെട്ട് അടിമയ്ക്ക് സമാനമായ ഒരു ജീവിതസാഹചര്യമാണ് മത്സ്യത്തൊഴിലാളി സമൂഹത്തിന് അന്ന് ഉണ്ടായിരുന്നത്. പിടിക്കുന്ന മത്സ്യത്തിന് എന്തുവിലകിട്ടു മെന്നോ താൻ ചെയ്യുന്ന ജോലിക്ക് എന്തു കൂലികിട്ടുമെന്നോ അറിയാനുള്ള അവകാശം ഇല്ലായിരുന്നു. എന്നാൽ ഈ സ്ഥിതി തുടരാൻ കഴിയാത്ത പൊതു സാഹചര്യമാണ് 1940കളിൽ രൂപപ്പെട്ടിരുന്നത്. ഇതര തൊഴിലാളി വിഭാഗങ്ങളിലുണ്ടായ അവകാശബോധത്തിൻെറ അലയടി ഈ മേഖലയിലും പ്രതിധ്വനിച്ചു. തൊഴിൽ സമ്പ്രദായം അതേപടി നിലനിർത്താൻ ജൻമി മാടമ്പിമാർക്ക് കഴിഞ്ഞില്ല. ഇതോടെ കടൽപ്പുറത്ത് അടവ്കാരൻ പ്രത്യക്ഷപ്പെട്ടു. തൊഴിലുപകരണങ്ങൾക്ക് പകുതിമുതൽമുടക്കിയിരുന്ന അടവുകാരൻ മത്സ്യ ത്തിന് വിലപേശലിലൂടെ നിശ്ചയിക്കുകയും വാങ്ങാൻ വേറെ ആളില്ലാതിരുന്നതുകൊണ്ട് അയാൾ തന്നെ വാങ്ങി വിപണനം ചെയ്യുകയും സംസ്കരിക്കുകയും ചെയ്തിരുന്നു. പ്രസ്തുത കാലയളവിൽ ഐസ് ലഭ്യമായിരുന്നില്ല എന്നാത് കൊണ്ട് സംസ്കരണത്തിന് കറിയുപ്പ് പുരട്ടി ഉണക്കിയും പുഴുങ്ങി പരിപ്പുകളാക്കിയും കൂടത്തിൽ സൂക്ഷിച്ച് ആവശ്യാനുസരണം വിപണനം നടത്തിയിരുന്നു. ഈ കൂടങ്ങളിൽ മത്സ്യബന്ധന ഉപകരണങ്ങളും സൂക്ഷിച്ചിരുന്നു.

തൊഴിലാളികൾ തമ്മിലുള്ള പരസ്പര സഹകരണത്തിൻെറ തുടക്കം കുറിക്കുന്നത് തൊഴിലുപകരണങ്ങളിൽ ഉടമസ്ഥത സ്ഥാപിച്ച് കൊണ്ടായിരുന്നു. വലയെ കൊമ്പുകളാക്കി തിരിച്ച് ഷെയർ നിശ്ചയിച്ചിരുന്നു. ഇത് കോരുവലയിലായിരുന്നു, എങ്കിൽ ഒഴുക്കുവലയിൽ പാളികളാക്കി ആയിരുന്നു ഷെയർ നിശ്ചയിച്ചിരുന്നത്. നടത്തിപ്പിൽ കാരണവശാൽ അസ്വാരസ്യം മൂത്താൽ പങ്ക് പിരിയുകയാണ്.

ഒട്ടുമിക്ക അവസരങ്ങളിലും കറിക്ക് മത്സ്യം പങ്കിടുമ്പോൾ അത് സംഭവിക്കുമായിരുന്നു. വള്ളത്തിൻെറ ഉടമയ്ക്ക് പ്രത്യേക പങ്ക്, വലയ്ക്കും വള്ളത്തിനും പ്രത്യേകം, സാധാരണ തൊഴിലാളികൾക്ക് അവസാന പങ്ക്. ഇവിടെ മറ്റൊരു ഉടമ എത്തുമ്പോൾ അയാളെ പരിഗണിക്കും. അവഗണിക്കപ്പെടുകയാണെങ്കിൽ ഐക്യം തകർക്കൻ കഴിയുന്ന തരത്തിൽ പ്രതികരിക്കും. യഥാർത്ഥ ഷെയറുടമ ഭിന്നിക്കുന്നു എങ്കിൽ തൻെറ ഷെയർ ഭാഗം വല ഇടം വലം നോക്കാതെ ഊരിക്കൊണ്ട് പോവുകയും, പുതിയൊരു സംരഭത്തിന് തുടക്കം കുറിക്കുകയും ചെയ്യും. മറ്റ് മേഖലകളിൽ നിന്നും വ്യത്യസ്തമായി വഞ്ചിഇറക്കുന്നതിന് സഹായിക്കുകയും വള്ളത്തിൽ കയറാൻ കഴിയാതെ കരയിൽ നിൽക്കുന്ന മിച്ചം വരുന്ന തൊഴിലാളികൾക്ക് പങ്കിൻെറ 75 ശതമാനം കിട്ടുമെന്ന് ഉറപ്പാണ്. ജോലിക്ക് പോകാൻ കഴിയാതെ അസുഖമായി കിടന്നാൽ 50ശതമാനം മുതൽ 75 ശതമാനം വരെ വിഹിതം ലഭിക്കുമായിരുന്നു. വാർദ്ധക്യകാലത്ത് തൊഴിലാളിക്ക് അയാൾ സ്ഥിരം പൊയ്ക്കൊണ്ടിരുന്ന വള്ളത്തിൽ നിന്ന് കാരണവർ പങ്ക് എന്ന പേരിൽ ഒരു വിഹിതം നൽകി സഹായിക്കുമായിരുന്നു.

തീരക്കടലിൽ വലവീശി മത്സ്യം പിടിക്കുന്നത് തൊഴിലാക്കിയവരും ഉണ്ടായിരുന്നു. തിരുത, കണമ്പ്, പല്ലിമീൻ, പ്രായിൽ, കതിരാൻ, കൂരി, ചെമ്മീൻ തുടങ്ങിയ മത്സ്യങ്ങൾ ലഭിക്കുമായിരുന്നു. വീച്ചു മീനിൽ തിരുത കൗശലക്കാരനാണ്. സൂക്ഷ്മതയിൽ മാത്രമേ അകപ്പെടുത്താൻ കഴിയു. വിദഗ്ദനായ ഒരു വീശുകാരൻ ഓമനപ്പുഴയിൽ വച്ച് കണ്ട തിരുതയെ ഏകദേശം 17 കിലോമീറ്ററുകളോളം പിൻതുടർന്ന് തൈക്കൽ വച്ച് വീശിപ്പിടിച്ചത് പുതിയ തലമുറയ്ക്ക് ഒരു കൗതുകം തന്നെയാണ്.

ഇൻഡോ-നോർവീജിയൻ പദ്ധതിയുടെ ആവിർഭാവത്തോടെയാണ് ഈ മേഖലയിൽ ആധുനികതയുടെ തുടക്കം കുറിക്കുന്നത്. ആദ്യമായി ഗിൽനെറ്റും, യന്ത്രബോട്ടുമാണ് ഇവിടെ ഉപയോഗിച്ചിരുന്നത്. ഇതോടനുബന്ധിച്ച് നമ്മുടെ നാട്ടിൽ ഒറ്റമരം വള്ളങ്ങൾക്ക് പകരം കെട്ടുവള്ളങ്ങൾ ഉപയോഗിക്കാൻ തുടങ്ങി. ഏറ്റവും അവസാനമായി കരയിൽ കയറ്റിയത് ചെട്ടികാട്ടിലെ കവിത എന്ന ഒറ്റമരം വള്ളമാണ്. കെട്ടുവള്ളങ്ങളുടെ ആവിർഭാവത്തോടെ വള്ളം പ്രതിയുള്ള തൊഴിലാളികളുടെ എണ്ണം 15 മുതൽ 20 വരെ ആയി വർദ്ധിച്ചു. നൈലോൺ വലയുടെ ഭാരക്കുറവ് പരമ്പരാഗതമായ തൊഴിലുകൾ നശിപ്പിച്ചു എങ്കിലും വളരെ വലിയ വലകൾ ഉപയോഗിക്കുന്നതിന് കെട്ടുവള്ളങ്ങളെ പ്രാപ്തമാക്കി. തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചു എങ്കിൽപോലും ബോട്ടുകളുമായുള്ള മത്സരത്തിൽ തണ്ടും പായും ഉപയോഗിച്ചുള്ള ഈ പരമ്പരാഗതരീതിയിൽ പിടിച്ചു നിൽക്കാൻ നാടൻ വള്ളങ്ങൾക്ക് കഴിയാതെ വന്നു. അതോടെ ഔട്ട്ബോർഡ്എൻജിൻെറ ആവശ്യതക ഏറി. 1979ൽ കൊച്ചിയിലെ യമഹ ഏജൻറ് കാട്ടൂരുള്ള ദാവീദ് പള്ളുരുത്തിയിൽ എന്ന ആളിൻെറ കാവേരി എന്ന വള്ളത്തിൽ മാർക്കറ്റ് ലക്ഷ്യമാക്കി എൻജിൻ സൗജന്യമായിക്കൊടുത്ത് തൊഴിലാളികളെ ആകെ ആകർഷിച്ചു. ഇതോടുകൂടി ഔട്ട്ബോർഡ്എൻജിൻ സർവ്വ സാധാരണമായി. സൗജന്യങ്ങളൊന്നും ഇല്ലാതെ 8.8 എച്ച്.പി. ഉള്ള എൻജിന് 7500 രൂപ കമ്പനി വില ആയിരുന്നു. ഇന്ന് അതിന് 52000 രൂപയായി വർദ്ധിച്ചിട്ടുണ്ട്. ഇപ്പോൾ നമ്മുടെ കടൽപ്പുറത്ത് യമഹ, മറൈനർ, സുസുക്കി തുടങ്ങിയ കമ്പനികളുടെ 5.5മുതൽ 40എച്ച്.പി.വരെയുള്ള എൻജിനുകൾ പ്രചാരത്തിലുണ്ട്.

ഇൻഡ്യൻ നിർമ്മിതമായ ലംബോഡിനി എന്ന പേരിലുള്ള ഡീസൽ എൻജിൻ ഉപയോഗിച്ചു. എങ്കിലും പരാജയമായിരുന്നു.

ആധുനിക വല്കരണം തുടങ്ങിയ ഈ കാലയളവിൽ തൊഴിലുപകരണങ്ങൾക്ക് കൂടുതൽ മുതൽ മുടക്ക് വേണ്ടിവന്നു. ഈ ആവശ്യം സ്വകാര്യപണമിടപാടുകാരും തരകന്മാരും മുഖേന നടപ്പാക്കാൻ കഴിഞ്ഞു. പണമിടപാടുകാർക്ക് പങ്കോ,പലിശയോ ആണ് നൽകിയിരുന്നത്. തരകന് 5% കമ്മീഷനും വിൽപ്പനക്കുള്ള കുത്തക അവകാശവും ലഭിച്ചു. ഇതോടെ ഇടത്തട്ടക്കാരുടെ ചൂഷണം നീരാളിയുടെ ഭക്ഷണരീതി പോലെ തുടർന്നു. വരുമാനത്തേക്കാൾ കൂടുതൽ ചിലവ് വരാൻ തുടങ്ങി. യന്ത്രവത്കൃത ബോട്ടുകളുടെ അനിയന്ത്രിതമായ ട്രോളിങ്ങ് തീരക്കടലിലെ മിനിട്രോളിങ്ങും പരമ്പരാഗത മത്സ്യബന്ധനത്തെ പ്രതിക്കൂലമായി ബാധിക്കുവാൻ തുടങ്ങി . ബോട്ടുകാരും, പരമ്പരാഗത തൊഴിലാളികളും കൈ മെയ് മറന്ന് സംഘർഷത്തിൽ ഏർപ്പെടാൻ തുടങ്ങി. നവീനവത്കരണത്തിൻെറ ഓരോ തുടക്കത്തിലും അത്യപൂർവ്വമായ പുരോഗതിയാണ് മത്സ്യബന്ധനത്തിൽ ഉണ്ടായിട്ടുള്ളത്.

എന്നാൽ ഈ സാഹചര്യം നിലനിർത്തിപോകാൻ കഴിയാത്ത അശാസ്ത്രിയത മുറ്റിനിൽക്കുന്നു. ട്രോളിങ്ങ് പുറ്റുകൾ നിശേഷം ഇല്ലാതാക്കുകയും പാരുകൾക്ക് ഭീഷണി ഉയർത്തുകയുമാണ്.

എന്നാൽ 3400 കോടി രൂപയുടെ വിദേശനാണ്യം ദേശീയ ഖജനാവിലേക്ക് സംഭാവനചെയ്യുന്ന ഈ വിഭാഗം തൊഴിലാളികളെ സംരക്ഷിക്കേണ്ട ബാദ്ധ്യത ഏൽക്കാൻ എൺപതുകളുടെ ഉത്തരാർദ്ധത്തിൽ മാത്രമാണ് സംസ്ഥാന ഗവൺമെൻറ് പദ്ധതികളുമായി മുന്നോട്ട് വന്നത്. കേരളതീരത്തെ 81 ഗ്രാമസംഘങ്ങൾ ആക്കിയും കേന്ദ്രീകരിച്ച് ഒരു അപ്പെക്സ് ബോഡി ഉണ്ടാക്കിയും സഹായിക്കുവാൻ ശ്രമിച്ചു. ഇതും സ്ഥായിയായ പ്രശ്ന പരിഹാരമാകുന്നില്ല.

തീരപ്രദേശത്ത് മൽസ്യതൊഴിലാളി കുടുംബങ്ങൾ ഏറെ ഉണ്ടായിരുന്നു, എങ്കിലും ഭൂമി കൈവശം ഉണ്ടായിരുന്നവർ വളരെ വിരളമാണ് 1957 ലെ കുടിയിറക്കലിനെതിരായ പ്രഖ്യാപനം മൽസ്യതൊഴിലാളികളുടെ മനസ്സിൽ ആശ്വാസത്തിൻെറ തെളിനീർ പകർന്നുവെങ്കിലും ഭൂഉടമകളുടെ ദയാദാക്ഷിണ്യങ്ങൾക്ക് വിധേയമായി കുടിയിറക്ക് ഭീഷണിയെ മുന്നിൽ കണ്ടു കൊണ്ടുള്ള ഭീതിയുടെ അന്തരീക്ഷത്തിൽ ആയിരുന്നു, 1970 വരെ മൽസ്യതൊഴിലാളി സമൂഹത്തിൻെറ ജീവിതം മുന്നോട്ട് പോയത്. നേരം വെളുക്കുന്നതിന് മുന്നേ തന്നെ ജന്മിയുടെ വീട്ടിൽ ചെന്ന് മുറ്റം വൃത്തിയാക്കുക, എച്ചിൽ പാത്രം കഴുകുക, വിഴുപ്പ് അലക്കുക, യജമാനൻ ഉണരും മുമ്പേപടി അടച്ചുപുറത്ത് പോകുക നിബന്ധന ആയിരുന്നു. ലംഘിക്കപ്പെട്ടാൽ കുടുംബത്തിലെ പുരുഷൻമാർ അതിൻെറ കഠിനശിക്ഷ ഏറ്റുവാങ്ങണമായിരുന്നു.

സാമൂഹികനീതി നിഷേധിക്കപ്പെട്ട മത്സ്യത്തൊഴിലാളികളടക്കമുള്ള സംഘടിത വിഭാഗം മാറ്റത്തിനുവേണ്ടിയും സ്വന്തം ഭൂമിക്കുവേണ്ടിയും ഉള്ള പോരാട്ടത്തിൽ പങ്ക് വഹിക്കുവാൻ മുന്നിൽ വന്നത് സ്വാഭാവികമാണ്. സ്വാതന്ത്ര്യസമരത്തിലെന്ന പോലെ തന്നെ ഭൂമിക്കുവേണ്ടിയുള്ള ഈ സമരത്തിലും മറ്റ് തൊഴിലാളികൾക്കൊപ്പം മുന്നിൽ വരാൻ മത്സ്യത്തൊഴിലാളികൾക്കും കഴിഞ്ഞു. പൊള്ളെത്തൈ, കോർത്തുശേരി, കാട്ടൂർ, ചെട്ടികാട് തുടങ്ങിയ സ്ഥലങ്ങളിൽ ഇവർ ഇതിഹാസം രചിച്ചു. പ്രത്യേകിച്ച് കോർത്തുശേരിയിൽ വാക്കാൽ പാട്ടത്തിന ്(ദേഹണ്ഡം) ആനയും ആനത്തോട്ടിയും പൊക്കത്തിൽ " ഉത്പാദനഗുണം അനുഭവിച്ചവർ ഭൂമിയുടെ മുഴുവൻ ഉടമസ്ഥതയും നേടുന്നതിന് ത്യാഗപൂർണമായ സമരത്തിൽ അണിചേർന്നു. ഭൂപരിഷ്കരണ നിയമം അങ്ങനെ നടപ്പായി. മത്സ്യത്തൊഴിലാളിയും ഭൂമിയുടെ ഉടമയായി. കൂണുപോലെ സാമ്പത്തികസഹായസംഘങ്ങൾ നാട്ടിൽ ഉയർന്നു. അവഗണിക്കപ്പെട്ടവരെ സഹായിക്കാൻ തുടങ്ങി. സർക്കാർ ഭവനനിർമാണപദ്ധതികൾ നടപ്പാക്കി. ചെറ്റപ്പുരയിൽ നിന്നും കല്ലുകെട്ടി ഓടുമേഞ്ഞ് ഭവനങ്ങൾ തൊഴിലാളിക്ക് സ്വന്തമായി കുട്ടികളുടെ വിദ്യാഭ്യാസം ഉദാരമാക്കുകയും സഹായിക്കുവാൻ പദ്ധതികൾ രൂപപ്പെടുത്തുകയും ചെയ്തുതുടങ്ങിയതോടെ ഈ സമൂഹത്തിൽ പ്രതീക്ഷകൾ നാമ്പിടുകയാണ്. അപ്പോൾ പോലും തങ്ങളുടെ ഉപജീവനത്തിനുള്ള തൊഴിൽ നിലനിർത്താൻ കഴിയുമോ എന്ന മത്സ്യത്തൊഴിലാളിയുടെ ആശങ്കക്ക് മറുപടിയില്ലാത്ത അവസ്ഥ തുടരുകയാണ്.

ജൂൺ, ജൂലൈ,ആഗസ്റ്റ് മാസങ്ങളിൽ കടൽ ക്ഷോഭത്തിൻെറ നാളുകളാണ്. പ്രശ്നസങ്കീർണതയേറുന്ന ഈ സമയത്ത് ദാരിദ്ര്യം, തൊഴിലില്ലായ്മ, പാർപ്പിടപ്രശ്നം, കടലാക്രമണം, സഞ്ചാരപ്രശ്നം ഇവകൾ സാമൂഹ്യ ഗതിക്രമങ്ങളെ അടിമുടി തെറ്റിക്കുന്നു. നമ്മുടെ പഞ്ചായത്തുമേഖലയിൽ ചാകര എന്ന പ്രതിഭാസം തുടർച്ചയായി അനുഭവപ്പെടുന്നു എന്നത് ഒരളവോളം പ്രശ്നസങ്കീർണതകളിൽ നിന്നും പൊതുസംരംഭങ്ങളെ രക്ഷപ്പെടുത്തുകയാണ്. ജോലിയെടുത്താൽ കൂലികിട്ടും എന്ന് ഉറപ്പില,. എങ്കിൽപോലും കടൽ ക്ഷോഭത്തിലും ചാകരയിലും പ്രകൃതി താളംതെറ്റും എന്ന് ബോധ്യപ്പെടാത്ത സമയത്തും മത്സ്യത്തൊഴിലാളി പണിയെടുക്കാൻ ബാധ്യസ്ഥനാകുന്ന സാഹചര്യമാണ് ഇന്നിവിടെയുള്ളത്. വാർത്താമാധ്യമങ്ങളിലൂടെ കാലാവസ്ഥാ മുന്നറിയിപ്പുകൾ നടത്താറുണ്ട് എന്നാലും അത് മത്സ്യത്തൊഴിലാളികളിൽ

## വിപണനരംഗം

| ഇനം | ബന്ധനപ്പെട്ടവരുടെ എണ്ണം |
|---|---|
| മത്സ്യച്ചുവട് | 68 |
| സംസ്കരണം | 55 |
| ചെറുകച്ചവടം | 44 |
| തരകൻമാർ | 25 |
| ഏജൻറുമാർ | 6 |

| ഇനം | എണ്ണം | എൻജിൻഎണ്ണം | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| കോരുവള്ളംവല | 22 | 66 | 1110 |
| ഡിസ്കോ | 45 | 90 | 900 |
| ഒഴുക്കുവല | 60 | 60 | 420 |
| മിനി | 12 | 12 | 48 |
| ചെറിയചൂണ്ട | 41 | 41 | 205 |
| ഫൈബർഗ്ളാസ്സ് | 12 | 12 | 48 |
| വേപ്പുചൂണ്ട | 3 | 6 | 21 |
| ആഴക്കടൽ | 9 | ബോട്ട് | 45 |

എത്താറില്ല. മാതാപിതാക്കളെ,, സഹോദരീ സഹോദരൻമാരെ ഭാര്യയും കുട്ടികളും അടങ്ങുന്ന തൻെറ വിപുലമായ കുടുംബത്തെ പോറ്റാൻ കാലാവസ്ഥ അവഗണിച്ചുകൊണ്ട് മത്സ്യബന്ധനത്തിന് പുറപ്പെടുക സാധാരണമാണ്. ഈ കുരിശും പേറി നടുക്കടലിൽ ചെന്ന് ഒരു വലകോരിനിൽക്കുമ്പോൾ ആയിരിക്കും കൊടുങ്കാറ്റിൻെറയും, പേമാരിയുടേയും താണ്ഡവം നടക്കുക. കടലമ്മ ഇളകി വശാകുന്നു. വഞ്ചിമുങ്ങുന്നു. മത്സ്യത്തൊഴിലാളി കടലിൻെറ അഗാധതയിൽ വിലയം പ്രാപിക്കുകയായി. ലക്ഷ്യം തെറ്റിയോടുന്ന യന്ത്രവൽകൃതനൗകകളും അടയാളങ്ങൾ നൽകി അപകടങ്ങളൊഴിവാക്കാൻ കഴിയാത്ത നിസ്സഹായാവസ്ഥയിൽ വിധിയുടെ ബലിമൃഗങ്ങളായിത്തന്നെ മത്സ്യത്തൊഴിലാളി ഇന്നും തൊഴിലെടുക്കുകയാണ്. 1978ൽ കാട്ടൂരിൽ നിന്നും മത്സ്യബന്ധനത്തിനു പോയ ജോസ്സ് തെക്കേപാലക്കൽ 1985ൽ പണിക്കുപോയ ബൗസ്സീഞ്ഞ മേടാരത്ത്, രവീന്ദ്രൻ കുറ്റിക്കൽ, മൈക്കിൾ, പള്ളിപ്പറമ്പിൽ, ശ്രീനിവാസൻ വല്യാറ തുടങ്ങിയവരും 1992ൽ ചെട്ടിക്കാട്ടിൽ നിന്നും മത്സ്യ ബന്ധനത്തിനുപോയ വർഗീസ് അഞ്ചുതൈയിൽ, അദ്ദേഹത്തിൻെറ മകൻ ബനഡിക്ട് ബെന്നി, അഞ്ചുതൈയിൽ ചീർലോസ് എന്നിവരും 1996ൽ മത്സ്യബന്ധനത്തിനു പോയ ശ്രീ. സി.ജെ. സെബാസ്റ്റ്യൻ ചാരങ്കാട്ട്, കെ.കെ. ബെഞ്ചമിൻ കൊച്ചിക്കാരൻ വീട്, ജയിംസ് പൊന്നുംപുരക്കൽ, ജേക്കബ് അഞ്ചുതൈയിൽ, കൊച്ചാണ്ടി കുന്നേൽ തുടങ്ങിയവർ വിധിയുടെ വെറും ബലിയാടുകളാണോ ? ബോട്ടിടിച്ചോ, കപ്പലിടിച്ചോ, ഒഴിക്കിൽപെട്ടോ ആയിരിക്കും വർഷങ്ങളായിട്ടും ഇവർ കരയണയാത്തത്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അവരെ അന്വേഷിച്ചുള്ള ഈ കാത്തിരിപ്പ് അനന്തമായിരിക്കണമെന്നാണോ? അതു സംബന്ധിച്ച് ജഡം കിട്ടിയാലേ തീരുമാനമെടുക്കാൻ കഴിയൂ എന്ന പല്ലവി അവസാനിക്കണം. കൂട്ടുതൊഴിലാളികളുടെ സാക്ഷ്യത്തിൻെറ അടിസ്ഥാനത്തിലോ ആഴ-തീരക്കടൽ കാലാവസ്ഥയുടെ അടിസ്ഥാനത്തിലോ തീരുമാനമെടുക്കാൻ നിലവിലുള്ള നിയമ ഭേദഗതി ഉണ്ടാവണം. പ്രഖ്യാപിതാശ്വാസത്തിൻെറ നിർണായക ഭാഗം സന്തപ്തകുടുംബങ്ങളെ എൽപിച്ച് സഹായിക്കുവാൻ കഴിയണം. അപകടരഹിതമായി ആരെയും, ശല്യപ്പെടുത്താതെ ദേശീയ സമ്പത്ത് വാരിത്തരുന്ന തൻെറ തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നതിന് മതിയായ സൗകര്യം ഏർപ്പെടുത്തുന്നതിന്, പ്രകൃതിയോടൊപ്പം ബന്ധപ്പെട്ട വികസന ഏജൻസികളും യോജിച്ചാൽ ജൂൺ ജൂലൈ മാസങ്ങളിലെ ചാകര പോലെ സമൃദ്ധിയുള്ള ഒരു നാടിന് ഇവിടെ തറക്കല്ലിടാനാവും.

ചാകര എന്നത് അത്യപൂർവ്വമായ പ്രകൃതിയുടെ ഒരു പ്രതിഭാസമാണ്. ആഫ്രിക്കൻ ഭൂഖണ്ഡത്തിൽ ഫ്രഞ്ചഗയാനാ എന്ന തീരത്തും അറേബ്യൻ കടലിലെ ആലപ്പുഴ കടൽത്തീരത്തുമാണ് ചാകര ദൃശ്യമാകാറുള്ളത്. ഇപ്പോൾ എകദേശം 10 വർഷമായി നമ്മുടെ പഞ്ചായത്ത് ഉൾക്കൊള്ളുന്ന എഴുകിലോമീറ്റർ കടൽത്തീരത്ത് ചാകര ലഭിക്കാറുണ്ട്. 'കടപ്പുറത്തിന് ഉത്സവമാണ് ചാകര' എന്ന വിശേഷണം കൊണ്ട് തന്നെ മത്സ്യത്തൊഴിലാളിയുടെ ജീവിതവും ചാകരയും തമ്മിലുള്ള ബന്ധം സുവിദിതമാണ്. എങ്കിൽ പോലും പ്രശ്നാധിഷ്ഠിതമായ ഈ സമൂഹത്തിൻെറ സമഗ്ര പുരോഗതിക്ക് ആവശ്യമായ ഘടകങ്ങൾ ശാസ്ത്രീയമായി കോർത്തിണക്കേണ്ടിയിരിക്കുന്നു. അതിന് സഹായിക്കുന്ന ഒരു ചുവട്‌വയ്പായി ചർച്ച ചെയ്യപ്പെട്ടിട്ടുള്ള പ്രശ്നങ്ങളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

**പ്രശ്നങ്ങൾ**

1. പരമ്പരാഗതമായി ലഭിച്ചുകൊണ്ടിരുന്ന മത്സ്യങ്ങൾ ലഭിക്കുന്നില്ല.

2. പരമ്പരാഗതമായി ഉപയോഗിച്ചിരുന്ന ചെലവ് കുറഞ്ഞ ചിലയിനം മത്സ്യബന്ധനോപകരണങ്ങൾ മത്സ്യ

**കടൽമത്സ്യബന്ധനം ട്രോളിംഗ്നിരോധനവുമായി ബന്ധപ്പെടുത്തി (ലക്ഷം ടണ്ണിൽ)**

| | | |
|---|---|---|
| 1965 | 3.35 | |
| 1970 | 3.30 | |
| 1973 | 4.45 | |
| 1979 | 3.31 | |
| 1981 | 2.74 | |
| 1983 | 3.26 | |
| 1987 | 3.03 | |
| 1988 | 4.69 | നിരോധനംഭാഗികം |
| 1989 | 6.47 | നിരോധനം പൂർണം |

**കേരളത്തിലെ സമുദ്രമത്സ്യ ഉല്പാദനം ആനുപാതികമായി - മേഖലതിരിച്ച്**

| വർഷം | പരമ്പരാഗതം | ശതമാനം | യന്ത്രവത്കൃതം | ശതമാനം | മൊത്തം |
|---|---|---|---|---|---|
| 1969 | 2,66,670 | 90 | 28,117 | 10 | 2,94,787 |
| 1970 | 3,40,309 | 87, | 52,317 | 13 | 3,92,280 |
| 1973 | 3,54,610 | 79 | 93,657 | 21 | 4,48,269 |
| 1975 | 2,40,725 | 57 | 1,18,011 | 43 | 4,26,836 |
| 1977 | 2,37,613 | 67 | 1,07,424 | 33 | 3,45,037 |
| 1980 | 1,44,238 | 52 | 1,35,305 | 48 | 2,79,543 |
| 1982 | 1,77,127 | 54 | 1,48,240 | 46 | 3,25,367 |
| 1985 | 2,18,230 | 66 | 1,44,273 | 34 | 3,32,503 |

ദൗർബല്യം മൂലം ഉപയോഗിക്കാൻ കഴിയാതെ വരുന്നു. (തെരണ്ടിവല, പാച്ചിവല, നോനവല, ടാണവല)

3. ടീൻകാലങ്ങളിലെ പോലെ വള്ളങ്ങൾ പഴകുന്നില്ല.

4. വള്ളം നിർമ്മാണത്തിനാവശ്യമായ ആഞ്ഞിലി,തമ്പകം എന്നീ തടികളുടെ ലഭ്യതക്കുറവ്, വിലകൂടുതലും.

5. നൈലോൺവലയുടെ ലഭ്യതയില്ലായ്മ.

6. വലയുടെ അമിതമായ വില വർദ്ധനവും, ഗുണ നിലവാരമില്ലായ്മയും.

7. തൊഴിലുപകരണങ്ങൾക്ക് ആവശ്യത്തിനും, സമയത്തും വായ്പ ലഭിക്കുന്നില്ല.

8. ഉപയോഗ്യശൂന്യമായ എൻജിനുകളുടെ മണ്ണെണ്ണ പെർമിറ്റ് റദ്ദാക്കുന്നില്ല.

9. അനധികൃതമായ മണ്ണെണ്ണ പെർമിറ്റുകളുടെ കൈമാറ്റം.

10. സ്പെയർപാർട്ടുകൾ ആവശ്യാനുസരണം കിട്ടുന്നില്ല.

11. ഘർഷണരഹിതമായ വിധത്തിൽ ഭാരം കയറ്റിയ വള്ളങ്ങൾ അടുക്കുന്നതിന് സൗകര്യപ്രദമായ ലാൻഡിംഗ് സെൻറർ ഇല്ല.

12. മത്സ്യോത്പന്നങ്ങൾക്ക് നിശ്ചിതവില ലഭിക്കാതെ വരുന്നത്.

13. മത്സ്യവിപണത്തിനാവശ്യമായ ഗതാഗത സൗകര്യക്കുറവ്.

14. രാത്രികാല മത്സ്യബന്ധനത്തിന് പോകുന്ന തൊഴിലാളികൾക്ക് കരയറിയാനും ദിക്കറിയാനുമുള്ള സംവിധാനം ഇല്ലാത്ത സ്ഥിതി.

15. കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ തൃപ്തികരമല്ലാത്ത അവസ്ഥ.

16. ശുദ്ധജലം ലഭ്യമല്ലാത്ത സ്ഥിതി.

17. സ്വന്തമായി വീടില്ലാത്തവരും വാസയോഗ്യമായ വീടില്ലാത്തവരും കൂടുതലാണ്.

18. വൈദ്യുതികരിക്കാത്ത വീടുകൾ കൂടുതലാണ്.

19. ലാൻഡിംഗ് സെൻററും പ്രഥമസംസ്കരണ കേന്ദ്രവും കൂടുതൽ മലിനമാകുന്നു.

20. തലച്ചുവടായി സ്ത്രീകൾ ദീർഘദൂരം മത്സ്യം ചുമന്ന് വില്ക്കുന്നു.

21. ആരോഗ്യപ്രശ്നം സൃഷ്ടിക്കുന്ന പരിസ്ഥിതി നിലവിലുണ്ട്.

22. മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിലില്ലായ്മ രൂക്ഷമാണ്.

23. മത്സ്യസംഭരണ സംവിധാനമില്ല.

24. വിപണനത്തിൽ ഇടത്തട്ടുകാരുടെ ചൂഷണം കഠിനമാണ്.

25. ഫിഷറീസ് ടെക്നിക്കൽ സ്ക്കൂളിൻെറ പ്രവർത്തനം തൃപ്തികരമല്ല.

26. വിവിധതൊഴിലുകളിലേക്ക് മത്സ്യത്തൊഴിലാളി പിൻമുറക്കാർ ആകർഷിക്കപ്പെടുന്നില്ല.

27. മത്സ്യഫെഡിൻെറ പ്രവർത്തനത്തിൽ സുതാര്യതയും ജനപങ്കാളിത്തവും ഇല്ല.

28. ക്ഷേമപ്രവർത്തനം തൃപ്തികരമല്ല.

29. കടലപകടങ്ങളിൽ തെരച്ചിലിന് പരിചയ സമ്പന്നരല്ലാത്തവരെ ചുമതലപ്പെടുത്തുന്നു.

30. പരമ്പരാഗത മത്സ്യബന്ധനത്തിന് ദൂരപരിധി നിർണയിച്ചിട്ടുള്ള അടയാളങ്ങൾ ഇല്ല.

31. ടി. മേഖലയിൽ അന്യായപലിശക്കരുടെ ആധിക്യം കൂടുതലാണ്.

32. ആകെ മുതൽ മുടക്കിൽ ഗവൺമെൻറ് ധനസഹായത്തേക്കാൾ കൂടുതൽ വരുന്ന തുക നിക്ഷേപിക്കുന്നയാൾ മൊത്തം വരുമാനത്തിൻെറ നിയന്ത്രണം നടത്തുന്നു.

33. പ്രാഥമിക സംസ്കരണ മേഖലയിൽ രാത്രി കാലങ്ങളിൽ വൈദ്യുതി ലഭ്യമല്ല.

34. തൊഴിൽ ജന്യമായ ഒരുതരം ത്വക്ക്രോഗം ചെറിയൊരു ശതമാനം മത്സ്യത്തൊഴിലാളികളിൽ കാണപ്പെടുന്നു.

35. നമ്മുടെ മത്സ്യസമ്പത്ത് നശിപ്പിക്കുന്ന വിദേശ കപ്പലുകളുടെ മത്സ്യബന്ധനാനുമതി.

സാദ്ധ്യത

1. വിവിധയിനം മത്സ്യങ്ങൾ ഉണ്ടായിരുന്ന ഒരു തീരക്കടലാണ് നമുക്കുള്ളത്.

2. കൃത്രൃമ പാര് നിർമ്മിക്കാൻ പരിശീലനം ലഭിച്ചി ട്ടുള്ള നൂറിലധികം തൊഴിലാളികൾ നിലവിലുണ്ട്.

3. പരമ്പരാഗത തൊഴിലുപകരണങ്ങൾ നിലവിലുണ്ട്. (കമ്പാവല, നോനാവല, തെരണ്ടിവല......)

4. കുറഞ്ഞ വിലയ്ക്ക് ഫോറസ്റ്റ് ഡിപ്പോകളിൽ നിന്നും ആഞ്ഞിലി, തമ്പകം, തുടങ്ങിയ തടികൾ ലഭ്യമാണ്.

5. സാമ്പത്തിക സഹായം നൽകുന്ന ബാങ്കുകളും സഹകരണസംഘങ്ങളും നിലവിലുണ്ട്.

6. പെർമിറ്റുകൾ നിയന്ത്രിക്കുന്ന മതിയായ അധികാരമുള്ള സ്ഥാപനങ്ങൾ ഉണ്ട്.

7. സാമാന്യേന ഇടത്തരം കടൽത്തിരമാലകളാണ് ഈ തീരക്കടലിൽ ഉള്ളത്.

8. റോഡ് തകർന്ന നിലയിലുണ്ട്.

9. തീരങ്ങളിൽ വരെ വൈദ്യുതി സൗകര്യവും വടക്കുനോക്കി യന്ത്രം വിതരണം ചെയ്യുന്ന സഹകരണ സംഘവും ഉണ്ട്.

10. സംഭരണ ശേഷിയുള്ള വാട്ടർടാങ്ക് നിലവിലുണ്ട്.

11. റോഡ് പുനർനിർമ്മാണത്തിന് ജനപങ്കാളിത്തം ലഭിക്കും.

12. വിലക്കു വാങ്ങുന്നതിന് ഭൂമിയുണ്ട്. ഭവന നിർമ്മാണത്തിന് ഗുണഭോക്തൃവിഹിതം ലഭിക്കും.

13. പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിലും വൈദ്യുതി എത്തിയിട്ടുണ്ട്.

14. വിവിധ തൊഴിലുകളിൽ പരിശീലനം കൊടുക്കുന്ന കേന്ദ്രവും പരിശീലനം നേടിയ വനിതകളും ഉണ്ട്. (Trysem)

15. ബോധവൽക്കരണ പ്രവർത്തനം മതിയായ നിലയിൽ നടത്തണം.

16. തെരച്ചിലിന് പരമ്പരാഗതമായി പരിചയം ഉള്ളവർ ഉണ്ട്.

17. വള്ളം നിർമ്മാണത്തിന് സഹായം കൊടുക്കാൻ കഴിയുന്നതും മത്സ്യത്തൊഴിലാളി സ്ത്രീകളെ സഹായിക്കാൻ കഴിയുന്നതുമായ സാമ്പത്തിക സ്ഥാപനങ്ങൾ നിലവിലുണ്ട്.

18. പത്ത് കിലോമീറ്ററിനുള്ളിൽ ഫിഷറീസ് സ്ക്കൂൾ ഉണ്ട്.

19. അറ്റകുറ്റപ്പണികൾ പഠിപ്പിക്കുന്നതിന് ഫിഷറീസ് സ്ക്കൂളിൽ വിദഗ്ധൻമാരും ഉപകരണങ്ങളും ഉണ്ട്.

20. സ്വകാര്യ വർക്ക്ഷോപ്പുകൾ ഉണ്ട്.

നിർദ്ദേശങ്ങൾ

1. ട്രോളിംഗ് മിനിട്രോളിംഗ് എന്നിവ മൂലം മത്സ്യങ്ങളെ ആകർഷിട്ടുകൊണ്ടിരുന്ന പുറ്റുകൾ അപ്രത്യക്ഷമായി. അതുമൂലം പരമ്പരാഗതമായി ലഭിച്ചുകൊണ്ടിരുന്ന മത്സ്യങ്ങൾ ലഭിക്കാതെയായി. ചെലവ് കുറഞ്ഞ പരമ്പരാഗത തൊഴിലുപകരണങ്ങൾ ഉപയോഗിക്കാൻ കഴിയാതെയായി. മത്സ്യത്തിൻെറ വംശനാശത്തെ ക്കുറിച്ചുള്ള ബോധവൽക്കരണം നടത്തുന്നതോടൊപ്പം ചാകരസ്സമയത്തുള്ള തീരക്കട ലാങ്കറിംഗ് നിരുൽസാഹപ്പെടുത്തേണ്ടതുമാണ്. ആങ്കറിംഗ് പൂർണ്ണമായും ബ്രേക്ക്വാട്ടർ സൗകര്യത്തിൽ ആക്കേണ്ടതാണ്. കൃത്യമ പാരുകൾ സ്ഥാപിക്കുക. ഫ്ളോട്ടിംഗ് റബ്ബർട്യൂബ് ഉപയോഗിച്ചുള്ള മത്സ്യബന്ധനപദ്ധതി ആവിഷ്കരിക്കുക. നോനാവല, കമ്പവല, എന്നിവ പുനസംഘടിപ്പിക്കാൻ സഹായം ചെയ്യുക.

2. ബ്രേക്ക് വാട്ടർ സൗകര്യം ഏർപ്പെടുത്തിയാൽ വള്ളങ്ങൾ പഴകും. ബ്രേക്ക് വാട്ടർ പദ്ധതിക്ക് പൊതുജനങ്ങളിൽ നിന്ന് സംഭാവന ലഭിക്കും.

3. വനംവകുപ്പ് ഡിപ്പോകളിൽ നിന്നും വള്ളം നിർമ്മാണത്തിന് സൗജന്യനിരക്കിൽ തടി ലഭ്യമാക്കുക.

4. വള്ളം നിർമ്മാണത്തിന് ഒരു സഹകരണസംഘം സ്ഥാപിക്കുക.

5. ഗുണമേൻമയുള്ള നൈലോൺ വലകൾ മത്സ്യഫെഡ്വഴി ആവശ്യാനുസരണം വിതരണം ചെയ്യുക. ഒരു നൈലോൺ വല നിർമ്മാണ ഫാക്ടറി പഞ്ചായത്തിൽ സ്ഥാപിക്കുക.

6. ഔട്ട്ബോർഡ് എൻജിനുകൾ സഹകരണസംഘങ്ങൾ വഴി ആവശ്യാനുസരണം വിതരണം ചെയ്യാനുള്ള പദ്ധതി ഉണ്ടാക്കണം.

7. അശാസ്ത്രീയമായി കൂടുതൽ യന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നതിനെ കുറിച്ചും അതുമൂലം സൃഷ്ടിക്കപ്പെടുന്ന പരിസ്ഥിതി പ്രശ്നങ്ങളെപ്പറ്റിയും ബോധവൽക്കരിക്കുക.

8. അനധികൃത മണ്ണെണ്ണ പെർമിറ്റുകൾ റദ്ദ് ചെയ്യുക. ഒഴുക്കുവല ഉപയോഗിക്കുന്ന വള്ളങ്ങൾക്ക് എട്ടുമാസത്തേക്കു മാത്രം പെർമിറ്റ് നൽകുക.

9. എൻജിന് കിട്ടുന്ന മണ്ണെണ്ണ ഒരു വ്യക്തിയുടേതല്ലെന്നും മത്സ്യത്തൊഴിലാളി ഗ്രൂപ്പിന് അർഹതപ്പെട്ടതാണെന്നുമുള്ള ബോധം സൃഷ്ടിക്കുക.

10. അനധികൃത മണ്ണെണ്ണ വിൽപന നിയമം മൂലം തടയുക.

11. മണ്ണെണ്ണ പെർമിറ്റിൻെറ സ്വകാര്യ ഉപയോഗവും ലാഭം ലക്ഷ്യം വച്ചുള്ള അനധികൃത കൈമാറ്റരീതിയും നടക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ സമിതി രൂപീകരിക്കുക.

12. സ്പെയർ പാർട്ടുകൾ സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുക.

13. അറ്റകുറ്റപ്പണി പരിശീലിപ്പിക്കാൻ പദ്ധതി തയ്യാറാക്കുക.

14. മത്സ്യവിൽപ്പന, സഹകരണ സംഘംവഴി നേരിട്ട് നടത്തുക.

15. മത്സ്യം കേടുകൂടാതെ ശേഖരിക്കു വാനുള്ള ആധുനിക സംവിധാനം ഉണ്ടാക്കുക.

16. മത്സ്യം കൊണ്ടുള്ള വിവിധയിനം ഭക്ഷ്യോൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണനം ചെയ്യുന്നതിന് പദ്ധതി തയ്യാറാക്കുക.

17. തീരദേശത്തെ ബീച്ചുമായി ബന്ധപ്പെട്ട എല്ലാ റോഡുകളും ഇപ്പോൾ കടൽഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട റോഡുകളും ഭാരം കയറ്റിയ വാഹനങ്ങൾ കയറിപോകുവാൻ പറ്റിയവിധം ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുക.

18. രാത്രി കാലങ്ങളിൽ കടവുകൾ അറിയുന്നതിന് സിഗ്നൽ വിളക്കുകൾ സ്ഥാപിക്കുക. ആലപ്പുഴ ലൈറ്റ്ഹൗസിൻെറ പവ്വർ വർദ്ധിപ്പിക്കുക.

19. കടൽതീരം മുഴുവൻ കടൽഭിത്തി കെട്ടി സംരക്ഷിക്കുക. കടൽഭിത്തിക്ക് പടിഞ്ഞാറ്വശമായി നൈസർഗിക തീരസംരക്ഷണത്തിന് കാറ്റാടിമരം വച്ച് പിടിപ്പിക്കുക.

20. തീരദേശത്ത് ശുദ്ധജലവിതരണം വ്യപിപ്പിക്കുക.

21. സ്വന്തമായി വീടില്ലാത്തവർക്ക് ഭവന നിർമ്മാണപദ്ധതി വിപുലീകരിക്കുക. സ്വന്തമായി ഭൂമി ഇല്ലാത്തവർക്കും വീടുവയ്ക്കാൻ ഭൂമി ജന പങ്കാളിത്തത്തോടെ വാങ്ങി വിതരണം ചെയ്യുക.

22. വൈദ്യുതി ലഭിച്ചിട്ടില്ലാത്ത മത്സ്യത്തൊഴിലാളി കുടുംബത്തിന് വൈദ്യുതി ലഭിക്കുന്നതിനുള്ള സഹായ പദ്ധതികൾക്ക് രൂപം കൊടുക്കുക.

23. മത്സ്യഫെഡിൻെറ സ്കീമുകൾ വഴിയുള്ള ഗുണ ഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഗ്രാമസഭയിൽ അവതരിപ്പിച്ച് പാസാക്കുക.

24. കടൽ അപകടങ്ങളിൽ തെരച്ചിലിന് പരിചയ സമ്പന്നരായ മത്സ്യത്തൊഴിലാളികളേയും ഉൾപ്പെടുത്തുക.

25. മത്സ്യബന്ധനത്തിന് ദൂരപരിധി നിർണ്ണയിച്ചുകൊണ്ടുള്ള അടയാളങ്ങൾ സ്ഥാപിക്കുക.

26. ആവശ്യാധിഷ്ഠിത വായ്പ നൽകുക. സ്വകാര്യ പണമിടപാടുകാരിൽ നിന്നും മത്സ്യതൊഴിലാളികളെ മോചിപ്പിക്കാൻ പദ്ധതി ആവിഷ്കരിക്കുക.

27. പ്രാഥമിക സംസ്കരണ മേഖലയിൽ വൈദ്യുതി എത്തിക്കുക.

28. മത്സ്യതൊഴിലാളികളുടെ സമഗ്ര ആരോഗ്യപദ്ധതി ആവിഷ്കരിക്കുക.

29. മുത്ത്ച്ചിപ്പി കൃഷി നടപ്പാക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

30. ഫിഷറീസ് സ്കൂളിൻെറ ഗുണനിലവാരം മെച്ചപ്പെടുത്തുക, നടത്തിപ്പ് കുറ്റമറ്റതാക്കുക.

31. ഫിഷറീസ് സ്കൂളിലെ വർക്ക്ഷോപ്പ് വിപുലീകരിക്കുക.

32. വിദേശകപ്പലുകളുടെ മത്സ്യബന്ധന ലൈസൻസ് റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുക.

33. അന്ധകാരനഴിയിൽ സി.എം.എഫ് .ആർ.ഐ കൃഷിചെയ്തതു പോലെയുള്ള മസൽ കൃഷിയുടെ സാദ്ധ്യത കളെക്കുറിച്ച് ഗവേഷണം നടത്തുക.

## മത്സ്യബന്ധനം

### ബി. ഉൾനാടൻ മത്സ്യകൃഷി

1683 ഹെക്ടർ (4157.01 ഏക്കർ) വിസ്തീർണ്ണമുള്ള നമ്മുടെ പഞ്ചായത്ത് ജലസംഭരണശേഷിയുള്ള

ആറുപൊഴികളാലും - കോറ്റാട്ടുപാടംചാൽ, പയറ്റു കുളം,കുളമാക്കികുളം,പ്രീതികുളങ്ങരക്കുളം ,കേശാംകുളം തുടങ്ങിയ പൊതുകുളങ്ങളാലും അഞ്ചു സെൻറുമുതൽ പത്തു സെൻറുവരെ വിസ്തീർണ്ണമുള്ള ക്ഷേത്രക്കുളങ്ങളാലും അനേകം ചെറുകുളങ്ങളാലും സമ്പുഷ്ടമാണ്.

ഈ ജലസ്രോതസ്സുകളിൽ ഒട്ടനവധി ശുദ്ധജല മത്സ്യങ്ങൾ പ്രത്യേകിച്ച് പരിചരണമൊന്നും കൂടാതെ വളർന്നിരുന്നു. അതിൽ പ്രധാനമായ വരാൽ, കാളാഞ്ചി,മുഷി,കാരി,തിലാപ്പിയ,പള്ളത്തി,പരലുകൾ, ഉറക്കംതൂങ്ങി, കരികണ്ണി, പൂളാൻ, കോലാ, ആരാൻ, ആമ, തവള, ഈൽമത്സ്യം, കൊഞ്ച് എന്നിവയായിരുന്നു.

| ഇനം | എണ്ണം | വിസ്തീർണ്ണം |
|---|---|---|
| പൊതുക്കുളം | 5 | 143സെൻറ് |
| ക്ഷേത്രക്കുളം | 9 | 137സെൻറ് |
| 5മുതൽ10വരെ | 791 | 6328സെൻറ് |
| 2മുതൽ5വരെ | 3951 | 11871 |
| 2ന് താഴെ | 7915 | 15830സെൻറ് |
| പൊഴികൾ | 6 | 300 ഏക്കർ |

ഇടവമാസത്തിലെ ഊത്തവരവോടെയാണ് ശുദ്ധജലമത്സ്യബന്ധനത്തിന് ആവേശപൂർണ്ണമായ തുടക്കം കുറിക്കുന്നത്. ഒരു സംഘടിത കൃഷിരീതി അവലംബി ക്കുന്നില്ല എങ്കിൽപോലും ഓരോ പ്രദേശത്തെയും ചാലുകളിലെയും കുളങ്ങളിലെയും മത്സ്യശ്രോതസ്സിനെ വിദഗ്ദമായി തിരിച്ചറിഞ്ഞിട്ടുള്ള കൗശലക്കർ നാട്ടിൻ പുറങ്ങളിൽ ഉണ്ടായിരുന്നു. ഒരു നാടൻ വേട്ടക്കാരൻെറ എല്ലാ സൂക്ഷ്മതയോടെയും മത്സ്യം പിടിച്ചിരുന്ന ദിവംഗതനായ ശ്രി.കെ.എം.തങ്കപ്പൻ മാപ്പിളപ്പറമ്പിൽ ഒരിക്കൽ പോലും ശുദ്ധജലമത്സ്യം ഭക്ഷണമായി ഉപയോഗിച്ചിരുന്നില്ല എന്നതും ഒരു കൗതുകമാണ്.

വലനീട്ടിയും, കൊരുട്ടവലനീട്ടിയും വട്ടവലവച്ചും കൂടുവച്ചും, ഒറ്റിയും, തെറ്റാൽ ഉപയോഗിച്ചും ചൂണ്ടയിട്ടും മത്സ്യം പിടിക്കുന്നത് ഒരു കാലയളവിൽ (ഡിസംബർ മുതൽ ഏപ്രിൽ വരെ) സർവ്വസാധാരണമായിരുന്നു. മത്സ്യം ആഹാരത്തിൻെറ പ്രധാന ഭാഗമാക്കിയ നമുക്ക് കടൽമത്സ്യം ദൗർലഭ്യം അനുഭവപ്പെടുന്ന കാലയളവാ ണിത്. പരമ്പരാഗത ശ്രോതസ്സുകൾ വിവിധകാരണങ്ങളാൽ നഷ്ടപ്പെടാൻ തുടങ്ങുകയും മത്സ്യരോഗം വ്യാപകമായ തോടെയും, കറണ്ടുപയോഗിച്ചുള്ള മത്സ്യബന്ധനവും, വംശനാശം വരുത്തുകയും ആവാസയോഗ്യത നഷ്ടപ്പെടു ത്തുകയും ചെയ്യുന്നു. അതിൻെറ അടിസ്ഥാനത്തിൽ ചർച്ചചെയ്യപ്പെട്ടിട്ടുള്ള പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളുമാണ് ചുവടെ ചേർക്കുന്നത്.

പ്രശ്നങ്ങൾ

1. നീർവാഴ്ച കുടുതലാണ്.
2. കുളങ്ങൾ വെട്ടി ആഴം വർദ്ധിപ്പിക്കുന്നില്ല.
3. കുളങ്ങളിലും തോടുകളിലും തൊണ്ടൊഴിക്കൽ വ്യാപകമാണ്.
4. മത്സ്യരോഗം പരക്കെയുണ്ട്.
5. ഓരിൻെറ സാന്ദ്രത പൊഴിമുഖത്ത് കൂടുതലാണ്.
6. ആവശ്യമായ മേൽത്തരം വിത്ത് ലഭ്യമല്ല.
7. മത്സ്യകൃഷിയിൽ പരിശീലനം ലഭിച്ചവരുടെ അഭാവം.
8. ഞണ്ട്,ചെമ്മീൻ കൃഷിക്കാർ ഇല്ല.
9. വൈദ്യുതി ഉപയോഗിച്ചുള്ള അനധികൃത മത്സ്യബന്ധനം ആവാസവ്യവസ്ഥ തകർക്കുന്നു.
10. കണ്ടൽകാട് നശിച്ചു.

സാദ്ധ്യത

1. ആറുപ്രധാനപൊഴികളും അവയ്ക്കുള്ള കൈവഴികളും വേനൽക്കാലത്തും ഒരു മീറ്റർ എങ്കിലും വെള്ളം കെട്ടി നിർത്താൻ കഴിയുന്ന കുളങ്ങളും ചാലുകളും ഉണ്ട്.

2. പൊഴിമൂഖങ്ങളിൽ ഉപ്പുരസം ഉണ്ട്.

3. ചെമ്മീൻ പൊടിപ്പും ഞണ്ടും പൊഴിമുഖത്ത് കാണപ്പെടുന്നു.

നിർദ്ദേശങ്ങൾ

1. നീർവാഴ്ച തടയുന്നതിന് പൊഴിയിൽ വി.സി.ബി.(Vented cross Bar) നിർമ്മിക്കുക.

2. പൊഴിമുഖം വിട്ട് 50 മീറ്ററിൽ വിയറുകൾ നിർമ്മിക്കുക.

3. കുളം വെട്ടി ആഴം വർദ്ധിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കുക.

4. കുളത്തിലും തോടുകളിലും തൊണ്ടഴുക്കുന്നതിനു പകരം കയർ ഗവേഷണകേന്ദ്രത്തിൻെറ തൊണ്ടഴുക്കൽ സംവിധാനം വ്യാപകമായി പ്രചരിപ്പിക്കുക.

5. ചെമ്മീൻ,ഞണ്ട് തുടങ്ങിയ ഓരു ജലമത്സ്യകൃഷി ആരംഭിക്കാൻ പദ്ധതി തയ്യാറാക്കുക.

6. മത്സ്യരോഗം തടയുന്നതിന് പദ്ധതികൾ തയ്യാറാക്കുക.

7. ആവശ്യമായ മത്സ്യവിത്തുകൾ വിതരണം ചെയ്യുക.

8. വൈദ്യുതി ഉപയോഗിച്ചുള്ള മത്സ്യബന്ധനം തടയുന്നതിന് കർശ്ശന നടപടി സ്വീകരിക്കുകയും ഇതിനെ ലാക്കാക്കി വിജിലൻസ് സ്ക്വാഡുകൾ രൂപീകരിക്കുക.

ആറുപൊഴികളാലും - കോറ്റാട്ടുപാടംചാൽ, പയറ്റുകുളം,കുളമാക്കികുളം,പ്രീതികുളങ്ങരക്കുളം ,കേശാംകുളം തുടങ്ങിയ പൊതുകുളങ്ങളാലും അഞ്ചു സെൻറുമുതൽ പത്തു സെൻറുവരെ വിസ്തീർണ്ണമുള്ള ക്ഷേത്രക്കുളങ്ങളാലും അനേകം ചെറുകുളങ്ങളാലും സമ്പുഷ്ടമാണ്.

ഈ ജലസ്രോതസ്സുകളിൽ ഒട്ടനവധി ശുദ്ധജല മത്സ്യങ്ങൾ പ്രത്യേകിച്ച് പരിചരണമൊന്നും കൂടാതെ വളർന്നിരുന്നു. അതിൽ പ്രധാനമായ വരാൽ, കാളാഞ്ചി,മുഷി,കാരി,തിലാപ്പിയ,പള്ളത്തി,പരലുകൾ, ഉറക്കംതൂങ്ങി, കരികണ്ണി, പൂളാൻ, കോലാ, ആരാൻ, ആമ, തവള, ഈൽമത്സ്യം, കൊഞ്ച് എന്നിവയായിരുന്നു.

| ഇനം | എണ്ണം | വിസ്തീർണ്ണം |
|---|---|---|
| പൊതുക്കുളം | 5 | 143സെൻറ് |
| ക്ഷേത്രക്കുളം | 9 | 137സെൻറ് |
| 5മുതൽ10വരെ | 791 | 6328സെൻറ് |
| 2മുതൽ5വരെ | 3951 | 11871 |
| 2ന് താഴെ | 7915 | 15830സെൻറ് |
| പൊഴികൾ | 6 | 300 ഏക്കർ |

ഇടവമാസത്തിലെ ഊത്തവരവോടെയാണ് ശുദ്ധജലമത്സ്യബന്ധനത്തിന് ആവേശപൂർണ്ണമായ തുടക്കം കുറിക്കുന്നത്. ഒരു സംഘടിത കൃഷിരീതി അവലംബിക്കുന്നില്ല എങ്കിൽപോലും ഓരോ പ്രദേശത്തെയും ചാലുകളിലെയും കുളങ്ങളിലെയും മത്സ്യശ്രോതസ്സിനെ വിദഗ്ദമായി തിരിച്ചറിഞ്ഞിട്ടുള്ള കൗശലക്കർ നാട്ടിൻപുറങ്ങളിൽ ഉണ്ടായിരുന്നു. ഒരു നാടൻ വേട്ടക്കാരൻെറ എല്ലാ സൂക്ഷ്മതയോടെയും മത്സ്യം പിടിച്ചിരുന്ന ദിവംഗതനായ ശ്രി.കെ.എം.തങ്കപ്പൻ മാപ്പിളപ്പറമ്പിൽ ഒരിക്കൽ പോലും ശുദ്ധജലമത്സ്യം ഭക്ഷണമായി ഉപയോഗിച്ചിരുന്നില്ല എന്നതും ഒരു കൗതുകമാണ്.

വലനീട്ടിയും, കൊരുട്ടവലനിട്ടിയും വട്ടവലവച്ചും കൂടുവച്ചും, ഒറ്റിയും, തെറ്റാൽ ഉപയോഗിച്ചും ചൂണ്ടയിട്ടും മത്സ്യം പിടിക്കുന്നത് ഒരു കാലയളവിൽ (ഡിസംബർ മുതൽ ഏപ്രിൽ വരെ) സർവ്വസാധാരണമായിരുന്നു. മത്സ്യം ആഹാരത്തിൻെറ പ്രധാന ഭാഗമാക്കിയ നമുക്ക് കടൽമത്സ്യം ദൗർലഭ്യം അനുഭവപ്പെടുന്ന കാലയളവാണിത്. പരമ്പരാഗത ശ്രോതസ്സുകൾ വിവിധകാരണങ്ങളാൽ നഷ്ടപ്പെടാൻ തുടങ്ങുകയും മത്സ്യരോഗം വ്യാപകമായതോടെയും, കറണ്ടുപയോഗിച്ചുള്ള മത്സ്യബന്ധനവും, വംശനാശം വരുത്തുകയും ആവാസയോഗ്യത നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. അതിൻെറ അടിസ്ഥാനത്തിൽ ചർച്ചചെയ്യപ്പെട്ടിട്ടുള്ള പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളുമാണ് ചുവടെ ചേർക്കുന്നത്.

പ്രശ്നങ്ങൾ

1. നീർവാഴ്ച കൂടുതലാണ്.
2. കുളങ്ങൾ വെട്ടി ആഴം വർദ്ധിപ്പിക്കുന്നില്ല.
3. കുളങ്ങളിലും തോടുകളിലും തൊണ്ടൊഴിക്കൽ വ്യാപകമാണ്.
4. മത്സ്യരോഗം പരക്കെയുണ്ട്.
5. ഓരിൻെറ സാന്ദ്രത പൊഴിമുഖത്ത് കൂടുതലാണ്.
6. ആവശ്യമായ മേൽത്തരം വിത്ത് ലഭ്യമല്ല.
7. മത്സ്യകൃഷിയിൽ പരിശീലനം ലഭിച്ചവരുടെ അഭാവം.
8. ഞണ്ട്,ചെമ്മീൻ കൃഷിക്കാർ ഇല്ല.
9. വൈദ്യുതി ഉപയോഗിച്ചുള്ള അനധികൃത മത്സ്യബന്ധനം ആവാസവ്യവസ്ഥ തകർക്കുന്നു.
10. കണ്ടൽകാട് നശിച്ചു.

സാദ്ധ്യത

1. ആറുപ്രധാനപൊഴികളും അവയ്ക്കുള്ള കൈവഴികളും വേനൽക്കാലത്തും ഒരു മീറ്റർ എങ്കിലും വെള്ളം കെട്ടി നിർത്താൻ കഴിയുന്ന കുളങ്ങളും ചാലുകളും ഉണ്ട്.

2. പൊഴിമുഖങ്ങളിൽ ഉപ്പുരസം ഉണ്ട്.

3. ചെമ്മീൻ പൊടിപ്പും ഞണ്ടും പൊഴിമുഖത്ത് കാണപ്പെടുന്നു.

നിർദ്ദേശങ്ങൾ

1. നീർവാഴ്ച തടയുന്നതിന് പൊഴിയിൽ വി.സി.ബി.(Vented cross Bar) നിർമ്മിക്കുക.

2. പൊഴിമുഖം വിട്ട് 50 മീറ്ററിൽ വിയറുകൾ നിർമ്മിക്കുക.

3. കുളം വെട്ടി ആഴം വർദ്ധിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കുക.

4. കുളത്തിലും തോടുകളിലും തൊണ്ടഴുക്കുന്നതിനു പകരം കയർ ഗവേഷണകേന്ദ്രത്തിൻെറ തൊണ്ടഴുക്കൽ സംവിധാനം വ്യാപകമായി പ്രചരിപ്പിക്കുക.

5. ചെമ്മീൻ,ഞണ്ട് തുടങ്ങിയ ഓരു ജലമത്സ്യകൃഷി ആരംഭിക്കാൻ പദ്ധതി തയ്യാറാക്കുക.

6. മത്സ്യരോഗം തടയുന്നതിന് പദ്ധതികൾ തയ്യാറാക്കുക.

7. ആവശ്യമായ മത്സ്യവിത്തുകൾ വിതരണം ചെയ്യുക.

8. വൈദ്യുതി ഉപയോഗിച്ചുള്ള മത്സ്യബന്ധനം തടയുന്നതിന് കർശ്ശന നടപടി സ്വീകരിക്കുകയും ഇതിനെലാക്കാക്കി വിജിലൻസ് സ്ക്വാഡുകൾ രൂപീകരിക്കുക.

ചെട്ടികാട് - കാട്ടൂർ മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണസംഘം ക്ലിപ്തം **F(A) 8**

8-ാം പഞ്ചവത്സരപദ്ധതിക്കാലത്ത് നടത്തിയ ക്ഷേമപ്രവർത്തനങ്ങളുടെ അവലോകനം

| വർഷം | ഗ്രൂപ്പുകളുടെ എണ്ണം | മൊത്തംസഹായം | വായ്പ | പദ്ധതിവിഹിതം |
|---|---|---|---|---|
| 1992-93 | 6 | 918816 | 728361 | 188475 |
| 93-94 | 7 | 500000 | 407500 | 92600 |
| 94-95 | 9 | 573000 | 540250 | 68750 |
| 95-96 | 3 | 164999 | 146499 | 18500 |
| 96-97 | 4 | 237830 | 178373 | 59457 |
| 5 | 29 | 2394645 | 2000983 | 427782 |

പൊള്ളെത്തൈ - ചെന്നവേലി മത്സ്യത്തൊഴിലാളി വികസനക്ഷ ക്ഷേമ സഹകരണസംഘം ക്ലിപ്തം **F(A) 7**

8-ാം പഞ്ചവത്സരപദ്ധതിക്കാലത്ത് നടത്തിയ ക്ഷേമപ്രവർത്തനങ്ങളുടെ അവലോകനം

| വർഷം | ഗ്രൂപ്പുകളുടെ എണ്ണം | മൊത്തം സഹായം | വായ്പ | പദ്ധതിവിഹിതം |
|---|---|---|---|---|
| 1992-93 | 5 | 983332 | 772871 | 210461 |
| 93-94 | 1 | 209985 | 157489 | 52496 |
| 94-95 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 95-96 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 96-97 | 2 | 123880 | 92873 | 30957 |
| 5 | 8 | 1317197 | 1023233 | 293914 |

കാട്ടൂർ മത്സ്യത്തൊഴിലാളി വികസനക്ഷ ക്ഷേമ സഹകരണസംഘം ക്ലിപ്തം **F(A) 7**

8-ാം പഞ്ചവത്സരപദ്ധതിക്കാലത്ത് നടത്തിയ ക്ഷേമപ്രവർത്തനങ്ങളുടെ അവലോകനം

1996-97ൽ നൽകിയ എൻജിനുകൾ - 3

സ്വയംതൊഴിൽ പദ്ധതിയനുസരിച്ച് വനിതകൾക്കുള്ള വായ്പ - 30,000

*അകംകണ്ണുതുറപ്പിയ്ക്കാൻ*
*ആശാൻ ബാല്യത്തിലെത്തണം.*

# വിദ്യാഭ്യാസം

തുറന്ന മനസ്സും തെളിഞ്ഞ മസ്തിഷ്കവും, സൂക്ഷ്മഗ്രാഹികളായ ഇന്ദ്രിയങ്ങളുമായി വിദ്യാലയ ത്തിലെത്തുന്ന കുട്ടിയെ അഭിലഷണീയമായ ആകൃതിയും, പ്രകൃതിയും ആക്കിത്തീർക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ഒരു വ്യക്തി എപ്രകാരം ആയിരിക്കണമെന്ന് സമൂഹത്തിന് ഒരു സങ്കൽപം ഉണ്ട്. ആ സങ്കൽപ്പം യാഥാർത്ഥ്യവൽക്കരിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നത് വിദ്യാലയമാണ്. സാമൂഹ്യബോധവും സദാചാരനിഷ്ഠയുമുള്ള പൗരനെ വാർത്തെടുക്കുകയാണ് വിദ്യാലയത്തിന്റെ ദൗത്യം. വിശാലഹൃദയരായ മനുഷ്യരുടെ സൃഷ്ടിയാണ് വിദ്യാലയങ്ങളിൽ നടക്കേണ്ടത്. ചുറ്റുപാടുകളിൽ നിന്നും വേണ്ടവയെകൊള്ളാനും, വേണ്ടാത്തവയെ തള്ളാനും, വേണ്ടുന്ന വിവേചന ക്ഷമത വിദ്യാഭ്യാസത്തിൽ നിന്നാണ് ലഭിക്കേണ്ടത്.

നമ്മുടെ നാട്ടിൽ വിദ്യാലയങ്ങൾ ഏറെയുണ്ടെങ്കിലും വിദ്യാഭ്യാസപ്രവർത്തനം അനുസ്യൂതം തുടരുന്നുണ്ടെങ്കിലും വിദ്യാർത്ഥി വർഗ്ഗത്തിന്റെ സ്വഭാവരൂപീകരണം ആശിക്കും വിധം സാധിതമാവുന്നില്ലയെന്നാണ് പല പഠനങ്ങളും തെളിയിക്കുന്നത്. വിദ്യാർത്ഥികളിലെ ലക്ഷ്യബോധമില്ലായ്മയാണ് ഇതിനു പ്രധാന കാരണം. വിദ്യാർത്ഥികളെ ലക്ഷ്യബോധമുള്ളവരാക്കുന്നതിന് കരിക്കുലത്തിന്റെ പരിവർത്തനം അനിവാര്യമാണ്. കരിക്കുലത്തിൽ ഇന്നു നിലനിൽക്കുന്ന അവസ്ഥയിൽ നിന്നും വ്യത്യസ്ഥമായി തൊഴിലിന് പരമമായ പ്രാധാന്യം ലഭിക്കണം.

സ്ക്കൂൾ വി  ്യാസം പൂർത്തിയാക്കുന്ന ഒരു കുട്ടിക്ക് അവന്റെ  ിവിതായോധനത്തിനുള്ള മാർഗ്ഗം തെളിഞ്ഞിരിക്കണം. അതായത് ജീവിക്കാനുള്ള പഠനം വിദ്യാലയങ്ങളിൽ നടക്കണം. അങ്ങനെ വരികയാണെങ്കിൽ വിദ്യാഭ്യാസം ഗൗരവബുദ്ധിയോടെ കൈകാര്യം ചെയ്യുവാനുള്ള അ:വസരം കുട്ടികളിൽ ജനിക്കും. ഗൗരവബുദ്ധിയില്ലാത്ത ഇന്നത്തെ വിദ്യാർത്ഥിസമൂഹം എന്തിനുവേണ്ടി പഠിക്കുന്നു എന്നറിയാതെ ഇരുട്ടിൽ തപ്പുകയാണ്. എങ്ങിനെയെങ്കിലും ദിനങ്ങൾ തള്ളിനീക്കുന്നതു മാത്രമായി വിദ്യാഭ്യാസത്തെ ഭൂരിഭാഗവും ഗണിക്കുന്നു. അതിലൂടെ അനാശാസ്യപ്രവണതകളും സാമൂഹ്യവിരുദ്ധ മനോഭാവവും ജനിക്കുന്നതിനിടയാവുകയും ചെയ്യുന്നു. മറിച്ച് മുകളിൽ സൂചിപ്പിച്ചതുപോലെ തൊഴിൽ പഠനത്തിന് പ്രാധാന്യമുള്ള വിദ്യാഭ്യാസത്തിലൂടെ വ്യക്തിയും സമൂഹവും സർവോപരി രാഷ്ട്രവും പുരോഗതി പ്രാപിക്കുന്നതിനിടയാകുന്നു. ജീവിതത്തിനുവേണ്ടിയുള്ള അറിവ് ആർജ്ജിക്കുന്നതിലൂടെ വിദ്യാർഥിയുടെ വിജ്ഞാനമണ്ഡലം. വികസിക്കുവാനും സദാചാര ബോധത്തിലൂന്നിയ സാമൂഹികാവബോധം വളരുവാനും ഉപകരിക്കും.

വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുന്നതിൽ അധ്യാപകരുടെ പങ്കും പരമപ്രധാനമാണ്. വെറും ജോലിയെന്നതിനേക്കാൾ അർപ്പണമനോഭാവത്തോടെയുള്ള പ്രവർത്തനമാണ് അധ്യാപകരിൽനിന്ന് ഉണ്ടാകേണ്ടത്. ഒരു കാലത്ത് പ്രൈവറ്റ് സ്കൂളിലെ അധ്യാപകർ ചൂഷണത്തിന് വിധേയരായിരുന്നു

എങ്കിലും കേരളത്തിലെ പ്രഥമ വിദ്യാഭ്യാസമന്ത്രിയായിരുന്ന പ്രൊ. ജോസഫ് മുണ്ടശ്ശേരിയുടെ മുൻകൈയ്യിനാൽ കൊണ്ടുവന്ന വിദ്യാഭ്യാസബില്ല് ഈ ചൂഷണത്തിന് വിരാമം കുറിച്ചു. അധ്യാപകരുടെ തൊഴിലിന് സുരക്ഷിതത്വം കൈവന്നു. അധ്യാപകരും വിദ്യാർത്ഥികളും രക്ഷാകർത്താക്കളും തമ്മിലുള്ള ബന്ധം സുദൃഢമാക്കുന്നതിലൂടെ വിദ്യാലയാന്തരീക്ഷത്തിന് മാറ്റം കുറിക്കാൻ കഴിയും. ചുരുക്കപ്പറഞ്ഞാൽ സേവനത്തുറകളിലേക്ക് കുറേ ഗുമസ്തൻമാരെ സൃഷ്ടിക്കുവാൻ ഉതകുന്ന ഇന്നത്തെ പൊതുവിദ്യാഭ്യാസം സമൂലമായ പരിവർത്തനത്തിന് വിധേയമാകണം. തൊഴിലധിഷ്ഠിതമായ പാഠ്യപദ്ധതി സംസ്ഥാനതലത്തിൽ ആവിഷ്ക്കരിച്ചു നടപ്പിലാക്കുകയാണ് ഏകപരിഹാരമാർഗ്ഗം.

പൊതുവായ ഈ ലക്ഷ്യത്തിൽ നിന്നുകൊണ്ട് മാരാരിക്കുളം തെക്കുപഞ്ചായത്തിലെ വിദ്യാഭ്യാസപ്രവർ ത്തനങ്ങളെ വിലയിരുത്തുവാനും പ്രശ്നങ്ങൾ കണ്ടെത്തുവാനും ശ്രമിക്കുന്നത് ഉചിതമായിരിക്കും. സുദീർഘമായ വിദ്യാഭ്യാസ പാരമ്പര്യമുള്ള പഞ്ചായത്താണ് നമ്മുടേത്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെത്താൻ ഗതാഗതസൗകര്യങ്ങൾ ഇല്ലാതിരുന്ന കാലത്ത് അമ്പലപ്പുഴ താലൂക്കിലെ ആദ്യബിരുദധാരികളെ സംഭാവനചെയ്തത് നമ്മുടെ പഞ്ചായത്താണെന്നത് അഭിമാനാർഹമാണ്. കുരിക്കശേരിൽ ശ്രീ. കെ.കെ. മാധവൻ, കണ്ടനാട്ട് ശ്രീ. ജോൺ എന്നിവരാണ് ആ ബിരുദധാരികൾ. വിദ്യാഭ്യാസത്തിൽ ഗവേഷണബിരുദം നേടിയിട്ടുള്ള ഡോ. സി. റോസ് ആൻറണി ഐ.സി.എം ഈ നാടിൻെറ സംഭാവനയാണ്. തമിഴ്നാട്ടിൽ പാളയംകോട്ട സെൻറ് ഇഗ്നേഷ്യസ് ട്രെയിനിംഗ് കോളേജിലെ പ്രിൻസിപ്പിളായ ഈ മഹതി ' വേൾഡ് കോൺഫ്രൻസ് ഓൺ കരിക്കുലം ആൻറ് ഇൻസ്ട്രക്ഷൻസിൻെറ ' കൺവീനറാണ്. വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായുള്ള തമിഴ്നാട് സർക്കാരിൻെറ അവാർഡും ഇവർക്ക് ലഭിച്ചിട്ടുണ്ട്.ഇവരെപ്പോലെ അനേകം പ്രതിഭകളെ സൃഷ്ടിക്കുവാൻ നമ്മുടെ പഞ്ചായത്തിലെ ഓരോ വിദ്യാലയത്തിനും കഴിഞ്ഞിട്ടുണ്ട്. സാമ്പത്തികവും സാമൂഹികവുമായി പിന്നോക്കം നിന്ന ഈ പഞ്ചായത്തിലെ ഓരോ പ്രദേശത്തും സ്ഥാപിക്കപ്പെട്ട ഓരോ വിദ്യാലയത്തിനും ആവേശകരമായ ചരിത്രമുണ്ട്. സാമൂഹ്യവിരുദ്ധരുടേയും, സവർണ്ണമേധാവികളുടേയും അതിക്രമങ്ങളെ അതിജീവിച്ച് വിദ്യയുടെ ദീപശിഖ ഉയർത്തി പിടിക്കുവാൻ അക്ഷീണം യത്നിച്ച നിസ്വാർത്ഥരും ധീരരും വിജ്ഞാനദാഹികളുമായ സാധാരണ മനുഷ്യരെ ഇത്തരുണത്തിൽ സ്മരിക്കുന്നു.

കേരളത്തിലെ മറ്റേതു പ്രദേശത്തേയും എന്നതുപോലെ തന്നെ ഈ പഞ്ചായത്തിലെ ഭൂരിപക്ഷം വിദ്യാലയ ങ്ങളുടേയും ആരംഭം നിലത്തെഴുത്താശാൻമാരുടെ കളരിക ളിൽ നിന്നാണ്. അക്ഷരവിദ്യയെ സ്വരശുദ്ധിയോടും സൗന്ദര്യ ത്തോടും കൂടി സാധാരണമനുഷ്യരിൽ എത്തിക്കാൻ നിസ്വാർ ത്ഥമായി യത്നിച്ച് മൺമറഞ്ഞ ആ ഗുരുവര്യൻമാരെ നമിക്കുന്നു.

മാരാരിക്കുളം തെക്കു പഞ്ചായത്തിൻെറ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം 1860ൽ കാട്ടൂരിൽ സ്ഥാപിച്ച ദൈവശാസ്ത്ര പഠനകേന്ദ്രമായിരുന്നു. ഈ വിദ്യാലയത്തിൽ കേരളത്തിലെ പ്രമുഖമതപണ്ഡിതൻമാരായ നിധീരിക്കൽ മാണിക്കത്തനാർ, വാഴ്ത്തപ്പെട്ട ചാവറക്കുര്യാക്കോസച്ചൻ, ചങ്ങനാശ്ശേരിയിലെ ആദ്യത്തെ നാട്ടുമെത്രാനായ മാക്കിമെത്രാൻ എന്നിവർ വിദ്യാർത്ഥികളായിരുന്നു. ഇതേ കാലഘട്ടത്തിൽ തന്നെ നാട്ടുകാർ വിദ്യാഭ്യാസത്തിനായി ഒരു പ്രാഥമിക വിദ്യാകേന്ദ്രം പള്ളിക്കു വടക്കുവശം പ്രസൻേറഷൻമാർ സൗജന്യമായി കൊടുത്ത സ്ഥലത്ത് പ്രവർത്തനം ആരംഭിച്ചു. ഇതിൻെറ ഭരണം പൊതുജനങ്ങളിൽ നിന്നും ജാതിമത ഭേദമെന്യേ തെരഞ്ഞെടുക്കുന്ന,ലോക്കൽ മാനേജർക്കായിരുന്നു. 1910ഓടുകൂടി മേൽ പ്രസ്താവിച്ച വൈദികപഠന കേന്ദ്രം ആലപ്പുഴയിലേക്കു മാറ്റി സ്ഥാപിച്ചു. ഈ കെട്ടിടത്തിൽ ഒരു മലയാളം സ്ക്കൂൾ ആരംഭിച്ചു. തുടർന്ന് ഈ മലയാളം സ്ക്കൂൾ പള്ളിയുടെ വടക്കുവശത്തുള്ള പെതുസ്ക്കൂളിലേക്കു മാറ്റി സ്ഥാപിച്ചു. പിന്നീട് ഇത് സർക്കാർ ഉടമയിലുള്ള വെർണാക്കുലർ മിഡിൽ സ്ക്കൂളായി വി.എം.'.സ്ക്കൂൾ ഉയർത്തപ്പെട്ടു. ഇവിടുത്തെ പ്രസിദ്ധരായ ഹെഡ് മാസ്റ്റർമാർ സി.എസ്..ഗോപാലപിള്ള കോട്ടയം, പത്മനാഭപിള്ള തിരുവമ്പാടി, ഹരിഹരയ്യർ ആലപ്പുഴ എന്നിവരായിരുന്നു. നിർഭാഗ്യ വശാൽ 1930തോടുകൂടി ഈ സരസ്വതീക്ഷേത്രം ചില സാമൂഹ്യവിരു ദ്ധരാൽ തീവെച്ചു നശിപ്പിക്കപ്പെട്ടു.

## കാട്ടൂർ ഹോളിഫാമിലി ഹൈസ്ക്കൂൾ

കാട്ടൂരിൽ മുകളിൽ സൂചിപ്പിച്ച സ്ക്കൂൾ പ്രവർത്തിക്കുമ്പോൾ തന്നെ മറ്റൊരു വിദ്യാലയം പ്രവർത്തി ക്കുന്നുണ്ടായിരുന്നു. കാട്ടൂർ പള്ളി വികാരിയായിരുന്ന ഫാ.സെബാസ്റ്റ്യൻ പ്രസൻേഷൻ 1920ൽ സ്ഥാപിച്ചതാണ് ഈ സ്ക്കൂൾ. ഹോളിഫാമിലി സ്ക്കൂൾ എന്നായിരുന്നു ഇതിൻെറ പേര്. 1920 മെയ് 7ന് ആരംഭിച്ച ഈ വിദ്യാലയ ത്തിൻെറ അടിസ്ഥാനം അതിനുമുമ്പ് ഇവിടെ പ്രവർത്തി ച്ചിരുന്ന സെൻറ് റീത്താസ് വീവിംഗ് സ്ക്കൂളാണ്. 58 വിദ്യാർത്ഥിനികളും 3 അദ്ധ്യാപകരുമായി പ്രവർത്തനം ആരംഭിച്ച ഈ സ്ക്കൂളിൻെറ പ്രഥമ ഹെഡ്മാസ്റ്റർ തെക്കെപ്പാലക്കൽ ടി.എൽ.ലിയാഡർ ആയിരുന്നു, 1948 മെയ് 20ന് ഇതൊരു മിഡിൽ സ്ക്കൂളായി ഉയർത്തപ്പെട്ടു. കാട്ടൂർ ഹോളിഫാമിലി കോൺവെൻറിലെ അന്നത്തെ അധിപ റവ.മദർ മൈക്കിളിൻെറ അക്ഷീണ പരിശ്രമം മൂലമാണ് ഇതു സാധിച്ചത്. തുടർന്ന് ഇതൊരു ഹൈസ്ക്കൂളായി ഉയർത്തുവാനുള്ള ശ്രമമാരംഭിച്ചു.ഹോളിഫാമിലി കോൺവെൻറിലെ സന്യാസിനികളോടൊപ്പം മുൻ പഞ്ചായത്തു പ്രസിഡൻറും ശ്രീ.സി.ഡി.മൈക്കൾകുഞ്ഞ് ഇതിനായി ആത്മാർത്ഥമായി പരിശ്രമിച്ചു. 1964ൽ ഇതൊരു ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടു. പ്രഥമ ഹെഡ്മാസ്റ്റർ ഫാ.ജോസഫ് കോയിപ്പറമ്പിലായിരുന്നു. ഇദ്ദേഹം സ്വയം വിരമിച്ചതിനു ശേഷം മദർ മേരിഫിലമിൻ ഹെഡ്മിസ്ട്രസായി. ദീർഘനാൾ ആ രംഗത്തു ശോഭിച്ച അവരുടെ സേവനം എന്നും ഓർമ്മിക്കത്തക്കതാണ്.

1995ൽ പ്ലാറ്റിനം ജൂബിലിയാഘോഷിച്ച ഈ വിദ്യാലയം സാമൂഹ്യ രാഷ്ട്രീയ ഉദ്യോഗമണ്ഡലങ്ങളിൽ ഉന്നതസ്ഥാനീയരായ പലരെയും സംഭാവന ചെയ്തിട്ടുണ്ട്. മുൻമന്ത്രി ശ്രീ.ദാമോദര കാളാശ്ശേരി മുൻ പാർലിമെൻറ്

അംഗവും ഇപ്പോൾ ഖാദി ബോർഡ് വൈസ് ചെയർമാൻ ആയ ശ്രീ.ടി.ജെ ആഞ്ചലോസ് , നിയമസഭയാംഗങ്ങളായ ശ്രീ ഡോമിനിക്ക് പ്രസൻേറഷൻ ശ്രീ.പി.ജെ. ഫ്രാൻസിസ് , ഗവ സെക്രട്ടറിയായി വിരമിച്ച ശ്രീ. മാർക്ക് , സിജോൺ , ഡെപ്യൂട്ടി ജില്ലാ പ്ലാനിംഗ് ഓഫീസറായ ശ്രീ എ.വി..തങ്കപ്പൻ വീരചക്രം നേടിയ സുബേദാർ പി.എം. ഗ്രഗറി തുടങ്ങിയവർ ഇവരിൽ ചിലർ മാത്രമാണ് കായികരംഗത്ത് ഈ വിദ്യാലയത്തിൻെറ സംഭാവന ഗണനീയമാണ്. ഇൻഡ്യയുടെ പ്രതീക്ഷയായിരിക്കുന്ന കുമാരി.ജെറ്റി.സി. ജോസഫ് ഈ സ്ക്കൂൾ വിദ്യാർത്ഥിനി ആയിരുന്നു. 1276 ആൺകുട്ടികളും 1238 പെൺകുട്ടികളും 59 അദ്ധ്യാപകരും ഉള്ള ഈ വിദ്യാലയത്തിലെ ഇപ്പോഴത്തെ ഹെഡ്മാസ്റ്റർ ശ്രീ.അലക്സ് അലക്സാണ്ടർ ആണ്. ശ്രീ.ഫിലിപ്പ് തെക്കേ പാലക്കൽ ആണ് പി.ടി.എ പ്രസിഡൻറ്. ദീർഘകാല അദ്ധ്യാപികയും ഏതാനും വർഷം ഹെഡ്മിസ്ട്രസ്സ് ആയും സേവനം അനുഷ്ഠിച്ച സിസ്റ്റർ മേരി ഇമ്മൽഡായാണ് ഈ സ്ക്കൂളിൻെറ ലോക്കൽ മാനേജർ. ആലപ്പുഴ രൂപത കോർപ്പറേറ്റ് മാനേജ്മെൻറിൻെറ ഭരണത്തിൻ കീഴിലാണ് ഈ വിദ്യാലയം.

### ഗവ.ഹൈസ്ക്കൂൾ പൊള്ളേത്തൈ

ഈ പഞ്ചായത്തിൽ ഇന്നു നിലനിൽക്കുന്ന ആദ്യത്തെ സർക്കാർ സ്ക്കൂൾ ആണ് ഇത്. ഏകദേശം ഒരു നൂറ്റാണ്ടിനു മുൻപ് കുന്നേൽ കുടുംബത്തിലെ ഒരെഴുത്താശാൻ കുട്ടികളെ സൗജന്യമായി അക്ഷരം പഠിപ്പിച്ചിരുന്നു. ആശാൻെറ ഈ സേവനത്തിന് നാട്ടുകാരുടെ നിർലോഭമായ സഹകരണം ലഭിച്ചിരുന്നു. കുന്നേൽ ആശാൻെറ ഈ എഴുത്തുകളരി വികസിച്ചാണ് ഇന്നത്തെ ഹൈസ്ക്കൂൾ ആയത്. ഗവൺമെൻറ് എൽ.പി.സ്ക്കൂളായി സ്ഥാപനം പ്രവർത്തനം ആരംഭിച്ച വേളയിൽ ഇതിന്നാവശ്യമായ സ്ഥലവും കെട്ടിടവും വിശാലഹൃദയരായ സ്ഥലത്തെ ചില നാട്ടുപ്രമാണിമാർ സംഭാവന ചെയ്യുകയുണ്ടായി. ഏകദേശം 90 വർഷക്കാലം യാതൊരു വികസനവും ഇല്ലാതെ ഒരു എൽ.പി.സ്ക്കൂൾ ആയി തന്നെ തുടർന്നു. 1981ൽ ആണ് ഇത് അപ്പർ പ്രൈമറി സ്ക്കൂൾ ആയി ഉയർത്തപ്പെട്ടത്. തുടർന്ന് 1990ൽ ആണ് ഇത് ഇന്നു കാണുന്ന ഹൈസ്ക്കൂൾ ആയി ഉയർത്തപ്പട്ടത്.

മത്സ്യത്തൊഴിലാളികളും കയർത്തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന പ്രദേശത്താണ് ഈ സ്ക്കൂൾ സ്ഥിതി ചെയ്യുന്നത്. ഇവിടെ നിന്നും ഈ സ്ക്കൂൾ മറ്റൊരു മേഖലയിലേക്ക് മാറ്റി സ്ഥാപിക്കാനുള്ള ചില ശ്രമങ്ങൾ ഒരു കാലത്തു നടന്നിരുന്നു. ഇതിനായി നിലനിന്നിരുന്ന എൽ.പി. സ്ക്കൂൾ കെട്ടിടം സുരക്ഷിതമല്ലയെന്നുള്ള ആരോപണം അധികാരികളുടെ മുന്നിൽ ഉന്നയിക്കപ്പെട്ടു. തങ്ങളുടെ പ്രദേശത്തുനിന്നും സ്ക്കൂളുമാറ്റപ്പെടുമെന്ന അവസ്ഥ വന്നപ്പോൾ അന്നത്തെ തിരുകുടുംബകുരിശടിവകസ്ഥലത്തു നിന്നിരുന്ന വായന ശാലാ കെട്ടിടത്തിലേക്ക് സ്ക്കൂൾ മാറ്റിസ്ഥാപിക്കപ്പെട്ടു.1957ലു ശേഷം സ്ക്കൂളിനായി ഒരു പുതിയ കെട്ടിടം നിർമ്മിക്കുവാൻ ശ്രമിച്ചു. എന്നാൽ പണി പൂർത്തിയാക്കി ഓടുമേയുന്ന സമയം കെട്ടിടം ഇടുഞ്ഞു വീണു. കൊടുങ്കാറ്റുമൂലം മൂലം കെട്ടിടം ഇടിഞ്ഞു വീണു എന്നായിരുന്നു റിപ്പോർട്ട്. പുതിയ കെട്ടിടം നിർമ്മിച്ചപ്പോൾ മേലിൽ ഉണ്ടാകാവുന്ന കൊടുങ്കാറ്റുകളിൽ നിന്നും കെട്ടിടത്തെ രക്ഷിക്കുന്നതിനായി ഓടുമേച്ചിലിനു മുകളിൽ സിമൻറ് പ്ലാസ്റ്റർ ചെയ്തു ബലപ്പെടുത്തിയ കാഴ്ച ഇപ്പോഴും കാണാവുന്നതാണ്.

അനേകവർഷം എൽ.പി. സ്ക്കൂളായി തുടർന്ന ഈ സ്ഥാപനം യു.പി.സ്ക്കൂൾ ആയി ഉയർത്തുന്നതിന് ശ്രമിച്ചവർ അനേകരാണ്. അവരിൽ പി.ടി.എ. പ്രസിഡൻറ് ആയിരുന്ന കൊച്ചുവീട്ടിൽ ശ്രീ.രാഘവക്കുറുപ്പ്, ചാരങ്കാട്ട് ശ്രീ.ജോസഫ്ദാസ് എന്നിവരുടെ സേവനം ശ്രദ്ധേയമാണ്. അപ്പർ പ്രൈമറി സ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി ഈ സ്ക്കൂളിൽ നിന്നും പിരിയുന്ന ആൺ കുട്ടികൾക്ക് സമീപസ്ഥ സ്ക്കൂളിൽ പ്രവേശനം നിഷേധിക്കുന്ന പ്രവണത ഒരു ഘട്ടത്തിലുണ്ടായിരുന്നു. ഇതിനെ നേരിടുവാൻ ഈ സ്ക്കൂൾ ഹൈസ്ക്കൂളായി ഉയർത്തിക്കിട്ടേണ്ടത് എത്രയും അത്യാവശ്യമായി വന്നു. ഇക്കാലത്താണ് ഈ സ്ക്കൂളിലെ പൂർവ്വവിദ്യാർത്ഥിയും സമീപവാസിയും ആയ ശ്രീ.റ്റി.ജെ.ആഞ്ചിലോസ് നിയമസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ടത്. അദ്ദേഹത്തിൻെറ വ്യക്തിപരമായ ശ്രമം മൂലം ഈ സ്ക്കൂൾ 1990ൽ ഹൈസ്ക്കൂൾ ആയി ഉയർത്തപ്പെട്ടു. ആതിനാവശ്യമായ ഭൗതികസാഹചര്യം ഒരുക്കുന്നതിനായി ശ്രീ.കെ.ആർ.ധർമ്മനന്ദൻ ജനറൽ കൺവീനറും പി.ടി.എ.പ്രസിഡൻറ് ശ്രീ.കെ.കെ.കേശവൻ കൺവീനറുമായുള്ള അപ്ഗ്രേഡിംഗ് കമ്മിറ്റിയുടെ പ്രവർത്തനം മാതൃകാപരമാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഈ പ്രദേശത്തുനിന്നും ഒറ്റ ദിവസം കോണ്ട് 9000രൂപയും 11000തേങ്ങയും അപ്ഗ്രേഡിംഗ് കമ്മിറ്റി സ്വരൂപി സർക്കാർ വ്യവസ്ഥഅനുസരിച്ചുള്ള സ്ഥലം സ്ക്കൂളിനു നേടിയെടുക്കുന്നതിനായി അഞ്ചുപ്രമാണപ്രകാരം 93 സെൻറു പുരയിടം വാങ്ങിക്കുകയും മൂന്നു കുളങ്ങൾ നികത്തി ഗ്രൗണ്ട് നിർമ്മിക്കുകയും ചെയ്തു. പുതിയ ഒരു ഷെഡ് നിർമ്മിക്കുവാനും രണ്ടു ക്ലാസ്സുമുറികൾക്കാവശ്യമായ ഫർണിച്ചറുകൾ സജ്ജമാക്കുവാനും അപ്ഗ്രേഡിംഗ് കമ്മിറ്റിക്കു കഴിഞ്ഞു. ഈ പ്രവർത്തനങ്ങൾക്കെല്ലാം മകുടം ചാർത്തും വിധം പഞ്ചായത്തിലാദ്യമായി ഈ സ്ക്കൂളിൽ ഒരു കമ്പ്യൂട്ടർ സെൻറർ സ്ഥാപിക്കുവാൻ കമിറ്റിയുടെ ആത്മാർത്ഥമായ പ്രവർത്തനം മൂലം സാധിച്ചു. അതിൻെറ ഉദ്ഘാടനം 1996 നവംബർ 21ന് ബഹു.വിദ്യുച്ഛക്തി മന്ത്രി ശ്രീ.പിണറായി വിജയൻ നിർവ്വഹിച്ചു. മത്സ്യത്തൊഴിലാളികളും കയർത്തൊഴിലാളികളും ഇടത്തരക്കാരും വസിക്കുന്ന ഈ പ്രദേശത്തുനിന്നും സ്ക്കൂളിൻെറ വികസനത്തിനാവശ്യമായ ഫണ്ട് സ്വരൂപിക്കുവാൻ സാധിച്ചുവെന്നത് വിദ്യാഭ്യാസത്തോട് ഈ പ്രദേശത്തെ ജനങ്ങൾക്കുള്ള പ്രതിബദ്ധത വ്യക്തമാക്കുന്നു. ഈ പ്രവർത്തനങ്ങൾളെല്ലാം വിജയിക്കുവാൻ വേണ്ടി വിവിധസ്കീമുകളിലായി 270000 രൂപാ പഞ്ചായത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

മാരാരിക്കുളം എം.എൽ.എ. ശ്രീ,പി.ജെ.ഫ്രാൻസീസ് ഇവിടുത്തെ പൂർവ്വവിദ്യാർത്ഥിയാണ്. ഇതുപോലെ

രാഷ്ട്രീയരംഗത്തും, അദ്ധ്യാപനരംഗത്തും, ഔദ്യോഗിക രംഗങ്ങളിലും മറ്റെല്ലാ തുറകളിലും വ്യക്തി മുദ്രപതിപ്പിച്ച ഒട്ടേറെ വ്യക്തികളെ ഈ വിദ്യാലയം സൃഷ്ടിച്ചിട്ടുണ്ട്. ഇതൊക്കെയാണെങ്കിലും അനേകം പരിമിതികൾ ഈ സ്ഥാപനത്തിനുണ്ട്.

### മേരി ഇമ്മാക്കുലേറ്റ് ഹൈസ്ക്കൂൾ പൂങ്കാവ്

കോർപ്പറേറ്റു മാനേജ്മെൻറ് ഓഫ് സിസ്റ്റേഴ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റു നടത്തുന്ന സിംഗിൾ യൂണിറ്റുവക സ്ഥാപനമാണിത്. 1983 ജൂൺ 15നാണ് ഈ സ്ക്കൂൾ ആരംഭിച്ചത്. ഇന്ന് പന്ത്രണ്ടു ഡിവിഷനുകളിലായി 685 വിദ്യാർത്ഥികൾ പഠിക്കുന്നു. ഹെഡ്മിസ്ട്രസ് ഉൾപ്പെട്ട 20 അദ്ധ്യാപകരും 4 അദ്ധ്യാപകേതര ജീവനക്കാരും ഉണ്ട്. ശ്രീ.കെ.സേവ്യർ പ്രസിഡനക്ഷരായുള്ള പി.ടി.എയും ശ്രീ.ബേബി വർഗ്ഗീസ് ചെയർപേഴ്സണായുള്ള മാതൃസംഗമവും ഇവിടെ നന്നായി പ്രവർത്തിക്കുന്നു.

സി.എൽസാവാരപ്പടവിൽ ഹെഡ്മിസ്ട്രസായി പ്രവർത്തിക്കുന്ന ഈ സ്ക്കൂളിൻെറ എസ്.എസ്.എൽ.സി. വിജയം ആലപ്പുഴജില്ലയിൽ സാമാന്യം മെച്ചപ്പെട്ട നിലവാരം പുലർത്തുന്നു. ശാസ്ത്രമേളയിൽ സംസ്ഥാനതലത്തിലും, ദേശീയതലത്തിലും ഒട്ടനവധി അംഗീകാരങ്ങൾ ഈ സ്ക്കൂളിനു ലഭിച്ചിട്ടുണ്ട്

### വളഞ്ഞവഴിക്കൽ സൻമാർഗദീപികാ യു.പി.സ്ക്കൂൾ പാതിരാപ്പള്ളി വി.വി.എസ്. യു.പി.എസ്

1928-ൽ വളഞ്ഞ വഴികളികൾ തറവാട്ടിലെ ശ്രീ ക്കുഞ്ഞൻ ഗോവിന്ദൻ സ്ഥാപിച്ച ആലപ്പുഴ്ക്കും ചേർത്തലയ്ക്കും ഇടയ്ക്കുള്ള ഏക ഇംഗ്ലീഷ് വിദ്യാലയമാണിത്. പ്രിപ്പറേറ്ററി (4 1/2 ക്ലാസ്) ഉണ്ടായിരുന്ന ഈ വിദ്യാലയത്തിൽ ഒട്ടനവധി പ്രശസ്തരായ വ്യക്തികൾ അദ്ധ്യയനം നടത്തിയിട്ടുണ്ട്. അന്നത്തെ ക്കാലത്ത് ഏറ്റവും വലിയ ഉദ്യോഗമായിരുന്ന പി.എസ്.സി. സെക്രട്ടറി സ്ഥാനത്തിരുന്ന റിട്ടയർ ചെയ്ത (ഇന്ന് 101 വയസ്സ്) അത്ഥശ്ശേരിയിൽ അന്തപ്പായിസാർ ഈ സ്ക്കൂളിലെ അദ്ധ്യാപകനായിരുന്നു. സാഹിത്യരംഗത്ത് ശോഭിക്കുന്ന ശ്രീ.എം.കെ.സാനു ഇൻഡ്യൻ എയർലൈൻസ് മാനേജർ ആയി റിട്ടയർ ചെയ്ത പുത്തൻപുരയ്ക്കൽ വർഗ്ഗീസ് എന്നിവർ ഈ സ്ക്കൂളിലെ അദ്ധ്യാപകരായിരുന്നു. അഡീഷണൽ ഡപ്യൂട്ടി ഡയറക്ടറായി റിട്ടയർ ചെയ്ത ശ്രീ.വി.പി.രാമകൃഷ്ണക്കുറുപ്പ് .ശ്രീ.എസ്.ക്കുമാരൻ, ശ്രീ.എസ്.ദാമോദരൻ,തുടങ്ങി സമൂഹത്തിൽ പ്രമുഖരും പ്രശസ്തരുമായ ഒട്ടനവധി പേർ ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികളായിരുന്നു. 385 വിദ്യാർത്ഥികളും 10 അദ്ധ്യാപകരും ഉള്ള ഈ വിദ്യാലയത്തിലെ ഇപ്പോഴത്തെ ഹെഡ്മിസ്ട്രസ് ശ്രീമതി .ടി.ആർ.സുലഭയാണ്. സി.എ.വാവാച്ചൻ പ്രസിഡൻറായുള്ള പി.ടി.എ.യും ശ്രീമതി വൽസല ചെയർ പേഴ്സണായുള്ള മാതൃസംഗമവും ഇവിടെ നന്നായി പ്രവർത്തിച്ചു വരുന്നു.

### എസ്.സി.എം.വി.യു.പി.എസ്

പൂങ്കാവു പള്ളിയിൽ ഒന്നു മുതൽ മൂന്നുവരെ ക്ലാസ്സുകൾ പ്രവർത്തിച്ചിരുന്നു. വൈക്കത്തുക്കാരനായ ഭട്ടതിരിസാറായിരുന്നു ഇവിടുത്തെ ആദ്യത്തെ അദ്ധ്യാപകൻ.നാലാം ക്ലാസ് ആരംഭിക്കണമെങ്കിൽ സ്ഥലവും കെട്ടിടവും ആവശ്യമായിവന്നു. നാട്ടുകാർ സംഘടിച്ച് മറ്റത്തിൽ പരമേശ്വരക്കുറുപ്പിൻറ വക സ്ഥലത്ത് ഇന്നു നിൽക്കുന്ന ഫൗണ്ടേഷൻ കെട്ടി. അന്നു നാടുവാണിരുന്ന ശ്രീ.ചിത്തിരത്തിരുന്നാൾ ബാലരാമവർമ്മ മഹാരാജാവിന് ഈ പ്രദേശത്ത് ഒരു സ്ക്കൂൾ അനുവദിച്ചു തരണമെന്ന് നിവേദനം സമർപ്പിച്ചു. ശ്രീ ചിത്തിരത്തിരുനാളിൻെറ ആട്ടത്തിരുന്നാൾ ദിനത്തിൽ സ്ക്കൂൾ അനുവദിച്ചുത്തരവായി. അങ്ങനെ മറ്റത്തിൽ പരമേശ്വരക്കുറുപ്പു മാനേജരായി ശ്രീചിത്തിരമഹാരാജവിലാസം എൽ.പി.സ്ക്കൂൾ 6.11.1931ൽ ആരംഭിച്ചു. തുടർന്ന് 1.4.1949ൽ സ്ക്കൂൾ സർക്കാരിനു വിട്ടുകൊടുത്തു. അങ്ങനെ ഗവ.സ്ക്കൂളായ ഈ വിദ്യാലയം 1966-67ൽ യു.പി.സ്ക്കൾ ആയി ഉയർന്നു. വെറും അൻപത്തെട്ടര സെൻറ് സ്ഥലത്ത് 120×20! 80×20! 100×20 എന്നീ തരത്തിൽ മൂന്നു കെട്ടിടങ്ങളും 1047 വിദ്യാർത്ഥികളും 22 അദ്ധ്യാപകരും 2 അദ്ധ്യാപകേതര ജീവനക്കാരും ഉൾപ്പെട്ട 1071 പേർ തിങ്ങിഞെരുങ്ങിക്കഴിയുന്നു. കളി സ്ഥലം തീരെയില്ല. ആൺകുട്ടികൾക്കും പെൺക്കുട്ടികൾക്കും ആയി ഓരോ ചെറിയ മൂത്രപ്പുരകളും അദ്ധ്യാപകർക്കായി ഒരു ലാട്രിനും മാത്രമാണിവിടെയുള്ളത്. ഓരോ വർഷവും വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചുവരുന്ന ഈ വിദ്യാലയത്തിന് അടിയന്തിരമായി ഒന്നര ഏക്കർ സ്ഥലം കണ്ടത്തിയെങ്കിലേ ഈ സ്ക്കൂളിൻെറ ശ്വാസംമുട്ടൽ അവസാനിക്കയുള്ളു. വളരെ മെച്ചപ്പെട്ട അദ്ധ്യയനനിലവാരമാണ് ഇവിടെയുള്ളത്. ശ്രീമതി കെ.ബി.വിജയമ്മ ഹെഡ്മിസ്ട്രസും പി.ജി.രാധാകൃഷ്ണൻ പി.ടി.എ. പ്രസിഡൻറും മീനാചാക്കോ മാതൃസംഗമത്തിൻെറ ചെയർപേഴ്സണും ആയി പ്രവർത്തിച്ചുവരുന്നു. ആദ്യത്തെ വനിതാജഡ്ജി ആയ ജസ്റ്റിസ് അന്നാചാണ്ടി ഈ സ്ക്കൂളിലെ പൂർവ്വ വിദ്യാർത്ഥിയാണ്.

### സെൻറ് ആൻറണീസ് എൽ.പി.എസ്. ഓമനപ്പുഴ

1880 മുതൽ ആരംഭിക്കുന്ന ഒരു ചരിത്രം ഓമനപ്പുഴ സ്ക്കൂളിനുണ്ട്. ചെട്ടിക്കാട് കുരിശുങ്കൽ തൊമ്മൻകുട്ടിയുടെ തെക്കുവശത്തുണ്ടായിരുന്ന ആഞ്ഞിലിച്ചുവട്ടിൽ പത്രോസാശാൻ കിട്ടികളെ പഠിപ്പിച്ചിരുന്നതായി പഴമക്കാർ ഇന്നും ഓർക്കുന്നു. പിന്നീടത് 1890ൽ തൊമ്മൻകുട്ടിയുടെ വക ഒരു ഷെഡിൽ നടന്നു വന്നു. പള്ളിക്കൂടം വ്യവസ്ഥാപിതമായി നടന്നു കാണണമെന്നാഗ്രഹിച്ച ചില നാട്ടുപ്രമാണിമാർ ചേർന്ന് കളത്തിൽ വസ്സ്യൻെറ പുരയിടത്തിൽ അടിത്തറ കല്ലുകെട്ടി മുകളിൽ പലകയടിച്ച്കുരിശാകൃതിയിൽ 1904ൽ പള്ളിക്കൂടം പണിതീർക്കുകയുണ്ടായി. അക്കാലത്ത് സർക്കാരിൽ നിന്നും 2രൂപ ഗ്രാൻറ് കിട്ടുന്ന ഒരു സ്ഥാപനമായിരുന്നു. ഇത്. ഇതിൻെറ മാനേജർ കുരിശിങ്കൽ ലിഗോരിയുസായിരുന്നു. ഈ കെട്ടിടം ജൂർണ്ണിച്ചതോടുകൂടി കുറച്ചുകാലത്തേക്കു സ്ക്കൂൾ നിന്നു പോയി. പിന്നീട്പുത്തൻപുരക്കൽ വസ്സ്യൻആശാൻ സ്വഭവനത്തോടനുബന്ധിച്ച് ഒരു കുടിപ്പള്ളിക്കൂടം നടത്തിവന്നു. ഈ പശ്ചാത്തലത്തിലാണ് 1925ൽ ഓടാ

പ്പൊഴി കുരിശുപള്ളിയിൽ ഫാ.ജറോം തെക്കേവീട്ടിൽ കപ്പോനായി വന്നത്. അദ്ദേഹത്തിൻെറ ശ്രമഫലമായി പള്ളിയോടനുബന്ധിച്ച് ഒരു സ്ക്കൂൾ പണിയുവാൻ തുടങ്ങി. കൊച്ചിമെത്രാനായിരുന്ന ഡോ.ബൊൻേറാമാർട്ടിൻ റിബെയിരോ ആയിരുന്നു തറക്കല്ലിട്ടത്. കല്ലു തിരക്കിയിട്ടു കിട്ടാതെ വന്നപ്പോൾ രണ്ടു അരകല്ലുകൾ എടുത്തു കൊത്തി അതിൽ കാശുരൂപം പെച്ചാണ് അടിസ്ഥാനതറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചത്. മെത്രാൻ തിരുമേനി തന്നെ 500 രൂപാ സ്ക്കൂൾ നിർമ്മാണത്തിനു നൽക്കുകയുണ്ടായി. കുറച്ചുനാൾ അടിത്തറ കെട്ടികിടക്കുകയും ഫാ.ജെയിംസ് കണ്ടനാട്ട് തുമ്പോളി വികാരിയായി വന്നതിനു ശേഷം ഇന്നു കാണുന്ന പള്ളിക്കൂടം പണിതുയർത്തി. 1949ൽ സർക്കാരി ൻെറ അംഗീകാരം വാങ്ങുകയും ചെയ്തു.എന്നാൽ പൂർണ്ണ മായ ലോവർ പ്രൈമറിയായി അംഗീകാരം കിട്ടിയത് 1954 ആണ്.1975ൽ രജതജൂബിലി ആഘോഷിച്ച ഇവിടുത്തെ ഇപ്പോഴത്തെ ഹെഡ്മിസ്ട്രസ് ശ്രീമതി പ്രഭാകുമാരിയാണ്.

ജില്ലാ പോലീസ് സൂപ്രണ്ടായിരുന്ന ശ്രീ ഹാരീസ് സേവ്യർ, ജഡ്ജി ആയിരുന്ന ശ്രീ..പി.ജെ.ചെറിയാൻ എന്നിവർ ഇവിടുത്തെ പൂർവ്വ വിദ്യാർത്ഥികളാണ്.

### ടാഗോർ മെമ്മോറിയൽ എൽ.പി.സ്ക്കൂൾ

വല്യാപറമ്പിൽ കേശവനാശാനും അറക്കൽ തങ്കപ്പൻ സാറും കൂടി പ്രീതികുളങ്ങര ക്ഷേത്രത്തിനു പടിഞ്ഞാറുഭാഗത്ത് ഒരു അനൗപചാരിക സ്കൂൾ തുടങ്ങി. പണക്കാരായ കുട്ടികൾ ഫീസുകൊടുക്കും. അല്ലാത്തവർക്കു സൗജന്യം. അങ്ങനെയിരിക്കെ 1953-ൽ ആദ്യത്തെ പഞ്ചായത്ത് നിലവിൽ വന്നു. ഇവിടെ ഒരു സ്കൂളിൻെറ ആവശ്യകത അന്നത്തെ പഞ്ചായത്ത് മെമ്പർ ശ്രീ. ഉഴുത്തുവേലിൽ രാഘവക്കൈമൾക്കു ബോധ്യമായി. അന്നത്തെ പഞ്ചായത്തിൻെറ ആവശ്യപ്രകാരം 1958-ൽ ആണ് ഈ സ്കൂൾ അനുവദിച്ചു കിട്ടിയത്. ശ്രീ. രാഘവക്കൈമൾ കുടുംബക്ഷേത്രമായ പ്രീതികുളങ്ങര ക്ഷേത്രം വക ഒരേക്കർ സ്ഥലം സ്കൂളിനു സൗജന്യമായിക്കൊടുത്തു. എൻ.എച്ചിൽ നിന്നും കെട്ടിടംപണിക്കാവശ്യമായ സാധനങ്ങൾ തലയിൽ ചുമന്നുകൊണ്ടുവരേണ്ടിയിരുന്നതിനാൽ പലരും ഇതിൻെറ പണി ഏറ്റെടുക്കുവാൻ താല്പര്യം കാണിച്ചില്ല. അവസാനം ബി.വി. പരമേശ്വരൻ എന്നയാൾ ആ കെട്ടിടത്തിൻെറ പണി ഏറ്റെടുത്തു പൂർത്തിയാക്കി. ശ്രീമാൻ കുമാരക്കുറുപ്പുസാറിനെ ഹെഡ്മാസ്റ്റർ ആയും വാവസാറിനെ അസിസ്റ്റൻറായും നിയമിച്ചുകൊണ്ട് സ്കൂൾ പ്രവർത്തനം ആരംഭിച്ചു. ക്രമേണ ഇതൊരു പൂർണ്ണ എൽ.പി.എസ്. ആയി. ഇന്ന് ഹെഡ്മിസ്ട്രസ് ഉൾപ്പടെ 4 അധ്യാപികമാർ ജോലി ചെയ്യുന്നു. ഷിഫ്റ്റു സമ്പ്രദായം നിർത്തലാക്കി ഒരു യു.പി. സ്കൂളായി ഇതിനെ ഉയർത്തണമെന്ന് പ്രദേശവാസികൾ ആവശ്യപ്പെടുന്നു. ഒരു നല്ല പ്ലേഗ്രൗണ്ട് ഉള്ള ഈ വിദ്യാലയത്തിൽ 91 ആൺകുട്ടികളും 85 പെൺകുട്ടികളും പഠിക്കുന്നു. പഞ്ചായ ത്തുവക ഏക സ്കൂൾ ആണിത്. ശ്രീമതി മോഹനാമ്മയാണ് ഹെഡ്മിസ്ട്രസ്.

### ശ്രീ രാജരാജേശ്വരി എൽ.പി. സ്കൂൾ, പാട്ടുകളം.

പാട്ടുകളം ദേവസ്വത്തിൻെറ മാനേജ്മെൻറിൽ 1964-ൽ സ്കൂൾ ആരംഭിച്ചു. ഇവിടുത്തെ ആദ്യ ഹെഡ്മാസ്റ്റർ ശ്രീ. ഗോപാലക്കുറുപ്പ് ആണ്. ഇന്ന് 8 ഡിവിഷനുകളിലായി 226 കുട്ടികൾ പഠിക്കുന്നു. ഡി. ചന്ദ്രമതി ഹെഡ്മിസ്ട്രസും ആർ.കെ. ശിവരാമൻ പ്രസിഡൻറും രാജേശ്വരി മോഹൻ മാതൃസംഗമത്തിൻെറ ചെയർപേഴ്സണുമായി പ്രവർത്തിച്ചുവരുന്ന ഈവിദ്യാലയത്തിൽ ഹെഡ്മിസ്ട്രസ് ഉൾപ്പടെ 8 അധ്യാപകരുണ്ട്.

### ഗവ: ഹയർ സെക്കൻററി സ്കൂൾ കലവൂർ

ഈ പഞ്ചായത്തിലെ കിഴക്കൻ മേഖലയിലെ ഭൂരഭാഗം കുട്ടികളും പഠിക്കുന്ന ഒരു വിദ്യാലയമാണിത്. ഇവിടെ വിവരിച്ചിട്ടുള്ള പ്രധാനസ്ഥാപനങ്ങളോടൊപ്പംതന്നെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ വളരെ നിർണായകമായ ഒരു പങ്ക് ഈ സ്ഥാപനം വഹിക്കുന്നുണ്ട്. സാങ്കേതികമായി ഈ പഞ്ചായത്തിൽ ഉൾപ്പെടാത്തതുകൊണ്ട് കൂടുതൽ വിശദീകരണം നടത്തുന്നില്ല.

വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ഔപചാരികസ്ഥാ പനങ്ങളോടൊപ്പംതന്നെ അനൗപചാരിക സ്ഥാപനങ്ങൾക്കും നിർണായകമായ പങ്കുണ്ട്. ഗ്രന്ഥശാലകൾ, വായനശാലകൾ, പഞ്ചായത്ത് സാക്ഷരതാസമിതി, അതിൻെറ കീഴിലുള്ള 3 ജനവിദ്യാകേന്ദ്രങ്ങൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ, ടൈപ്പ്റൈറ്റിംഗ് സ്ഥാപനങ്ങൾ, ബാപ്പുജി ഇംഗ്ലീഷ് മീഡിയം സ്കൂൾ എന്നിവ ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായി സമർപ്പിക്കുന്ന സേവനം നിസ്തുലമാണ്.

### പ്രശ്നങ്ങൾ

1. സ്കൂളുകളിലെ ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത. ഉദാ :- കുടിവെള്ളം, ബഞ്ച്, ഡെസ്ക്, ബോർഡ്, മൂത്രപ്പുര, കക്കൂസ്, കളിസ്ഥലം തുടങ്ങിയവ.
2. അധ്യാപകരെ സമയബന്ധിതമായി നിയമിക്കാത്തത.
3. കുട്ടികൾക്ക് അധ്യാപകരിൽ നിന്നും വ്യക്തിപരമായി ശ്രദ്ധ ലഭിക്കുന്നില്ല.
4. വാർഡുകളിൽ നേഴ്സറി വിദ്യാഭ്യാസം ഫലപ്രദമല്ല.
5. സ്ക്കുളുകളിൽ നിരക്ഷരത നിലനിൽക്കുന്നുണ്ട്
6 കുട്ടികളുടെ മാനസിക-ബൗദ്ധിക ശേഷിക്കു താങ്ങാവുന്നതിൽ അധികമാണ് നിലവിലുളള സിലബസ്.
7. നൈസർഗികമായി കലാ-കായിക പ്രതിഭകളായ കുട്ടികൾക്ക് അർഹിക്കുന്നതും ആവശ്യത്തിനുളളതുമായ പരിശീലനം ലഭിക്കുന്നില്ല.
8. നമ്മുടെ പഞ്ചായത്തിലെ ഏക ഗവ.ഹൈ സ്ക്കൂളായ പൊള്ളേത്തൈ സ്ക്കൂളിന് കെട്ടിടപരിമിതിയുണ്ട്.
9. പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനമില്ല.
10. നമ്മുടെ സ്കൂളുകളിൽ ഗെയിംസിന് വേണ്ടത്ര പ്രാധാന്യം ലഭിക്കുന്നില്ല.
11. ശാസ്ത്രാദ്ധ്യാപനം പരീക്ഷണനിരീക്ഷണങ്ങളിലൂടെ നടക്കുന്നില്ല.
12. കുട്ടികളിൽ വായനാശീലം കുറയുന്നു.
13. അധ്യയന ഗുണനിലവാരം വിലയിരുത്ത പ്പെടുന്നില്ല.

14. എസ്.എസ്.എൽ.സി. വിജയശതമാനം കുറയുന്നു.

15. നിലവിലുള്ള മോഡറേഷൻ സമ്പ്രദായം പഠിക്കാതിരിക്കുന്നതിന് കുട്ടികൾക്ക് പ്രോത്സാഹനം നൽകുന്നു.

16. S.C.M.U.P.S. ൽ കളിസ്ഥലമില്ല.

17. പഞ്ചായത്തിൽ ഒട്ടനവധി തൊഴിൽ രഹിതരായ അഭ്യസ്തവിദ്യരുണ്ട്.

18. നിരക്ഷരർ ഇപ്പോഴും നമ്മുടെ വാർഡുകളിലുണ്ട്.

19. സ്കൂളുകളിൽ ലൈബ്രറി സംവിധാനം ഫലപ്രദമായി വിനിയോഗിക്കുന്നില്ല.

20. സ്കൂളുകളിൽ ഇന്നു നിലനിൽക്കുന്ന ശാസ്ത്രക്ലബുകൾ ഗണിതശാസ്ത്രക്ലബുകൾ, കാർഷികക്ലബുകൾ എന്നിവ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.

21. പലവിഷയങ്ങളിൽ കുട്ടികൾക്കുള്ള അഭിരുചി അനുസരിച്ച് പരിപോഷിപ്പിക്കുന്നതിന് ശ്രമമില്ല.

22. അധ്യാപകർ പുതിയ അറിവിന്റെ മേഖലകൾ മനസിലാക്കി സജീവമാക്കുവാൻ ശ്രമിക്കുന്നില്ല.

23. അനാകർഷകമായ പഠനരീതി, ടീച്ചിംഗ് എയിഡ്സ് ഉപയോഗിക്കാത്ത അധ്യയനരീതി പഠനപ്രക്രിയ വിരസമാക്കുന്നു.

24. നിലവിലുള്ള ഊർജ്ജ പ്രതിസന്ധി കുട്ടികളുടെ പഠനത്തിന് ഒരു തടസമാണ്.

### സാധ്യതകൾ

1. അധ്യാപക ഒഴിവുകൾ നികത്തുന്നതിന് യോഗ്യതയുള്ളവരെ കോൺട്രാക്ടു വ്യവസ്ഥയിൽ പി.ടി.എ. യ്ക്കു നിയമിക്കാവുന്നതാണ്. (നമ്മുടെ പഞ്ചായത്തിൽ മിക്ക സ്കൂളുകളിലും ഈ രീതി നിലവിലുണ്ട്).

2. നേഴ്സറി സ്കൂളുകൾക്കാവശ്യമായ ഭൗതികസാഹചര്യങ്ങൾ (സ്ഥലം, കെട്ടിടം) ഗ്രാമവാസികൾക്കു സജ്ജീകരിക്കാവുന്നതാണ്.

3. അനൗപചാരിക വിദ്യാഭ്യാസത്തിന് ഏറ്റവും ഫലപ്രദമായ മാർഗ്ഗം ഗ്രന്ഥശാലകളും വായനശാലകളും സജീവമായി പ്രവർത്തിപ്പിക്കുക എന്നതാണ്.

4. സ്കൂളുകളുടെ ഭൗതികസാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പി.ടി.എ.യുടെ സഹകരണം ഉണ്ടാകും.

5. നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന രീതിയിൽ കാട്ടൂർ സ്കൂളിലും പൊള്ളെത്തൈ സ്കൂളിലും ഗ്രൗണ്ട്, കോർട്ട് എന്നിവ പണിയുന്നതിന് പി.ടി.എ.യുടെ സഹകരണം ഉണ്ടാകും.

6. സ്കൂളുകളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വിശേഷിച്ചും അക്ഷരജ്ഞാനമില്ലാത്ത കുട്ടികൾക്ക് അധ്യയന സമയത്തിനുശേഷം പ്രത്യേകകോച്ചിംഗ് കൊടുക്കാവുന്നതാണ്. ഇതിനായി അഭ്യസ്തവിദ്യരുടെ സേവനം പി.ടി.എയ്ക്കു തേടാവുന്നതാണ്. അങ്ങനെ തെരഞ്ഞെടുക്കുന്നവർ അധ്യാപകരുമായി പൂർണ്ണമായി സഹകരിക്കുകയും വേണം.

7. നമ്മുടെ സ്ക്കൂളിലെ കലാകായിക പ്രതിഭകളുടെ ഒരു സംഗമവേദി രൂപീകരിക്കുവാനും പഞ്ചായത്തു പ്രദേശത്തുള്ള കലാകാരൻമാരുടെ ശിക്ഷണം ലഭ്യമാക്കുന്നതും ആണ്.

8. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ഗ്രൂപ്പ് സ്റ്റഡി സംഘടിപ്പിക്കണം.

പഞ്ചായത്തിലെ സ്ക്കൂളുകളെ ബന്ധിപ്പിച്ചുകൊണ്ട് സ്ക്കൂൾ കോംപ്ലക്സ് ആരംഭിക്കണം.

കുട്ടികളുടെ കഴിവുകളും പോരായ്മകളും മനസ്സിലാക്കി പ്രവർത്തിക്കുന്നതിന് ഓരോ കുട്ടിയുടെയും പൊതുവായ വിവരങ്ങൾ സംബന്ധിച്ച് അദ്ധ്യാപകർക്കു ചാർട്ടു സൂക്ഷിക്കാവുന്നതാണ്.

9. വാർഡുകളിൽ സാമാന്യവിദ്യാഭ്യാസം പോലും ലഭിക്കാതെ നിൽക്കുന്ന യുവാക്കളെ നിയന്ത്രിച്ച് ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിനായി തൊഴിൽ പരിശീലനശാല ആരംഭിക്കാവുന്നതാണ്.

10. എസ്.സി.എം. വി. യു.പി. എസിൽ നിലവിലുള്ള സ്ഥലപരിമിതി പരിഹരിക്കുന്നതിന് സമീപവാസികളുടെയും പി.ടി.എയുടെയും നാട്ടുകാരുടെയും സഹകരണം തേടാവുന്നതാണ്.

11. സാക്ഷരതാപ്രവർത്തനത്തിനായി നിശാപാഠശാലകൾ ആരംഭിക്കാവുന്നതാണ്.

12. സാക്ഷരതാ പ്രവർത്തനത്തിനായി ഓരോ വാർഡിലും കർമ്മസമിതികൾ പുതുതായി രൂപീകരിക്കാവുന്നതാണ്.

### നിർദ്ദേശങ്ങൾ

1. അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം കുറയ്ക്കണം. (1:30 ആക്കണം)

2. അദ്ധ്യയനവർഷാരംഭത്തിൽ തന്നെ ഒഴിവുള്ള അദ്ധ്യാപക തസ്തികകൾ നികത്തണം.

3. പി.ടി.എ.വിദ്യാഭ്യാസകാര്യങ്ങളിൽ സജീവമായി ബന്ധപ്പെടുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും വേണം.

4.തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസത്തിനു പ്രാധാന്യം കൊടുത്തുകൊണ്ട് പാഠ്യപദ്ധതി പുനഃക്രമീകരിക്കേണ്ടതാണ്.

5. ഓരോ വാർഡിലും ചുരുങ്ങിയത് രണ്ടു നേഴ്സറി സ്ക്കൂളുകളെങ്കിലും എല്ലാ സംവിധാനങ്ങളോടുകൂടി ഫസ്റ്റ് എയ്ഡ് സൗകര്യം ഉൾപ്പടെ ആരംഭിക്കണം.

6. നമ്മുടെ പഞ്ചായത്തിൽ എല്ലാ വാർഡുകളിലു അംഗനവാടികൾ ആരംഭിക്കണം.

7. ഒന്നാം ക്ലാസിലെ ഓൾപ്രമോഷൻ സമ്പ്രദായം അവസാനിപ്പിക്കണം.

8. പ്രൈമറി തലം മുതൽ കുട്ടികൾക്ക് പ്രവർത്തന പരിപാടികൾ ഇട്ടുകൊണ്ട് കൂടുതൽ ആകർഷകമാകത്തക്ക വിധത്തിൽ സിലബസ് പരിഷ്കരിക്കണം.

9. പഞ്ചായത്തു തലത്തിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കണം. ഐ.ടി.ഐ, കംപ്യൂട്ടർ സെന്റർ.

10. അഭ്യസ്തവിദ്യരുടെ സേവനം ലഭ്യമാകുന്ന തരത്തിൽ സഹകരണ പാരലൽ കോളേജ് ആരംഭിക്കണം.

11.പൊള്ളെത്തൈ സ്ക്കൂളിലും കാട്ടൂർ സ്ക്കൂളിലും

ബാസ്കറ്റുബോൾ, വോളിബോൾ കോർട്ടുകൾ ഉൾപ്പടെ ഗ്രൗണ്ട് നിർമ്മിക്കണം.

12. ഈ പഞ്ചായത്തിലെ ഭൂരിഭാഗം കുട്ടികളും പഠിക്കുന്ന ഒരു സ്ക്കൂളാണ് കാട്ടൂർ ഹോളിഫാമിലി സ്ക്കൂൾ അവിടെ കുട്ടികൾക്കുള്ള പ്രാഥമിക സൗകര്യങ്ങൾ നിലവിനുള്ളത് അപര്യാപ്തമാണ്. ഈ ആവശ്യം എണ്ണം നോക്കി മറ്റു സ്ക്കൂളുകളിലും ശ്രദ്ധിക്കണം.

13. സ്ക്കൂളുകളിൽ നിലവിലുള്ള ലൈബ്രറി സംവിധാനം കുട്ടികൾക്ക് പ്രയോജനപ്രദമാകുന്നതരത്തിൽ പ്രവർത്തിക്കണം.

14. സ്ക്കൂൾ ലാബോറട്ടറികളുടെ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ശാസ്ത്രാദ്ധ്യാപനം സജീവമാക്കണം. നിലവിലുള്ള ഹൈസ്ക്കൂളുകൾക്ക് ഇതിനായി പ്രത്യേകം ഫണ്ട് നൽകണം.

15. നമ്മുടെ വിദ്യാലയങ്ങളിൽ എൽ.പി. ക്ലാസ്സുകളിൽ നിലനിൽക്കുന്ന ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കുന്നതിന് സർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

16. സ്ക്കൂൾ ഇൻസ്പക്ഷൻ വർഷം തോറും നടത്തണം.

17. പാഠപുസ്തകങ്ങൾ അദ്ധ്യയനവർ ഷാരംഭത്തിൽ തന്നെ ലഭ്യമാക്കാൻ അധികാരികൾ ശ്രദ്ധിക്കണം.

18. പാവപ്പെട്ട സമർത്ഥൻമാരായ കുട്ടികൾക്ക് പഠനത്തിന് സഹായം ലഭ്യമാക്കണം.

19. നിലവിലുള്ള മോഡറേഷൻ ശതമാനം കുറക്കണം.

20. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന നിലത്തെഴുത്തു കളരികൾക്കു ആവശ്യമായ പ്രോത്സാഹനം നൽകണം.

21. പൂങ്കാവുമേരിഇമ്മാക്കുലേറ്റ് സക്കൂളിലെ പ്രവേശന ടെസ്റ്റ് അവസാനിപ്പിക്കണം.

22. കലാ-കായിക പ്രതിഭകൾക്കു പഞ്ചായത്തു തലത്തിൽ സ്കോളർഷിപ്പു നൽകണം.

23. ഓരോ വാർഡിലും വായനശാലകളും ഗ്രന്ഥശാലകളും സജീവമായി പ്രവർത്തിപ്പിച്ചു കൊണ്ടുപോകുവാൻ പഞ്ചായത്തുതലത്തിൽ ഒരു കോർഡിനേഷൻ കമ്മിറ്റി രൂപീകരിക്കണം.

24. സ്ക്കൂളുകളുടെ അദ്ധ്യയനനിലവാരം ഉയർത്തുന്നതിന് ത്രിതല പഞ്ചായത്തുകളേയും ഉൾക്കൊള്ളിച്ചുകൊണ്ട് ജനകീയഅക്കാദമിക് കൗൺസിൽ രൂപീകരിക്കണം. വിദ്യാഭ്യാസ വിദഗ്ധൻമാരെയായിരിക്കണം കൗൺസിലിൽ ഉൾപ്പെടുത്തേണ്ടത്.

25. തുടർസാക്ഷരത പ്രവർത്തനം ആരംഭിക്കണം.

26. എൽ.പി., യു.പിയിൽ നിലവിലുള്ള ഉച്ചഭക്ഷണപരിപാടി ഹൈസ്ക്കൂളിൽകൂടി വ്യാപിപ്പിക്കണം.

27. ഉച്ചഭക്ഷണ പരിപാടിക്ക് പഞ്ചായത്തിൽ നിന്നും സ്ക്കൂളുകൾക്ക് ഗ്രാൻറ് നൽകിവന്നിരുന്നത് പുനസ്ഥാപിക്കണം.

28. സർവ്വോദയപുരം കേന്ദ്രമാക്കി ഒരു എൽ.പി.സ്ക്കൂൾ 4ആരംഭിക്കണം.

29. ടി. എം. പി. എൽ.പി. എസ്. വൈദ്യുതീകരിക്കണം, യു.പി.സ്ക്കൂൾ ആയി ഉയർത്തണം.

30. ഓമനപ്പുഴ സെൻറ് ആൻറണീസ് എൽ.പി.സ്ക്കൂൾ യു.പി.സ്ക്കൂളായി ഉയർത്തണം.

31. പൊള്ളെത്തൈ സ്ക്കൂളിനു ചുറ്റും മതിൽ നിർമ്മിക്കണം.

32. പവർക്കട്ട് നിലനിൽക്കുന്നതിനാൽ കുട്ടികളുടെ പഠനസമയം നഷ്ടപ്പെടാതിരിക്കുവാൻ റേഷൻകടവഴി മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിക്കണം.

33. പാഠഭാഗങ്ങൾ സമയബന്ധിതമായി പഠിപ്പിച്ചു തീർക്കുവാൻ അദ്ധ്യാപകർ ശ്രദ്ധിക്കണം.

34. അദ്ധ്യാപകർ അർപ്പണമനോഭാവത്തോടെ പ്രവർത്തിക്കണം.

35. കുട്ടികൾക്ക് മാനസിക സന്തോഷം ലഭിക്കുന്ന രീതിയിൽ അദ്ധ്യാപകർ അവർക്ക് വേണ്ടത്ര സ്നേഹം കൊടുക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കണം.

36. ഗുരുശിഷ്യബന്ധത്തിൻെറ പവിത്രത കാത്തുസൂക്ഷിക്കുവാൻ അദ്ധ്യാപകരും- കുട്ടികളും- രക്ഷാകർത്താ ക്കളും സമൂഹവും പ്രതിജ്ഞാബദ്ധമായിരിക്കണം.

37. ടി.വിയിൽ തിരുവനന്തപുരം ദൂരദർശനിൽ നിന്നും വിദ്യാഭ്യാസപരിപാടികൾ സംപ്രേക്ഷണം ചെയ്യുന്നതിന് ഗവ.ശ്രദ്ധിക്കണം. സീരിയൽ യുദ്ധം പരിമിതപ്പെടുത്തിയാൽ ഇതിനു ധാരാളം സമയം ലഭിക്കും.

# ഗ്രാമപഞ്ചായത്ത്
## സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

| ക്രമനമ്പർ | സ്കൂളിന്റെ പേര് | മെറിറ്റ് സ്കോളർഷിപ്പ് | ലംസം ഗ്രാന്റ് | മുസ്ലീം പെൺകുട്ടികളുടെ സ്കോളർഷിപ്പ് | വികലാംഗ സ്കോളർഷിപ്പ് | ജവാന്മാരുടെ മക്കൾക്കുള്ള | ബീഡി തൊഴിലാളി സ്കോളർഷിപ്പ് | അസ്വച്ഛതൊഴിലാളികളുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | മറ്റുള്ളവ (വ്യക്തമാക്കുക) |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | H.F.H.S., KATTOOR | —- | 169 | 1 | — | — | — | 1191 | |
| 2 | GOVT. H.S. POLLETHAI | 2 | 45 | – | – | – | – | 346 | |
| 3 | M.I.H.S. POOMKAVU | 2 | 28 | – | – | – | – | 8 | 1 |
| 4 | S.C.M.V.U.P.S.CHETICADU | 9 | 44 | – | 1 | – | – | 49 | |
| 5 | V.V.S.D.U.P.S. PATHIRAPPALLY | 2 | 34 | 1 | 2 | – | -- | 1 | |
| 6 | St. ANTONY'S L.P.S. | – | 2 | – | 2 | – | – | 181 | |
| 7 | T.M.L.P.S. PREETHIKULANGARA | – | 20 | – | 2 | 1 | -- | 2 | |
| 8 | S.R.R.L.P.S. PATTUKALAM | – | 21 | – | – | – | – | 4 | |

## അക്കാദമിക് നിലവാരം

സ്കൂളിന്റെ പേര് : S.C.M.U.P.S.

| ക്ലാസ് | ആകെ | കുട്ടികളുടെ പൊതുനിലവാരം | | | | | SSLC വിജയശതമാനം | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | 30% താഴെ കുട്ടികൾ | 30-40 % നേടുന്നവർ | 40-50% നേടുന്നവർ | 50-60 നേടുന്നവർ | 60 %ത്തിൽ കൂടുതൽ നേടുന്നവർ | 91-92 | 92-93 | 93-94 | 94-95 | 95-96 |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 2 | | 15 | 37 | 25 | 15 | 30 | | | | | |
| 3 | | 7 | | 20 | 42 | 51 | | | | | |
| 4 | | 16 | 70 | 34 | 20 | 29 | | | | | |
| 5 | | 11 | 84 | 49 | 26 | 23 | | | | | |
| 6 | | 24 | 77 | 28 | 12 | 13 | | | | | |
| 7 | | | | | | | | | | | |
| 8 | | | | | | | | | | | |
| 9 | | | | | | | | | | | |
| | | | | | | | | | | | |
| SSLC പരീക്ഷ എഴുതിയവർ | | | | | | | | | | | |

- ഇടക്കാല പരീക്ഷകളുടെയോ ഒന്നാം ടേമിലെ പരീക്ഷയുടെയോ മാർക്കിന്റെ അടിസ്ഥാനത്തിൽ വേണം എഴുതാൻ
- ഓരോ സ്കൂളിനും പ്രത്യേക ഫോറം ഉപയോഗിക്കുക. ക്രോഡീകരണത്തിന് ഇതുപോലെ മറ്റൊരു ഫോറം ഉപയോഗിക്കുക.

## അക്കാദമിക് നിലവാരം

സ്കൂളിന്റെ പേര് T.B.P.L.P.S. KALAVOOR

| ക്ലാസ് | ആകെ | കുട്ടികളുടെ പൊതുനിലവാരം | | | | | SSLC വിജയശതമാനം | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | 30% താഴെ കുട്ടികൾ | 30-40 % നേടുന്നവർ | 40-50% നേടുന്നവർ | 50-60 നേടുന്നവർ | 60 %ത്തിൽ കൂടുതൽ നേടുന്നവർ | 91-92 | 92-93 | 93-94 | 94-95 | 95-96 |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 2 | 49 | 12 | 11 | 6 | 4 | 16 | | | | | |
| 3 | 53 | 10 | 7 | 4 | 7 | 26 | | | | | |
| 4 | | | | | | | | | | | |
| 5 | | | | | | | | | | | |
| 6 | | | | | | | | | | | |
| 7 | | | | | | | | | | | |
| 8 | | | | | | | | | | | |
| 9 | | | | | | | | | | | |
| | | | | | | | | | | | |
| SSLC പരീക്ഷ എഴുതിയവർ | | | | | | | | | | | |

- ഇടക്കാല പരീക്ഷകളുടെയോ ഒന്നാം ടേമിലെ പരീക്ഷയുടെയോ മാർക്കിന്റെ അടിസ്ഥാനത്തിൽ വേണം എഴുതാൻ
- ഓരോ സ്കൂളിനും പ്രത്യേക ഫോറം ഉപയോഗിക്കുക. ക്രോഡീകരണത്തിന് ഇതുപോലെ മറ്റൊരു ഫോറം ഉപയോഗിക്കുക.

## അക്കാദമിക് നിലവാരം

സ്കൂളിന്റെ പേര് : സെന്റ് ആന്റണീസ് എൽ.പി.എസ്. [illegible]

| ക്ലാസ് | ആകെ | കുട്ടികളുടെ പൊതുനിലവാരം | | | | | SSLC വിജയശതമാനം | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | 30% താഴെ കുട്ടികൾ | 30-40 % നേടുന്നവർ | 40-50% നേടുന്നവർ | 50-60 നേടുന്നവർ | 60 %ത്തിൽ കൂടുതൽ നേടുന്നവർ | 91-92 | 92-93 | 93-94 | 94-95 | 95-96 |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 2 | 74 | 25 | 12 | 7 | 6 | 24 | | | | | |
| 3 | 64 | 9 | 10 | 10 | 10 | 25 | | | | | |
| 4 | | | | | | | | | | | |
| 5 | | | | | | | | | | | |
| 6 | | | | | | | | | | | |
| 7 | | | | | | | | | | | |
| 8 | | | | | | | | | | | |
| 9 | | | | | | | | | | | |
| | | | | | | | | | | | |
| SSLC പരീക്ഷ എഴുതിയവർ | | | | | | | | | | | |

- ഇടക്കാല പരീക്ഷകളുടെയോ ഒന്നാം ടേമിലെ പരീക്ഷയുടെയോ മാർക്കിന്റെ അടിസ്ഥാനത്തിൽ വേണം എഴുതാൻ
- ഓരോ സ്കൂളിനും പ്രത്യേക ഫോറം ഉപയോഗിക്കുക. ക്രോഡീകരണത്തിന് ഇതുപോലെ മറ്റൊരു ഫോറം ഉപയോഗിക്കുക.

## അക്കാദമിക് നിലവാരം

സ്കൂളിന്റെ പേര് : S.R.R.L.P.S. PATTUKALAM

| ക്ലാസ് | ആകെ | കുട്ടികളുടെ പൊതുനിലവാരം | | | | | SSLC വിജയശതമാനം | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | 30% താഴെ കുട്ടികൾ | 30-40 % നേടുന്നവർ | 40-50% നേടുന്നവർ | 50-60 നേടുന്നവർ | 60 %ത്തിൽ കൂടുതൽ നേടുന്നവർ | 91-92 | 92-93 | 93-94 | 94-95 | 95-96 |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 2 | 59 | 6 | 5 | 22 | 15 | 11 | | | | | |
| 3 | 52 | 10 | 13 | 7 | 9 | 13 | | | | | |
| 4 | 54 | 6 | 3 | 12 | 12 | 21 | | | | | |
| 5 | | | | | | | | | | | |
| 6 | | | | | | | | | | | |
| 7 | | | | | | | | | | | |
| 8 | | | | | | | | | | | |
| 9 | | | | | | | | | | | |
| | | | | | | | | | | | |
| SSLC പരീക്ഷ എഴുതിയവർ | | | | | | | | | | | |

- ഇടക്കാല പരീക്ഷകളുടെയോ ഒന്നാം ടേമിലെ പരീക്ഷയുടെയോ മാർക്കിന്റെ അടിസ്ഥാനത്തിൽ വേണം എഴുതാൻ
- ഓരോ സ്കൂളിനും പ്രത്യേക ഫോറം ഉപയോഗിക്കുക. ക്രോഡീകരണത്തിന് ഇതുപോലെ മറ്റൊരു ഫോറം ഉപയോഗിക്കുക.

## അക്കാദമിക് നിലവാരം

സ്കൂളിന്റെ പേര് ; ഹോളി-ഫാമിലി എച്ച്.എസ്. കാട്ടൂർ

| ക്ലാസ് | ആകെ | കുട്ടികളുടെ പൊതുനിലവാരം | | | | | SSLC വിജയശതമാനം | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | 30% താഴെ കുട്ടികൾ | 30-40 % നേടുന്നവർ | 40-50% നേടുന്നവർ | 50-60 നേടുന്നവർ | 60 %ത്തിൽ കൂടുതൽ നേടുന്നവർ | 91-92 | 92-93 | 93-94 | 94-95 | 95-96 |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 2 | 194 | 90 | 27 | 27 | 13 | 28 | 01.73 | 66 | 64 73 | 56.65 | 38 |
| 3 | 220 | 85 | 31 | 26 | 25 | 53 | | | | | |
| 4 | 203 | 67 | 48 | 48 | 44 | 58 | | | | | |
| 5 | 288 | 146 | 44 | 45 | 20 | 31 | | | | | |
| 6 | 327 | 205 | 30 | 42 | 20 | 21 | | | | | |
| 7 | 315 | 201 | 48 | 24 | 20 | 22 | | | | | |
| 8 | 279 | 100 | 88 | 46 | 25 | 22 | | | | | |
| 9 | 240 | 112 | 63 | 30 | 12 | 23 | | | | | |
| | | | | | | | | | | | |
| SSLC പരീക്ഷ എഴുതിയവർ | | | | | | | | | | | |

- ഇടക്കാല പരീക്ഷകളുടെയോ ഒന്നാം ടേമിലെ പരീക്ഷയുടെയോ മാർക്കിന്റെ അടിസ്ഥാനത്തിൽ വേണം എഴുതാൻ
- ഓരോ സ്കൂളിനും പ്രത്യേക ഫോറം ഉപയോഗിക്കുക. ക്രോഡീകരണത്തിന് ഇതുപോലെ മറ്റൊരു ഫോറം ഉപയോഗിക്കുക.

## അക്കാദമിക് നിലവാരം

സ്കൂളിന്റെ പേര് : [illegible]

| ക്ലാസ് | ആകെ | കുട്ടികളുടെ പൊതുനിലവാരം | | | | | SSLC വിജയശതമാനം | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | 30% താഴെ കുട്ടികൾ | 30-40 % നേടുന്നവർ | 40-50% നേടുന്നവർ | 50-60 നേടുന്നവർ | 60 %ത്തിൽ കൂടുതൽ നേടുന്നവർ | 91-92 | [illegible] | [illegible] | 94-95 | 95-96 |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 2 | 89 | 29 | 5 | 13 | 10 | 32 | | | | | |
| 3 | 90 | 40 | 16 | 10 | 16 | 14 | | | | | |
| 4 | 111 | 34 | 18 | 24 | 25 | 10 | | | | | |
| 5 | 115 | 23 | 46 | 14 | 11 | 114 | | | | | |
| 6 | 95 | 18 | 18 | 24 | 25 | 10 | | | | | |
| 7 | 107 | 76 | 15 | 10 | 1 | | | | | | |
| 8 | 92 | 63 | 15 | 11 | 6 | 7 | | | | | |
| 9 | 279 | 100 | 88 | 40 | 25 | 22 | | | | | |
| 10 | 99 | 39 | 21 | 18 | 10 | 11 | | | | | |
| SSLC പരീക്ഷ എഴുതിയവർ | | | | | | | | 60% | 68% | 43% | 54% |

- ഇടക്കാല പരീക്ഷകളുടെയോ ഒന്നാം ടേമിലെ പരീക്ഷയുടെയോ മാർക്കിന്റെ അടിസ്ഥാനത്തിൽ വേണം എഴുതാൻ
- ഓരോ സ്കൂളിനും പ്രത്യേക ഫോറം ഉപയോഗിക്കുക. ക്രോഡീകരണത്തിന് ഇതുപോലെ മറ്റൊരു ഫോറം ഉപയോഗിക്കുക.



## അക്കാദമിക് നിലവാരം

സ്കൂളിന്റെ പേര് : [illegible]

| ക്ലാസ് | ആകെ | കുട്ടികളുടെ പൊതുനിലവാരം | | | | | SSLC വിജയശതമാനം | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | 30% താഴെ കുട്ടികൾ | 30-40 % നേടുന്നവർ | 40-50% നേടുന്നവർ | 50-60 നേടുന്നവർ | 60 %ത്തിൽ കൂടുതൽ നേടുന്നവർ | 91-92 | 92-93 | 93-94 | 94-95 | 95-96 |
| 1 | | | | | | | | | | | |
| 2 | | | | | | | | | | | |
| 3 | | | | | | | | | | | |
| 4 | | | | | | | | | | | |
| 5 | | | | | | | | | | | |
| 6 | | | | | | | | | | | |
| 7 | 261 | 93 | 72 | 39 | 17 | 23 | | | | | |
| 8 | 226 | 32 | 77 | 61 | 34 | 40 | | | | | |
| 9 | 209 | | | | | | | | | | |
| | | | | | | | | | | | |
| SSLC പരീക്ഷ എഴുതിയവർ | 171 | | | | | | | 90 | 97 | 95 | 94 |

- ഇടക്കാല പരീക്ഷകളുടെയോ ഒന്നാം ടേമിലെ പരീക്ഷയുടെയോ മാർക്കിന്റെ അടിസ്ഥാനത്തിൽ വേണം എഴുതാൻ
- ഓരോ സ്കൂളിനും പ്രത്യേക ഫോറം ഉപയോഗിക്കുക. ക്രോഡീകരണത്തിന് ഇതുപോലെ മറ്റൊരു ഫോറം ഉപയോഗിക്കുക.

## അക്കാദമിക് നിലവാരം

സ്കൂളിന്റെ പേര് : V.V.S.D.U.P.S.

| ക്ലാസ് | ആകെ | കുട്ടികളുടെ പൊതുനിലവാരം | | | | | SSLC വിജയശതമാനം | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | 30% താഴെ കുട്ടികൾ | 30-40 % നേടുന്നവർ | 40-50% നേടുന്നവർ | 50-60 നേടുന്നവർ | 60 %ത്തിൽ കൂടുതൽ നേടുന്നവർ | 91-92 | 92-93 | 93-94 | 94-95 | 95-96 |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 2 | | | | | | | | | | | |
| 3 | | | | | | | | | | | |
| 4 | 119 | 2 | 50 | 27 | 12 | 28 | | | | | |
| 5 | 109 | 10 | 48 | 22 | 9 | 22 | | | | | |
| 6 | 142 | 19 | 50 | 33 | 14 | 27 | | | | | |
| 7 | | | | | | | | | | | |
| 8 | | | | | | | | | | | |
| 9 | | | | | | | | | | | |
| | | | | | | | | | | | |
| SSLC പരീക്ഷ എഴുതിയവർ | | | | | | | | | | | |

- ഇടക്കാല പരീക്ഷകളുടെയോ ഒന്നാം ടേമിലെ പരീക്ഷയുടെയോ മാർക്കിന്റെ അടിസ്ഥാനത്തിൽ വേണം എഴുതാൻ
- ഓരോ സ്കൂളിനും പ്രത്യേക ഫോറം ഉപയോഗിക്കുക. ക്രോഡീകരണത്തിന് ഇതുപോലെ മറ്റൊരു ഫോറം ഉപയോഗിക്കുക.

## ഗ്രാമപഞ്ചായത്ത് - സ്കൂളിന്റെ ഭൗതികസൗകര്യങ്ങളുടെ വിവരം

| സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | സ്കൂളിന്റെ പേര് | | | | | | ഇനി മുറികൾ ആവശ്യമുള്ളവയുടെ എണ്ണം | ഇനി ആവശ്യമുള്ള കെട്ടിടം/മുറികൾ നിർമിക്കാനുള്ള സ്ഥലം ഉണ്ട്/ഇല്ല | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | മൂത്രപ്പുര സൗകര്യം ആവശ്യമുള്ള കുട്ടികൾക്ക് പ്രത്യേകം | ഇനി ആവശ്യമുള്ള മൂത്രപ്പുരകളുടെ എണ്ണം | നിലവിലുള്ള കക്കൂസുകളുടെ എണ്ണം | ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം | കുടിവെള്ള സൗകര്യം ഉണ്ട്/ഇല്ല കിണർ പൈപ്പ് | വൈദ്യുതീകരണം ഉണ്ട്/ഇല്ല | പാചകപ്പുര | സ്റ്റോർ റൂം | നിലവിലുള്ള ഫർണിച്ചറുകൾ മതിയാകുമോ മതിയാകും/ഇല്ല | ഇനി ആവശ്യമായവയുടെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | | | | | | | | | | | | | ബെഞ്ച് | ഡെസ്ക് | മേശ | കസേര | സ്റ്റീൽ ഷെൽഫ് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 |
| എച്ച്.എഫ്.എച്ച്.എസ്. കാട്ടൂർ | 52 | 7 | | | 60 | | | 5 | ഉണ്ട് | 3 | 21 | 3 | 4 | | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 25 | 25 | 4 | 5 | - |
| ഗവ: ഹൈസ്കൂൾ, പൊള്ളേത്തൈ | 22 | 4 | 1 | 1 | 19 | 5 | 4 | 3 | ഉണ്ട് | 3 | 9 | 1 | 1 | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 48 | 38 | 7 | 4 | 2 |
| എം.ഐ.എച്ച്.എസ്., പൂങ്കാവ് | 12 | 3 | | | 16 | | | ഇല്ല | ഇല്ല | 4 | 10 | | 3 | | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | 35 | 35 | | | - |
| എസ്.സി.എം.വി.യു.പി.എസ്. ചെട്ടികാട് | 23 | 3 | 1 | | 5 | 4 | | 14 | ഇല്ല | 1 | 5 | 1 | 1 | | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | 80 | 20 | 14 | 14 | അലമാര |
| വി.വി. എസ്.ഡി.യു.പി.എസ്. പാതിരാപ്പള്ളി | 10 | 1 | 3 | | | | - | - | ഉണ്ട് | 4 | 8 | 2 | 2 | 2 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | | | | | | - |
| സെന്റ്.ആന്റണീസ് എൽ.പി.എസ്. ഓമനപ്പുഴ | 8 | 4 | | | 13 | | | - | | 1 | 2 | 2 | 1 | 2 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | | | - | | |
| ടി.എം.പി.എൽ.പി.എസ്. പ്രീതികുളങ്ങര | 5 | 3 | | | 7 | | | | | ഇല്ല | | 2 | 1 | | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | 2 | | 2 | | - |
| എസ്.ആർ.ആർ.എൽ.പി.എസ്. പാട്ടുകളം | 8 | 1 | 1 | | 1 | | | | | . | . | | | | | | | | | | | | | |

## അക്കാദമിക് സൗകര്യങ്ങൾ

| സ്കൂളിന്റെ പേര് | ലൈബ്രറി ഉണ്ട്/ ഇല്ല പ്രവർത്തിക്കുന്നു/ഇല്ല | ലബോറട്ടറി/സയൻസ് കോർണർ ഉണ്ട്/ഇല്ല. പ്രവർത്തിക്കുന്നു/ഇല്ല | പഠനോപകരണങ്ങൾ(മാപ്പുകൾ, ചാർട്ടുകൾ, ഗ്ലോബുകൾ) ആവശ്യത്തിന് ഉണ്ട്/ഇല്ല | റേഡിയോ | ടേപ്പ്റെക്കോർഡർ | ടി.വി.സെറ്റ് | വി.സി.ആർ/വി.സി.പി | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർഹെഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ | ആവശ്യമുള്ളത് | നിലവിലുള്ളത് | [illegible] | [illegible] | [illegible] | [illegible] | ക്ലാസ് പി.ടി.എ. കൾ പ്രവർത്തിക്കുന്നു/ഇല്ല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 |
| എച്ച്.എഫ്.എച്ച്.എസ്. കാട്ടൂർ | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 52 | 52 | 191 | ഇല്ല | | സജീവം | പ്രവർത്തിക്കുന്നു |
| ഗവ: ഹൈസ്കൂൾ, പൊള്ളേത്തൈ | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2 [illegible] ഇല്ല | 22 - | 19 | 193 | ഇല്ല | - | - | - |
| എം.ഐ.എച്ച്.എസ്., പുങ്കാവ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | - | | - | - | | ഒന്ന് ഉണ്ട് | - | - | 192 | ഇല്ല | - | | - |
| എസ്.സി.എം.വി.യു.പി.എസ്. ചെട്ടികാട് | ഉണ്ട് | ഇല്ല | വേണ്ടത്ര ഇല്ല | ഉണ്ട് | ഉണ്ട് | - | - | - | - | - | - | 5 | 13 | 192 | ഇല്ല | - | - | - |
| വി.വി. എസ്.ഡി.യു.പി.എസ്. പാതിരാപ്പള്ളി | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | | | - | | | | - | 10 | 192 | ഇല്ല | - | - | - |
| സെന്റ്.ആന്റണീസ്.എൽ.പി.എസ്. ഓമനപ്പുഴ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | | | - | - | | - | - | - | 192 | ഇല്ല | 6 | - | - |
| ടി.എം.പി.എൽ.പി.എസ്. പ്രീതികുളങ്ങര | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | | | | - | - | - | - | 5 | 5 | 192 | - | - | - | - |
| എസ്.ആർ.ആർ.എൽ.പി.എസ്. പാട്ടുകളം | ഇല്ല | | - | ഉണ്ട് | - | | - | | - | - | - | 10 | 10 | 192 | - | - | - | - |

' ആരോഗ്യമുള്ള ശരീരത്തിലെ ആരോഗ്യമുള്ള മനസ്സുള്ളു '

# കുടിവെള്ളവും പൊതുജനാരോഗ്യവും

മാവേലിനാടുവാണീടുംകാലം
മാനുഷരെല്ലാരുമൊന്നുപോലെ
ആമോദത്തോടെവസിക്കുംകാലം
ആപത്തങ്ങാർക്കുമൊട്ടില്ലതാനും.

പണ്ടെങ്ങോ നാടുവാണിരുന്ന മന്നന്റെ കാലത്ത് ജനപ്രജകളനുഭവിച്ചിരുന്ന ഒരു സുവർണ്ണകാലത്തിന്റെ പരിച്ഛേദമാണ് ഈ വരികളിൽ തുടിക്കുന്നത്. പാശ്ചാത്യർ വാണിജ്യത്തിനും തുടർന്നു കോളനിവല്ക്കരണത്തിനുമായി എത്തുന്നതിനുമുൻപുള്ള ആയിരത്താണ്ടുകളിലെ ഭാരതത്തെപ്പറ്റി ലോകപ്രശസ്ത സഞ്ചാരി ഗ്രാമസ്വരൂപൻ തന്റെ പുസ്തകമായ The Beautiful Trees -ൽ എഴുതിയിട്ടുള്ള കാര്യങ്ങൾ മേൽ ഉദ്ധരിച്ച കാവ്യഭാഗത്ത് ഭാരതീയ ജനജീവിത നിലവാരം അക്കാലത്തോളം നിലനിന്നിരുന്നു എന്നു മനസ്സിലാക്കാം. ഗ്രാമസ്വരൂപൻ തന്റെ ഭാരതസഞ്ചാരത്തിനിടയിൽ അംഗവൈകല്യമോ, വൈരൂപ്യമോ രള്ള ഒരാളെയും കണ്ടില്ല എന്ന് പ്രസ്ഥാ വിച്ചിട്ടുണ്ട്. വിദേശാഗമനത്തിനുമുൻപ് തന്നെ ഭാരതത്തിൽ ആധുനികസജ്ജീകരണമൊന്നും കൂടാതെ മനുഷ്യാരോഗ്യം പരിപാലിക്കപ്പെട്ടിരുന്നു എന്നു കാണുവാൻ സാധിക്കും. ആയുർവേദത്തിൽ അഗാധ പാണ്ഡിത്യം നേടിയ ഋഷിവര്യൻ ജനത്തിന്റെ ആരോഗ്യ പ്രവർത്തനങ്ങളിൽ മഹത്തായ നേതൃത്വം നൽകിയിരുന്നു. അന്ന് ചികിത്സ പ്രതിഫലത്തിന് വേണ്ടിയായിരുന്നില്ല. ചികിത്സവിധിക്കുന്ന വൈദ്യന് ദക്ഷിണ നല്കിയിരുന്നു. മാത്രമല്ല വിദ്യാഭ്യാസത്തിനും ആഹാരത്തിനും പോലും അക്കാലത്ത് ആരും പ്രതിഫലം ഇച്ഛിച്ചിരുന്നില്ല. ചൈനയിൽ ഒരു കാലഘട്ടത്തിൽ വൈദ്യൻമാർ താൻ വസിച്ചിരുന്ന ഗ്രാമത്തിലെ ജനങ്ങളെ ഓരോരുത്തരേയും വീട്ടിൽ നേരിട്ടു കണ്ട് അവർക്കു വേണ്ട ആഹാരനിർദ്ദേശങ്ങൾക്കായി നൽകുകയും പ്രതിഫലം സ്വീകരിക്കയും ചെയ്തിരുന്നു. എന്നാൽ ഇവരിൽ ഒരാൾക്ക് രോഗം വന്നാൽ പിന്നെ ആ വീട്ടിൽ നിന്നും വൈദ്യന് വണം നൽകിയിരുന്നില്ല. ആധുനികലോകം ശാസ്ത്രസാങ്കേതികരംഗത്ത് വൻമുന്നേറ്റം കുറിച്ച കാലഘട്ടമാണിത്. രോഗചികിസാ രംഗത്തും നൂതനമായ വിദ്യകൾ വികസിപ്പിച്ചിട്ടുണ്ട്. ആരോഗ്യപരിപാലനത്തിനായി രാഷ്ട്രം വൻതുകകൾ തന്നെ മുടക്കുന്നുണ്ട്. എന്നിട്ടും ജനപ്പെരുപ്പത്തിലുണ്ടായവർദ്ധനവും രോഗികളായിക്കൊണ്ടിരി ക്കുന്നവരുടെഎണ്ണവും താരതമ്യപ്പെടുത്തുമ്പോൾ ആരോഗ്യപരിപാലനരംഗത്തും രോഗചികാൽസാരംഗത്തും നമ്മൾ ഒരു നേട്ടവും കൈവരിച്ചിട്ടില്ല എന്നു കാണാവുന്നതാണ്.

അലോപ്പതി ചികിത്സാരംഗത്ത് ത്രിതലചികിൽസാ സമ്പ്രദായം നടപ്പാക്കുവാൻ കേരളത്തിനുകഴിഞ്ഞിട്ടുണ്ട്. എന്നിട്ടും കേരള ജനതയെ മാരകരോഗങ്ങളുടെ ഭീഷണിയിൽ നിന്നും വിമുക്തമാക്കുന്നതിൽ ആധുനിക ചികാൽസാരംഗത്ത് ഏറെ പുരോഗതി നേടിയിട്ടുള്ള അലോപ്പതിപോലും പരാജയപ്പെട്ടിരിക്കയാണ്. ലോകാരോഗ്യസംഘടനയുടെ കണക്കനുസരിച്ച് രണ്ടായിരമാണ്ടോടെ ഭാരതത്തിൽ ഇരുന്നൂറുപേരിൽ ഒരാൾ എയ്ഡ്സ് രോഗിയായിത്തീരും എന്നാണ്. കേരളത്തിന്റെ സ്ഥിതി അതിലും മോശമാകുമെന്നും കാണിക്കുന്നു. ആസ്മരോഗത്തിനും ചികിൽസിക്കപ്പെടുന്ന ഒരു രോഗി മരിക്കുന്നതുവരെ ആസ്മയ്ക്ക് മരുന്നു കഴിക്കേണ്ടി വരുന്നു. ഡയബറ്റിക്കിനു ചികിൽസിക്കപ്പെടുന്ന ഒരു രോഗി മരിക്കുന്നതുവരെ ഡയബറ്റി ക്കിനു മരുന്നു കഴിക്കേണ്ടി വരുന്നു. ഒരു രോഗത്തിനു ചികിൽസി

ക്കപ്പെടുന്നു എന്നു പറഞ്ഞാൽ ആ ചികിൽസക്കു വിധിക്കപ്പെട്ട കാലയളവുകഴിഞ്ഞ് ആരോഗ്യത്തിൻെറയും മറ്റുരോഗങ്ങളുടെയും ശല്യം കൂടാതെയും മരുന്നു കഴിക്കാതെയും സുഖമായി ശിഷ്ടകാലം ജീവിക്കുവാൻ ആ രോഗിയെ പര്യാപ്തമാക്കുന്നു എന്നാണ്. എന്നാൽ നാമിന്ന് കൈവരിച്ചു എന്നു പറയുന്ന ചികിൽസാ പുരോഗതി പരിശോധിക്കുമ്പോൾ കോട്ടങ്ങളാണ് ഏറെ എന്നു മനസ്സിലാകും .

**ആരോഗ്യം നിലനിർത്തുന്നതിന് ആവശ്യമായ ഘടകങ്ങൾ പ്രധാനമായും നാലാണ്.**

1. യഥാർത്ഥ ഭക്ഷണം.
2. വിഷമയമില്ലാത്ത ശുദ്ധ ഭക്ഷണം.
3. പോഷകഗുണമുള്ള ആഹാരം
4. പരിസ്ഥിതി സംരക്ഷണം.

ആരോഗ്യകേന്ദ്രങ്ങൾ എന്ന് നാം കരുതുന്ന എല്ലാ സ്ഥാപനങ്ങളും രോഗചികിൽസാ കേന്ദ്രങ്ങളായാണ് പ്രവർത്തിക്കുന്നത്. ഉദാഹരണത്തിന് പ്രാഥമിക ആരോഗ്യ കേന്ദ്രം - പ്രാഥമികരോഗചികിൽസാ കേന്ദ്രം. ഈ മേഘലകളിൽ ഒന്നും തന്നെ എന്തുകൊണ്ട് രോഗം വന്നു? എങ്ങിനെ രോഗം വരുത്താതിരിക്കാം? എന്നീ വിഷയങ്ങൾ ചർച്ച ചെയ്യുന്നില്ല. ആരോഗ്യപരിപാലനത്തിന് പ്രാഥമികമായി വേണ്ടത് ബോധവൽക്കരണമാണ്. നിസ്വാർത്ഥസേവനത്താൽ കഴിഞ്ഞ 14 വർഷം കൊണ്ട് കേരളത്തിലെ പതിനായിരക്കണക്കിനു കുടുംബങ്ങളെ ആരോഗ്യകാര്യത്തിൽ സ്വയം പര്യാപ്തമാക്കുവാൻ നിസ്സ്വാർത്ഥ സേവനത്തിലൂടെ സി.ആർ.ആർ. വർമ്മയ്ക്ക് കഴിഞ്ഞു എന്നത് ഇത്തരുണത്തിൽ ചർച്ച ചെയ്യപ്പെടേണ്ട വസ്തുതയാണ്.

**കുടിവെള്ളം**

കുടിവെള്ളത്തിന് ഏറെ ക്ഷാമം അനുഭവപ്പെടുന്ന ഒരു പഞ്ചായത്താണ് നമ്മുടേത്. പൊതുജനാരോഗ്യത്തിന് അത്യന്താപേക്ഷിതമായ ഘടകങ്ങളിലൊന്നാണ് ശുദ്ധമായ കുടിവെള്ളം. മഴയിലൂടെ ലഭിക്കുന്നശുദ്ധജലം വലിയ കുളങ്ങളിലൂടെയും കിണറുകളിലൂടെയുമായി ഭൂമിയുടെ ഉള്ളറകളിൽ ശേഖരിക്കുന്നതാണ് നാം പഞ്ചായത്തിൻെറ ശുദ്ധജലത്തിനായി ആശ്രയിച്ചുപോരുന്ന പ്രധാന ശ്രോതസ്സുകൾ. ജനബാഹുല്യം നിമിത്തം നിലവിലുണ്ടായിരുന്ന കുളങ്ങളും നിലങ്ങളും നികത്തപ്പെടുകയും കുളങ്ങളിലൂടെ ലഭിച്ചുകൊണ്ടിരുന്ന കുടിവെള്ളത്തിൻെറ അളവ് ക്രമാതീതമായി കുറയുകയും ചെയ്തു. വേനൽക്കാലത്തു നിലവിലുള്ള കുളങ്ങളിലും കിണറുകളിലും ജലവിതാനം മുൻപത്തേക്കാളേറെ താഴ്ന്നാണ് കാണുന്നത്. അതിനർത്ഥം മഴവെള്ളം ഭൂമിയിൽ ഒട്ടും തന്നെ ശേഖരിക്കപ്പെടുന്നില്ല എന്നാണ്. ഇതിനെ മുന്നിൽ കണ്ടുകൊണ്ടാകണം മുൻ ഭരണാധികാരികൾ കന്യാകുമാരി മുതൽ കാസർകോടുവരെ ജനസാന്ദ്രതയേറിയ പ്രദേശങ്ങളിൽ വലിയ ചതുക്കുളങ്ങൾ കൽപ്പടവുകെട്ടി സംരക്ഷിച്ചിരുന്നത്. ഇക്കാലങ്ങളിൽ വാട്ടർ അതോറിട്ടി കണ്ടെത്തിയ ജലസ്രോതസ്സുകളെല്ലാം തന്നെ മെൽപ്പറഞ്ഞത്തരം കുളങ്ങളുടെ സമീപത്തായിട്ടാണ്.

നമ്മുടെ പഞ്ചായത്തിൽ ശുദ്ധജലവിതരണത്തിനായി രണ്ടു പമ്പിംഗ് സ്റ്റേഷനുകളാണ് ഉള്ളത്. ഒന്ന് ചെട്ടികാട് പമ്പിംഗ് സ്റ്റേഷൻ, രണ്ട് വാഴക്കൂട്ടം പൊഴിക്കുസമീപം ഉള്ളത്. പഞ്ചായത്തിൻെറ തെക്കുകിഴക്കേ അതിർത്തിയിൽ കോമളപുരത്തുനിന്നുള്ള പൈപ്പ് ലൈനിൽ നിന്നും ജലം ലഭിക്കുന്നുണ്ട്. ചെട്ടികാട് പമ്പിംഗ് സ്റ്റേഷന് ഉള്ള വാട്ടർ ടാങ്കിന് 68000 ലിറ്റർ കപ്പാസിറ്റി ഉണ്ട്. 8000ത്തോളം ആളുകൾക്ക് ഇതിൻെറ പ്രയോജനം ലഭിക്കുന്നു. കുഴൽകിണറിൽ നിന്നുമുള്ള വെള്ളമാണ് ഇവിടെ ഉപയോഗിക്കുന്നത്. 24 മണിക്കൂറും പമ്പിംഗ് നടത്തുവാനുള്ള സൗകര്യം വൈദ്യുതിക്ഷാമവും ജീവനക്കാരുടെ കുറവും നിമിത്തം ഈ പമ്പു ഹൗസിലില്ല. പഞ്ചായത്തിലെ രണ്ടാമത്തെ ശുദ്ധജലവിതരണപദ്ധതി വാഴക്കൂട്ടം പാലത്തിനു സമീപമുള്ള വാട്ടർടാങ്കു വഴിയാണ്. ഇതിൻെറ സംഭരണശേഷി 45460 ലിറ്റർ ആണ്. ഈ രണ്ടു ടാങ്കുകളിൽ നിന്നുമായി 29 കിലോമീറ്റർ നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. 157 പൊതുടാപ്പുകളും 120 സ്വകാര്യകണക്ഷനുകളും ഉണ്ട്.

അൻപത്തിനാലര ലക്ഷം രൂപ ചിലവിൽ 3 ലക്ഷം ലിറ്റർ കപ്പാസിറ്റിയിൽഒരു ഒ.എച്ച്.റിസർവോയർ കുളമാക്കി തണ്ടഫ കോളനി പ്രദേശത്ത് സ്ഥാപിക്കുവാൻ നടപടിയായിട്ടുണ്ട്. 28 കിലോമീറ്റർ നീളത്തിൽ പൈപ്പ് ശൃംഖല സ്ഥാപിക്കുവാനാണ് പദ്ധതി. 110 പൊതുടാപ്പുകൾ ഉണ്ടാകും. ഏകദേശം 18000ത്തോളം ജനങ്ങൾ ഇതിൻെറ ദൂരപരിതിയിൽ ഉണ്ടാകും. കുഴൽകിണറിൽ നിന്നുള്ള ജലമാണ് ഇവിടെ വിതരണം ചെയ്യുക.

മത്സ്യത്തൊഴിലാളിമേഖലയിൽ ശുദ്ധജലം എത്തിക്കുന്നതിനായി കാട്ടൂർ, പൊള്ളേത്തൈ എന്നിവിടങ്ങളിലായി രണ്ടു ശുദ്ധജലവിതരണ പദ്ധതികൾക്ക് അനുമതിയായിട്ടുണ്ട്. 35 ലക്ഷം രൂപയാണ് ഇതിന് ചെലവു കണക്കാക്കിയിട്ടുള്ളത്. 14 കിലോമീറ്റർ നീളത്തിൽ 90 പൊതുടാപ്പുകൾ ആണ് ഇവിടെ സ്ഥാപിക്കുന്നത്. കുഴൽകിണറിൽ നിന്നുള്ള വെള്ളമാണ് ഇവിടെ വിതരണം ചെയ്യുന്നത്.

കുടിവെള്ളത്തെ സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക 1.

മാരാരിക്കുളം തെക്കുഗ്രാമപഞ്ചായത്ത് കുടിവെള്ള ശ്രോതസ്സ്.

കുടുംബങ്ങളുടെ എണ്ണം

| വാർഡ് | പൈപ്പ് | കിണർ | കുളം | പൊതുകിണർ/ മറ്റുള്ളവ |
|---|---|---|---|---|
| 1. | 60 | 240 | 327 | 15 |
| 2. | 43 | 145 | 70 | 14 |
| 3. | 140 | 165 | 47 | 78 |
| 4. | 46 | 166 | 116 | 33 |
| 5 | 205 | 140 | 29 | 95 |
| 6. | 6 | 368 | 315 | 131 |
| 7. | 230 | 57 | 29 | 51 |
| 8. | 20 | 182 | 94 | 79 |
| 9. | 131 | 282 | 51 | 84 |
| 10 | - | - | - | - |
| 11 | 62 | 225 | 88 | 138 |
| 12. | 266 | 351 | 525 | 12 |
| 13. | 181 | 451 | 5 | - |
| 14. | 275 | 229 | 34 | 279 |
| 15. | 286 | 127 | 22 | 259 |

മനുഷ്യശരീരത്തിൻെറ പ്രവർത്തനത്തിനും വളർച്ചക്കും ജീവൻെറ നിലനിൽപ്പിനും ഹാനീകരമല്ലാത്ത ജലത്തിന് ശുദ്ധജലം എന്നുപറയുന്നു. ഒന്നു കൂടി പറഞ്ഞാൽ നിറമോ, മണമോ രുചിയോ ഇല്ലാത്തതും, രോഗാണുബാധ ഇല്ലാത്തതും കാഠിന്യം ഇല്ലാത്തതുമായ ജലമാണ് ശുദ്ധജലം. പഞ്ചായത്തിൽ കുളങ്ങളിൽ നിന്നും കുഴൽകിണറുകളിൽ നിന്നും ലഭിക്കുന്ന കുടിവെള്ളം ഏറിയപങ്കും നിറമുള്ളതും

മണമുള്ളതും അരുചിയുള്ളതുമാണ്. പതിമൂന്നാം വാർഡിലെ പിയർലൈറ്റ് കമ്പനി, ഹോമിയോ മരുന്നു കമ്പനി, 11ാം വാർഡിലെ കെ.എസ്.ഡി.പി. വൈറ്റമിൻ എ പ്ലാനൻ് 8ാം വാർഡിലെ ശവക്കോട്ടയിൽ ആലപ്പുഴ പട്ടണത്തിൽ നിന്നും കൊണ്ടുവന്നു നിക്ഷേപിക്കുന്ന മലവും മറ്റു മാലിനവസ്തുക്കളും ഒന്നാം വാർഡിലെ റബറൈസ്ഡ് കയർ ഫാക്ടറിയിൽ നിന്നുള്ള മാലിന്യങ്ങൾ കൂടാതെ പഞ്ചായത്തിൽ അങ്ങോളമിങ്ങോളം വ്യാപിച്ചു കിടക്കുന്ന ചെറുകിടകയർ ഫാക്ടറികളിൽ നിന്നും തള്ളുന്ന മായം കലർന്ന മലിനജലവും പഞ്ചായത്തിലെ ജലമലിനീകരണത്തെ സ്വാധീനിക്കുന്ന പ്രധാന ഘടകമാങ്ങളാണ്. വാട്ടർ അതോറിട്ടിയുടെ പൈപ്പ് ലൈൻ മുഖേന ലഭിക്കുന്ന ജലവും താരതമേന ഗുണനിലവാരം കുറഞ്ഞതാണ്.

**പ്രശ്നങ്ങൾ നിർദ്ദേശങ്ങൾ**

1. മാരാരിക്കുളം തെക്കു പഞ്ചായത്തിൽ കെ.എസ്.ഡി.പി. സ്ഥിതിചെയ്യുന്ന പ്രദേശം, പിയർലൈറ്റ് വയർ പ്രോഡക്റ്റസ് സ്ഥിതിചെയ്യുന്ന പ്രദേശം എന്നിവിടങ്ങളിൽ കുടിവെള്ളത്തിൻെറ ക്ഷാമം അതിരൂക്ഷമാണ്.

2. പഞ്ചായത്തിൻെറ തീരപ്രദേശം ഓരു വെള്ളം നിറഞ്ഞതാണ്. കുളം,കിണർ എന്നിവ ഉപയോഗിച്ചുളള കുടിവെളളപദ്ധതി ഇവിടെ വിജയപ്രദമല്ല. ഇവിടെ പൈപ്പ് ലൈൻ വലിച്ച് ശുദ്ധജലം എത്തിക്കേണ്ടതാണ്.

3. വീടുകളിൽ സ്ഥാപിച്ചിട്ടുളള കുഴൽ കിണറുകളിൽ പ്രതീക്ഷിച്ച അളവിൽ വെള്ളം ലഭിക്കുന്നില്ല. അവയിൽ നിന്നും ലഭിക്കുന്ന വെളളത്തിന് രുചിവ്യത്യാസം അനുഭവപ്പെടുന്നുണ്ട്.

4. വ്യവസായ മലീനീകരണം നിമിത്തം പഞ്ചായത്തിൻെറ 11,13 എന്നീ വാർഡുകളിൽ പ്രത്യേകിച്ചും പഞ്ചായത്തിൽ പരക്കെയും കിണർവെള്ളം കുടിക്കാൻ ഉപയുക്തമല്ല.

5. വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈനിലൂടെ ലഭിക്കുന്ന ശുദ്ധജലം എല്ലാദിവസങ്ങളിലും ദിവസത്തിൻെറ എല്ലാ സമയവും ലഭിക്കുന്നില്ല.

6. വാട്ടർ അതോറിറ്റിയുടെ പൈപ്പ് ശൃംഖലയിലെ പൊതുടാപ്പുകൾ ഉപയോഗക്ഷമമല്ലാത്തതിനാൽ ധാരാളം ജലം പാഴായിപ്പോകുന്നു.

മനുഷ്യശരീരത്തിൻെറ പ്രവർത്തനത്തിനും വളർച്ചക്കും, ജീവൻെറ നിലനിൽപ്പിനും ഹാനികരമല്ലാത്ത ജലത്തിന് ശുദ്ധജലം എന്നു പറയുന്നു.ഒന്നു കൂടി പറഞ്ഞാൽ നിറമോ, മത്തണമോ, രുചിയോ ഇല്ലാത്തതും, രോഗാണുബാധ ഇല്ലാത്തതും, മാലിന്യം ഇല്ലാത്തതും ജലത്തിനാണ്.

**സാദ്ധ്യതകൾ, നിർദ്ദേശങ്ങൾ**

1. പഞ്ചായത്തിലെ നിലവിലുള്ള എല്ലാ കുളങ്ങളും വിസ്തീർണം നിലനിർത്തി വെട്ടിസംരക്ഷിക്കുന്നതിന് സംവിധാനം ഉണ്ടാക്കണം.

2. നിലവിലുള്ള എല്ലാ കുളങ്ങളും പാടങ്ങളും നികത്തുന്നില്ല എന്ന് ഉറപ്പുവരുത്തുവാൻ വേണ്ട നടപടി സ്വീകരിക്കണം.

3. നിലവിലുള്ള എല്ലാ പൊതുകിണറുകളും ഉപയോഗയോഗ്യമാക്കുക.

4. പൊതുടാപ്പുകളുടെ അറ്റകുറ്റപണികൾ അതാതു സമയത്തു തന്നെ നടത്തുവാൻ വേണ്ടനടപടികൾ സ്വീകരിക്കുക.

5. വ്യവസായശാലകളിൽ നിന്നും കയർഫാക്ടറികളിൽ നിന്നും പുറംതള്ളുന്ന മലിനജലം ശുദ്ധീകരിച്ചശേഷം ഒഴുക്കിക്കളയു ന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

6. പഞ്ചായത്തിനെ തീരദേശം, മദ്ധ്യമേഖല, കിഴക്കൻമേഖല എന്നിങ്ങനെ മൂന്നായി തിരിച്ച് പൈപ്പ്‌ലൈൻ സ്ഥാപിച്ച് ഉൾപ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കണം.

7. പഞ്ചായത്തിൻെറ എല്ലാ ഫുട്പാത്തുകളുടെയും വശത്തുകൂടി പൈപ്പ്‌ലൈൻ സ്ഥാപിച്ച് പൊതുടാപ്പുകൾ സ്ഥാപിക്കുക.

8. വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ സ്ഥാപിക്കുമ്പോൾ ഭാവിയിലേക്കു നൽകേണ്ടിവരാവുന്ന പൈപ്പ് കണക്ഷനുകളുടെ ആവശ്യകത മനസിലാക്കി വ്യാസം കൂടിയ പൈപ്പ് തന്നെ സ്ഥാപിക്കുവാൻ നടപടി ഉണ്ടാക്കണം.

9. ഡിപ്പാർട്ടുമെൻറുകൾ തമ്മിലുള്ള പരസ്പര ധാരണയില്ലായ്മമൂലം റോഡുകൾ പലപ്രാവശ്യം വെട്ടിപ്പൊളിച്ച് സാമ്പത്തികധൂർത്തും സാമ്പത്തികനഷ്ടവും ഉണ്ടാകുന്നുണ്ട്. ഉദാഹരണമായി ഒരു റോഡുനിർമ്മിച്ച് പണിക്കാർ മാറിയയുടനെ വാട്ടർ അതോറിറ്റി ആ റോഡ് കുറുകെയും നെടുകയുമായി മുറിക്കുന്നു. ഇതിനു പരിഹാരമായി റോഡുനിർമാണസമയത്തുതന്നെ ബന്ധപ്പെട്ട വകുപ്പുകൾ ഒരേ സമയത്തു പ്ലാൻ ചെയ്തുകൊണ്ടുള്ള നിർമാണപ്രവർത്തനം നടത്തുവാൻ സംവിധാനം ഉണ്ടാകണം.

10. വെള്ളക്കെട്ടുളളപ്രദേശങ്ങളിൽ കാണകെട്ടിവെള്ളം ഒഴുക്കിക്കളയുവാനുള്ള അടിയന്തിരനടപടി സ്വീകരിക്കണം.

11. പാട്ടുകളം ക്ഷേത്രത്തിനുവടക്കു പടിഞ്ഞാറെവശം നിലവിലുണ്ടായിരുന്ന ആലപ്പുഴ- അർത്തുങ്കൽറോഡിൽ കലിങ്ക് പുനഃസ്ഥാപിക്കണം.

12. പരിസ്ഥിതി പ്രശ്നം സൃഷ്ടിക്കുന്നതു കൊണ്ട് കുഴൽകിണർ മുഖേനയുള്ള ശുദ്ധജലപദ്ധതി നിരുത്സാഹപ്പെടുത്തുകയും പകരമായി മൂവാറ്റുപുഴ, പമ്പാനദികളിൽനിന്നുമുള്ള ശുദ്ധജലപദ്ധതി വികസിപ്പിച്ച് ഈ പഞ്ചായത്തിൽ കുടിവെള്ളം എത്തിക്കുവാൻ നടപടി സ്വീകരിക്കണം.

**ശുചിത്വം**

ആരോഗ്യപരിപാലനവിഷയം കൈകാര്യം ചെയ്യുമ്പോൾ അവശ്യം ശ്രദ്ധിക്കേണ്ട മേഖലയാണ് ശുചിത്വം. മലയാളികൾ വസ്ത്രധാരണത്തിലും ശാരീരികശുചിത്വത്തിലും പ്രാമുഖ്യം കല്പിക്കുന്നവരാണ്. എന്നാൽ നാഗരികസംസ്കാരത്തിൻെറ സ്വാധീനത്തോടെ ആഹാരത്തിലും വലിയമാറ്റം ഉണ്ടായി. ആഹാരം എപ്പോൾ കഴിക്കണമെന്നോ എങ്ങിനെ കഴിക്കണമെന്നോ ഉള്ള നിഷ്ഠ നമുക്ക് നഷ്ടമായി. തന്നിമിത്തം നമ്മുടെ ആന്തരിക ശുചിത്വം നഷ്ടപ്പെട്ടു. പഴകിയ ആഹാരവും ഫ്രീസറിൽ വച്ച മത്സ്യം, മാംസം എന്നിവയും നമ്മുടെ നിത്യാഹാരമാണ്. അതിലൂടെ രോഗാണുക്കൾക്ക് യഥേഷ്ടം നമ്മുടെ ഉള്ളിൽ വളരുവാൻ ഇടവരികയും പകർച്ചവ്യാധികളും സാംക്രമികരോഗങ്ങളും പരക്കെ വർദ്ധിക്കുകയും ചെയ്തു. രോഗകാരണങ്ങളിൽ ഒന്ന് നമ്മുടെ അകത്തും പുറത്തുമുള്ള ശുചിത്വമില്ലായ്മയാണ്.

മാരാരിക്കുളം തെക്കുപഞ്ചായത്തിൽ കക്കൂസ് ഉപയോഗിക്കുന്നവരുടെ പട്ടികചേർക്കുന്നു.

| വാർഡ് | സെപ്ടിക് | ടാങ്ക് | ഒറ്റക്കുഴി | ഇരട്ടക്കുഴി മറ്റുള്ളവ |
|---|---|---|---|---|
| 1 | 80 | 254 | 100 | 42 |
| 2 | 18 | 12 | 212 | 81 |
| 3 | 125 | 48 | 165 | 126 |

| | | | | |
|---|---|---|---|---|
| 4 | 30 | 96 | 375 | 348 |
| 5 | 82 | 68 | 245 | 225 |
| 6 | 145 | 110 | 250 | 153 |
| 7 | 70 | 85 | 130 | 200 |
| 8 | 28 | 70 | 140 | 180 |
| 9 | 68 | 225 | 122 | 370 |
| 10 | 46 | 135 | 88 | 70 |
| 11 | 235 | 205 | 150 | 89 |
| 12 | 260 | 200 | 301 | 110 |
| 13 | 273 | - | 497 | 90 |
| 14 | 98 | 170 | 270 | 366 |
| 15 | 90 | 110 | 160 | 344 |

മലവിസർജ്ജനത്തിനായി കടൽത്തീരത്തെ ആശ്രയിക്കുന്ന ധാരാളം കുടുംബങ്ങൾ ഇന്നും പഞ്ചായത്തിൽ ഉണ്ട്. മറ്റുരീതിയിൽ മലവിസർജ്ജനം നടത്തുന്നവർ പ്രധാനമായും തുറസായ വെളി, ആൾതാമസമില്ലാത്തതും കാടുകയറിയതുമായ പ്രദേശം എന്നിവിടങ്ങളിലാണ്. ഒറ്റക്കുഴി എന്ന ഗ്രൂപ്പിൽ പ്പെടുന്ന കക്കൂസുകൾ തീരെ സുരക്ഷിതമല്ല. ഇവയിൽ ഏറിയ പങ്കും പഞ്ചായത്തിലെ ചെറിയ തോടിന്റെ വശങ്ങളിൽ സ്ഥാപിച്ചിട്ടുള്ളവയാണ്. ഇത് ഈ തോട്ടിലേക്ക് തുറന്നുവെച്ചിട്ടുള്ളതിനാൽ വലിയ ആരോഗ്യപ്രശ്നങ്ങൾ പ്രദേശത്ത് സൃഷ്ടിക്കുണ്ട്. മഴക്കാലത്ത് ഭൂമിയിലെ ജലനിരപ്പ് ഉയരുന്നതിനുസരിച്ച് താഴെ സീലിംഗില്ലാത്ത സാധാരണഗ്രൂപ്പിൽപ്പെട്ട കക്കൂസിൽ നിന്നും അഴുക്ക് ടാങ്കുകവിഞ്ഞും ടാങ്ക് ലീക്ക് ചെയ്തും പുറത്തേക്കൊഴുകുന്ന അവസ്ഥയുണ്ട്. ഇത് വെള്ളക്കെട്ട് പ്രദേശങ്ങളിൽ പകർച്ചവ്യാധികൾ ഉണ്ടാക്കുന്നുണ്ട്. പൂങ്കാവ് ഹോമിയോ ഫാകടറിക്കു സമീപം, കാരുപറമ്പിൽ സ്കൂളിനുസമീപം, പൂങ്കാവു പള്ളിക്ക് തെക്കുവശം റോഡിനോട് ചേർന്ന വാർഡിലെ മദ്ധ്യഭാഗം പാട്ടുകളം ക്ഷേത്രത്തിന് പടിഞ്ഞാറ് വശം എന്നിവിടങ്ങളിൽ മഴക്കാലത്ത് സ്ഥിരമായ വെള്ളക്കെട്ട് രൂപപ്പെടാറുണ്ട്.

കഴിഞ്ഞവർഷം സോഷ്യോഎക്കണോമിക് യൂണിറ്റ് പദ്ധതിയിൽപെടുത്തി 500 എണ്ണം സി.ആർ.എസ്.പി. കക്കൂസുകൾ പഞ്ചായത്തിൽ നിർമിച്ചുനൽകിയിട്ടുണ്ട്. ഇതിലേക്ക് 1,30,000 രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും 12,70,000 തുക വികസന വകുപ്പുവഴിയും ചെലവു ചെയ്തു പഞ്ചായത്തിൽ ആവശ്യമായി വരുന്ന കക്കൂസുകളുടെ എണ്ണം പരിശോധിക്കുമ്പോൾ ഇത് തുലോം അപര്യാപ്തമാണ്.

### സാധ്യതകൾ

1. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സ്വന്തമായി കക്കൂസ് നിർമിക്കുന്നതിന് ധനസഹായം നൽകാവുന്നതാണ്.

2. എല്ലാവർക്കും കക്കൂസ് എന്ന ആശയം മുൻനിർത്തി തുടക്കത്തിൽ എല്ലാ കോളനികളിലും ജനസാന്ദ്രതയേറിയ പ്രദേശങ്ങളിലും പൊതുകക്കൂസ് നിർമിച്ചു നൽകുക. ഇതിനായി പണം സ്വരൂപിക്കുന്നതിനും മറ്റും വാർഡുതലത്തിൽ സാനിറ്റേഷൻ കമ്മറ്റികൾ രൂപീകരിക്കുക.

3. കയർ ഫാക്ടറികളിൽ നിന്നും ഒഴുക്കിക്കളയുന്ന ബ്ലീച്ചിംഗിനുപയോഗിക്കുന്ന രാസപദാർത്ഥങ്ങൾ അടങ്ങിയ മലിനജലം ശുദ്ധീകരിച്ചശേഷം മാത്രമാണ് ഒഴുക്കിക്കളയുന്നതെന്ന് ഉറപ്പുവരുത്തണം. ഇതിനായി കയർഫാക്ടറികൾക്ക് പഞ്ചായത്തിൽ നിന്നും ലൈസൻസ് നൽകുമ്പോൾ ഈ കാര്യം പാലിക്കുന്നതിനായി പ്രത്യേകചട്ടം ചേർക്കണം.

4. മഴക്കാലത്ത് പെയ്തവെള്ളം ഒഴുകിപ്പോയ്ക്കൊണ്ടിരുന്ന ചെറിയ തോടുകൾ ഇന്ന് റോഡുകളാണ്. പെയ്തവെള്ളം അപ്പോൾ ഒഴുകിപ്പോകുന്നതിന് റോഡിനുവശം കാണ നിർമിക്കുക.

ഹോമിയോ ഡ്രഗ്സ് മുതൽ തെക്കോട്ട് ദേശീയപാതയുടെ പടിഞ്ഞാറു വശം കൂടെ തെക്കോട്ട് 15-ാം വാർഡിന്റെ മദ്ധ്യേ എൻ.എച്ചിനു പുറകിലുള്ള കലിങ്ക് വരെ അടിയന്തിരമായി കാണ നിർമിക്കുക. കാരുപറമ്പിൽ സ്കൂളിനുസമീപമുള്ള വെള്ളക്കെട്ടിൽ നിന്നും കിഴക്കോട്ട് 100 മീറ്റർ നിളത്തിൽ കാണകെട്ടി കിഴക്കേ കലിങ്ക് വരെ എത്തിച്ച് വില്ലേജോഫീസ് കാരുപ്പറമ്പിൽ സ്കൂൾ റോഡിൽ ഉണ്ടാകുന്ന വെള്ളക്കെട്ട് ഒഴിവാക്കുമ്പോൾ അടിയന്തിരനടപടി ഉണ്ടാകണം.

5. സർവ്വോദയപുരത്തിനടുത്തുള്ള മലംഡിപ്പോയിൽ ഗോബർഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് ഇന്ധനസൗകര്യവും അതിൽ നിന്നു ലഭിക്കുന്ന ചണ്ടി വളത്തിനായും ഉപയോഗിക്കാവുന്നതാണ്. ഇത് വ്യവസായാടിസ്ഥാനത്തിൽ പ്ലാൻ ചെയ്താൽ പരിസരമലിനീകരണം തടയുവാൻ സാധിക്കും.

6. ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ നിന്നും കൊണ്ടുവന്ന് തള്ളുന്ന പച്ചിലയും മറ്റവശിഷ്ടങ്ങളും ഉപയോഗിച്ച് കമ്പോസ്റ്റ് വളം നിർമിക്കുന്നതിന് ഒരു പദ്ധതി നടപ്പിലാക്കാവുന്നതാണ്.

7. വി.സി.ആർ.സി.യുടെ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടു പോകുന്നതിന് നടപടിയുണ്ടാകണം.

8. പാട്ടുകളം ക്ഷേത്രത്തിന് വടക്കുപടിഞ്ഞാറുവശം മുൻപ് ഉണ്ടായിരുന്ന കലിങ്ക് പുനസ്ഥാപിച്ച് അവിടെ കെട്ടിക്കിടക്കുന്ന ജലം ഒഴുകിപ്പോകുന്നതിന് സംവിധാനം ഉണ്ടാകണം.

### പൊതുജനാരോഗ്യം

മനുഷ്യന് ഇന്ന് ഉണ്ടാകുന്ന രോഗങ്ങളിൽ ഏറ്റവും മാരകവും ചികിത്സയില്ലാത്തതുമായ ഒരു രോഗമാണ് ക്യാൻസർ. നമ്മുടെ പഞ്ചായത്തിലും ഇതുമൂലം മരിക്കുന്നവരുടെ എണ്ണം കൂടിവരുന്നു എന്നത് ഗൗരവത്തോടെ കാണേണ്ടവിഷയമാണ്. ഈ രോഗത്തിനു പ്രധാനകാരണം മനുഷ്യൻ അവന്റെ യഥാർത്ഥ ആഹാരത്തിൽ നിന്നും പോഷകമൂല്യമുള്ള ആഹാരത്തിൽനിന്നും അകന്നു പോയതുകൊണ്ടാണ്. പരിപ്പ്, പഞ്ചസാര, ഫാസ്റ്റ്ഫുഡ്, ബേക്കറിവസ്തുക്കൾ പ്രിസർവേറ്ററുകൾ ഉപയോഗിച്ച് പൊതിഞ്ഞുവരുന്ന ടിൻഫുഡ്, ശീതളപാനീയങ്ങൾ എന്നിവ ക്യാൻസർ പോലുള്ള മാരകരോഗത്തിനു കാരണമായ ഘടകങ്ങളാണ്. സ്വന്തമായി പച്ചക്കറികൾ കൃഷി ചെയ്തിരുന്ന ഗ്രാമവാസികളിൽപോലും ഇവ മാർക്കറ്റിൽ നിന്നും വാങ്ങുന്ന (ഉദാ: പച്ചമുളകും വേപ്പിലയും) ഒരു സംസ്ക്കാരം ഉണ്ടായിരിക്കുന്നു. കൃഷി ഇവിടെ വ്യവസായമായി മാറുകയും കൃഷിവിളകൾ വർദ്ധിപ്പിക്കുന്നതിന് രാസവളം ഉപയോഗിച്ച് കുറുക്കുമാർഗം കൃഷിക്കാർ സ്വീകരിക്കുകയും ചെയ്തു. കേരളത്തിൽ ഇന്ന് ഉപയോഗിക്കുന്ന പച്ചക്കറികളിൽ നാലിൽ മൂന്നുഭാഗവും തമിഴ്നാട്, കർണാടകം എന്നീ സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതിചെയ്യുന്നതാണ്. ജൈവവളം കൊണ്ട് ആഹാരസാധനങ്ങൾ ഉൽപാദിപ്പിച്ച് കഴിച്ച് ആരോഗ്യമുള്ളവരായി കഴിഞ്ഞിരുന്ന നാം രാസവളം കൊണ്ട് കൃഷിചെയ്ത് പോഷകമൂല്യമില്ലാത്തെ വിവിധതരം രോഗങ്ങൾക്ക് കീഴ്പ്പെടുന്ന കാഴ്ചയാണ് ഇന്നുള്ളത്. 1980കളിൽ തന്നെ രാസവളവും കീടനാശിനിയും

ഉപയോഗിക്കാത്ത ജൈവകൃഷിരീതിയിലേക്ക് അമേരിക്കൻ യൂറോപ്യൻ രാജ്യങ്ങളിലെ കർഷകർ തിരിഞ്ഞിട്ടുണ്ട്. അത് ഭാരതത്തിലും പ്രചാരമേറുന്നു എന്നത് ആശാവഹമാണ്. ഈയിടെ മൂന്നാറിൽ രാസവളവും കീടനാശിനിയും ഉപയോഗിക്കാതെ തേയില കൃഷിചെയ്തു നൽകുവാൻ ഒരു യൂറോപ്യൻ കമ്പനി 1000 കർഷകരെ ചേർത്ത് ഒരു യൂണിറ്റുണ്ടാക്കി എന്ന വാർത്ത ഇത്തരുണത്തിൽ ശ്രദ്ധിക്കപ്പെടുന്ന ഒന്നാണ്.

ശ്രീ. സി.ആർ.ആർ. വർമ്മയുടെ നേതൃത്വത്തിൽ കേരളത്തിൽ പ്രകൃതിജീവനപ്രസ്ഥാനം ശക്തിയാർജ്ജിച്ചുവരുന്നുണ്ട്. ക്യാൻസർ, എയ്ഡ്സ് തുടങ്ങിയ മാരക രോഗങ്ങളും ആസ്ത്മ, പ്രഷർ, ഷുഗർ തുടങ്ങി മാറില്ല എന്ന വൈദ്യശാസ്ത്രവും വിധിച്ച ആയിരക്കണക്കിനു രോഗികളെ രോഗംമാറ്റി സാധാരണജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരുവാൻ ഈ പ്രസ്ഥാനത്തിനു കഴിഞ്ഞു എന്നുള്ളത് അതിശയോക്തി നിറഞ്ഞ കാര്യമല്ല. പാതിരപ്പള്ളിയിൽ ആര്യാടു പഞ്ചായത്തിന് അതിർത്തിയിൽ ബ്രസ്റ്റ് ക്യാൻസർവന്ന ശ്രീമതി തങ്കമ്മയെ പ്രകൃതിജീവനരീതിയിലൂടെ നിശ്ശേഷം സുഖപ്പെടുത്തി എന്നത് ഒരു സത്യമായി നമ്മുടെ മുന്നിൽ ഉണ്ട്.

ലോകത്തിൽ തന്നെ ഏറ്റവും കൂടുതൽ കീടനാശിനി ഉപയോഗിക്കുന്ന കൃഷി പ്രദേശമാണ് കുട്ടനാട്. ഇവിടെയാണ് ഈയിടെ ലോകശ്രദ്ധകേന്ദ്രീകരിക്കപ്പെട്ട ജപ്പാൻ ജ്വരം എന്ന മാരക രോഗം മനുഷ്യർക്ക് ഉണ്ടായത്. കീടനാശിനിയുടെ ദോഷഫലമാണ് ഈ ദുരന്തങ്ങൾക്ക് പിന്നിൽ എന്നു നാം വൈകിയാണെങ്കിലും തിരിച്ചറിഞ്ഞു.

മാരാരിക്കുളം തെക്കു ഗ്രാമപഞ്ചായത്തിൽ പൊതുജനാരോഗ്യ സംരക്ഷണത്തിനായി സർക്കാർതലത്തിൽ ഒരു പ്രാഥമിക ആരോഗ്യകേന്ദ്രം, ഒരു ഹോമിയോഡിസ്പെൻസറി, പി.എച്ച.സി. ക്ക് കീഴിൽ 6സബ് സെൻററുകൾ എന്നിവയാണുള്ളത്. പ്രാഥമിക ആരോഗ്യകേന്ദ്രം പഞ്ചായത്തിൻെറ തെക്കുപടിഞ്ഞാറേ അററം ചെട്ടികാടാണ് സ്ഥിതിചെയ്യുന്നത്. ഇത് 1957 ൽ പ്രവർത്തനം തുടങ്ങി. 1991ൽ കയർ തൊഴിലാളിക്ഷേമനിധിയുടെ ധന സഹായത്തോടെ കയർ തൊഴിലാളികളെ കിടത്തി ചികിത്സിക്കുവാൻ ഒരു കെട്ടിടം നിർമ്മിച്ചു പി.എച്ച്സെൻററിന് ലഭിച്ചു. ഇപ്പോൾ 18 രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള സംവിധാനം ഉണ്ട്. ആര്യാട് പഞ്ചായത്തിൽ നിന്നും രോഗികൾ ഇവിടെ ചികിത്സക്കെത്തുന്നുണ്ട്. പ്രാഥമിക രോഗചികിത്സ കേന്ദ്രമായാണ് പ്രവർത്തിക്കുന്നത്. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ 4 മെഡിക്കൽ ഓഫീസർമാരുടേയും 32 മെഡിക്കൽ ജീവനക്കാരുടേയും 5 ഓഫീസ് ജീവനക്കാരുടേയും തസ്തികൾ ഉണ്ട്. ഇതിൽ 7 വിഭാഗത്തിലായി 16 മെഡിക്കൽ സ്റ്റാഫിൻെറ തസ്തികൾ ഒഴിഞ്ഞു കിടക്കുകയാണ്. സബ് സെൻററുകൾ പഞ്ചായത്തിൻെറ III, IV,VI,VIII,XII എന്നീ വാർഡുകളിലാണ് പ്രവർത്തിക്കുന്നത്. രണ്ടു സബ്സെൻററുകൾ കെട്ടിടം കിട്ടാത്തതു കാരണം പ്രവർത്തിക്കുന്നില്ല.

പഞ്ചായത്തിൻെറ 8 10 വാർഡിൽ സർവ്വോദയപുരത്ത് ഒരു മെഡിക്കൽ ഓഫീസറും ഒരു അറ്റൻഡറും ഒരു പാർട്ട് ടൈം സ്വീക്കറും ഉള്ള ഒരു ഹോമിയോ ഡിസ്പെൻസറി പ്രവർത്തിക്കിന്നു. രോഗികളെ കിടത്തി ചികിൽസിക്കുന്നതിനായി ഒരു കെട്ടിടം പണിതിട്ടുണ്ട് . പ്രവർത്തനം തുടങ്ങിയിട്ടില്ല. ഡിസ്പെൻസറിയിൽ വിതരണം ചെയ്യുന്നതിന് മരുന്നു തികയാറില്ല. 10,000 പേർക്കുളള മരുന്നാണ് ഇവിടെ വാർഷിക അലോട്ട്മെൻെറിൽ ലഭിക്കുന്നത്.

പഞ്ചായത്തിൻെറ വടക്കുളള വാർഡുകളിലെ ആളുകൾ മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിലെ കലവൂർ പ്രാഥമിക ആരോഗ്യകേന്ദ്രത്തെയാണ് ആശ്രയിക്കുന്നത്. ഇവിടെ 10 രോഗികള കിടത്തി ചികിൽസിക്കാൻ കഴിയുന്ന ഒരു വാർഡിൻെറ പണി പൂർത്തിയായിട്ടുണ്ട്. ഒരു ഡോക്ടർ മാത്രമാണ് ഇവിടെ ഉള്ളത് ഉച്ച കഴിഞ്ഞും ഞായറാഴ്ച ദിവസങ്ങളിലും ഡോക്ടറുടെ സേവനം ഇവിടെ ലഭ്യമാകുന്നില്ല. ആവശ്യമായ ജീവനക്കാരുടെ കുറവുമൂലം ഈ കേന്ദ്രം 24 മണിക്കൂറും പ്രവർത്തിക്കുവാൻ കഴിയുന്നില്ല.

ചെട്ടികാട് പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ചികിൽ ലഭിച്ച രോഗികളുടെ പട്ടിക

| വർഷം | ഐ.പി | ഒ.പി | [illegible] | വാതരോഗം | പകർച്ചവ്യാധി | മറ്റുരോഗങ്ങൾ | ആകെ |
|---|---|---|---|---|---|---|---|
| 1992-93 | 786 | 48406 | 2348 | 530 | 1532 | 43996 | 49192 |
| 92-93 | 750 | 55626 | 2720 | 450 | 1630 | 50826 | 56376 |
| 93-94 | 852 | 46057 | 1421 | 405 | 1411 | 42820 | 46909 |
| 95-96 | 1410 | 50346 | 1317 | 440 | 1663 | 48926 | 512756 |

ആരോഗ്യനിലയുടെ സൂചികകൾ വച്ചു പരിശോധിക്കുമ്പോൾ മാരാരിക്കുളം തെക്കുപഞ്ചായത്ത് കേരളത്തിൻെറ പൊതുസ്ഥിതിയോടോത്തു പോകുന്നു. ആയുർദൈർഘ്യം, ശിശുമരണനിരക്ക്,മാതൃമരണനിരക്ക് എന്നിവയിലുള്ള പഞ്ചായത്തിൻെറ സ്ഥിതി പരിശോധിക്കുവാൻ വേണ്ട കണക്കുകൾ പി.എച്ച്.സിയിലോ മറ്റു സ്ഥാപനങ്ങളിലോ ലഭ്യമല്ല. 1996ൽ സെൻററിൽ റിപ്പോർട്ടു ചെയ്ത 1636 എണ്ണം വയറിളക്കം മൂലമുള്ള രോഗവും 21എണ്ണം ചിക്കൻപോക്സും ആയിരുന്നു.

പഞ്ചായത്തിൽ ആയുർവേദചികിൽസാകേന്ദ്രം ഇല്ല. പഞ്ചായത്തിൽ നിന്നും ഏകദേശം 8 കിലോമീറ്റർ ഉള്ളിൽ കിടത്തി ചികിൽസിക്കാവുന്ന ഹോമിയോ, ആയുർവേദ, അലോപ്പതി ആ[illegible]ുപത്രികളും, മെഡിക്കൽ കോളേജ് ആശുപത്രിയു[illegible]

ജൻമനാ [illegible]യസംബന്ധമായി അസുഖം ബാധിച്ച ചെറുപ്പക്കാർ പഞ്ചായത്തിൽ ഉള്ളതായി സർവ്വേയിൽ വ്യക്തമായിട്ടുണ്ട്. ഇതിനു ഫലപ്രദമായ ചികിൽസ ലഭിക്കുന്നില്ല എന്നും കാണുവാൻ കഴിഞ്ഞു. പോഷണനിലവാരം മെച്ചമല്ല. ആരോഗ്യരക്ഷാചിലവിൽ ഏറിയ പങ്കും ചികിൽസക്കും, ശമ്പളത്തിനുമായാണ് വിനിയോഗിക്കുന്നത്. ആരോഗ്യസംരക്ഷണ പ്രവർത്തനത്തിന് തുക ചെലവിടുന്നതായി കാണുന്നില്ല.

പഞ്ചായത്തിൽ ഉള്ള ആരോഗ്യസ്ഥാപനങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല. ചെട്ടിക്കാട് പി.എച്ച്.സി.യിലെ ജനലുകൾ, വാതിലുകൾ എന്നിവ ജീർണ്ണിച്ചു നശിച്ചുകൊണ്ടിരിക്കയാണ്. എല്ലാസമയവും വൈദ്യുതിയും കുടിവെള്ളവും ലഭിക്കുന്നില്ല. രോഗികൾക്ക് വിതരണം ചെയ്യുന്നതിന് ആവശ്യമായ മരുന്ന് സെൻററിന് ലഭിക്കുന്നില്ല. ഏറിയ പങ്കും മരുന്നുകൾക്കും മറ്റുസാധനങ്ങൾക്കും പുറമേയ്ക്ക് ചീട്ടെഴുതിവിടുന്നത് പതിവാണ്.

പഞ്ചായത്തിൽ സ്വകാര്യ വൈദ്യൻമാർ നടത്തുന്ന ആയുർവേദ ഡിസ്പെൻസറികൾ ധാരാളം ഉണ്ട്. പാണ്ഡിത്യവും പരിചയവും സിദ്ധിച്ച വൈദ്യൻമാർ കുറവാണെങ്കിലും ആയുർവേദചികിൽസാരംഗം അത്രമോശമല്ലാത്ത സ്ഥാനം അലങ്കരിക്കുന്നുണ്ട്. പ്രകൃതിചികിൽസ പഞ്ചായത്തിൽ നല്ല സ്വാധീനം ഉണ്ടാക്കികൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിന്ന്.

**സാദ്ധ്യതകൾ**

1. എല്ലാ ചികിൽസാ വിധികൾക്കും തുല്യപ്രാധാന്യം നൽകണം.

മാരാരിക്കുളം തെക്കു ഗ്രാമപഞ്ചായത്ത്

2. പ്രകൃതി ചികിൽസയെ പാരമ്പര്യ ചികിൽസയിൽ ഉൾപ്പെടുത്തി ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുവാനുള്ള വഴി ഒരുക്കണം.

3. ചെട്ടിക്കാട് പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ഒഴിവുള്ള എല്ലാ തസ്തികകളും ഉടനെ നിയമനം നടത്തണം.

4. പി.എച്ച്.സെൻററിലും ഹോമിയോ ഡിസ്പെൻസറിയിലും ആവശ്യമായിവരുന്ന അത്രയും മരുന്ന് മറ്റുഉപകരണങ്ങളും ലഭിക്കുവാൻ നടപടി ഉണ്ടാകണം.

5. പി.എച്ച് സെൻററിൽ 24 മണിക്കൂറും വെളിച്ചവും ശുദ്ധജലവും ലഭ്യമാക്കണം.

6. പി.എച്ച് സെൻററിലേക്കുള്ള അപ്രോച്ച് റോഡ് ഗതാഗത യോഗ്യമാക്കണം.

7. പി.എച്ച് സെൻററിൻെറ വാതിലുകളും ജനലുകളും പുതുക്കണം.

8. രോഗികൾക്ക് സൗകര്യമായി സെൻററിൽ എത്തുന്നതിനായി പി.എച്ച് സെൻററിൻെറ പടിഞ്ഞാറുവശം ഒരു വാതിൽ സ്ഥാപിക്കണം.

9. എല്ലാ വാർഡുകളിലും ഓരോ സബ് സെൻറുകൾ സ്ഥാപിക്കണം.

10. ചെട്ടിക്കാട് പെ.എച്ച് സെൻററിൽ ഒരു ശിശുവിഭാഗവും ഒരു ഗൈനോക്കോളജി വിഭാഗവും അടിയന്തിരമായി ആരംഭിക്കണം.

11. പകർച്ചവ്യാധികൾ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ സാംസ്കാരിക സംഘടനകളുടെ നേതൃത്വത്തിൽ വിദഗ്ദ ചികിൽസകരുടെ സഹായത്തോടെ എല്ലാ വാർഡുകളിലും ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുവാൻ പഞ്ചായത്ത് മുൻകൈ എടുക്കണം.

12. പൊതുജന പങ്കാളിത്തത്തോടെ എല്ലാ വാർഡുകളിലും ആരോഗ്യസമിതികൾ രൂപീകരിക്കുകയും ആരോഗ്യവിദ്യാഭ്യാസം നടത്തുകയും ചെയ്യുക.

13. ആരോഗ്യമുളള തലമുറയെ വാർത്തെടുക്കുന്നതിനായി സ്കൂളുകളിൽ മാതൃസംഗമങ്ങൾ സംഘടിപ്പിച്ച് അമ്മമാരിലും കുട്ടികളിലും ആരോഗ്യസംരക്ഷണത്തിനായി വിവിധ ചികിൽസാരംഗത്തെ വിദഗ്ദരുടെ പഠനക്ലാസ്സുകൾ നടത്തുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കണം.

14. വൃദ്ധജനങ്ങളുടെ ആരോഗ്യമാനസിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി പഞ്ചായത്തിൽ വിവിധഭാഗങ്ങളിൽ വയോജനാരോഗ്യകേന്ദ്രങ്ങൾ സ്ഥാപിക്കുക.

15. പൊതുജനാരോഗ്യസ്ഥിതി മെച്ചപ്പെടുത്തുവാൻ പുകവലി, പുകയില കൂട്ടിയുള്ള മുറുക്ക്, പാൻമസാലകളുടെ ഉപയോഗം, മദ്യപാനം, മയക്കുമരുന്നുകളുടെ ഉപയോഗം എന്നിവ ബോധവൽക്കരണ പ്രവർത്തനങ്ങൾ വഴി നിയന്ത്രണ വിധേയമാക്കണം.

16. പഞ്ചായത്തിൽ രോഗം ബാധിച്ച ആടുമാടുകളെ ആണ് കശാപ്പുചെയ്തു വിൽപ്പന നടത്തിവരുന്നത്. കൂടാതെ പഞ്ചായത്തിൽ മാടുകളെ റോഡിൽ ഇട്ടുവെട്ടി വിതരണം ചെയ്യുന്നതും കണ്ടുവരുന്നു. ഈ പ്രശ്നം പരിഹരിക്കുവാൻ പഞ്ചായത്ത് അടിയന്തിരമായി പഞ്ചായത്തിൻെറ തെക്കും, വടക്കുമായി സൗകര്യങ്ങളോടു കൂടിയ രണ്ടു അറവുശാലകൾ സ്ഥാപിക്കേണ്ടതാണ്. ഇവിടെ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി കശാപ്പു ചെയ്ത മാംസം മാത്രമാണ് പഞ്ചായത്ത് അതിർത്തിയിൽ വിൽക്കപ്പെടുന്നതെന്ന് പഞ്ചായത്ത് ഉറപ്പു വരുത്തേണ്ടതുമാണ്.

17. ദിവസങ്ങളോളം പഴകിയതും അമോണിയ ചേർത്തതുമായ മത്സ്യം പഞ്ചായത്തതിർത്തിയിൽ വിൽപ്പന നടത്താറുണ്ട്. കോളറപോലുള്ള പകർച്ചവ്യാധികൾക്ക് ഇതു കാരണമാണ്. ചീഞ്ഞമത്സ്യം വിൽക്കുന്നതു തടയുവാൻ നടപടിയുണ്ടാകണം. ഇതിനെതിരേ ശക്തമായ ബോധവൽക്കരണം നടത്തണം.

18. പഞ്ചായത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സബ്സെൻററുകൾ ഒ.പി.ഡിസ്പെൻസറിയായി ഉയർത്തണം.

19. ഇപ്പോൾ പ്രവർത്തിക്കാതിരിക്കുന്ന രണ്ടു സബ്സെൻററുകൾ പ്രവർത്തിക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കണം.

20. ചെട്ടിക്കാട് പി.എച്ച്. സെൻററിൽ സ്ത്രീകൾക്കും പുരുഷൻമാർക്കുമായി പ്രത്യേകം വാർഡുകൾ സ്ഥാപിക്കണം.

21. ആരോഗ്യപ്രശ്നം കൈകാര്യം ചെയ്യുന്നതിന് സർക്കാർ വാർത്താമാദ്ധ്യമങ്ങളെ കൂടുതൽ പ്രയോജനപ്പെടുത്തണം.

22. ടി.വി.യിൽ കൂടി ആരോഗ്യപരിപാലനത്തെ സംബന്ധിച്ച ചർച്ചാക്ലാസ്സുകൾ സംപ്രേക്ഷണം ചെയ്യുക.

23. പ്രസിദ്ധ പ്രകൃതി ജീവനാചാര്യൻ ശ്രീ.ആർ.ആർ.വർമ്മയുടെ പ്രഭാഷണങ്ങൾ ഞായറാഴ്ച ദിവസങ്ങളിൽ ടി.വി.യിലൂടെ സംപ്രേക്ഷണം ചെയ്യുവാൻ പഞ്ചായത്തു മുൻകൈഎടുക്കുക.

24. പ്രകൃതി ചികിൽസയെ സംബന്ധിച്ച പഠന-ചർച്ചാ ക്ലാസ്സുകൾ പഞ്ചായത്തിൽ വാർഡ് തലത്തിൽ നടത്തി ആരോഗ്യകാര്യങ്ങളിൽ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കണം.

25. പഞ്ചായത്തിൽ അടിയന്തിരമായി രണ്ട് ആയുർവേദ ആശുപത്രി സ്ഥാപിക്കണം.

26. പഞ്ചായത്തിൽ ആടിയന്തിരമായി രണ്ടു ഹോമിയോഡിസ്പെൻസറികൾ കൂടി ആരംഭിക്കുക.

27. വാഹനത്തിൽനിന്നും പുറന്തള്ളുന്ന പുക പരിശോധിക്കുന്നത് കർകശമാക്കുവാൻ നടപടി സ്വീകരിക്കണം.

28. പഞ്ചായത്തിൽ മാനസികരോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു വരുന്നു. ഇതിനു അടിയന്തിര പ്രാദാന്യം നൽകി പരിഹാരം നേടുന്നതിന് പരിഹാരം ഉണ്ടാക്കണം.

29. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ പിടിച്ചു നശിപ്പിക്കുന്നതിനും വളർത്തുനായ്കൾക്ക് വാക്സിനേഷൻ നൽകുന്നതിനും അടിയന്തിര നടപടി ഉണ്ടാക്കണം.

30. ആരോഗ്യമുള്ളതും കർമ്മകുശലരുമായ ഒരു യുവതലമുറയെ വാർത്തെടുക്കുന്നതിനായി ഒരു പുതിയ വിദ്യാഭ്യാസപദ്ധതി ആവിഷ്കരിക്കണം. അതിനായി പത്താം ക്ലാസ്സ് കഴിഞ്ഞ് പുറത്തു വരുന്ന ഒരു വിദ്യാർത്ഥി അവന് ആവശ്യമായി വരുന്ന ഭക്ഷണം സ്വന്തമായി കൃഷി ചെയ്തു നേടത്തക്കവിധം ചിരസ്ഥായിയായിട്ടുള്ള ജൈവകൃഷിയെപ്പറ്റി അറിവ് നേടണം. കൂടാതെ സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം കഴിക്കത്തക്കവിധം രണ്ടു തരം തൊഴിൽ എങ്കിലും ഈ കാലഘട്ടത്തിൽ പഠിക്കത്തക്ക വിധം ഉള്ള വിദ്യാഭ്യാസപദ്ധതി ആയിരിക്കണം പുതുതായി ആവിഷ്കരിക്കേണ്ടത്.

31. ക്യാൻസർ പോലുള്ള മാറാരോഗങ്ങളെ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കണം.

# വ്യവസായം

നമ്മുടെ വ്യവസായ മേഖലയിൽ പൊതുവായി ആധുനികമെന്നും, പരമ്പരാഗതമെന്നും രണ്ടായി തരം തിരിക്കാം. പൊതുമേഖലയിൽ K.S.D.P., Vitamin ഌ Plant സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ഹോമിയോ ഔഷധ നിർമ്മാണ ഫാക്ടറി സ്വകാര്യ മേഖലയിൽ ഗ്ലാസ്സ് വ്യവസായ രംഗത്ത് ഏഷ്യയിലെ തന്നെ ഏറ്റവും വലിയ സ്ഥാപനങ്ങളിൽ ഒന്നായി വളർന്നിട്ടുള്ള എക്സൽ ഗ്ലാസ്സ് എന്നിവ വൻകിടമേഖലയിൽ പ്രവർത്തിക്കുന്ന ഫാക്ടറി കളാണ്. പാതിരപ്പള്ളിയിൽ നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന പിയർലൈറ്റ് വയർ പ്രോഡക്ട്സ് എന്ന സ്ഥാപനം ഇപ്പോൾ പ്രവർത്തനരഹിതമാണ്. പാം ഫൈബർ എൻ.സി. ജോൺ ആൻറ് സൺസിൻെറ പാതിരപ്പള്ളിയിലെ പവർലൂം യൂണിറ്റ് Madhavan's INC Co-operation D.C. Mills ൻെറ വളവനാട്ട് യൂണിറ്റ് എന്നിവ കയർവ്യവസായ വുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വൻകിട ഫാക്ടറികളാണ്. ഇവർ ഉല്പന്നങ്ങൾ നേരിട്ട് കയറ്റുമതി ചെയ്യുന്നവയാണ്. കൂടാതെ യന്ത്രൽകത കയർപിരി യൂണിറ്റുകൾ, യന്ത്രവൽകൃത കയറ്റുപായ് നിർമാണയൂണിറ്റുകൾ, മേജർ കയർ ഫാക്ടറികൾ, പ്ലാസ്റ്റിക് നിർമാണം, ലാറ്റക്സ് ബാക്കിംഗ്, ചൂരൽ ഫർണിച്ചർ, എൻജിനീയറിംഗ് വ്യവസായം, സ്റ്റീൽ ഫർണിച്ചർ നിർമാണം, അലൂമിനിയ പാത്രനിർമാണം, തീപ്പെട്ടി നിർമാണം, കള്ള് ചെത്ത്, എണ്ണയാട്ട്, കൊപ്രവ്യവസായം, ഐസ് ഫാക്ടറികൾ, സോമില്ലുകൾ, ഫ്ളവർ മില്ലുകൾ, മത്സ്യ ബന്ധനം തുടങ്ങി ഒട്ടേറെ വൈവിധ്യമാർന്ന തൊഴിലുകളും, തൊഴിൽശാലകളും ഇവിടെ പ്രവർത്തി ുന്നു. ഖാദി വ്യവസായ മേഖലയിൽ പ്രവർത്തിച്ചുകൊ ിരിക്കുന്നതും, വളരെയധികം വർഷങ്ങളായി പ്രവർത്തന രഹിതമായി കിടക്കുന്നതുമായ യൂണിറ്റുകളും നമ്മുടെ പഞ്ചായത്തിലുണ്ട്.

## കയർ വ്യവസായം

തീരദേശഗ്രാമമായ നമ്മുടെ പഞ്ചായത്തിൽ മത്സ്യബന്ധനം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ തൊഴി ലവസരങ്ങൾ ലഭ്യമാക്കുന്നു എന്നതാണ് കയർ വ്യവസായ ത്തിൻെറ പ്രാധാന്യം. ഏകദേശം 40% ജനങ്ങളുടെ ഉപജീവനമാർഗ്ഗമാണ്. അതുകൊണ്ടുതന്നെ കയർവ്യവ സായത്തിൽ നമ്മുടെ പഞ്ചായത്തിൻെറ സാമൂഹ്യസാമ്പ ത്തിക ഘടനയിലുള്ള പ്രാധാന്യം വ്യക്തമാണല്ലോ. അപരിഷ്കൃതമായ ജോലി സമ്പ്രദായവും ജോലിക്ക് തക്ക കൂലിയില്ലായ്മയും മൂലം ഈ വ്യവസായ ത്തിലേക്ക് പുതിയ തലമുറ കടന്നുവരാതെ നാശോൻമുഖമായി ക്കൊണ്ടിരുന്ന അവസ്ഥയുണ്ടായിരുന്നു. പ്രകൃതിദത്തമായ ഉൽപ്പന്നങ്ങളുടെ ഉപയോഗം വിദേശികൾ ഇഷ്ടപ്പെ ടാൻ തുടങ്ങിയതും കയർ വ്യവസായത്തിലുള്ള വിവിധ ഘടകങ്ങൾ വിവാദപരമായ പ്രശ്നങ്ങളിൽ യോജിച്ചതും വ്യവസായത്തെ വളർച്ചയിലേക്ക് നയിച്ചു. ആഭ്യന്തര വിദേശമാർക്കറ്റുകളിൽ കയറിനും, കയറുൽപ്പന്നങ്ങൾക്കും 1990 കളോടുകൂടി പ്രിയമേറാൻ തുടങ്ങി. ഡിമാൻറിനനു

സരിച്ച് സപ്ലൈ ചെയ്യുവാൻ കയറ്റുമതിക്കാർ നന്നെ വിഷമിച്ചു. ആകർഷ കമായ വേതനനിരക്കുകളും കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമായി അതോടുകൂടി ഒരു വൻപിച്ച കുതിച്ചുചാട്ടം തന്നെ ഈ വ്യവസായത്തിൽ ദൃശ്യ മായി. ഒട്ടനവധി ചെറുകിട കയർ ഫാക്ടറികളും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തനമാരംഭിച്ചു. കയർ വ്യവസായത്തിൽ നവീകരണം ഒരാവശ്യമായംഗീകരി ച്ചതോടുകൂടി വ്യവസായത്തിൻെറ എല്ലാ ഉൽപ്പാദന രംഗങ്ങളിലും ദ്രുതഗതിയിലുള്ള നവീകരണ പ്രക്രിയ ആരംഭിച്ചിരിക്കുകയാണ്. കയർ പിരിക്കുന്നതിനും, യന്ത്ര റാട്ടുകൾ ഇന്ന് വ്യാപകമായി ഉപയോഗിച്ച് തുടങ്ങിയി രിക്കുന്നു. പരമ്പരാഗതമായ രീതിയിൽ തൊണ്ടഴുക്കി ചകിരിയെടുക്കുന്നവരുടെ എണ്ണം നന്നെ കുറഞ്ഞു വരുന്നു.

മുഖ്യമായും കയറ്റുമതിക്കാരെയാശ്രയിച്ചാണ് കയർവ്യവസായം പ്രവർത്തിക്കുന്നത്. അനിയന്ത്രിതമാ യ ഉൽപ്പാദന വർദ്ധനവും, വികേന്ദ്രീകരണ സ്വഭാവ വും ഇന്നീ വ്യവസായത്തിന് ചെറുകിട മേഖലയിൽ പ്രവർത്തിക്കുന്നവരെ പുതിയൊരു പ്രതിസന്ധിയിലെ ത്തിച്ചിരിക്കുകയാണ്. അസംസ്കൃത വസ്തുക്കൾ കേ ന്ദ്രീകൃതവും, സ്ഥിരവുമായ വിലയ്ക്ക് ആവശ്യത്തിന് ലഭ്യമാകുന്നില്ല. കയറ്റുമതിക്കാരിൽ നിന്നും ഉൽപ്പാദ കർക്ക് നേരിട്ട് ഓർഡറുകൾ ലഭിക്കാതിരിക്കുന്നതും, അംഗീകൃത വില ലഭിക്കാതിരിക്കുന്നതം മൂലം തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭി ക്കുന്നില്ല. ഒന്നും, രണ്ടും തറികളായി വ്യവസായത്തെ കൂടുതൽ വികേന്ദ്രീകരിച്ച് ഇടത്തട്ടുകാരെ ഉപയോഗ പ്പെടുത്തി ചൂഷണം നടത്തുകയാണ്. തൊഴി ലാളികളുടെ ജോലിസ്ഥിരത യ്ക്കും, മറ്റാനുകൂല്യങ്ങൾക്കും യാതൊരുവിധ ഉറപ്പും ഉണ്ടാകുന്നില്ല.

### പരിഹാരമാർഗ്ഗങ്ങൾ

1 അസംസ്കൃത സാധനങ്ങൾ ഏകീകൃത വിലയ്ക്ക് ലഭ്യമാക്കാൻ പഞ്ചായത്തടിസ്ഥാനത്തിൽ മെറ്റീരിയൽ ബാങ്ക് സ്ഥാപിക്കണം ഗുണമേന്മയുള്ള കയറിൻെറ കയറ്റുമതി തടയുക.

2. ഇടത്തട്ടുകാരെ ഒഴിവാക്കി ഉൽപ്പാദകർക്ക് നേരിട്ട് ഓർഡർ ലഭ്യമാക്കണം.

3. ഗുണനിലവാരമുയർത്തുന്നതിനാവശ്യമായ പരിശീ ലനം കയർ ബോർഡിൻെറ, സഹായത്തോടെ ലഭ്യമാക്കണം.

4. ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന തൊഴിലാളിയും, മാതൃകാപരമായി ഫാക്ടറി പ്രവർത്തിപ്പി ക്കുന്ന ഉൽപ്പാദനം പഞ്ചായത്തിൻെറ വകയായി അവാർ ഡുകൾ ഏർപ്പെടുത്തണം.

5. കയറുൽപ്പന്നങ്ങളുടെ ഉൽപ്പാദന വർദ്ധനവിന നുസരിച്ച് ആഭ്യന്തരവും, വൈദേശികവുമായ വിപണികൾ വിപുല മാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

6. ഉൽപ്പന്നങ്ങൾ വൈവിധ്യവൽക്കരിക്കുന്നതി നും, നവീകരിക്കുന്നതിനും പ്രോത്സാഹനം നൽകണം.

7. ഉൽപ്പന്നങ്ങളുടെ ഗുണനിലവാരമുയർത്തുന്ന തിനാവശ്യമായ ഗവേഷണ വികസന പ്രവർത്തനങ്ങൾ കമ്പ്യൂട്ടറുകളുടെ സഹായത്തോടെ നടത്തുന്നതിനുള്ള സെൻററുകൾ ജില്ലാടിസ്ഥാനത്തിലെങ്കിലും സ്ഥാപി ക്കുക.

### സാധ്യതകൾ

കയർ വ്യവസായത്തിന് നമ്മുടെ പഞ്ചായത്തിൽ അനന്തമായ വികസനസാധ്യതകളാണുള്ളത്.

1. തൊഴിലാളികളുടെ സഹകരണ സംഘങ്ങൾ രൂപീ കരിക്കുക.

2. ചെറുകിട ഉൽപ്പാദകരെ സഹകരണ സംഘങ്ങൾ ക്ക് കീഴിലാക്കുക.

3. സഹകരണ മേഖലയിൽ ആധുനിക സാങ്കേതിക വിദ്യയുപയോഗിച്ച് ഡൈയിംഗ് ആൻറ് ബ്ലീച്ചിങ്ങ് യൂണി റ്റുകൾ ആരംഭിക്കുക.

4. സഹകരണ മേഖലയിൽ ഷിയറിംഗ് ഫാക്ടറികൾ സ്ഥാപിക്കുക.

5. തൊണ്ടുതല്ലു യന്ത്രങ്ങൾ സ്ഥാപിക്കുക.

**ഒരു മാതൃകാ ഡയഗ്രം താഴെകൊടുക്കുന്നു.**



## പ്രാദേശിക പ്രദർശനം

തൊഴിലില്ലായ്മയുള്ള ഈ നാട്ടിൽ ചുരുങ്ങിയ മൂല ധനം മുടക്കി തൊഴിൽ കണ്ടെത്താൻ കഴിയുന്ന വ്യവ സായം എന്നതാണ് കയർ വ്യവസായത്തിന്റെ ഏറ്റവും വലിയ ആകർഷണീയത. അതിന് ശോഭനമായ ഒരു ഭാവി പ്രതീക്ഷിക്കാം.

## മൽസ്യ വ്യവസായം

നമ്മുടെ പഞ്ചായത്തിലെ ഏഴര വാർഡുകളും തീരപ്രദേശത്താണ്. ഇവിടുത്തെ 80% ജനങ്ങളും മ ത്സ്യബന്ധനവും അനുബന്ധിത വ്യവസായങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരാണ്. ഒരു വ്യവസായ മായി മത്സ്യബന്ധനം ഇവിടെ വളർന്നിട്ടില്ല. പരമ്പരാഗത തൊഴിൽ എന്ന നിലയിൽ ധാരാളം ആളു കൾ ഈ മേഖലയിൽ പണിയെടുക്കുന്നു. മത്സ്യസം സ്ക്കരണ യൂണി[illegible] ഒന്നും തന്നെയീ മേഖലയിൽ പ്രവർ[illegible]ല്ല. അനുബന്ധവ്യവസായമെന്ന നിലയിൽ മൂന്നേ[illegible]3) ഐസ് നിർമ്മാണ യൂണിറ്റു കൾമാത്രമാണുള്ളത്. നമ്മുടെ പഞ്ചായത്തിൽ നിർമ്മാ ണത്തിനു തുടക്കം കുറിച്ചിട്ടുള്ള Fish landing Centre പ്രവർത്തനക്ഷമമാകുന്നതോടുകൂടി മത്സ്യ സംസ്ക്കര ണവുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ ധാരാളമായി തുടങ്ങുവാൻ കഴിയും.

### പ്രശ്നങ്ങൾ

1. ഉൽപ്പാദന ഉപകരണങ്ങളുടെ വർദ്ധിച്ച വിലയും അവ പരിപാലിക്കുന്നതിലുള്ള സാങ്കേതിക സൗകര്യ ങ്ങളുടെ അഭാവവും ചെലവും.

2. ഉൽപ്പാദകർക്ക് ഉൽപ്പന്നങ്ങളുടെ മേൽ ഉടമസ്ഥാ വകാശമില്ലായ്മ.

3. വിപണന സൗകര്യങ്ങളുടെ അപര്യാപ്തതമൂലം ഇടത്തട്ടുകാരുടെ ചൂഷണത്തിന് വിധേയമാകുന്നു.

4. വിദേശ ട്രോളറുകളുടെ അനിയന്ത്രിതമായ കടന്നു കയറ്റം

5. കടൽ സമ്പത്തുകളുടെ അശാസ്ത്രീയമായ ചൂഷണം

### സാധ്യതകൾ

1. മത്സ്യ വ്യവസായ സംഘങ്ങൾ രൂപീകരി ക്കുകയും മത്സ്യ ബന്ധനോപകരണങ്ങൾക്ക് ആവശ്യമായ ധനസഹായം നൽകുകയും ചെയ്യുക.

2. മത്സ്യ സംസ്ക്കരണ യൂണിറ്റുകൾ ആരംഭിക്കുക.

3. ഉൽപ്പാദനം കൂടുതലായുണ്ടാകുന്ന അവസരങ്ങ ളിൽ മത്സ്യം സംസ്ക്കരിക്കുന്നതിനും സൂക്ഷിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിൽ യൂണിറ്റുകൾ ആരംഭിക്കുക.

4. മത്സ്യ അച്ചാറുകൾ ഉണക്കമത്സ്യം, മത്സ്യവളം തുടങ്ങിയവയുടെ യൂണിറ്റുകളാരംഭിക്കുക.

5. മൊബൈൽ വിപണന കേന്ദ്രങ്ങളുണ്ടാക്കുക.

ഇവയുപയോഗിച്ച് ചെറുകിട വ്യവസായ സമൂഹം രൂപപ്പെടുത്തുക.

## ഖാദി മേഖല

ഖാദി ബോർഡിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന ഒട്ടനവധി യൂണിറ്റുകൾ നമുക്കുണ്ട്. പാതിരപ്പള്ളിയിലെ 2 ചൂരൽ ഫർണീച്ചർ നിർമ്മാണ യൂണിറ്റ് വളവനാട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഹൈനസ് എൻജിനീയറിംഗ് യൂണിറ്റ് എന്നിവ ശ്രദ്ധേയങ്ങളാണ്. ഖാദി ബോർഡിന്റെ കീഴിൽ പ്രവർത്തിച്ചു വന്നിരുന്ന സർവ്വോദയപുരം, ലെപ്രസി ഹോസ്പിറ്റൽ ജംഗ്ഷൻ, പൊള്ളേത്തൈ തുടങ്ങിയ സ്ഥലങ്ങളിലെ യൂണിറ്റുകൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഖാദി മേഖലയിലെ പരമ്പരാഗത തൊഴിലുകളായ നൂൽ നൂൽപ്പ് തുണിനെയ്ത്ത്, തീപ്പെട്ടി നിർമ്മാണം, മെഴു കുതിരി നിർമ്മാണം തുടങ്ങിയ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് മതിയായ വേത നം ലഭിക്കുന്നില്ലയെന്നത് കൊണ്ട് ആ മേഖല കളിലേക്ക് പുതിയതായി ആരും കടന്നു വരുന്നില്ല. ഖാദി വ്യവസായങ്ങളെ ആധുനിക വൽക്കരിക്കുകയും സഹകരണ മേഖലകളിലേക്ക് പുതിയതായി ആരും കടന്നുവരുന്നില്ല. ഖാദി വ്യവസായങ്ങളെ ആധു നികവൽക്കരിക്കുകയും സഹകരണ മേഖലയോടൊപ്പം സ്വകാര്യമേഖലയേയും പ്രോത്സാഹിപ്പിക്കുകയും, ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വിപണന സൗകര്യം ലഭ്യ മാക്കുകയും ചെയ്താൽ ഈ വ്യവസായത്തെ കൂടുതൽ പുഷ്ടിപ്പെടുത്തുവാൻ കഴിയും.

### ബാധ്യതകൾ

1. പ്രവർത്തനരഹിതമായിക്കിടക്കുന്ന സർവ്വോദ യപുരത്തെ ഖാദിയൂണിറ്റ് പുനരുദ്ധരിക്കുകയും ആധുനിക സാങ്കേതിക വിദ്യയുപയോഗിച്ചുകൊണ്ടുള്ള പുതിയ യൂണിറ്റ് ആരംഭിക്കുകയും ചെയ്യുക.

2. ലെപ്രസി ഹോസ്പിറ്റൽ ജംഗ്ഷനിലേയും പൊ ള്ളേത്തൈയിലേയും ഖാദിയൂണിറ്റുകൾ പ്രവർത്തന ക്ഷമമാക്കുക.

3. ഖാദിമേഖലയിലെ പുത്തൻ വ്യവസായ സാദ്ധ്യ തകളെക്കുറിച്ച് അറിവു നൽകുന്നതിനുള്ള ക്യാമ്പുകൾ സംഘടിപ്പിക്കുകയും സംരംഭകരെ കണ്ടെത്തി ബോർ ഡിന്റെ സഹായത്തോടെ പരിശീലനം നൽകുക.

4. ഖാദിമേഖലയിൽ ഇലക്ട്രോണിക് വ്യവസായം, ചെരുപ്പ് നിർമ്മാണം, ഫർണിച്ചർ, നോട്ട് ബുക്ക്, വല, കളിപ്പാട്ടങ്ങൾ, തുടങ്ങിയവയുടെ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കാവുന്നവയാണ്.

5. ഗാർമെന്റ് മേക്കിംഗ്, ഔട്ട്‌വർക്ക് സിസ്റ്റം (O.P.S) ഉപയോഗിച്ച് ഒരു ചെറുകിട വ്യവസായത്തിന് രൂപം കൊടുക്കുകയം ഉൽപ്പന്നങ്ങൾക്ക് വിദേശ വിപണി കണ്ടെത്തുന്നതിനുള്ള നടപടികൾ ആവിഷ്ക്കരിക്കുക ഇതിന്റെ രൂപരേഖ ഉൾക്കൊള്ളുന്ന Flow diagram താഴെ ചേർക്കുന്നു.

## കള്ള് ചെത്ത് വ്യവസായം

പരമ്പരാഗത മേഖലയിൽ നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന ഒന്നാണിത്. വ്യാപകമായിക്കൊ ണ്ടിരിക്കുന്ന തെങ്ങു രോഗം ഈ വ്യവസായത്തെ കൂടു






തൽ തളർത്തിക്കൊണ്ടിരിക്കുന്നു. തൻമൂലം ഈ മേഖലയിൽ ജോലിചെയ്തിരുന്ന തൊഴിലാളികൾ തൊഴിൽ രഹിതരായിക്കൊണ്ടിരിക്കുകയും മറ്റു തൊഴിൽ തേടി പോവുകയും ചെയ്യുന്നു.

പ്രശ്നങ്ങൾ

1. കള്ളിൻെറ ഗുണനിലവാരം നിലനിർത്തുന്നതിനാവശ്യമായ സാങ്കേതിക വിദ്യയുടെ അഭാവം.

2. സാദ്ധ്യതകൾ

1. കള്ളുൽപ്പാദനത്തിനുതകുന്ന അത്യുൽപ്പാദന ശേഷിയുള്ള തെങ്ങിനങ്ങൾ വികസിപ്പിച്ചെടുക്കുക

2. ആകർഷകമായ വിപണനകേന്ദ്രങ്ങൾ ആരംഭിക്കുക

3. കള്ളിനെ ഒരു പോഷണപാനീയം എന്ന നിലയിലേക്ക് ഉയർത്തിപ്പിക്കുക

4. ചെത്ത് തെങ്ങുകൾ ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തുക.

കൊപ്ര വ്യവസായം

നമ്മുടെ ഗ്രാമത്തിൻെറ സാമ്പത്തികഘടനയിൽ നിർണ്ണായകമായ സ്വാധീനമുണ്ടായിരുന്ന ഒന്നായിരുന്നു കൊപ്രാവ്യവസായം. നാളികേര സംഭരണത്തിനും സംസ്ക്കാരത്തിനുമായി ഒട്ടനവധി തൊഴിലാളികൾക്ക് തൊഴിലവസരങ്ങൾ ലഭ്യമായിരുന്നു. നാളികേര ഉൽപ്പാദനത്തിൽ കുത്തനേയുണ്ടായ ഇടിവും വിലയിലുണ്ടായ തകർച്ചയും ഇന്നീ വ്യവസായത്തെ ജീർണ്ണാവസ്ഥയിലെത്തിച്ചിരിക്കുന്നു. തെങ്ങ് രോഗങ്ങൾ മൂലം നാളികേര ഉല്പാദനം കുറയുകയും ചെയ്യുന്നു.

സാദ്ധ്യതകൾ

1. നാളികേര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ആസൂത്രിതമായ നടപടി സ്വീകരിക്കണം.
2. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള കൊപ്ര സംസ്കരണ യൂണിറ്റുകൾ ആരംഭിക്കണം.
3. സഹകരണമേഖലയിലെ കൊപ്രസംഭരണകേന്ദ്രങ്ങൾ ഫലപ്രദമാക്കുക.
4. ഉല്പാദനകേന്ദ്രങ്ങളിൽ നിന്നും നാളികേരം സംഭരിക്കുന്നതിന് സംസ്ക്കരണയൂണിറ്റിന് വിതരണം ചെയ്യുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുക.

ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

പഞ്ചായത്തുകൾ തോറും വ്യവസായവത്കരണം നടത്തുക. എന്ന ലക്ഷ്യത്തോടെ സംസ്ഥാനഗവൺമെൻറ് ആവിഷ്കരിച്ച പദ്ധതിയുടെ അടിസ്ഥാനത്തിൽ സിഡ്കോയുടെ ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് 1972ൽ വളവനാട് കേന്ദ്രമാക്കി പ്രവർത്തനമാരംഭിച്ചു. പത്തു യൂണിറ്റുകളാണ് തുടക്കത്തിൽ പ്രവർത്തിച്ചിരുന്നത്. എന്നാൽ ഇന്ന് ആറുയൂണിറ്റുകൾ മാത്രമാണ് പ്രവർത്തിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾക്കാവശ്യമായ ഉല്പന്നങ്ങൾ

മുഖ്യമായുംഇത്തരം യൂണിറ്റുകൾ വഴി ശേഖരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. എന്നാൽ വിപണനരംഗത്തുണ്ടായ ചിലപ്രശ്നങ്ങൾ മൂലം പ്രവർ ത്തനം തുടരാൻ കഴിയാതെ വന്ന സാഹചര്യത്തിൽ മിക്കവയും അടച്ചു പൂട്ടി.

### സാദ്ധ്യതകൾ

1. വിപണനത്തിനുള്ള സാദ്ധ്യതകൾ വർദ്ധിപ്പിക്കുക
2. അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുക.
3. വായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

### പരമ്പരാഗത തൊഴിൽ മേഖലകൾ

മരപ്പണി, കൊല്ലപ്പണി, കൽപ്പണി, പെയിൻറർ, ബാർബർ, തഴപ്പായ നെയ്ത്ത്, തെങ്ങു കയറ്റം തുടങ്ങിയ തൊഴിലുകളിൽ പലതരം ജാതിയുടെ അടിസ്ഥാ നത്തിൽ വേർതിരിക്കപ്പെട്ടിരുന്നവയാണ്. മാറി വന്ന സാമൂഹ്യ സാഹചര്യത്തിൽ പാരമ്പര്യമായി ഈ തൊഴിലിനേക്കുറി [illegible]കൾ കൈമാറ്റം ചെയ്യ പ്പെടാതിരുന്നതുമൂലം വ[illegible]ാഴിലാളികളുടെ അഭാവം ഇന്നു വളരെ രൂക[illegible] ഇതു പരിഹരി ക്കുന്നതിനും തൊഴിലിൽ വിദഗ്ധ പരിശീലനം ലഭ്യമാ ക്കുന്നതിനും പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുകയും ഒരു പുത്തൻ തൊഴിൽ സംസ്കാരത്തിന് രൂപം കൊടു ക്കുകയും ഈ മേഖലയി ലേക്ക് കൂടുതൽ പേരെ ആ കർഷിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

### വ്യവസായ സംരംഭകരുടെ പ്രശ്നങ്ങൾ- പരിഹാരങ്ങൾ

അഭ്യസ്തവിദ്യരും സാങ്കേതിക പരിജ്ഞാനം ലഭിച്ചതും, തൊഴിൽരഹിതരുമായ ധാരാളം യുവാക്കൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇതിൽ വ്യവസായം തുടങ്ങുവാൻ താല്പര്യമുള്ളവർക്ക് വ്യവസായ വകുപ്പിൻേറയും മാനേജ് മെൻറ് വികസന ഏജൻസികളു ടേയും സഹായത്തോടെ പരിശീലനം ലഭ്യമാക്കണം ധനകാര്യ സ്ഥാപനങ്ങൾ ആവി ഷ്ക്കരിക്കുന്ന പരിപാടികൾ വ്യവസായ സംരംഭകരിലേക്ക് എത്തിക്കുന്നതിനാവശ്യമായ നടപടികൾ ബാങ്കുകളുടേയും മറ്റ് ഏജൻസികളുടേയും സഹായത്തോടെ നടപ്പിലാക്കണം. ഉല്പന്നങ്ങൾക്ക് വിപണസൗകര്യം ലഭ്യമാക്കുന്നതിനായി മാർക്കറ്റിംഗ് ഏജൻസികളുടെ സഹായം ലഭ്യമാക്കണം. ഊർജ്ജ പ്രതിസന്ധി പരിഹരിക്കണം വ്യവസായത്തി നാവശ്യമായ സ്ഥല ദൗർലഭ്യം പരിഹരിക്കുന്നതിന് Industrial Estale കളുടെ മാതൃകയിൽ സ്ഥലം പൊന്നും വിലയ്ക്കെടുത്ത് പാട്ടത്തിന് ലഭ്യമാക്കണം. പഞ്ചായത്ത് തലത്തിൽ വിപണന മേഖലകൾ സംഘടിപ്പിക്കണം.

### വനിതാ വ്യവസായം

ഇലക്ട്രോണിക്, സോഫ്ട്വെയർ, കറിപൗഡർ, അച്ചാറുകൾ, റെഡിമെയ്ഡ് ഗാർമെൻറ്സ്, കാർപെറ്റ് നിർമ്മാണ യൂണിറ്റുകൾ എന്നിവ ഗവൺമെൻറ് ഏജൻസികളുടെ സഹായത്തോടെ ആരംഭിക്കാവുന്ന താണ് വനിതാക്ഷേമത്തിനായി ട'ല'ഞ'ഭ'ജ'ര' മായി ബന്ധപ്പെട്ട് സാമൂഹ്യക്ഷേമ റിപ്പോർട്ടിൽ അന്യത്ര ചേർത്തിട്ടുണ്ട്.

ആധുനികവും പരമ്പരാഗതവുമായ വ്യവസായ മേഖലകളിൽ, ഒട്ടേറെ. തൊഴിലവസരങ്ങൾ സൃഷ്ടി ക്കുന്നതിനായി സമാധാനപരവും പുരോഗമന ത്തിനുതകുന്നതുമായ ഒരു തൊഴിൽ സംസക്കാരം വളർത്തിയെടുക്കാനും അതിലൂടെ വ്യവസായ വികസ നത്തിന് ആക്കം കൂട്ടുവാനും ഉത്തരവാദിത്വമുള്ള എല്ലാ കേന്ദ്രങ്ങളുടേയും പൂർണ്ണമായ സഹകരണം ഉറപ്പ് വരുത്തിക്കൊണ്ടും നമ്മുടെ ഗ്രാമത്തിൻെറ സർവ്വോന്മുഖമായ വികസനത്തിന് ഒറ്റക്കെട്ടായി നമുക്ക് മുന്നേറാം.

മാ ാ രി ക്കു ളം തെ ക്കു പ ഞ്ചാ യ ത്

# ഗതാഗതം, ഊർജം, മാർക്കറ്റ്

1953 ഓഗസ്റ്റ് മാസം പിറവികൊണ്ട 19.07 ചതു.കി.മീ. വിസ്തൃതിയുള്ള മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിൻെറ കിഴക്കെ അതിർത്തിയിൽ ഏകദേശം 7കി.മീ. നീളത്തിൽ തെക്ക് വടക്ക് എൻ.എച്ച്. 47നും പടിഞ്ഞാറ് 7കി.മീ.നീളത്തിൽ ആലപ്പുഴ-ചേർത്തല തീരദേശറോഡും സ്ഥിതിചെയ്യുന്നു. നമ്മുടെ പഞ്ചായത്തിലെ മുഖ്യഗതാഗതമാർഗ്ഗങ്ങളാണിവ.

2കി.മീറ്ററോളം നീളം വരുന്ന വളവനാട് ബീച്ച് റോഡ്, 2.5 കിമീ. നീളം വരുന്ന കലവൂർ-കാട്ടൂർ റോഡ്, 1.5 കിമീ. നീളം വരുന്ന പാതിരപ്പള്ളി ബീച്ച് റോഡ്, 1.5 കി.മീ. നീളം വരുന്ന പൂങ്കാവ് ബീച്ച് റോഡ് എന്നിവ എൻ.എച്ചിനെയും ആലപ്പുഴ-ചേർത്തല തീരദേശ റോഡിനേയും ബന്ധിപ്പിക്കുന്ന പ്രധാന റോഡുകളാണ്.

എൻ.എച്ച്. 47ൽ തീരദേശറോഡിനും മധ്യത്തിലൂടെ തെക്ക് വടക്ക് സ്ഥിതിചെയ്യുന്ന 7 കി.മീ. നീളംവരുന്ന തീർഥശേരി-ലെപ്രസി-മാരാരിക്കുളം റോഡ് ഏറെ വികസനസാധ്യതയുള്ള പ്രധാനറോഡുതന്നെയാണ്.

നമ്മുടെ പഞ്ചായത്തിൽ 57.712 കി.മീ. നീളം വരുന്ന 73 റോഡുകളുണ്ട്. ഇവയിൽ 8-ഉം 6-ഉം മീറ്റർ വീതിയുള്ള റോഡുകളും, 3 മീറ്റർ വീതിയുള്ള ഫുഡ്പാത്ത് റോഡുകളും പെടുന്നു. ഇതിൽ പൂർണമായി ടാർചെയ്ത 20.22കി.മീ. റോഡും ഭാഗികമായി ടാർചെയ്ത് 3.7 കി.മി. റോഡ് ഇതിൽ പെടുന്നു. 33.792 കി.മി റോഡ് ഗ്രാവൽ ചെയ്തതാണ്. 43387 ജനസംഖ്യയുള്ള നമ്മുടെ പഞ്ചായത്തിൽ ആളോഹരി റോഡ് കേവലം 0.001331 ആണ്.

നിലവിലുള്ള റോഡുകൾ

**1. ടാർ ചെയ്തത്**

1. വളവനാട് ബീച്ച് റോഡ്
2. കലവൂർ കാട്ടൂർ റോഡ്
3. ഉദയാ ബീച്ച് റോഡ്
4. പാതിര പ്പള്ളി ബീച്ച് റോഡ്
5. പൂങ്കാവ് പള്ളി ബീച്ച് റോഡ്
6. ലെപ്രസി മാരാരിക്കുളം റോഡ്
7. ബ്ലോക്ക് ജംഗ്ഷൻ പ്രീതികുളങ്ങര റോഡ്.
8. ശാസ്ത്രിമുക്ക് ബീച്ച് റോഡ്
9. കോളേജ് ജംഗ്ഷൻ ബീച്ച് റോഡ്
10. ഓമനപ്പുഴപള്ളി ബീച്ച് റോഡ്
11. ചെട്ടികാട് പി.എച്ച്. ,എൻറർ റോഡ്

**2. ടാർചെയ്തുകൊണ്ടിരിക്കുന്ന റോഡുകൾ**

1. ത്രിവേണി-കോർത്തുശേരി റോഡ് 1500 മീ.
2. ബർണാഡ് ഹരിജൻ സൊസൈറ്റി വഴി കോളേജ് ജംഗ്ഷൻ റോഡ് 1250 മീ.
3. എസ്.എൻ.ഡി.പി. മാരൻ കുളങ്ങര റോഡ്. 400മീ.
4. ഓമനപ്പുഴപള്ളി ബീച്ച് റോഡ്

**3. ടാർ ചെയ്യേണ്ട റോഡുകൾ.**

1. മണിപ്പുഴ - ഉദയാബീച്ച് റോഡ് 4.5 കിമീ.
(മണിപ്പുഴ, കോർത്തുശേരി, കവിതാജംഗ്ഷൻ, പാലച്ചിറ കോളനിവഴി ഉദയാബീച്ച്)
2. സ്വയംപ്രഭ - ഉദയാബീച്ച് 4.5 കി.മീ.
(സ്വയംപ്രഭ, പ്രീതികുളങ്ങര, മാരൻ കുളങ്ങര,

ഐക്കര, കാറ്റാടി വഴി ഉദയാബീച്ച്)

3. മാരാരിക്കുളം - തീർഥശേരി റോഡ് 5 കി.മീ. (ലെപ്രസി, ഹരിജൻ സൊസൈറ്റ, സർവോദയ പുരം, കോമസ് ജംഗ്ഷൻ, ഔവ്വർ ജംഗ്ഷൻ, പൂങ്കാവ് വഴി തീർഥശേരി)

4. കസ്തൂർബാ ബീച്ച് റോഡ് ഒന്നരകി.മീ. (ബ്ലോക്ക് കവല, പ്രിതികുളങ്ങര,റെയിൽവേക്രോസ് കടന്ന് മാരാരിക്കുളം ലെപ്രസി റോഡിലെത്തുന്നു.)

ഗ്രാവൽ റോഡുകൾ

1. വളവനാട് റെയിൽവേസ്റ്റേഷൻ റോഡ് 1100സി.,
2.വളവനാട് ചർച്ച് റോഡ്, (അപ്രോച്ച റോഡ്600മി.)
3. വളവനാട് ക്ഷേത്രം റോഡ് 300മി.
4. ലെപ്രസി തീർഥശ്ശേരി റോഡ് 3കിമി.
5. സ്വയംപ്രഭ റെയിൽവേസ്റ്റേഷൻ റോഡ് 500മീ.
6. മാരൻകുളങ്ങര വളവനാട് റോഡ് 2കി.മി.
7. വളവനാട് ബീച്ച് റോഡിൽനിന്നും തെക്കോട്ട് വൈ.എം.എ.ജംഗ്ഷൻ റോഡ് 700മീ.
8. റെയിൽവേസ്റ്റേഷൻ തയ്യിൽ ബസ് സ്റ്റോപ്പ് റോഡ് 677
9. വളവനാട് ബീച്ച് റോഡിൽ നിന്നും തെക്കോട്ട് കോർത്തുശ്ശേരി മങ്കടക്കാട്ട് വഴി സർവ്വോദയപുരം ബീച്ച് റോഡ് 4750മീ.
10. കസ്തൂർബാ ബീച്ച് റോഡ് 450മീ.
11. തീരദേശ റോഡിൽ കോർത്തുശ്ശേരി ജംഗ്ഷനിൽ നിന്നുള്ള ബീച്ച് റോഡ് 300മീ,
12. മാരാരിക്കുളം തിർഥശ്ശേരി റോഡിൽ നിന്നും പടിഞ്ഞാട്ട് പ്രത്യുഷവരെയുള്ള റോഡ് 250മീ.
13. മങ്കടക്കാട്ട് റോഡിൽ നിന്നും പടിഞ്ഞാട്ടുള്ള റോഡ് 250 മീ.
14. കാട്ടൂർ ബീച്ച് റോഡിൽ നിന്നും വടക്കോട്ട് വാഴക്കൂട്ടം ചൊഴിയിലേക്കുള്ള റോഡ് 350 മീ.
15. കാട്ടൂർ ബീച്ച് റോഡ് 400മീ.
16. പോസ്റ്റോഫിസ് ബീച്ച് റോഡ് 400 മി.
17. ബ്ലോക്കഹെഡ്ക്വാർട്ടേഴ്സ് റോഡിൽ നിന്നും വടക്കോട്ടം കൊച്ചുപള്ളിവരെയുള്ള ഫുട്പാത്ത് റോഡ് 360മീ.
18. പ്രിതികുളങ്ങര,മാരൻകുളങ്ങര റോഡിൽനിന്നും പടിഞ്ഞാട്ടുള്ള രണ്ടാം പാരലൽ റോഡ് 250മീ.
19. പ്രിതികുളങ്ങര മാരൻകുളങ്ങര റോഡിൽനിന്നും പ്രിതികുളങ്ങര ക്ഷേത്രത്തിൻെറ തെക്കുവശത്തു നിന്നും പടിഞ്ഞാട്ടുള്ള റോഡ്
20.സവിതാജംഗ്ഷൻ മുതൽ വടക്കോട്ടുള്ള ഫുട്പാത്ത് റോഡ് 200മീ.
21.ലൂർദ്ദ് ആശുപത്രിയുടെ വടക്ക് ഭാഗത്തുകൂടി പടിഞ്ഞാട്ടുള്ള ഫുഡ്പാത്തം റോഡ് 225മീ.
22.സബ് രജിസ്ട്രാർ ഓഫിസിൽ നിന്നു പടിഞ്ഞാട്ട് കെ.കെ.ഗോപാലൻ റോഡിൽ എത്തുന്ന ഫുഡ്പാത്ത് റോഡ് 250മീ.
23. കെ.കെഗോവാലൻജംഗഷൻ മുതൽ ചെറിയകലവൂർ ക്ഷേത്രം വരെയുള്ള റോഡ് 750മീ,
24. മാരൻകുളങ്ങര ഉദയാബീച്ച് റോഡ് 3.5കി.മീ.
25. മാരൻകുളങ്ങര പ്രിതികുളങ്ങര റോഡ് 1250കി.മീ
26. അജ്ഞലി കെ.കെ.ഗോപാലൻ റോഡ് 300മീ.
27.ബർണാഡ് ബീച്ച് റോഡിൽ ആശാൻകവലമുതൽ വടക്കോട്ടുള്ള റോഡ് 350മീ.
28.അജ്ഞലി ജംഗ്ഷനിൽ നിന്നും തെക്കോട്ടുള്ള ഫുട്പാത് റോഡ് 250മീ.
29.അജ്ഞലി വായനശാല കെ.എസ്.ഡി.പി.റോഡ് 250മീ.
30 66കെ.വി.മുതൽ തെക്കോട്ട് കാട്ടുങ്കൽ കോളനി വീടുവരെ 250മീ.
31.എക്സൽഗ്ലാസ് മുതൽ പടിഞ്ഞാറോട്ട് 250മീ.
32. ഉദയാബീച്ച് റോഡിൽ ഹോമിയോ ഡിസ്പൻസറിയിൽ നിന്നും വടക്കോട്ടുള്ള റോഡ് 220മീ.
33. സർവ്വോദയപുരം ബീച്ച് റോഡിൽ നിന്നും ആരംഭിച്ച് വടക്കോട്ടുള്ള ഫുട്പാത്തം റോഡ് 150മീ.
34. മത്തിൽ ക്ഷേത്രത്തിൽ നിന്നും ആരംഭിച്ച് പുന്നത്തണ്ടാൻപറമ്പിൽ എത്തിച്ചേരുന്ന റോഡ് 350മീ.
35. പാലച്ചിറകോളനി റോഡ് 750മീ.
36. മഠത്തേൽ റോഡ് 180മീ.
37. വലിയകലവൂർ ക്ഷേത്രം റോഡ് 180മീ.
38. റാണിബീച്ചം റോഡ് 180മീ.
39. വി.വി.എസ്.ഡി.ഡു.പി.എസ് ഉദയാബീച്ചിൽ നിന്നും തുടങ്ങുന്ന പഴയകാട്ട് റോഡ് 1കി.മീ.
40. പഴയകാട് മിഡ്വൈഫ് മെൻറർ റോഡ് 360മീ.
41.പാതിരപ്പിള്ളി ബീച്ച് റോഡിൽനിന്നും ആരംഭിച്ച് വടക്കോട്ടുള്ള റോഡ് 180മീ.
42. പാട്ടുകുളം എസ്.ആർ,ആർ.എസ് ൻെറ വടക്കുവശം

മാരാരിക്കുളം തീർത്ഥശ്ശേരി (റെയിൽവേപാലം വരെയുള്ള റോഡ് 1കി.മീ.)

43. പാട്ടുകുളം ക്ഷേത്രത്തിൽ നിന്നാംരംഭിച്ച് തമ്പകക്കാട് റോഡിൽ എത്തിച്ചേരുന്ന റോഡ് 800 മീറ്റർ
44. വി.വി.എസ്.ഡി. തമ്പകക്കാടിൽ നിന്നാരംഭിച്ച് തെക്കോട്ടുള്ള ഫുട്ട്പാത്ത് റോഡ് 250 മീ
45. ഔവർ ജംഗ്ഷനിൽ നിന്നും വടക്കോട്ടുള്ള ഫുട്ട്പാത്ത് 100 മീറ്റർ
46. പാതിരപള്ളി ബീച്ച്റോഡിൽ നിന്നും ഭാസപൻ പിളളയുടെ റേഷൻ കടയിൽ നിന്നും തെക്കോട്ടുള്ള റോഡ് 250 മീറ്റർ.
47. വൈ.ബി.സി. റോഡ് 250 മീറ്റർ.
48. കാരുപറമ്പ് റോഡ് 450 മീറ്റർ
49. ചെട്ടിക്കാട് പമ്പ്ഹൗസിൽ നിന്നും പടിഞ്ഞാറോട്ട് കടൽത്തീരം വഴി പടിഞ്ഞാറേ കുരിശടി 1400 മീറ്റർ
50. ഓമനപ്പുഴ പള്ളി പാട്ടുകുളം റോഡ് 250 മീറ്റർ
51. ഓമനപ്പുഴ പള്ളി ബീച്ച്റോഡിൽ ടാറിംഗ് കഴിച്ച് ബാക്കി 120 മീറ്റർ
52. ചെട്ടിക്കാട് ബീച്ച് റോഡ് 650 മീറ്റർ
53.പ്രിയദർശിനി ജംഗ്ഷൻ ബീച്ച് 150 മീറ്റർ
54. എസ്.സി.എം.ഇ. യു.പി.എസ്. സൗത്ത് 120 മീറ്റർ

55. പൂങ്കാവ് റോഡ് -- സൗത്ത് 120 മീറ്റർ

56. പൂങ്കാവ് ജംഗംഷനിൽ നിന്നും തെക്ക് ----- ൽ നിന്നും പടിഞ്ഞാറോട്ട് 150 മീറ്റർ

57. വളവനാട് റെയിൽവേസ്റ്റേഷൻ റോഡ് മാരാരിക്കുളം നോർത്ത് റോഡ് (400മീ)

58. കാട്ടൂർപള്ളി ബീച്ച് റോഡ് - സൗത്ത് (250മീ)

നാഷനൽ ഹൈവേ

മാരാരിക്കുളം തെക്കുപഞ്ചായത്തിന്റെ കിഴക്കതിയിൽ തെക്ക് വടക്ക് 7 കി.മീ. നീളത്തിലുള്ള ദേശീയ പാതയിൽ യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്തതു മൂലം പാതിരാപ്പള്ളി മുതൽ വളവനാടു വരെയുള്ള ഭാഗങ്ങളിൽ വാഹനാപകടം നിത്യസംഭവമായി മാറി ക്കൊണ്ടിരിക്കുന്നു. യഥാസമയം അറ്റകുറ്റപ്പണി നടത്തു കയും എഡ്ജുകളിൽ മതിയാം വിധം ഗ്രാവൽ വിരിച്ച് ഉറപ്പിച്ചുംഅപകടങ്ങൾ ഒഴിവാക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

തീരദേശ പി.ഡബ്ല്യു.ഡി. റോഡുകൾ

ഈ പഞ്ചായത്തിലൂടെയുള്ള ബഹുഭൂരിപക്ഷം ജനങ്ങളുടെയും ഗതാഗതമാർഗമാണ് അലപ്പുഴ-ചേർത്തല തീരദേശറോഡ്. ഈ റോഡിലൂടെ 24ഓളം സ്വകാര്യ ബസ്സുകൾ, ഒരു ട്രാൻസ്പോർട്ട് ബസ്, അനേകം സ്വകാര്യവാഹനങ്ങൾ ഇവ സർവീസ് നടത്തുന്നു. ഇതിനുപുറമേ മത്സ്യബന്ധവുമായി ബന്ധപ്പെട്ട് 100 കണക്കിന് മിനിലോറികളാണ് ചീറിപ്പായുന്നത്. ഇത്രയും തിരക്കേറിയ ഈ റൂട്ടിൽ രണ്ട് വാഹനങ്ങൾക്ക് ഒരേസമയം കടന്നുപോകാനുള്ള യാതൊരു സൗകര്യവുമില്ല. അടിയന്തിരമായി ഈ റോഡിന്റെ വീതികൂട്ടുകയും, അതാത് സമയത്തുണ്ടാകുന്ന ഗട്ടറികൾ നികത്തി റോഡ് സഞ്ചാരയോഗ്യമാക്കേണ്ടതാണ്. ഈ റോഡിൽ നമ്മുടെ പഞ്ചായത്തുപ്രദേശത്തുമാത്രം 6 പാലങ്ങളുണ്ട്. ഇവയിൽ പലതും അപകടഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുന്നു. ഈ പാലങ്ങൾ പുതുക്കിപ്പണിയുകയും വീതികൂട്ടുകയും വേണം. ഇതിൽ പൊള്ളെത്തൈ പാലം പുതുക്കിപ്പണിയുന്നതിന് അടിയന്തിര പരിഗണന നൽകണം. ഈ റൂട്ടിലുള്ള സ്വകാര്യ ബസ്സുകളുടെ മത്സരയോട്ടവും അമിതവേഗതയും നിയന്ത്രിക്കുവാൻ കാട്ടൂർ ജംഗ്ഷനിൽ ഒരു പോലീസ് ചെക്ക്പോസ്റ്റ് ഏർപ്പെടുത്തേണ്ടതാണ്.

വളവനാട് ബീച്ച് റോഡിന്റെ നില ചിലസ്ഥലങ്ങളിൽ ശോചനീയമാണ്. പാതിരാപ്പള്ളി ബീച്ച് റോഡ് പൂർണ്ണമായും തകർന്ന് ഗതാഗതയോഗ്യമല്ലാതായിരിക്കുന്നു. അടിയന്തിരമായി ഈ റോഡ് അറ്റകുറ്റപ്പണിചെയ്ത് സഞ്ചാര യോഗ്യ മാക്കേണ്ടിയിരിക്കുന്നു. ഈ പഞ്ചായത്തിൽ കൂടി കടന്നുപോകുന്ന ആലപ്പുഴ മുനിസിപ്പാലിറ്റവക കെ.എസ്.ഡി.പി നൈറ്റ്സോയിൽ റോഡ് മുനിസിപ്പാലിറ്റിയെ ക്കൊണ്ട് ടാർ ചെയ്യിക്കുന്നതിന് നടപടികൾ സ്വീകരിക്കേ ണ്ടതാണ്. കലവൂർ-കാട്ടൂർ റോഡിൽ കലവൂർ ജംഗ്ഷന് പടിഞ്ഞാറ് മാവേലിസ്റ്റോറിനു സമീപം വരെയും ലെപ്രസി ജംഗ്ഷന് പടിഞ്ഞാറുഭാഗത്തും വെള്ളംകെട്ടിനിൽക്കുന്ന തിനാൽ ഈ ഭാഗം ഓടകെട്ടി റോഡ് സുരക്ഷിത മാക്കേണ്ടതുണ്ട്.

ഗ്രാവൽറോഡുകൾ

യഥാകാലം അറ്റകുറ്റപ്പണികൾ നടത്താത്തുമൂലം നമ്മുടെ പഞ്ചായത്തിലെ ഗ്രാവൽറോഡുകളിൽ 75%ന്റെയും സ്ഥിതി വളരെ മോശമാണ്. വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും ഗ്രാവൽ റോഡുകളുടെ അറ്റകുറ്റപ്പണി നടത്തണം. ജനസംഖ്യാ വർദ്ധന, വീടുകളുടെ എണ്ണം പെരുകുന്നതുമൂലമുള്ള വഴിപ്രശ്നം എന്നിവ പരിഹരിച്ച് നമ്മുടെ പഞ്ചായത്തിൽ വർദ്ധിതമായമാന രീതിയിൽ പുതിയ ഫുട്പാത്തുറോഡുകളുടെ നിർമാണം അനിവാര്യമാണ്.

അനധികൃത കയ്യേറ്റം മൂലം പഞ്ചായത്ത് റോഡുകൾ പല സ്ഥലങ്ങളിലും വീതികുറഞ്ഞത് ഗതാഗതയോഗ്യമല്ലാതായിരിക്കുന്നു. ഇത് പലപ്പോഴും അപകടസാധ്യത ഉണ്ടാക്കുന്നു. അനധികൃത റോഡ് കയ്യേറ്റക്കാർക്കെതിരെ കർക്കശമായ നടപടികൾ സ്വീകരിക്കണം. തടസ്സമുണ്ടാക്കുന്ന രീതിയിൽ റോഡിലേക്ക് നിൽക്കുന്ന വൃക്ഷങ്ങൾ ഉടമകളെക്കൊണ്ട് വെട്ടിയമാറ്റിക്കുവാൻ നിർദ്ദേശം നൽകണം. ഉടമകൾ വെട്ടിമാറ്റിയില്ലെങ്കിൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ വെട്ടിമാറ്റുകയും ഉടമകളിൽ നിന്ന് പിഴ ഈടാക്കുകയും ചെയ്യണം. വ്യക്തികളും കച്ചവടക്കാരും തങ്ങളുടെ സാധനസാമഗ്രികൾ റോഡിലിറക്കിവെച്ച് ഗതാഗതതടസ്സം സൃഷ്ടിക്കുന്നത് കർശനമായി തടയണം.

റോഡുനിർമാണം, അറ്റകുറ്റപ്പണികൾ എന്നിവയിലെ ക്രമക്കേടുകൾ ഒഴിവാക്കുന്നതിന് ഏത് റോഡിന്റേതാണോ നിർമാണം അഥവാ പണിനടക്കുന്നത് ആ റോഡിന്റെ 2 വശത്തും നോട്ടീസ് ബോർഡുകൾ സ്ഥാപിച്ച് ഗുണഭോക്താക്കൾ അറിയുന്നതിലേക്കായി നിർമാണത്തിന് ഉപയോഗിക്കേണ്ട മെറ്റീരിയൽസിന്റെ അളവും അനുപാതവും ടെൻററിന്റെ വിശദാംശങ്ങളും പ്രസിദ്ധീകരിക്കണം.

റെയിൽവേ

മാരാരിക്കുളം തെക്ക് പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുകൂടി തീർത്ഥശേരി ലെപ്രസി മാരാരിക്കുളം റോഡിന് സമാന്തരമായാണ് അലപ്പുഴ എറണാകുളം തീരദേശ റെയിൽവേ ഏകദേശം 7 കി.മീ. നീളത്തിൽ കടന്നു പോകുന്നത്. പഞ്ചായത്തിനുള്ളിൽ തീരദേശ റെയിൽവേക്ക് കലവൂരിൽ മാത്രമാണ് ഒരു സ്റ്റേഷൻ ഉള്ളത്. ഇതിനുപുറമേ നമ്മുടെ പഞ്ചായത്തിന്റെ തെക്കേ അതിർത്തിക്ക് സമീപമുള്ള തുമ്പോളി, വടക്കേ അതിർത്തിക്ക് സമീപമുള്ള മാരാരിക്കുളം എന്നീ സ്റ്റേഷനുകളും ഈ പഞ്ചായത്തിൽ നിന്നുള്ള യാത്രക്കാർ ഉപയോഗപ്പെടുത്തുന്നു. എന്നാൽ കലവൂർ സ്റ്റേഷനിൽ ഒരു പ്ലാറ്റ്ഫോം പോലും ഇല്ല എന്നത് യാത്രക്കാർക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നു. പലപ്പോഴും ട്രെയിനിൽ കയറുമ്പോഴും ഇറങ്ങുമ്പോഴും അപകടങ്ങളും ഉണ്ടായിട്ടുണ്ട്. ഈ ദുസ്ഥിതിക്ക് പരിഹാരം കാണുവാൻ കലവൂർ റെയിൽവേ സ്റ്റേഷന് അടിയന്തിരമായി പ്ലാറ്റുഫോം നിർമിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് റെയിൽവേയിൽ ശക്തമായ സമ്മർദ്ദം ചെലുത്തണം ഇതിനായി എം.എൽ.എ., എം.പി. തുടങ്ങിയ ജനപ്രതിനിധികളുടെ സഹായം തേടേണ്ടതാണ്.

പഞ്ചായത്ത് അതിർത്തിക്കുള്ളിൽ ആകെ ഒൻപത് ലെവൽ ക്രോസിങ്ങുകൾ ഉണ്ട്. ഇവയിൽ അഞ്ച് ലെവൽ

ക്രോസിംഗുകളിൽ വാച്ചുമാൻ ഉള്ളവയാണ്. എന്നാൽ പാതിരാപ്പള്ളി, ഉദയാവായനശാല, സർവ്വോദയപുരം, പ്രീതികുളങ്ങര എന്നീ ലെവൽക്രോസിംഗുകളിൽ ഗേറ്റും വാച്ചുമാനും ഇല്ല. ഇതിൽ പാതിരാപ്പള്ളി, ഉദയാവായനശാല സർവ്വോദയപുരം, പ്രീതികുളങ്ങര എന്നീ ലെവൽ ക്രോസിംഗുകളിൽ പലപ്പോഴും അപകടങ്ങൾ സംഭവിക്കുന്നത് കൊണ്ട് ഈ രണ്ടുലെവൽ ക്രോസുകളിലും ഗേറ്റ് ഒരടിയന്തിരാവശ്യമാണ്. പാട്ടുകളം ശ്രീ രാജരാജേശ്വരി സ്കൂൾ, പൂങ്കാവ് മേരി ഇമാക്കുലേറ്റ് ഹൈസ്ക്കൂൾ, വി.വി.എസ്.ഡി.യു.പി. സ്കൂൾ എന്നീ സ്കൂളുകളിലെ നൂറുകണക്കിന് വാദ്യാർത്ഥികൾക്ക് പാതിരാപ്പള്ളി ലെവൽ ക്രോസിംഗുകളിലൂടെ കടന്നുപോകേണ്ടതുണ്ട്.

തീരദേശ റെയിൽവേയിലൂടെ കടന്നുപോകുന്ന എല്ലാ ഫാസ്റ്റ്, എക്സ്പ്രസ്സ് ട്രെയിനുകൾക്കും കലവൂർ സ്റ്റേഷനിൽ സ്റ്റോപ്പ് അനുവദിക്കാനുള്ള നടപടി സ്വീകരിക്കണം. തീരദേശറെയിൽ പാത വൈദ്യുതീകരിക്കാനും ഇരട്ടിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തണം.

ഓട്ടോ-ടാക്സി സ്റ്റാൻറ്

പഞ്ചായത്ത് അതിർത്തിയിൽ എട്ട് സ്റ്റാൻറുകളിലായി 130 ഓളം ഓട്ടോറിക്ഷകൾ സർവീസ് നടത്തുന്നു. 25-ഓളം ടാക്സിക്കാറുകളും അത്രയും തന്നെ മിനിലോറികളും ഏതാണ്ട് 20ഓളം മിനിബസുകളും 30ഓളം പെട്ടിഓട്ടോറിക്ഷകളും ഉണ്ട്. ചില ഓട്ടോറിക്ഷാ സ്റ്റാൻറുകളിൽ നിലനിൽക്കുന്ന ടേൺ സമ്പ്രദായം അവസാനിപ്പിക്കുകയും യാത്രക്കാർക്ക് ഇഷ്ടമുള്ള ഓട്ടോറിക്ഷയിൽ യാത്രചെയ്യാനുള്ള അവസരം ഉണ്ടാകും എന്ന് ഉറപ്പുവരുത്തുകയും വേണം.

നിർദേശങ്ങൾ

1. പൂർത്തിയാകാതെ കിടക്കുന്ന എല്ലാ റോഡുകളുടെയും പണി പൂർത്തിയാക്കുക.

2. പൊള്ളെത്തൈ, കാട്ടൂർ, കലവൂർ, ആലപ്പുഴ ബസ് പുനഃസ്ഥാപിക്കുക.

3. കലവൂരിൽ വന്ന് തിരിയുന്ന എല്ലാബസുകളും കാട്ടൂർ വരെ നീട്ടുക.

4. തീർഥശേരി, ലെപ്രസി, മാരാരിക്കുളം റൂട്ടിലൂടെ ബസ് സർവീസ് അനുവദിപ്പിക്കുക.

5. ആലപ്പുഴ, കലവൂർ , കാട്ടൂർ മാരാരിക്കുളം കഞ്ഞിക്കുഴി മുഹമ്മ, മണ്ണഞ്ചേരി വഴി കലവൂർ ആലപ്പുഴ റൂട്ടിൽ ബസ്സർവീസ് അനുവദിപ്പിക്കുക.

6. മഴക്കാലത്ത് ലെപ്രസി ഹോസ്പിറ്റൽ ജംഗ്ഷനിലും പരിസരപ്രദേശത്തും കെട്ടിനിൽക്കുന്ന വെള്ളം ഒഴുക്കിക്കളയാനുള്ള സംവിധാനം ഉണ്ടാക്കണം.

7. പാതിരാപ്പള്ളി മാർക്കറ്റിൽ നിന്നും പടിഞ്ഞാറോട്ട് കാണ നിർമ്മിക്കുക.

പുതുതായി നിർമിക്കേണ്ട റോഡുകളുടെ നിർദ്ദേശങ്ങൾ

വാർഡ് 1.

1. വളവനാട് ക്ഷേത്രം പനമ്പുവെളി റോഡ്, 2. കല്ലൂച്ചിറ മാരാരിക്കുളം നോർത്ത് റോഡ്, 3. വളവനാട് ബീച്ച് - വളവനാട് ക്ഷേത്രം, 4. സ്വയംപ്രഭ കുപ്പായത്ത് റോഡ് ഉഴുന്നുവേലി റോഡ് 5. വളവനാട് തെക്കുവശത്തുനിന്നും പടിഞ്ഞാട്ട് കോററാടുപാടത്ത് എത്തുന്ന റോഡ്. 6. വളവനാട് വടക്കേ തെരുവിൽ മാരാരിക്കുളം ബീച്ച് റോഡ്.

വാർഡ് 2

1. ജനതാ മാർക്കററിൽ നിന്നും പടിഞ്ഞാറോട്ട് കസ്തൂർബായിലെത്തുന്ന റോഡ്.

2. മഞ്ഞിപ്പുഴനിന്നും വടക്കോട്ട് നിന്നും വടക്കോട്ടു - റെയിൽവേസ്റ്റേഷൻ തയ്യിൽ ബസ്സ്റ്റോപ്പ് റോഡ്.

വാർഡ് 3

1. കസ്തൂർബാ - ജനതാമാർക്കറ്റ്

2. തയ്യിൽ സ്റ്റോപ്പിൽ നിന്നും കിഴക്കോട്ട് (പൂർത്തീകരിക്കുക).

3. സെൻറ് മേരീസ് പ്രാർത്ഥനാലയത്തിൽ നിന്നും പടിഞ്ഞാറോട്ട്.

4. പെരുമന ജംഗ്ഷൻ - തയ്യിൽ ബസ്സ്റ്റോപ്പ്.

വാർഡ് 4

1. പൊള്ളെത്തൈ പാലം - കോർത്തുശേരി മണിപ്പുഴ

2. ബാലവാടിയുടെ സമീപത്തുകൂടി ഒരു ഫുട്പാത്ത്.

3. കോർത്തുശേരി ക്ഷേത്രത്തിനു കിഴക്കുഭാഗത്തുനിന്നും സ പുതിയ കോളനിവരെ.

4. ശാസ്ത്രി ജംഗ്ഷനിൽ നിന്നും കോളനിവഴി പുതിയറോഡ്.

5. പ്രത്യുഷ റോഡിൽ നിന്നും പടിഞ്ഞാറോട്ട് പുതിയ റോഡ്.

വാർഡ് 5

1. വാട്ടർടാങ്ക് - ബീച്ച്.

2. കാട്ടൂർ റോഡിൽ പടിഞ്ഞാറു ഭാഗത്തുനിന്നും വടക്കോട്ട് 600 മീ.

3. മങ്കടക്കാട്ട് വാസുവിൻെറ വീട് - കോർത്തുശേരി ത്രിവേണി റോഡിൽ മുട്ടുന്ന ഒരു പുതിയ റോഡ്.

4. വങ്കടക്കാട് വടക്കുഭാഗത്ത് കൂടി ഫുട്പാത്ത്.

വാർഡ് 6

1. മുളക്കൽ പ്രദേശത്ത് ഒരു ഗ്രാമപാത.

2. ചെറിയകലവൂർ ക്ഷേത്രത്തിന് പടിഞ്ഞാറുഭാഗത്ത് നിന്നും ബ്ലോക്ക് റോഡിലേക്ക് ഒരു പുതിയ റോഡ്.

3. സബ്രജിസ്ട്രാർ ഓഫീസിനു സമീപത്തുനിന്നും പടഞ്ഞാറോട്ട് ഒരു പുതിയറോഡ്.

വാർഡ് 7

1. കാട്ടൂർ സാരഥിയിൽ നിന്നും കിഴക്കോട്ട് നനാട്ടുബാബുവിൻെറ വീടിനടുത്തെത്തുന്ന റോഡ്.

2. കാട്ടൂർ പള്ളിക്ക് തെക്കുഭാഗത്ത് നിന്നും കിഴക്കോട്ട് ഊണിത്തുറ വീടിനടുത്തെത്തിച്ചേരുന്ന റോഡ്.

3. കാട്ടൂർ കുരിശടിയിൽ നിന്നും തെക്കോട്ടുള്ള ഫുട്പാത്ത് ബാലൻസ് റോഡ്.

വാർഡ് 8

1. ഹനുമാർറോഡിൽനിന്നും ആരംഭിച്ചു തെക്കോട്ട് സർവോദയപുരം ബീച്ച് റോഡിലെത്തുന്ന ഫുട്പാത്ത്.

2. ലെപ്രസി തീർഥശേരി റോഡിൽനിന്നും ആരംഭിച്ച് കാട്ടൂർ ജോസഫിൻെറ വീടിന് തെക്കുവശത്തുകൂടി കവിതാറോഡിലെത്തുന്ന റോഡ്.

3. ഉദയാബീച്ച് റോഡിൽ നിന്നും വടക്കോട്ട് മലം ഡിപ്പോയുടെ പടിഞ്ഞാറുഭാഗത്ത് കൂടി സർവ്വോദയ പുരത്തെത്തുന്ന റോഡ്.

വാർഡ് 9

1. കോളേജ് ജംഗ്ഷൻ മുതൽ ഓമനപ്പുഴ തീരദേശ റോഡിനു സമാന്തരമായി കടപ്പുറത്ത് കൂടി തെക്കോട്ട് ഉദ്ദേശം 750മീ.
2. 617-ാം നമ്പർ എസ്.എൻ.ഡി.പി.മുതൽ കിഴക്കോട്ട് പാലച്ചിറ കോളനി വരെ.
3. അന്നപൂർണ്ണാവായനശാല മുതൽ വടക്കോട്ട് ചെറിയപൊഴിവരെ.
4.വത്തിപ്പറമ്പുകടയുടെ കിഴക്ക് ഭാഗത്ത് കൂടി ക്രിസ്തുരാജ ദേവാലയം വരെ.
5. മഠത്തിൽ ക്ഷേത്രം റോഡും ഉദയാബീച്ചു റോഡുമായി ബന്ധിപ്പിക്കുന്ന റോഡ്.
6. കാരക്കൽ ക്ഷേത്രം മുതൽ തെക്കോട്ട് ആശ്രമം കോളനിവരെ.

വാർഡ്-10

1.കയർബോർഡിൽ നിന്നും പടിഞ്ഞാട്ട് മിൽമാ ബൂത്ത് വരെ.
2.കുളമാക്കി ഐ.എച്ച്.ഡി.പി.കോളനിക്ക് വടക്കുവശം കിഴക്കോട്ട് ചെന്ന് റെയിൽവേയ്ക്ക് സമാന്തരമായി ഫുട്പാത്ത്.
3. പ്രീ-മെട്രിക്ക് ഹോസ്റ്റലിൽ നിന്നും ബസ്സ്റ്റാൻറിലെത്തുന്ന ഫുട്പാത്ത്.

വാർഡ് 11.

1. കൃഷ്ണാലോഡ്ജ് - അപ്പരാ റോഡ്
2. എ.ഐ.ആർ 5സെൻറ് കോളനി - സർവ്വോദയപുരം
3. ചക്കനാട്ട് കോളനി - ഐക്കരറോഡ്
4. ഐക്കര - സർവ്വോദയപുരം
5. മാക്കാശ്ശേരി - സർവ്വോദയപുരം റെയിൽ ക്രോസ്.

വാർഡ് 12

1. പാതിരപ്പിള്ളി വി.വി.എസ്.ഡി.യു.പി സ്ക്കൂൾ - തമ്പകക്കാട്.
2. പാംഫൈബറിനു പടിഞ്ഞാറുഭാഗത്ത് നിന്നും കരിഞ്ഞാടുക്കുഴി റോഡുവരെ പുതിയ റോഡ്.

വാർഡ് 13

പൂങ്കാവ് മാർക്കറ്റ് - വടക്കൻ പറമ്പ് - ഇ.എസ്.ഐ.

വാർഡ് 14

1. ഓമനപ്പുഴപള്ളിയുടെ പടിഞ്ഞാറെ പാലത്തിൻെറ പടിഞ്ഞാറു ഭാഗത്തു നിന്നും തെക്കോട്ട് ന്യൂഭാരത് സൊസൈറ്റിവരെയും കാക്കരി ഫ്രാൻസീസ് ജൂസേ-ടെ വീടിനുസമീപത്ത് കൂടി തെക്ക് പടിഞ്ഞാറുഭാഗത്തായി പുതിയ റോഡ്.
2. ചെട്ടിക്കാട് മത്സ്യത്തൊഴിലാളി കോളനിയുടെ തെക്ക് ഭാഗത്ത് കൂടി (പമ്പ്ഹൗസ്) തെക്കോട്ട് ചെട്ടിക്കാട് ബീച്ച് റോഡ്വരെ
3. ഓമനപ്പുഴ പള്ളി ബീച്ച് റോഡിൽ പടിഞ്ഞാറ് കുരിശടിയുടെ കിഴക്ക് ഭാഗത്ത്കൂടി ഓടാപൊഴിവരെയും, സി.എൽ തോമസ്സിൻെറ വീടിന് കിഴക്കോട്ട് ആലപ്പുഴ അർത്തുങ്കൽ റോഡ്.
4. പാട്ടുകുളം ക്ഷേത്രത്തിന് സമീപം പടിഞ്ഞാറോട്ട് ആലപ്പുഴ -അർത്തുങ്കൽ റോഡ്.

വാർഡ് 15

പൂങ്കാവ് എസ്.സി.എം.വി.യു.പി. സ്ക്കൂളിനു തെക്കോട്ട് പത്തേൽ റോഡുമായി ബന്ധപ്പെടുത്തി പുതിയറോഡ്.

# ഊർജ്ജം

കഴിഞ്ഞ ഒരു പതിറ്റാണ്ടിലേറെയായി, കേരളം കടുത്ത വൈദ്യുതി പ്രതിസന്ധി നേരിടുകയാണ്. മഴ പെയ്താലും ഇല്ലെങ്കിലും പവർക്കട്ടും ലോഡ്ഷെഡിംങ്ങും നിത്യസംഭവ മായിരിക്കുന്നു. കേരളത്തിൻെറ വികസനത്തിന് തന്നെ വിലങ്ങുതടിയായി നിൽക്കുന്ന ഈ വൈദ്യുതി പ്രതിസന്ധിയിൽ കേരള ജനത പകച്ചു നിൽക്കുന്നു.

ഭൂമിയിലെ ഏറ്റവും വലിയ ഊർജ്ജ സ്രോതസ്സാണല്ലോ സൂര്യൻ. എന്നാൽ സൗരോർജ്ജത്തെ ശാസ്ത്രീയമായ രീതിയിൽ ചൂഷണം ചെയ്യുവാൻ നമുക്കിനിയും കഴിഞ്ഞിട്ടില്ല എന്നുള്ളത് ഇന്നും ഒരു ദുഖസത്യമായി അവശേഷിക്കുന്നു. വൈദ്യുത ഊർജ്ജത്തിനായി പ്രധാനമായും നാം ആശ്രയിക്കുന്നത് ജലവൈദ്യുത പദ്ധതികളെയാണ്. അതുകൊണ്ട് തന്നെ മഴയില്ലെങ്കിൽ കറൻറില്ല എന്ന ഒരവസ്ഥയിലാണ് നാമിന്ന്. ഊർജ്ജോൽപ്പാദനത്തിന് നാമിന്ന് പ്രധാനമായി ആശ്രയിക്കുന്നത് വൈദ്യുതിയേയും മറ്റ് തരത്തിലുള്ള ഇന്ധനങ്ങളേയുമാണ്.

ഇന്ധനങ്ങൾ

ഇന്ധനങ്ങളെ തന്നെ വാണിജ്യ ഇന്ധനമെന്നും, വാണിജ്യേതര ഇന്ധനമെന്നും, രണ്ടായി തരം തിരിക്കണം. കൽക്കരി, പെട്രോളിയം ഉൽപ്പന്നങ്ങൾ, ഗ്യാസ്, എന്നിവയാണ് പ്രധാന വാണിജ്യ ഇന്ധനങ്ങൾ. വാണിജ്യേതര ഇന്ധനങ്ങളിൽ വിറക്,ഗോബർ ഗ്യാസ്,വറളി,എന്നിവ ഉൾപ്പെടുന്നു. പാചകാ വശ്യങ്ങൾക്കായി നാം വളരെയധികം ഊർജ്ജം ഉപയോഗിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ നടത്തിയ ഒരു പഠനത്തിൽ നിന്ന് ലഭ്യമായ ഏകദേശ റിപ്പോർട്ടിൽ 1800 രൂപ വരെ വരുമാനമുള്ളവർ പാചകാവശ്യത്തിനായി വാണിജ്യ ഇന്ധനം 97 ശതമാനവും ഉപയോഗിക്കുന്നു. 1800 രൂപയ്ക്ക് മേൽ വരുമാനമുള്ളവർ വാണിജ്യ ഇന്ധനം 15 ശതമാനവും വാണിജ്യേതര ഇന്ധനം 85 ശതമാനവും ഉപയോഗിക്കുന്നു.

ആദികാലം മുതൽതന്നെ മനുഷ്യർ പാചകാവശ്യ ത്തിനും മറ്റുമായി ധാരാളം വിറക് ഉപയോഗിക്കുന്നു. മറ്റ് പലമാർഗ്ഗങ്ങൾ ഉണ്ടെങ്കിൽ പോലും ഇന്നും ഗ്രാമപ്രദേശങ്ങളിൽ പാചകാവശ്യത്തിനായി

ഉപയോഗിക്കുന്ന ഊർജ്ജത്തിൻെറ 97 ശതമാനവും വിറകിൽ നിന്നാണെന്നാണ് പഠനങ്ങൾ വ്യക്തമാ ക്കുന്നത്. നമ്മുടെ പഞ്ചായത്തിൽ നടത്തിയ ഒരു പഠനത്തിൽ നിന്നും മനസ്സിലാക്കുവാൻ കഴിഞ്ഞത്, പാചകാവശ്യത്തിനായി പൂർണ്ണമായും വിറകിനെ ആശ്രയിക്കുന്നത് ഏകദേശം 6925വീടുകളും, മണ്ണെണ്ണ ഉപയോഗിക്കുന്നത് 1900വീടുകളും, ഗ്യാസ് ഇന്ധനമായി ഉപയോഗിക്കുന്നത് 450 വീടുകളും, പുകയില്ലാത്ത അടുപ്പുകൾ ഉപയോഗിക്കുന്നത് 150 വീടുകളും, ഗോബർഗ്യാസ് പ്ലാൻറുള്ള 10 വീടുകളുമാണ്.

എന്നാൽ വിറകിൻെറ ലഭ്യതയും, ഇടുങ്ങിയ മുറികളിലുള്ള അശാസ്ത്രീയമായ വിറകടുപ്പുകൾ ഉയർത്തുന്ന ആരോഗ്യപ്രശ്നങ്ങളും ഇന്ന് പ്രധാന വെല്ലുവിളികളാണ്. വിറകടുപ്പിൻെറ കാര്യക്ഷമത കേവലം 10 ശതമാനം

മാത്രമാണ്. ഗ്യാസ് സ്റ്റൗവിൻറേത് 75 ശതമാനവുമാണ്. ദക്ഷതകൂടിയ പുകയില്ലാത്ത അടുപ്പുകൾ ഇതിനൊരു പ്രതിവിധിയാണ്. 40 ശതമാനത്തിലധികം ഇന്ധനക്ഷമതയുള്ളവ അടുക്കളയെ കരിയിൽ നിന്നും പുകയിൽ നിന്നും രക്ഷിക്കുകയും ചെയ്യുന്നു. (നമ്മുടെ പഞ്ചായത്തിൽ ഏകദേശം 10000 വീടുകൾ ഉണ്ടെങ്കിൽ, ഒരു വീട്ടിൽ കുറഞ്ഞത് 5 കിലോ വിറക് ഉപയോഗിക്കുന്നെങ്കിൽ, പുകയില്ലാത്ത അടുപ്പിൻെറ ഉപയോഗം മൂലം ഇതിൻെറ 40 ശതമാനം, അതായത് 2കിലോ വിറക് നമുക്ക് ലാഭിക്കാൻ കഴിയും. അങ്ങനെയാണെങ്കിൽ 10000വീടുകളിലായി 20000കിലോ വിറക് ഒരു ദിവസം നമുക്കം ലാഭിക്കാം. ഒരു കിലോ വിറകിന് 1.50 ക.ക്രമത്തിൽ, 30000ക. ദിനം പ്രതി ലാഭിക്കുകയാണ്. ഇതൊരു മാസത്തേക്ക് കണക്കാക്കുകയാണെങ്കിൽ 9ലക്ഷം രൂപവരെ വിറക് ഇനത്തിൽ നമ്മുടെ പഞ്ചായത്തിന് ലാഭിക്കാം.)

നമ്മുടെ പഞ്ചായത്തിൽ വിവിധഭാഗങ്ങളിലായി പശുവിനെ വളർത്തുന്ന ധാരാളം വീടുകളുണ്ട് ഇതിനോടനുബന്ധിച്ച് ഗോബർഗ്യാസ് പ്ലാൻറുകൾ വിജയകരമായി നടപ്പാക്കാവുന്നതാണ് എന്നാൽ നമ്മുടെ പഞ്ചായത്തിൽ കേവലം 10 വീടുകളിൽ മാത്രമാണ് ഇന്ന് ഗോബർ ഗ്യാസ് പ്ലാൻറുകൾ ഉള്ളത് കർണ്ണാടകത്തിലെ പൂര എന്ന ഗ്രാമത്തിൽ 100 വീടുകൾ ഗോബർ ഗ്യാസ് പ്ലാൻറ് ഉപയാഗിച്ച് അവരുടെ മുഴുവൻ ഊർജ്ജ ആവശ്യങ്ങളും നിറവേറ്റുന്നു. നമ്മുടെ പഞ്ചായത്തിൽ ഈ പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ ധനസഹായവും സാങ്കേതിക സഹായവും ഗവൺമെൻറ് ഏജൻസികളിൽ നിന്നും ലഭ്യമാണ്. ഈ ഏജൻസികളുടെ സഹായത്തോടെ ഗോബർഗ്യാസ് പ്ലാൻറുകൾ വ്യാപകമാക്കുന്നതിനുള്ള ബോധവത്കരണക്ലാസുകൾ പഞ്ചായത്ത് മുൻകൈയെടുത്ത് നടപ്പാക്കണം.

പാചകോർജം ലാഭിക്കുന്നതിന് വലിയൊരളവിൽ സഹായിക്കുന്ന ഉപകരണങ്ങൾ ആണ് പ്രഷർകുക്കറും, കച്ചിപ്പെട്ടിയും. പ്രഷർകുക്കർ ഉപയോഗിക്കുന്നതിലൂടെ വലിയൊരളവിൽ ഇന്ധനവും സമയവും ലാഭിക്കാം. അനർട്ട് തുടങ്ങിയ ഗവൺമെൻറ് ഏജൻസികളിലൂടെ സബ്സിഡിനിരക്കിൽ ഇത് ലഭ്യമാണ്.

അനർട്ടിൻെറ ഓഫീസുമായി ബന്ധപ്പെട്ട സബ്സിഡിയോടുകൂടി ഉള്ള പ്രഷർകുക്കർ വിതരണം പഞ്ചായത്തിന് ഏറ്റെടുക്കാവുന്നതാണ്. കൂടാതെ കച്ചിപ്പെട്ടിയുടെ ഉപയോഗം ജനങ്ങൾക്ക് മനസ്സിലാക്കി ക്കൊടുക്കുവാനുള്ള ബോധപൂർവ്വമായ ശ്രമം ആവശ്യമാണ്. ദക്ഷത കൂടിയ മണ്ണെണ്ണ സ്റ്റൗ സബ്സിഡിയോടുകൂടി വിതരണം ചെയ്യുന്ന പദ്ധതിയും അനർട്ടിൻെറ സഹായത്തോടെ പഞ്ചായത്തിൽ നടപ്പാക്കാവുന്നതാണ്. ദക്ഷതകൂടിയ പുകയില്ലാത്ത അടുപ്പിന് 345 രൂപയാണ് വില. ഇതിൽ 285 രൂപയും ഗവൺമെൻറ് സബ്സിഡിയാണ്. 60രൂപാ ഗുണഭോക്താവിൽ നിന്ന് ഈടാക്കി,ബാക്കിതുക പഞ്ചായത്തിൻെറ തൺ-ടൈഡ് ഫണ്ടിൽ നിന്നും ഉപയോഗിച്ച് ഘട്ടംഘട്ടമായി ഈ അടുപ്പുകൾ വ്യാപിപ്പിക്കാവുന്നതാണ്. സബ്സിഡി തുക പഞ്ചായത്തിന് തിരികെ ലഭിക്കുന്നു എന്നതു കൊണ്ടു തന്നെ പഞ്ചായത്തിന് അധികസാമ്പത്തിക ബാധ്യത ഉണ്ടാകുന്നുമില്ല.

വൈദ്യുതി

മറ്റൊരു പ്രധാന ഊർജ്ജ സ്രോതസ്സാണ് വൈദ്യുതി. കേരളത്തിൽ ഇന്നു പ്രധാനമായി ആശ്രയിക്കുന്നത് ജലവൈദ്യുത പദ്ധതികളെയാണ്. 47 ലക്ഷം ഉപഭോക്താക്കളാണ് വൈദ്യുത ബോർഡിന് കേരളത്തിലുള്ളത്. കെ.എസ്.ഇ.ബിയുടെ ആകെ ഉൽപാദനം കേന്ദ്രപൂളുൾപ്പടെ 1500 മെഗാവാട്ടാണ്. എന്നാൽ കണക്ടഡ്ലോഡ് 6000 മെഗാവാട്ടാണ്. ഇതിൽ നിന്നു തന്നെ വൈദ്യുത പ്രതിസന്ധിയുടെ ഭയാനകത ദൃശ്യമാണ്. വൈദ്യുത ബോർഡിൻെറ കണക്കുപ്രകാരം തന്നെ 2000 ആണ്ടിലെ വൈദ്യുത കമ്മി 1579 കോടി യൂണിറ്റാണ്.

നമ്മുടെ പഞ്ചായത്തിൽ വൈദ്യുതീകരിച്ച വീടുകൾ വൈദ്യുതീകരിക്കാത്ത വീടുകൾ എന്നിവ സംബന്ധിച്ച് വാർഡുതലത്തിൽ നടത്തിയ സർവ്വേയിൽ നിന്ന് ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | ഈ | എൻ.ഈ |
|---|---|---|
| 1. | 352 | 142 |
| 2. | 243 | 80 |
| 3. | 260 | 204 |
| 4. | 348 | 501 |
| 5 | 341 | 285 |
| 6. | 435 | 225 |
| 7. | 245 | 240 |
| 8. | 230 | 208 |
| 9 | 279 | 405 |
| 10. | 395 | 144 |
| 11. | 424 | 195 |
| 12. | 620 | 252 |
| 13. | 575 | 285 |
| 14. | 514 | 413 |
| 15. | 548 | 147 |

ഇതിനു പുറമേ, എക്സൽഗ്ലാസ്സ്, കെ.എസ്.ഡി.പി, വൈറ്റമിൻ എ പ്ലാൻറ് മുതലായ വൻകിട ഫാക്ടറികളും, കയർമേഖലയിൽ പ്രവർത്തിക്കുന്ന വിവിധ വ്യവസായ സ്ഥാപനങ്ങളെ കൂടി നാം ഇവിടെ പരിഗണിക്കേണ്ടതുണ്ട്. - പ്രധാനമായും നമ്മുടെ പഞ്ചായത്തിൽ എസ്.എൽ.പുരം, പാതിരാപ്പിള്ളി,എന്നി ഇലക്ട്രിസിറ്റി ഓഫീസുകളുടെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിൽ എസ്.എൽ.പുരം ഓഫീസിൻെറ കീഴിൽ 8 ട്രാൻസ്ഫോർമറുകളാണുള്ളത്. എസ്.എൽ.പുരത്തു നിന്നുള്ള 165 തെരുവ് വിളക്കുകളിൽ, 70ട്യൂബും,95 ബൾബും, ഉൾപ്പെടുന്നു. പാതിരാപ്പള്ളി ഓഫിസിൻെറ കീഴിൽ 15 ട്രാൻസ്ഫോർമറുകൾ ഉണ്ട്. ഇവിടെ നിന്നുള്ള 598 തെരുവുവിളക്കുകളിൽ 71ട്യൂബും 527,40 വാട്ട് ബൾബുകളുമുണ്ട്. പഞ്ചായത്തിൽ നിന്നും തെരുവു വിളക്കുകൾക്ക് കെ.എസ്.ഇ.ബി.യിൽ പ്രതിവർഷം അടക്കുന്ന തുക 99,792 രൂപയാണ്. പാതിരാപ്പള്ളി ഓഫിസിൽ നിന്നും അവസാനമായി കണക്ഷൻ കൊടുത്തത്

10.11.1993ലെ അപേക്ഷകനാണ്. ഇവിടെ കണക്ഷൻ ലഭിക്കുന്നതിനായി അപേക്ഷ നൽകി കാത്തിരിക്കുന്നവർ 375 പേരാണ്.

വൈദ്യുതി രംഗത്ത് ഇന്ന് നമ്മൾ നേരിടുന്ന പ്രധാന പ്രശ്നം, നമ്മളിന്നും ഈ രംഗത്ത് പ്രധാനമായും ജലവൈദ്യുത പദ്ധതികളെ ആശ്രയിക്കുന്നു എന്നതാണ്. ഇതിൽ നിന്നും കേരളത്തെ രക്ഷിക്കുന്നതിനുള്ള പ്രധാന മാർഗ്ഗം താപനിലയങ്ങളാണ്. ഇദംപ്രഥമമായി കേരളത്തിനനുവദിച്ച, കായംകുളം സൂപ്പർ തെർമ്മൽ താപനിലയം പലകാരണങ്ങളാൽ ചുരുങ്ങി കേവലം 420 മെഗാവാട്ടിന്റെ ഒരു ചെറിയ തെർമ്മൽ സ്റ്റേഷനായി മാറിയിരിക്കുന്നു. ഇതിനു പണമില്ല എന്നുള്ളതാണ് ഗവൺമെന്റ് പ്രധാന പ്രശ്നമായി ഉയർത്തി കാട്ടുന്നത്. കേരളത്തിന്റെ ബാങ്കുകളിൽ 1700 കോടി രൂപാ നിക്ഷേപമുണ്ട്. ഇതിന്റെ 10 ശതമാനം തെർമ്മൽ സ്റ്റേഷന് കടമായി ലഭിച്ചാൽ 1700കോടി രൂപയായി. താപനിലയം ആദ്യം ലക്ഷ്യമിട്ടിരുന്ന പൂർണ്ണ രൂപത്തിലുള്ള സൂപ്പർ തെർമ്മൽ പവർസ്റ്റേഷൻ നടപ്പിലാക്കാൻ 1600കോടി രൂപാ മതിയെന്നിരിക്കേ ഈ യാഥാർത്ഥ്യം ഉൾക്കൊള്ളുവാനും പ്രാവർത്തികമാക്കുവാനും സർക്കാരിനെ പ്രേരിപ്പിക്കുവാനും നമ്മുടെ പഞ്ചായത്തിന് കഴിയണം.

പ്രശ്നങ്ങൾ

വോൾട്ടേജ് ക്ഷാമം (1)മാരാരിക്കുളം തെക്ക് പഞ്ചായത്തിന്റെ ഏതാണ്ടെല്ലാ ഭാഗത്തും വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്.

2. കണക്ഷൻ സമയത്ത് ലഭിക്കുന്നില്ല. അപേക്ഷ നൽകി പണമടച്ച് ദീർഘനാളായി കാത്തിരിക്കുന്നവർ ധാരാളമാണ്.

3. യഥാസമയം അറ്റകുറ്റപ്പണികൾ നടത്തുന്നില്ല.

4. വൈദ്യുതി വിതരണത്തിൽ മിക്കപ്പോഴും തടസ്സം സംഭവിക്കുന്നു.

5. വൈദ്യുതി പ്രസരണ നഷ്ടം

6. മിക്കതെരുവു വിളക്കുകളും കത്തുന്നില്ല.

പരിഹാരമാർഗ്ഗങ്ങൾ

1. വാർഡുതലത്തിൽ ജനകീയകമ്മറ്റികൾ രൂപീകരിച്ച് കൊണ്ട് വൈദ്യുത ലൈനിൽ ഉണ്ടാകുന്ന തടസ്സങ്ങൾ നീക്കം ചെയ്യണം.

2. വൈദ്യുതി കൂടുതൽ ദുർവിനിയോഗം ചെയ്യുന്ന ഇലക്ട്രിക് ഹീറ്ററുകളുടെ ഉൽപ്പാദനവും വിതരണവും നിയമം മൂലം നിരോധിക്കുന്നതിനും, ജനകീയ ബോധവൽക്കരണത്തിനും ആവശ്യമായ നടപടികൾ സംസ്ഥാനാടിസ്ഥാനത്തിൽ തന്നെ ഉണ്ടാക്കുന്നതിന് പഞ്ചായത്ത് ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. കൂടാതെ സ്റ്റെപ്പ്-അപ്പുകൾ നിരുൽസാഹപ്പെടുത്തണം.

3. അലങ്കാരാവശ്യങ്ങൾക്ക് വൈദ്യുതി ദുരുപയോഗം ചെയ്യുന്നത് നിരോധിക്കണം.

4. വൈദ്യുതി വിതരണത്തിൽ മിക്കപ്പോഴും തടസ്സം സംഭവിക്കുന്നു.

5. വൈദ്യുതി പ്രസരണ നഷ്ടം

6. മിക്കതെരുവ് വിളക്കുകളും കത്തുന്നില്ല.

പരിഹാരമാർഗ്ഗങ്ങൾ

1. വാർഡുതലത്തിൽ ജനകീയ കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ട് വൈദ്യുത ലൈനിൽ ഉണ്ടാക്കുന്ന തടസ്സങ്ങൾ നീക്കം ചെയ്യണം.

2. വൈദ്യുതി കൂടുതൽ ദുർവിനിയോഗം ചെയ്യുന്ന ഇലക്ട്രിക് ഹീറ്ററുകളുടെ ഉൽപ്പാദനവും വിതരണവും നിയമം മൂലം നിരോധിക്കുന്നതിനും ജനകീയ ബോധവൽക്കരണത്തിനും ആവശ്യമായ നടപടികൾ സംസ്ഥാനാടിസ്ഥാനത്തിൽ തന്നെയുണ്ടാക്കുന്നതിന് പഞ്ചായത്ത് ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. കൂടാതെ സ്റ്റെപ്പ്-അപ്പുകൾ നിരുൽസാഹപ്പെടുത്തണം.

3. അലങ്കാരാവശ്യങ്ങൾക്ക് വൈദ്യുതി ദുരുപയോഗം ചെയ്യുന്നത് നിരോധിക്കണം.

4. വീടുകളിൽ ഉപയോഗിക്കുന്ന മെർക്കുറി, സോഡിയം വേപ്പർലാമ്പുകൾ നിരുൽസാഹപ്പെടുത്തണം.

5. ഇലക്ട്രോണിക് ചോക്കുകളും രണ്ടടി 20വാട്ട് ട്യൂബുകളും ബോധപൂർവ്വം പ്രചരിപ്പിക്കുക.

6. വാർഡുതലത്തിൽ ജനകീയകമ്മറ്റിയുടെ മേൽനോട്ടത്തിൽ ലൈൻമാപ്പുകൾ തയ്യാറാക്കുകയും ശാസ്ത്രീയമായ രീതിയിൽ വൈദ്യുതി വിതരണത്തിനായി പുനക്രമീകരിക്കുകയും ചെയ്യുക.

7. കണക്ടഡ് ലോഡ് അനുസരിച്ച് ട്രാൻസ്ഫോർമറുകൾ ക്രമീകരിക്കുക.

8. 11വാട്ട് കോംപാക്ട്ഫ്ലൂറസന്റ് ലാമ്പുകൾ (സി.എഫ്.എൽ) പ്രചരിപ്പിക്കുക. ഇത് സബ്സിഡിനിരക്കിൽ അനർട്ടിൽ നിന്ന് ലഭ്യമാണ്.

9. വ്യാപകമായ വൈദ്യുതി മോഷണം തടയുവാൻ ജനകീയ സമിതികൾ രൂപീകരിക്കുക.

10. ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രം ചാർജ് ഈടാക്കുന്ന സമ്പ്രദായം സംസ്ഥാനത്താകെ വ്യാപിപ്പിക്കുക.

11. ഒരു പ്രത്യേക ടാർജറ്റിന് മുകളിൽ വൈദ്യുതി ഉപയോഗിക്കുന്നവർക്ക് യൂണിറ്റിന് നിശ്ചിതനിരക്കിൽ പിഴ ഈടാക്കുവാൻ തീരുമാനിക്കുക.

12. തെരുവ്വിളക്കുകളുടെ ഇന്നത്തെശോച്യാവസ്ഥ പരിഹരിക്കുന്നതിന്, ഇവയുടെ നിയന്ത്രണം പൂർണ്ണമായും പഞ്ചായത്തിന് കീഴിൽ കൊണ്ടുവരിക,. ബൾബുകളും മററ് ആവശ്യമായ സാമഗ്രികളും വാങ്ങുന്നതിനുള്ള അധികാരം പഞ്ചായത്തിന് നൽകുകയും, ഇത് സ്ഥാപിക്കുന്നതിനാവശ്യമായ ജീവനക്കാരെ പഞ്ചായത്ത് ആവശ്യപ്പെടുന്ന മുറയ്ക്ക് വൈദ്യുതി ബോർഡിൽ നിന്നും വിട്ടുതരികയും ചെയ്യുന്നതിന് പഞ്ചായത്തിനെ ചുമതലപ്പെടുത്തുന്ന തീരുമാങ്ങൾ ഗവൺമെന്റ് തലത്തിൽ സ്വീകരിക്കേണ്ടതാണ്

നിർദ്ദേശങ്ങൾ

1. മാരാരിക്കുളം തെക്ക് പഞ്ചായത്തിലുള്ള മുഴുവൻ തെരുവു വിളക്കുകളിലും രണ്ടടി 20 വാട്ടിന്റെ ട്യൂബു ലൈറ്റുകൾ സ്ഥാപിക്കുക.

2. പാരമ്പര്യേതര ഊർജ്ജത്തിലേക്ക് കൂടുതൽ ശ്രദ്ധ ആകർഷിക്കുക. അനർട്ടുമായി ആലോചിച്ച് സൂര്യവിളക്കുകൾ വിതരണം ചെയ്യുന്നതിന് വേണ്ടുന്ന നടപടികൾ കൈക്കൊള്ളുക.

3. ദുർബലവിഭാഗങ്ങൾക്കായുള്ള ട്രൈബൽസബ് പ്ലാൻ, സ്പെഷ്യൽ കംപോണൻറ് പ്ലാൻ മുതലായ പദ്ധതികളിൽ ഉൾപ്പെടുത്തി കൂടുതൽ സൗജന്യത്തോടെ ഈ വിഭാഗങ്ങൾക്ക് ഇത് ലഭ്യമാക്കാം.

4. സൗരോർജ്ജ പമ്പുകൾ തുടങ്ങിയ പദ്ധതികളെ ക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുക.

5. കലവൂർ,പാതിരപ്പള്ളി തുടങ്ങിയ പ്രധാന കേന്ദ്രങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുക.

6. നമ്മുടെ പ്രധാനപ്പെട്ട 4 മാർക്കറ്റുകളിൽ വൈദ്യുതി വിളക്കുകൾ സ്ഥാപിക്കുക.

ഊർജ്ജം

വോൾട്ടേജ് ക്ഷാമമുള്ള പ്രദേശത്ത് ട്രാൻസ്ഫോമറുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

1. എക്സൽഗ്ലാസ്സിൻെറ പടിഞ്ഞാറ് വശം
2. ഓമനപ്പുഴ പള്ളിക്ക് പടിഞ്ഞാറു വശം
3. കസ്തൂർബാ ജംഗ്ഷൻ
4. മങ്കടക്കാട് ജംഗ്ഷൻ
5. ചെട്ടിക്കാട് ബീച്ച്

സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

1. മണ്ണിപ്പുഴ ഉദയാബീച്ച് റോഡ് (വാർഡ് 2,3,4,5,7,8,9)
2. സ്വയംപ്രഭ - ഉദയാബീച്ച് റോഡ് (വാർഡ് 1,6,10,11)
3. സർവ്വോദയപുരം കോറസ് ജംഗ്ഷൻ (വാർഡ് 8,9)
4. ഉദയാ - കോറസ് റോഡ് (വാർഡ് 12)
5. പ്രിയദർശിനി - ബീച്ച് (വാർഡ് 15)
6. ഉദയാബീച്ച് - സർവ്വോദയപുരം (വാർഡ് 8)
7. എക്സൽഗ്ലാസ് - 66കെ.വി.സബ്സ്റ്റേഷൻ (വാർഡ് 11)
8. ഹനിമാൻസ്ക്ലിനിക്ക്-ഹോമിയോഫാർമസി (വാർഡ് 13)
9. അജ്ഞലി - കെ.കെ.ഗോപാലൻജംഗ്ഷൻ (വാർഡ് 10)
10. മണ്ണിപ്പുഴ -മങ്കടക്കാട് റോഡ് (വാർഡ് 2,3,4,5)
11. ഓമനപ്പുഴ ബീച്ച് റോഡ് (വാർഡ് 14)
12. ഓമനപ്പുഴ ബീച്ച് ചെട്ടികാട് പമ്പ് ഹൗസ് (വാർഡ് 14)
13. പാട്ടുകുളംക്ഷേത്രം - ഓമനപ്പുഴപള്ളിറോഡ് (വാർഡ് 12,14)
14. റെയിൽവേസ്റ്റേഷൻ-തയ്യിൽബസ്സ്റ്റോപ്പ് റോഡ് (വാർഡ് 2,3)
15. സൽക്കാല ജംഗ്ഷൻ-തമ്പകക്കാട് പാലം വഴി പാട്ടുകുളം റോഡ് (വാർഡ് 12)
16. റാണിജംഗ്ഷൻ -ബീച്ച് (വാർഡ് 9)
17. ഔവ്വർ ജംഗ്ഷൻ - പൂങ്കാവ് ജംഗ്ഷൻ (വാർഡ് 13)
18. അർദ്ധശ്ശേരി കോളനി -വാഴക്കൂട്ടംപൊഴിറോഡ് (വാർഡ് 5)
19. വളവനാട് - റെയിൽവേ സ്റ്റേഷൻ (വാർഡ് 1)
20. പെരിയകലവൂർ -കെ.കെ.ഗോപാലൻറോഡ് (വാർഡ് 6)
21. കൊച്ചുപ്പള്ളി-വളവനാട് റോഡ് (വാർഡ് 1)
22. പഴയകാട് നൈറ്റ് സോയിൽ

പഞ്ചായത്തിലുള്ള കോളനികളിൽ വൈദ്യുതികരി ക്കാത്ത എല്ലാ കോളനികളും എത്രയും പെട്ടന്ന് വൈദ്യുതീ കരിക്കണം.

# മാർക്കറ്റ്

മാരാരിക്കുളം തെക്കു പഞ്ചായത്തിൽ പൂങ്കാവ്, പാതിരപ്പള്ളി, സർവ്വോദയപുരം, ജനതാമാർക്കറ്റ് എന്നിവ മുഴുവനായും കലവൂർ മാർക്കറ്റ് ഭാഗികമായും ഉൾപ്പെടുന്നു.

പൂങ്കാവ് മാർക്കറ്റ്

ഈ മാർക്കറ്റ് ഇപ്പോഴും ശൈശവദശയിലാണ്. മതിയായ സൗകര്യങ്ങളും കടമുറികളും കുറവാണ്. പൂങ്കാവ്,ചെട്ടികാട് പ്രദേശത്തെ ബഹുഭൂരിപക്ഷം വരുന്ന ക[illegible] ഫാക്ടറി തൊഴിലാളികളും മത്സ്യതൊഴിലാളികളും അടക്കമുള്ള ജനങ്ങൾ ഈ മാർക്കറ്റിനെ ആശ്രയിക്കുന്നു. ശാസ്ത്രീയമായ രീതിയിൽ ആസൂത്രണം ചെയ്താൽ വളരെ വികസന സാദ്ധ്യത എറിയ ഒന്നാണിത്.

പാതിരപ്പള്ളി

നമ്മുടെ പഞ്ചായത്തിലെ വളരെ പ്രധാനപ്പെട്ടതും വേഗത്തിൽ വികസിച്ചു കൊണ്ടിരിക്കുന്നതുമായ ഒരു മാർക്കറ്റാണ് പാതിരാപ്പള്ളി. പച്ചക്കറി, പലവ്യഞ്ജനം, മത്സ്യം തുടങ്ങി എല്ലാ നിത്യോപയോഗ സാധനങ്ങളും താരതമ്യേന കുറഞ്ഞവിലക്ക് ലഭിക്കുന്നതുമൂലം ഉപഭോക്താക്കളുടെ പ്രിയപ്പെട്ട മാർക്കറ്റായി പാതിരാപ്പള്ളി മാറിക്കൊണ്ടിരിക്കുന്നു. മാർക്കറ്റിനോട് ചേർന്നു കിടക്കുന്ന തരിശുഭൂമികുടിഏറ്റെടുത്ത് ഷോപ്പിംഗ്കോംപ്ലക്സ് നിർമ്മിക്കുന്നത് പാതി[illegible]യിലേക്ക് കൂടുതൽ വ്യവസായികളേയും കച്ചവടക്കാരേയും ആകർഷിക്കുന്നതിന് ഉപകരിക്കും.

സർവ്വോദയപുരം മാർക്കറ്റ്

മാരാരിക്കുളം തെക്ക് പഞ്ചായത്ത് എട്ടാം വാർഡിൽ സ്ഥിതി ചെയ്യുന്ന സർവ്വോദയപുരം മാർക്കറ്റ് അനുദിനം വളർന്നുകൊണ്ടിരിക്കുന്നു. മാത്സര്യ ബുദ്ധിയോടെ കൂടുതൽ കച്ചവടക്കാരെ ഈ മാർക്കറ്റിലേക്ക് ആകർഷിക്കാൻ കഴിഞ്ഞാൽ സാധാരണക്കാരും തൊഴിലാളികളും തിങ്ങിപാർക്കുന്ന ഈ പ്രദേശത്ത് മിതമായ വിലയ്ക്ക് നിത്യോപയോഗസാധനങ്ങൾ സുലഭമായി ലഭിക്കാൻ സാദ്ധ്യത വർദ്ധിക്കും.

ജനതാമാർക്കറ്റ്

അവികസിതാവസ്ഥയിൽ ഇന്നും നിലനിൽക്കുന്ന ഒന്നാണ് ജനതാമാർക്കറ്റ്. ഇപ്പോൾ പണി തുടങ്ങിയിരിക്കുന്ന മത്സ്യവിൽപ്പന ശാലക്കു പുറമെ പഞ്ചായത്തുവക സ്ഥലത്ത് കൂടുതൽ കടമുറികൾ പണിയുന്നത് ജനതാമാർക്കറ്റിൻെറ വികസനം കൂടുതൽ ത്വരിതപ്പെടുത്തുന്നതിന് സഹായകരമായിരിക്കും.

കലവൂർ

കലവൂർ മാർക്കറ്റിൻെറ 60% മണ്ണഞ്ചേരി പഞ്ചായത്തിലും 40% മാത്രം മാരാരിക്കുളം തെക്ക് പഞ്ചായത്തിലും ആണെങ്കിലും നമ്മുടെ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം വരുന്ന ആളുകളും കലവൂർ മാർക്കറ്റിനെ നിത്യേന ആശ്രയിക്കുന്നവരാണ്. ഏറെ പാരമ്പര്യം അവകാശപ്പെടാവുന്ന ഒന്നാണ് കലവൂർ മാർക്കറ്റ്. എങ്കിലും കാലാനുസൃതമായ പുരോഗതി കൈവരിക്കുവാൻ ഇതിന് ഇനിയും കഴിഞ്ഞിട്ടില്ല. പച്ചക്കറി, പലവ്യഞ്ജനം, മത്സ്യം എന്നിവയ്ക്ക് ഇവിടെ താരതമ്യേന വിലകൂടുതൽ ഈടാക്കുന്നുവെന്ന് പരക്കെ ആക്ഷേപമുണ്ട്.

പ്രശ്നങ്ങൾ നിർദ്ദേശങ്ങൾ

ശുചിത്വത്തിൻെറ കാര്യത്തിൽ നമ്മുടെ മാർക്കറ്റ് വളരെ പിന്നോക്കമാണ്. ശുചിത്വമില്ലായ്മ ജനങ്ങളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു. സാക്രമിക രോഗങ്ങളുടെ വ്യാപനത്തിന് മാർക്കറ്റുകളിലെ ശുചിത്വമില്ലായ്മ മുഖ്യ ഘടകമായിരിക്കുന്നു.

മാർക്കറ്റുകൾ വൃത്തിയാക്കുന്നതിന് പഞ്ചായത്ത് നിയമിച്ചിട്ടുള്ള തൂപ്പുകാർ പോലും മറ്റു തൊഴിലാളികൾക്ക് ഈ ജോലി സബ്കോൺട്രാക്ടായി നൽകുന്ന പ്രവണത നിലനിൽക്കുന്നു. കലവൂർ മാർക്കറ്റിൽ സബ്കോൺട്രാക്ടറ്റ് എടുത്തവർ ആഴ്ചയിൽ ഒരുപ്രാവിശ്യം പോലും ഈ ജോലി നിർവഹിക്കുന്നില്ല മാർക്കറ്റുകൾ വൃത്തിയാ ക്കുന്ന തിന് കൂടുതൽ ജോലിക്കാരെ നിയമിക്കുകയും അവർ യഥാസമയം തങ്ങളുടെ കൃത്യനിർവ്വഹണം നടത്തുന്നുണ്ടോയെന്ന് പരിശോധിക്കുവാനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം.

പലകച്ചവടക്കാരും സാധനങ്ങൾക്ക് അമിതവില ഈടാക്കുന്നുണ്ട്. ഇത് പരിഹരിക്കുന്നതിന് കച്ചവട സ്ഥാപനങ്ങളിൽ വിലവിവരപട്ടിക പ്രദർശിപ്പിക്കുന്നത് നിർബന്ധമാക്കണം. ഇത് പ്രദർശിപ്പിക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാനുള്ള സംവിധാനവും ഏർപ്പെടുത്തണം.

എല്ലാ മാർക്കറ്റുകളിലും 24 മണിക്കറും പ്രവർത്തിക്കുന്ന പാൽ വിതരണ കേന്ദ്രം കോൾഡ്സ്റ്റോറേജ് എന്നിവ സ്ഥാപിക്കണം. നമ്മുടെ പഞ്ചായത്തിൽ ലൈസൻസുള്ള ഒരു ഇറച്ചിക്കടപോലും പ്രവർത്തിക്കുന്നില്ല. എന്നാൽ അനധികൃതമായി പഞ്ചായത്തിൻെറ വിവിധവശങ്ങളിലായി മുപ്പത്തൊന്നോളം ഇറച്ചി വിൽപ്പനശാലകൾ പ്രവർത്തിക്കുന്നു. അനധികൃതമായ ഇറച്ചി വിൽപ്പനശാലകൾ മുഴുവൻ കർശനമായി നിരോധിക്കണം. ലൈസൻസുള്ളഇറച്ചി വിൽപ്പനശാലകൾ തുടങ്ങുവാനുള്ള നടപടികൾ സ്വീകരിക്കണം.

പഴകിമോശമായതും കേടുവന്നതും രോഗം ബാധിച്ചതുമായ മത്സ്യമാംസ വിൽപ്പന വകുപ്പ് അധികൃതരുടെ സഹായത്തോടെ പരിശോധിക്കുകയും അത്തരം കച്ചവടക്കാർക്കെതിരേ കർശനമായ ശിക്ഷാനടപടികൾ കൈക്കൊള്ളുകയും ചെയ്യണം.

എല്ലാ മാർക്കറ്റുകളിലും ബന്ധപ്പെട്ട വകുപ്പധികൃതരുമായി (ടാക്സ്,ഹെൽത്ത്,അളവുതൂക്കം) മാസത്തിൽ ഒരു തവണയെങ്കിലും മിന്നൽ പരിശോധന നടത്തേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിലെ നാലു മാർക്കറ്റുകളിലും ആഴ്ച ചന്ത സംവിധാനം ഏർപ്പെടുത്തണം. ഉപഭോക്താക്കൾക്ക് കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ ലഭ്യമാകുന്നതിനു പുറമെ നമ്മുടെ പഞ്ചായത്തിലെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും ഇത് ഏറെ സഹായകരമാകും.

എല്ലാ മാർക്കറ്റുകളിലും കരകൗശലവസ്തുക്കൾ, പച്ചക്കറി,ചെറുകിടകയർ വ്യവസായികൾകാവശ്യമായ എല്ലാത്തരം അസംസ്കൃത വിഭവങ്ങൾ, കൈത്തറി, പരമ്പരാഗത തൊഴിലാളികളുടെ ഉൽപ്പന്നങ്ങൾ (വട്ടി,കുട്ട,പായ,മുറം,തവി,ചിരവ,ചൂല്, എലിപ്പെട്ടി തുടങ്ങിയവ) എന്നിവയുടെ വിൽപ്പനയ്ക്ക് പ്രത്യേകം സ്റ്റാളുകൾ തുറക്കണം.

എല്ലാ മാർക്കറ്റുകളിലും പഞ്ചായത്തുവക ഷോപ്പിങ് കോംപ്ലക്സ് നിർമ്മിക്കണം.

പൊതുവേ മാർക്കറ്റുകളുടെ വികസനത്തിന് വഴിയോരത്ത് മാംസവും മറ്റും വിൽക്കുന്നത് പൂർണ്ണമായും നിരോധിക്കണം.

എല്ലാ മാർക്കറ്റുകളിലും ശുദ്ധജലം, വൈദ്യുതി, ടെലിഫോൺ സൗകര്യങ്ങൾ ഏർപ്പെടുത്തണം.

ജനതാമാർക്കറ്റ്, സർവ്വോദയപുരം മാർക്കറ്റ്, പൂങ്കാവ് മാർക്കറ്റ് എന്നിവയെ ബന്ധിപ്പിക്കുന്ന മാരാരിക്കുളം-തീർത്ഥശ്ശേരി റോഡിലൂടെ ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

നമ്മുടെ പഞ്ചായത്തിൽ 5 മാവേലി സ്റ്റോറുകൾ തുടങ്ങുവാൻ ഗവൺമെൻറിൽ പ്രേരണ ചെലുത്തണം.

മാവേലി സ്റ്റോറിൽ നിത്യോപയോഗ സാധനങ്ങളുടെ ദൗർബല്യം പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം.

നമ്മുടെ പഞ്ചായത്തിലെ ഒരു റേഷൻ കടയിൽനിന്നുപോലും കാർഡുടമയ്ക്ക് ബില്ല് ലഭിക്കുന്നില്ല. നിശ്ചിതവിലയേക്കാൾ കൂടുതൽ റേഷൻ വ്യാപാരികൾ ഈടാക്കുന്നതു മൂലമാണ് ബില്ലു നൽകാത്തത്. കാർഡുടമയ്ക്ക് ബില്ല് നൽകാത്ത റേഷൻ വ്യാപാരികളുടെ ലൈസൻസ് റദ്ദാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണം.

റേഷൻ കടകളിൽ നിലവിൽ പ്രദർശിപ്പിച്ചിരിക്കുന്ന സ്റ്റോക്ക്/വിലവിവരപട്ടികയുടെ "ഡിജിറ്റൽ ഡിസ്പ്ലേ" ഉപയോഗിച്ച് പ്രദർശിപ്പിക്കണം.

എഫ്.സി.ഐ.യുടേയും സിവിൽ സപ്ലൈസിൻെറയും ഗോഡൗണുകളിൽ നിന്ന് അനുവദിക്കപ്പെടുന്ന റേഷൻ സാധനങ്ങൾ നിശ്ചിത റേഷൻ കടകളിൽ തന്നെ എത്തിച്ചേരുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. പലപ്പോഴും ഗോഡൗണുകളിൽ നിന്നും റേഷൻ കടകളിലേക്ക് മാർഗ്ഗമദ്ധ്യേ റേഷൻ സാധനങ്ങൾ കരിഞ്ചന്തയിലേക്ക് എത്തിച്ചേരുന്നുണ്ട്.

റേഷൻ കടകളിൽ നിന്നുള്ള കരിഞ്ചന്ത വിൽപ്പനയും തടയുവാനാവശ്യമായ നടപടികൾ സ്വീകരിക്കണം.

റേഷൻ കടകളിൽ പഞ്ചായത്ത് അധികൃതർ ആഴ്ചയിലൊരിക്കൽ പരിശോധന നടത്തണം.

റേഷൻകടകളിൽ പഞ്ചായത്തിൻെറ വക പ രാതിപ്പെട്ടി സ്ഥാപിക്കണം.

ഓരോമാർക്കറ്റും കേന്ദ്രീകരിച്ച് ജനപ്രതിനിധികൾ,

ഓരോ മാർക്കറ്റും കേന്ദ്രീകരിച്ച് ജനപ്രതിനിധികൾ സാമൂഹ്യപ്രവർത്തകർ, കച്ചവടക്കാരുടെ പ്രതിനിധികൾ എന്നിവരുൾപ്പെട്ട ഉപദേശക സമിതി രൂപീകരിക്കുക. ഈ ഉപദേശകസമിതി ഉപഭോക്താക്കളുടേയും കച്ചവട ക്കാരുടേയും പൊതുവായ താല്പര്യങ്ങൾ സംരക്ഷിക്കുകയും മാർക്കറ്റിൻെറ പുരോഗതിക്ക് ക്രിയാത്മകമായി പ്രവർത്തിക്കുകയും വേണം. ഉപഭോക്താവിനേയും കച്ചവടക്കാരനെയും ഒരേ സമയം ചൂഷണം ചെയ്തുകൊണ്ട് അമിതമായ പലിശക്ക് പണം കടം കൊടുക്കുന്ന സ്വകാര്യ പണമിടപാടുകാർ (ബ്ലേഡ്) നമ്മുടെ കച്ചവടമേഖലയുടെ തകർച്ചക്ക് ആക്കം കൂട്ടുന്നു. ഈ തകർച്ചയിൽ നിന്നും കച്ചവടമേഖലയെ രക്ഷപ്പെടുത്തണമെങ്കിൽ ുത്തറപ്പൻ പലിശക്കാരെ(ബ്ലേഡ്) കർശനമായും നി ധിക്കണം. മാർക്കറ്റുകളുടേയും കച്ചവടമേഖലയുടെയും പുരോഗതിക്ക് സഹകരണസംഘങ്ങൾ, സഹകരണബാങ്കുകൾ ദേശസാൽകൃത ബാങ്കുകൾ എന്നിവയിൽ നിന്നും ഉദാരമായ സാമ്പത്തിക സഹായങ്ങൾ നേടിയെടുക്കുവാൻ പഞ്ചായത്തധികൃതർ സമുചിതമായ നടപടികൾ സ്വീകിക്കണം.

എരിപൊരിവെയിലത്തെന്തിനു കുരുവീ
ചകിരിപെറുക്കി മിനുക്കുന്നു ?
പെരുമഴ വീഴും മുമ്പേ മെനയണമൊരു-
കൂടെന്നുടെ മുട്ടയിടാൻ.
മകരമൊഴിഞ്ഞതിനു മുമ്പേ വിരിയണ
മരുമക്കുരുവികളെൻ കൂട്ടിൽ
അവരും ചെറുമണി കൊത്തുന്നതുവരെ
അഭയമൊരുക്കണമീക്കൂട്ടിൽ

# പാർപ്പിടം

പാർപ്പിടം മനുഷ്യരുടെ സരക്ഷിതത്വത്തിൻെറയും ആരോഗ്യത്തിൻെറ മുഖ്യഘടകമാണ്. ഇത് സാമൂഹ്യ സാമ്പത്തിക സാംസ്ക്കാരിക മേഖലകളുമായി ബന്ധപ്പെട്ടിരിക്കുന്നു. ആദ്യകാലഘട്ടത്തിൽ നമ്മുടെ പഞ്ചായത്തിൽ ഭൂരിഭാഗം വീടുകളും ഓലകൊണ്ടുമറയ്ക്കപ്പെട്ട കുടിലുകളായിരുന്നു ചുരുക്കം നാലു കെട്ടുപുരകളും. ഇന്നത്തെ തലമുറകൾക്ക് അവിശ്വസനീയമായി തോന്നാമെങ്കിലും കെട്ടിട നിർമ്മാണത്തിലുള്ള സാധന സാമഗ്രികൾ ഏറിയ പങ്കും കായൽ മാർഗ്ഗമായി വള്ളങ്ങളിലാണ് എത്തിച്ചിരുന്നത് ജന്മി കുടിയാൻ സമ്പ്രദായം ഈ ഭാഗങ്ങളിൽ വ്യാപകമായിരുന്നു. കുടികിടപ്പുകാർക്ക് കല്ലുകെട്ടി ചുമർ നിർമ്മിക്കുന്നതിനോ ഓടു മേയുന്നതിനോ അവകാശമില്ലായിരുന്നു. ജന്മിമാരുടെ അനുവാദത്തിന് വിധേയമായിട്ടേ എന്തെങ്കിലും പരിഷ്കാരം വരുത്തുവാൻ കഴിയുമായിരുന്നുള്ളു. പിൽക്കാലത്ത് ഭൂപരിഷ്കരണ നിയമം വന്നതോടുകൂടി കുടികിടപ്പവകാശം നേടിയെടുക്കുവാനും സുരക്ഷിത ഭവനനിർമ്മാണം ത്വരിതപ്പെടുത്തുവാനും കഴിഞ്ഞിട്ടുണ്ട്. സമീപപഞ്ചായത്തുകളിൽ ഏറ്റവും കൂടുതൽ കുടികിടപ്പുഭൂമി സ്വന്തമാക്കാൻ കഴിഞ്ഞത് നമ്മുടെ പഞ്ചായത്തിലാണ്.

1950 തുകളിൽ ഭവനനിർമ്മാണ പദ്ധതികൾക്ക് ഗവൺമെൻറ് തുടക്കം കുറിച്ചു. 1970 തുകളിൽ ലക്ഷംവീട് പദ്ധതി എന്ന പേരിൽ ദുർബല ജന വിഭാഗങ്ങൾക്ക് പാർപ്പിട സൗകര്യം ഏർപ്പെടുത്തുന്നതിന് ഗവൺമെൻറ് സ്കീം തയ്യാറാക്കി എങ്കിലും അതിൻെറ ലക്ഷ്യ പ്രാപ്തി ഇനിയും കൈവരിച്ചിട്ടില്ല. ബഹുജന പങ്കാളിത്തത്തോടുകൂടി നടപ്പാക്കിയ ഈ പദ്ധതി പോലും പൂർണ്ണ വിജയം കണ്ടെത്തിയില്ല എന്നത് ഗൗരവപൂർവ്വം വീക്ഷിക്കേണ്ടതാണ്. നമ്മുടെ പഞ്ചായത്തിൽ ഈ പദ്ധതിയിൽപ്പെടുത്തി (12duplex) 24 വീടുകൾ നിർമ്മിച്ചു. ഇതിലെ കുറവുകൾ ഉൾക്കൊണ്ടു കൊണ്ട് ജനങ്ങളിൽ ഭവന നിർമ്മാണത്തെ സംബന്ധിച്ച് അവബോധം സൃഷ്ടിച്ച് ഈ രംഗത്തുള്ള ദുർ വ്യയം പരമാവധി ഒഴിവാക്കി തുടർന്നുള്ള സ്കീമുകൾ നടപ്പിലാക്കിയാൽ മാത്രമേ ഒരു പരിധിവരെയെങ്കിലും ഇതിനു പരിഹാരം കാണാൻ പറ്റുകയുള്ളൂ.

പ്രഥമ വിവരകണക്കു പ്രകാരം നമ്മുടെ പഞ്ചായത്തിൽ 9596 വീടുകളുണ്ട് അതിൽ വാസയോഗ്യമായവ 6811 ഉം വാസയോഗ്യമല്ലാത്തത് 2785 ഉം ആണ്. ബഹുഭൂരിപക്ഷം ആളുകൾക്കും വീട് സ്വന്തമായി ഉണ്ടെങ്കിലും വീടുകളുടെ തരം തിരിച്ചുള്ള കണക്കുകൾ എടുക്കുക എന്നത് കാണിക്കുന്നത് ഈ രംഗത്തുള്ള പരിതാപകരമായ അവസ്ഥയാണ്. മോശമായിട്ടുള്ള വീടുകളും ഉള്ളവയിൽ തന്നെ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യക്കുറവും നിലനിൽക്കുന്നു. നമ്മുടെ പഞ്ചായത്തിൽ പുറം പോക്കു നിവാസികളോ ചേരി നിവാസികളോ ഇല്ല. പട്ടണ പ്രദേശത്തോടടുത്ത വാർഡുകളിൽ വാടകയ്ക്കു താമസിക്കുന്നതായി കാണാം. ഇതിൽ ഭൂരിപക്ഷവും ജോലി സംബന്ധിച്ച് ഇവിടെ താമസിക്കുന്നവരാണ്. അധികം വീടുകളും കാലപ്പഴക്കം കൊണ്ട് ജീർണ്ണാവസ്ഥയിലാണ്. ഇത്

എത്രയും പെട്ടെന്ന് പൂതുക്കിപണിയേണ്ടതാണ്. സ്വന്തമായി ഭൂമി ഇല്ലാത്തവരുടെ പ്രശ്നം പരിഹരിച്ചാൽ ഈ വിഭാഗത്തിന്റെ പാർപ്പിട പ്രശ്നവും പരിഹരിക്കാം. നമ്മുടെ പഞ്ചായത്തിലെ നിലവിലുള്ള കോളനികളുടെ പട്ടിക അന്യത്ര. കോളനികളിലുള്ള പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സൗജന്യമായി വിവിധ ഏജൻസികൾ മുഖേന വീടുകൾ നിർമ്മിച്ചു നല്കാറുണ്ട്. മത്സ്യതൊഴിലാളികൾക്കും ഈ പ്രയോജനം ലഭിക്കുന്നുണ്ട്. എന്നാൽ ഇതര വിഭാഗങ്ങൾക്ക് ഈ സൗകര്യം വളരെ പരിമിതമാണ് പൊതുവേ കോളനികളിലെ പ്രാഥമിക സൗകര്യങ്ങൾ ഉൾപ്പെടെയുള്ള പാർപ്പിട സൗകര്യം മെച്ചപ്പെടുത്തേണ്ടത് അനിവാര്യമാണ്. നമ്മുടെ പഞ്ചായത്തിൽ 6664 വീടുകൾ കുടിലുകളുടെ പട്ടികയിൽ പെടുന്നുണ്ടെങ്കിലും പകുതിയിലേറെ വീടുകൾ വാസയോഗ്യമല്ലാത്തതായി കാണുന്നു. സാമ്പത്തികശേഷി ഇല്ലാത്തതാണ് ഇതിന് മുഖ്യകാരണം. ഇതിനു പരിഹാരം ഉണ്ടാകേണ്ടതാണ്. വീടുകളുടെ എണ്ണം ഓരോ വർഷവും നൂറു കണക്കിന് കൂടി വരികയാണ്. പാർപ്പിടം നിർമ്മിക്കുന്നതിനുള്ള സ്ഥല പരിമിതി മുഖ്യ പ്രശ്നമാണ്. ചില വാർഡുകളിൽ മണ്ണെടുത്ത് ജലാശയമാക്കിയതും സ്ഥലപരിമിതിക്ക് കാരണമായിട്ടുണ്ട്. വിവിധ ഏജൻസികൾ മുഖേന ഈ പഞ്ചായത്തിൽ നിർമ്മിച്ചു കൊടുത്ത വീടുകളുടെ എണ്ണവും വർഷവും അവസാനം കൊടുക്കുന്നു.

കെട്ടിട നിർമ്മാണ തൊഴിലാളികളുട അപര്യാപ്തത, നിർമ്മാണ സാമഗ്രികളുടെ ക്രമാതീതമായ വില വർദ്ധനവ്, ഇവ ആകെ തന്നെ കെട്ടിട നിർമ്മാണ രംഗത്ത് പ്രതിസന്ധി സൃഷ്ടിക്കുന്നു. പുരാവസ്തു ശില്പ മാതൃകയും ചെലവുകുറഞ്ഞ നിർമ്മാണ രീതികളും ഈ അടുത്ത കാലത്ത് അവലംബിച്ചു വരുന്നതായി കാണാം. എന്നാൽ നിർമ്മാണത്തിനാവശ്യമായ സാധന സാമഗ്രികളിൽ പരിമിതമായ മരവും മണലും ഒഴിച്ച് മറ്റൊന്നും ലഭ്യമല്ല. കൽപ്പണി, മരപ്പണി, കമ്പികളുടെ പണി എന്നീ രംഗങ്ങളിൽ വിദഗ്ധ തൊഴിലാളികളുടെ എണ്ണം പരിമിതമാണ് സ്ത്രീതൊഴിലാളികൾ ഒട്ടും തന്നെയില്ല. ഈ വിഭാഗങ്ങളിൽ തൊഴിലാളികൾക്ക് വേതനമായി 125 രൂപയും സഹായികൾക്ക് 70 രൂപയം കൊടുത്തുവരുന്നുണ്ട് സഹായികളിൽ സ്ത്രീകളാണ് കൂടുതൽ. ഉടമകൾ നേരിട്ടു തന്നെയാണ് വീടുകൾ നിർമ്മിച്ചു വരുന്നത്. കോൺട്രാക്റ്റ് സമ്പ്രദായം പരിമിതമാണ്. കല്ല്,മണ്ണ്, ഇഷ്ടിക, ഓട് എന്നിവ ഉപയോഗിച്ചുള്ള വീടുകളാണ് ഭൂരിഭാഗവും. എന്നാൽ മുൻകാലങ്ങളെ അപേക്ഷിച്ച് നേരിയ തോതിൽ കോൺക്രീറ്റ് ഭവനങ്ങൾ നിർമ്മിച്ചു വരുന്നതായി കാണുന്നു. മര ഉരുപ്പടികളുടെ അപര്യാപ്തത, ക്രമാതീതമായ വില വർദ്ധനവ്, വിദഗ്ധ തൊഴിലാളികളുടെ അഭാവം എന്നിവ മൂലം ഒരു വിധം സാമ്പത്തികശേഷിയുള്ളവർ കോൺക്രീറ്റ് ഭവനങ്ങൾ നിർമ്മിച്ചു വരുന്നു. നിർമ്മിതി കേന്ദ്രങ്ങളുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തി കൊണ്ട് നമ്മുടെ പ്രദേശത്തു ലഭ്യമാകുന്ന അസംസ്കൃത സാധനങ്ങൾ പ്രയോജനപ്പെടുത്തി ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കാം. വയലുകളും, തോടുകളും നികത്തി വീടുകൾ നിർമ്മിക്കുന്നത് നിരുൽസാഹപ്പെടുത്തേണ്ടതാണ്. കെട്ടിട നിർമ്മാണ രംഗത്ത് നമ്മുടെ പഞ്ചായത്തിൽ ഹൗസിങ്ങ് സൊസൈറ്റികൾ നിലവിലില്ല. വളരെ വിസ്തൃതവും ജനസംഖ്യയുള്ളതുമായ ഈ പഞ്ചായത്തിൽ ഹൗസിംഗ് സൊസൈറ്റികൾക്ക് സാധ്യത വളരെയേറെയാണ്.

വസ്തുക്കളുടെ സുരക്ഷിതത്വത്തിനു വേണ്ടിയുള്ള മതിലു നിർമ്മാണം റോഡുകളിൽ വർഷകാലത്ത് വെള്ളം കെട്ടി നിൽക്കുവാനും ഗതാഗത തടസ്സം സൃഷ്ടിക്കുവാനും റോഡുകൾ നാശപ്പെടുവാനും കാരണമാകുന്നു. അതിലുപരി പൊതുസ്ഥലങ്ങൾ കൈയേറി സ്വന്തമാക്കുവാനുള്ള പ്രവണതയും കണ്ടുവരുന്നു. ഇത് കെട്ടിട നിർമ്മാണ ചട്ടങ്ങളെ നിർബന്ധമാക്കി കൊണ്ട് നിർത്തലാക്കേണ്ട പ്രവണതയാണ്.

## പ്രശ്നങ്ങൾ

1. കെട്ടിട നിർമ്മാണ സാധനങ്ങളുടെ കുറവ്, വിലക്കയറ്റം, വിദഗ്ധ തൊഴിലാളികളുടെ അഭാവം.

2. തീരദേശവീടുകളുടെ ബലക്ഷയം ഉപ്പുരസമുള്ള കാറ്റുമൂലം വീടുകളുടെ ഭിത്തി അടർന്നു പോകുന്നു.

3. ഭവന നിർമ്മാണത്തിലുള്ള ദുർവ്യയം, സാങ്കേതിക ഉപദേശമില്ലായ്മ.

4. ഭവന നിർമ്മാണത്തെ സഹായിക്കുന്ന സ്ഥാപനങ്ങളുടെ അഭാവം.

5. കോളനികളിലുള്ള പാർപ്പിടത്തിന്റെ പരിമിതികളും പ്രാഥമിക ആവശ്യത്തിനുള്ള സൗകര്യത്തിന്റെ അഭാവവും.

സാധ്യതകൾ

1. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഹൗസിങ്ങ് സൊസൈറ്റികൾ സ്ഥാപിക്കുക.

2. വിദഗ്ധ തൊഴിലാളികളെ വാർത്തെടുക്കുന്നതിന് നിർമിതി കേന്ദ്രത്തിന്റെ സഹായം ലഭ്യമാക്കുക.

3. കെട്ടിട നിർമ്മാണത്തിനാവശ്യമായ സാധനസാമഗ്രികൾ മൊത്തമായും പഞ്ചായത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലും മേൽനോട്ടത്തിലും ജനപങ്കാളിത്തത്തോടെ സംഭരിച്ച് വിതരണം ചെയ്യുക.

4. ചെലവു കുറഞ്ഞതും നമ്മുടെ ചുറ്റുപാടുകളിൽ നിന്ന് കിട്ടാവുന്നതുമായ സാധന സാമഗ്രികൾ പൂർണ്ണമായി ഉപയോഗിക്കുവാൻ ഉപകരിക്കും വിധം ബോധവത്ക്കരണം നടത്തുക.

5. ഭൂരഹിതർക്കും ഭവന രഹിതർക്കും പ്രത്യേക ഭവന പദ്ധതികൾ നടപ്പിലാക്കുക.

6. ഗുണ ഭോക്താവിൽ നിന്നും നിശ്ചിത തുക വാങ്ങി ബന്ധപ്പെട്ട ഏജൻസികളുടെ സഹായത്തോടെ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഭവന പദ്ധതി നടപ്പാക്കുക.

7. വൃത്തിയുള്ളതും ചെലവു കുറഞ്ഞതുമായ വീടുകൾ.

8. തീരദേശ പാർപ്പിട നിർമ്മാണത്തിന് പ്രത്യേക പരിഗണന നല്കുക.

9. ജനപ്രതിനിധികളും സന്നദ്ധ സംഘടനാ പ്രവർത്തകരും മുൻകയ്യെടുത്ത് സാങ്കേതിക കഴിവും പ്രായോഗിക പരിജ്ഞാനവുമുള്ളവരെ ഉൾപ്പെടുത്തി ഒരു സംഘം രൂപീകരിച്ച്, പാർപ്പിടം നിർമ്മിക്കുന്ന ഉടമയ്ക്ക് വിദഗ്ധ ഉപദേശവും സഹായവും നൽകുക.

## മാരാരിക്കുളം സൗത്ത് ഗ്രാമ പഞ്ചായത്തിലെ ലക്ഷം വീട് കോളനികൾ

| വാർഡ് നമ്പർ | സ്ഥലത്തിന്റെ പേര് | സർവ്വേ നമ്പർ | വീടുകളുടെ എണ്ണം |
|---|---|---|---|
| 1 | വളവനാട് ലക്ഷംവീട് | 24/2 | 8 |
| 3 | പൊള്ളയിൽ പുരയിടം | 87/5 എ | 16 |
| 3 | നമ്പിക്കുളങ്ങര പുരയിടം | 112/8 എ | 7 |
| 4 | അർത്ഥശ്ശേരിൽ പുരയിടം | 120/14, 166/8 | 9 |
| 5 | കുറുക്കൻചിറ പ്ലോട്ട് | 68/22എ | 8 |
| 7 | കാരയ്ക്കാട് പുരയിടം ആശ്രമകേന്ദ്രം | 240/21 | 12 |
| 10 | പഴയക്കാട്ട് വെളിപുരയിടം | 270/2 | 9 |
| 10 | മറ്റത്തിൽ പുരയിടം | 303/JAS | 9 |

## വിവിധ ഏജൻസികൾ മുഖേന ഈ പഞ്ചായത്തിൽ നിർമ്മിച്ചു കൊടുത്ത വീടുകളുടെ പട്ടിക

**ജെ.ആർ.വൈ. പ്രകാരമുള്ള വീടുകളുടെ വിവരം**

| വർഷം | എണ്ണം |
|---|---|
| 89-90 | 10 |
| 92-93 | 5 |
| 93-94 | 5 |

**അൺടൈഡ് ഫണ്ട് പ്രകാരമുള്ള വീടുകളുടെ വിവരങ്ങൾ**

| വർഷം | എണ്ണം |
|---|---|
| 90-91 | 10 |
| 92-93 | 10 |
| 93-94 | 5 |

**മത്സ്യഫെഡിൽ നിന്നും മത്സ്യ തൊഴിലാളികൾക്ക് നിർമ്മിച്ചു കൊടുത്ത വീടുകളുടെ വിവരങ്ങൾ**

| വർഷം | എണ്ണം |
|---|---|
| 90-91 | 31 |
| 94-95 | 20 |
| 95-96 | 49 |
| 96-97 | 11 |

**ബ്ലോക്കിന്റെ കീഴിൽ ദരിദ്ര ജനവിഭാഗങ്ങൾക്കും വീട് നിർമ്മിച്ചു കൊടുത്തതു**

| വർഷം | എണ്ണം |
|---|---|
| 94-95 | 2 |
| 95-96 | 10 |
| 96-97 | 7 |

**മാരാരിക്കുളം സൗത്ത് ഗ്രാമപഞ്ചായത്തിലെ ഭൂരഹിത കർഷകതൊഴിലാളികൾക്ക് 4 സെൻറ് ഭൂമി വിതരണം ചെയ്ത പദ്ധതി പ്രാകാരമുള്ള സ്ഥലവും വീടുകളും.**

| വാർഡു നമ്പർ | സ്ഥലത്തിൻെറ പേര് | സർവ്വേ നമ്പർ | പ്ലോട്ട് | വീടുകളുടെ എണ്ണം |
|---|---|---|---|---|
| 1 | വളവനാട്-ദേവസ്വം വെളി. | 61/4 A | വളവനാട് | 16 |
| 2 | പടിഞ്ഞാറമാക്കി കോളനി | 17/4 | 15 Plots | 15 No. |
| 2 | വാക്കയിൽ കോളനി | 17/a 17/4 | 18 Plots | 18 |
| 10 4 | സെൻറ് ആൻറണീസ്സ് പള്ളിയുടെ കിഴക്കുവശം | 244/1 244/3 | 11 Plots | 11 |
| 6 | പ്രീതികുളങ്ങര | 72/16 17/B18 | 18 Plots | 18 |
| 9 | മത്സ്യതൊഴിലാളി കോളനി | 216/6/9 | 10 Plots | 10 |
| 11 | മറ്റത്തിൽ വെളി | 303/3 A | 13 Plots | 13 |
| 11 | വലിയ കലവൂർ | 257/15<br>257/16 | 26 Plots | 26 |
| 9 | പാലച്ചിറ കോളനി | 238/52<br>238/5--1<br>238/6 | 35 Plots | 35 |
| 10 A | കുളമാക്കി കോളനി<br>(I.H.D.P--കോളനി) | 181/7<br>181/3-2<br>(1.81 സെൻറ്) | 38 Plots<br>38 Plots | 38<br>38 |
| 10ബി | കുളവാക്കി വെളി കോളനി | 181/7<br>181/3-2 | 8 Plots | 8 |
| 2 | ജനതാ മാർക്കറ്റിനു സമീപം | 286/4<br>288/14<br>74സെൻറ് | 16 Plots | 16 |
| | കോർത്തുശ്ശേരി കോളനി | 337/10<br>400-500 സെൻറ് | 7 Plots | |

സർവ്വേ നമ്പർ 299/113, 299/2-1, 336/23-2, 336/24-1 പാതിരപ്പള്ളി വില്ലേജ് കടൽക്ഷോഭം മൂലം സ്ഥലം വീട് നഷ്ടപ്പെട്ടവർക്ക്

# സാമൂഹ്യക്ഷേമം

ജനങ്ങളുടെ തൊഴിൽ വിദ്യാഭ്യാസം പാർപ്പിടം, ആരോഗ്യം എന്നീ മേഖലകളിൽ സാധ്യതകളും പുരോഗതിയും കൈവരിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് സാമൂഹ്യക്ഷേമപരിപാടികൾ കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകൾ നടപ്പിലാക്കുന്നത്. അഞ്ച് വാർഷിക പദ്ധതികളിലൂടെയും വാർഷിക ബഡ്ജറ്റുകളിലൂടെയും ഗണ്യമായ തുക ചെലവഴിച്ചു വരുന്നുണ്ട്. ജനപങ്കാളിത്തത്തോടെയാണ് പല പദ്ധതികളും നടപ്പാകുന്നതെങ്കിലും ഉദ്ദേശ്യലക്ഷ്യം കൈവരിച്ചിട്ടില്ല.

നമ്മുടെ പഞ്ചായത്തിൽ ബഹുഭൂരിപക്ഷവും മത്സ്യ-കയർ-കാർഷിക മേഖലകളിൽ പണിയെടിക്കുന്നവരാണ്. ചെത്തു തൊഴിലാളികളും കെട്ടിടനിർമ്മാണ തൊഴിലാളികളും നമ്മുടെ ഗ്രാമപഞ്ചായത്തിൽ അധിവസിക്കുന്നുണ്ട്. വിവിധ ക്ഷേമനിധികളിൽ ബന്ധപ്പെട്ട് തൊഴിൽ മേഖലകളിലെ തൊഴിലാളികൾക്കു അംഗമാകാമെങ്കിലും കള്ളുചെത്തുമേഖലയിലെ തൊഴിലാളികളാണ് എണ്ണത്തിൻെറ അടിസ്ഥാനത്തിൽ കൂടുതൽ അംഗത്വമുള്ളവരായി കാണുന്നത്. കള്ളുചെത്തു തൊഴിലാളി ക്ഷേമനിധിബോർഡ്, കയർ തൊഴിലാളി ക്ഷേമനിധിബോർഡ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, വികലാംഗ കോർപ്പറേഷൻ, പിന്നോക്കവിഭാഗ കോർപ്പറേഷൻ എന്നിവ വിവിധ ക്ഷേമപ്രവർത്തന സ്ഥാപനങ്ങളിൽ ചിലതാണ്. വിവിധ പെൻഷൻ പദ്ധതികളും, ക്ഷേമപരിപാടികളും, മേൽപ്പറഞ്ഞ സ്ഥാപനങ്ങിലൂടെ നടപ്പാക്കി വരുന്നുണ്ട്. എന്നാൽ നമ്മുടെ പഞ്ചായത്തിൽ നിന്നു വളരെ കുറച്ച് അംഗങ്ങൾ മാത്രമേ ക്ഷേമനിധിയിൽ ഉൾപ്പെട്ടിട്ടുള്ളൂ.

വിവിധക്ഷേമനിധി ബോർഡുകളിലെ അംഗത്വം പെൻഷൻ സംബന്ധിച്ചതുമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

പട്ടിക

| | |
|---|---|
| 1. വിധവ പെൻഷൻ- | 325 |
| 2. കാൻസർ രോഗി പെൻഷൻ | 32 |
| 4. അവശകലാകാരൻമാരുടെ പെൻഷൻ | 14 |
| 5. വാർദ്ധക്യകാല പെൻഷൻ | 122 |
| 6. കയർതൊഴിലാളി പെൻഷൻ | 816 |
| 7. കർഷകതൊഴിലാളി പെൻഷൻ | 305 |
| 8. വികലാംഗപെൻഷൻ | 161 |

ഐ.ആർ.ഡി.പി. സംയോജിത ഗ്രാമവികസന പദ്ധതി പ്രകാരം 240പേർക്ക് 1995-96 കാലയളവിൽ സഹായം ലഭിച്ചിട്ടുണ്ട്. ഇതിൽ 31 പേരെ ദാരിദ്യരേഖയ്ക്ക് മുകളിൽ കൊണ്ടുവന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. ട്രൈസം മുഖേന തൊഴിൽ പരിശീലനം സിദ്ധിച്ചവർ ഈ കാലയളവിൽ (93-96) 34 പേരാണ്. കയർ-ഖാദി-ഡ്രൈവിംഗ് എന്നീ മേഖലകളിലാണ് പരിശീലനം ലഭിച്ചിട്ടുള്ളത്. D.W.C.R.A. പദ്ധതിപ്രകാരം മൊത്തം 74 പേർ ജോലിചെയ്യുന്നു. ഇതിലുൾപ്പെടുന്ന കമ്പി കാർപ്പെറ്റ് നിർമ്മാണം നിലച്ചിരിക്കുന്നു. 91-92ൽ തുടങ്ങിയ കയർ റാട്ട് യൂണിറ്റിൻെറ പ്രവർത്തനവും തൃപ്തികരമല്ല. ബാക്കിയുള്ള 5 യൂണിറ്റുകൾ തൃപ്തികരമായി പ്രവർത്തിക്കുന്നു.

ഐ.ആർ.ഡി.പി.സിസ്റ്റം, ട്രൈസം, DWCRA എന്നിവ സംബന്ധിച്ച പട്ടിക അന്യത്ര

വനിതാവികസന കോർപ്പറേഷൻ നിലവിൽ വന്നിട്ടുണ്ടെങ്കിലും അതുവഴിയുള്ള ആനുകൂല്യങ്ങൾ ഇതേവരെ ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്ത് പ്രദേശത്തുള്ള ദുർബലരായ വനിതകൾക്ക് തിരുവനന്തപുരം കേന്ദ്രീകരിച്ചുള്ള വനിതാവികസന കോർപ്പറേഷനിൽ നിന്നും സഹായം ലഭിക്കുന്നതിന് വളരെയേറെ വിഷമതകൾ നേരിടുന്നുണ്ട്. ജില്ലാഅടിസ്ഥാനത്തിൽ മേഖലാ ഓഫീസുകൾ പ്രവർത്തിപ്പിക്കുവാനുള്ള സൗകര്യം ഉണ്ടാക്കേണ്ടിയിരിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഈ വിഭാഗത്തിന് വേണ്ടവിധം പ്രയോജനം ലഭിക്കുന്നില്ല. അർഹിക്കുന്നവർക്ക് യഥാസമയം സഹായം ലഭ്യമാകാതിരിക്കുകയും ലഭിക്കുന്നവർക്ക് പ്രയോജനപ്പെടുത്താനുള്ള അറിവില്ലായ്മയും ആവശ്യമായ ഉപദേശ-നിർദ്ദേശങ്ങളുടെ അഭാവവും ബാങ്കുകളുടെ നിസ്സഹകരണവും പരാജയകാരണങ്ങളാണ്. യഥാസമയം പദ്ധതി നടപ്പാക്കാത്തതുമൂലം വളരെയധികം തുക ലാപ്സായിപോകുന്നതും പതിവാണ്. ഇത് നല്ല രീതിയിൽ പ്രയോജനപ്പെടുത്തിയാൽ ഈ വിഭാഗത്തിന്റെ ജീവിതനിലവാരം മെച്ചപ്പെടുത്തുവാൻ സാധിക്കും. നമ്മുടെ പഞ്ചായത്തിൽ 17 പോഷകാഹാരവിതരണ കേന്ദ്രങ്ങളുണ്ട്. എന്നാൽ അംഗനവാടികളില്ല. ICDSo

നമ്മുടെ പഞ്ചായത്തിലെ ഒന്നാം വാർഡിൽ റേഷൻകടകളില്ല. ആ പോരായ്മ പരിഹരിക്കണം.

പ്രശ്നങ്ങൾ

1. ദാരിദ്രനിർമ്മാർജ്ജനപദ്ധതിയികൾ വളരെക്കുറച്ച് കുടുംബങ്ങൾക്ക് മാത്രമേ പ്രയോജനപ്പെടുന്നുള്ളു.

2. ഐ.ആർ.ഡി.പി.ലിസ്റ്റിൽ അനർഹകുടുബങ്ങൾ ഉൾപ്പെട്ടിരിക്കുന്നു.

3. ഇടത്തട്ടുകാരുടെ ചൂഷണം.

4. പദ്ധതികളെ സംബന്ധിച്ച അറിവില്ലായ്മ ആനുകൂല്യത്തിന്റെ പരിമിതി.

5. ബാങ്ക് വായ്പ ലഭിക്കുന്നതിനുള്ള കാലതാമസവും അശാസ്ത്രീയമായ നിബന്ധനകളും.

6. ട്രൈസം മുഖേന തൊഴിൽ പരിശീലനം നേടിയവരുടെ അനൈക്യം മൂലം പദ്ധതികൾ പരാജയപ്പെടുന്നു.

7. ജില്ലാ സാമൂഹ്യക്ഷേമവകുപ്പിന്റെ പ്രവർത്തനം തൃപ്തികരമല്ല.

സാധ്യതകൾ

1. കാലതാമസം കൂടാതെ ഐ.ആർ.ഡി.പി. വായ്പ ലഭിക്കും.

2. വിവിധ ക്ഷേമബോർഡുകളുടെ പ്രവർത്തനം പരമാവധി പ്രയോജനപ്പെടുത്തുക.

3. ഐ.ആർ.ഡി.പി. ലിസ്റ്റിലുള്ള അനർഹരെ ഒഴിവാക്കുക.

4. ഗുണഭോക്താക്കളുടെ പട്ടിക ഗ്രാമസഭകളുടെ അംഗീകാരത്തിന് വിധേയമാക്കുക.

5. പഞ്ചായത്തിൽ അംഗനവാടികൾ സ്ഥാപിക്കുക.

6. DWCRA യൂണിറ്റുകൾ വ്യാപകമാക്കുക.

7. ദുർബല വിഭാഗങ്ങൾക്ക് സമഗ്രവും ശാസ്ത്രീയവുമായ ക്ഷേമപരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുക.

8.പൊതുവിതരണ കേന്ദ്രങ്ങളുടെ ക്രമക്കേടുകൾ പരിശോധിക്കുന്നതിനും സ്റ്റാറ്റ്യൂറ്ററി പ്രകാരം ജനകീയ സമിതികൾ രൂപീകരിക്കുക.

9. പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം പഞ്ചായത്ത് വഴിയാക്കുക.

10. വിധവ-വാർദ്ധക്യകാല പെൻഷനുകൾ എന്നിവ പഞ്ചായത്ത് വഴിയാക്കുക.

11.സ്ത്രീതൊഴിലാളികളുടെ കുട്ടികളുടെ സംരക്ഷണത്തിനും ക്രഷുകൾ പഞ്ചായത്തിൽ സ്ഥാപിക്കുക.

12. DWCRAയുടെ നിബന്ധനകൾ കാലാനുസൃതമായി പരിഷ്കരിക്കുക.

## DWCRA

| വാർഡ് | തൊഴിൽ സംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തന ക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| I | കമ്പികാർപെറ്റ് നിർമ്മാണം | 91-92 | 14 | പ്രവർത്തനം ഇല്ല |
| II | കയർറാട്ട് യൂണിറ്റ് | 91-92 | 10 | മന്ദഗതി |
| III | കമ്പികാർപെറ്റ് നിർമ്മാണം | 91-92 | 10 | മന്ദഗതി |
| IV | കാർത്തിക പുല്ല് നെയ്ത്ത് | 91-92 | 10 | നല്ല രീതിയിൽ |
| V | കയർ-കമ്പികാർപെറ്റ് നിർമ്മാണം | 91-93 | 10 | നല്ല രീതിയിൽ |
| VI | മെഷ് മാറ്റ് നിർമ്മാണം | 91-93 | 10 | നല്ല രീതിയിൽ |
| VII | തയ്യൽ യൂണിറ്റ് | 91-93 | 10 | ആരംഭം |

## വ്വ ലിസ്റ്റ് (റിപ്പോർട്ട്)

| വാർഡ് നമ്പർ | സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബം | SC/ST | സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | 93-94 | 94-95 | 95-96 | SC/ST | സഹായത്താൽ ദാരിദ്ര്യരേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|---|---|---|
| I | 339 | 4 | 22 | 8 | 7 | 7 | 4 | 2 | 317 |
| II | 474 | 11 | 17 | 6 | 6 | 5 | 11 | 2 | 457 |
| III | 379 | 4 | 14 | 6 | 5 | 3 | 4 | 3 | 365 |
| IV | 481 | 4 | 14 | 3 | 7 | 4 | 4 | 3 | 467 |
| V | 261 | 5 | 18 | 7 | 6 | 5 | 5 | 3 | 243 |
| VI | 224 | NIL | 17 | 8 | 5 | 4 | NIL | 2 | 207 |
| VII | 305 | NIL | 18 | 6 | 5 | 7 | NIL | 3 | 287 |
| VIII | 473 | NIL | 16 | 7 | 6 | 3 | NIL | 1 | 457 |
| IX | 146 | 9 | 22 | 7 | 7 | 8 | 9 | 4 | 124 |
| X | 230 | 2 | 16 | 6 | 5 | 5 | 2 | 2 | 214 |
| XI | 279 | 2 | 14 | 6 | 5 | 3 | 2 | 1 | 265 |
| XII | 409 | 4 | 13 | 5 | 6 | 2 | 4 | 1 | 396 |
| XII | 507 | 3 | 16 | 6 | 5 | 5 | 3 | 2 | 491 |
| XIV | 430 | 2 | 23 | 9 | 8 | 6 | 2 | 2 | 407 |

## TRYSEM

| വാർഡ് | പരിശീലന വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ നേടിയവരുടെ എണ്ണം | ഇതര തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ | കാലയളവ് |
|---|---|---|---|---|---|
| I | ഖാദി നൂൽ നൂൽപ്പ് | 2 | 2 | 2 | 94-95 |
| II | ഖാദി നൂൽ നൂൽപ്പ് | 2 | 2 | 2 | 94-95 |
| III | ഖാദി നൂൽ നൂൽപ്പ് | 3 | 3 | 3 | 94-95 |
| IV | ഖാദി നൂൽ നൂൽപ്പ് | 2 | 2 | 2 | 94-95 |
| V<br>V | ഖാദി നൂൽ നൂൽപ്പ്<br>ഡ്രൈവിംങ് | 4<br>1 | 4<br>1 | 4<br>1 | 94-95<br>94-95 |
| VI | ഖാദി നൂൽ നൂൽപ്പ് | 2 | 2 | 2 | 95-96 |
| VII | ഖാദി നൂൽ നൂൽപ്പ് | 4 | 4 | 4 | 95-96 |
| X | ഖാദി നൂൽ നൂൽപ്പ് | 2 | 2 | 2 | 95-96 |
| XIII | ഖാദി നൂൽ നൂൽപ്പ് | 1 | 1 | 1 | 95-96 |
| XIV | കയർ മെഷ്മാറ്റ് നിർമ്മാണം | 10 | 10 | 10 | 93-94 |
| XV | ഖാദി നൂൽ നൂൽപ്പ് | 1 | 1 | 1 | 95-96 |



# സംസ്ക്കാരം

ജീവാതത്തിൻെറ സമസ്ഥമേഖലകളിലും വ്യാപിച്ചു കിടക്കയും നിരന്തരമായി സ്വാധീനിക്കുകയും ചെയ്യുന്ന ഒന്നാണ് സംസ്ക്കാരം. സമൂഹത്തിൻെറ സർഗ്ഗാത്മകമായ നിലനിൽപ്പിനും സർവ്വോത്മുഖമായ വികസനത്തിനും ഓരോ പ്രദേശത്തിൻെറയും സംസ്ക്കാരിക പശ്ചാത്തലം നിർണ്ണായകമായ പങ്ക് വഹിക്കുന്നു.

വിദ്യാഭ്യാസ പുരോഗതിയിൽ അസൂയാവഹമായ മുന്നേറ്റത്തിന് വഴിതെളിയിച്ച ക്രിസ്ത്യൻ മിഷണറിമാരുടെ പ്രവർത്തനങ്ങളും ജാതിമതചിന്തകൾക്കും അനാചാരങ്ങൾക്കും എതിരെ ശ്രീനാരായണ ആദർശങ്ങളിലൂടെ ഉയർത്തെഴുന്നേറ്റ സംഘടനാ ബോധവും, അയ്യങ്കാളി, മന്നത്ത് പത്മനാഭൻ തുടങ്ങിയ സാമൂഹിക പരിഷ്ക്കർത്താക്കളുടെ ഉത്ബോധനങ്ങളും സാംസ്കാരിക ഉന്നമനത്തിന് മഹത്തായ സംഭാവനകൾ നൽകിയിട്ടുണ്ട്.

പുരോഗമന ആശയങ്ങളുമായി കടന്നുവന്ന പ്രസ്ഥാനങ്ങൾ ജനങ്ങളിൽ ഉണർത്തിയ സ്വതന്ത്രചിന്തയും നീതിബോധവും സൃഷ്ടിപരമായ പല പ്രവർത്തനങ്ങൾക്കും വഴിമരുന്നിട്ടു. കേരള ചരിത്രത്തിൽ മാരാരിക്കുളത്തിന് അനശ്വരസ്ഥാനം നേടിക്കൊടുത്ത ഇതിഹാസതുല്യമായ പുന്നപ്രവയലാർ സമരം സാമൂഹ്യഘടനയിലും സാമാന്യജനങ്ങളുടെ ബോധമണ്ഡലത്തിലും ഉന്നതമായ സാംസ്കാരിക ചലനങ്ങൾ ഉളവാക്കി. "നിങ്ങൾക്കും നിങ്ങടെ ധരണിക്കും വേണ്ടിയാണീ സമരം" എന്ന ബോധത്തിൽ കയർ-കർഷക-മത്സ്യ-തൊഴിലാളികൾ ലാഭേച്ഛകൂടാതെ ദിവാൻ ഭരണത്തിനും രാജവാഴ്ചക്കും എതിരെ, പ്രായപൂർത്തി വോട്ടവകാശത്തിനുവേണ്ടി നടത്തിയ ഈ സമരത്തിൽ നമ്മുടെ പഞ്ചായത്തിലെ നൂറുകണക്കിന് ആളുകൾ ജാതിമത ചിന്തകൾക്ക് അതീതമായി നേതൃത്വപരമായി പങ്ക് വഹിക്കുകയും ശ്രീ.കാട്ടൂർ ജോസഫ് രക്തസാക്ഷിത്വം വരിക്കുകയും മറ്റ് അനേകം പേർ കൊടിയ മർദ്ദനങ്ങൾക്ക് ഇരയാവുകയും ചെയ്തു. ഈ കാലയളവിൽ തൊഴിലാളികളും മറ്റുള്ളവരും കൂട്ടയ്മയോടെ രാത്രികാലങ്ങളിലാണ് രാഷ്ട്രീയ-സാംസ്കാരിക പ്രവർത്തനങ്ങൾക്ക് സമയം കണ്ടെത്തിയിരുന്നത്.

വ്യത്യസ്ഥങ്ങളായ ജാതിമതസമൂഹങ്ങൾ ഇടകലർന്നു ജീവിക്കുന്ന ഒരു പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. എങ്കിലും മതവിദ്വേഷങ്ങൾ ഉടലെടുക്കുന്നതിനുള്ള സാഹചര്യം ഇന്നേവരെ ഉണ്ടായിട്ടില്ല. മതം മനുഷ്യനൻമയ്ക്ക് എന്ന സന്ദേശം ഉയർത്തി കൊണ്ട് അമ്പലങ്ങളും പള്ളികളും നമ്മുടെ നാടിൻെറ അഭിമാനസ്തംഭങ്ങളായി നിലകൊള്ളുന്നു. കേരളത്തിലെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളിൽ ഒന്നായ പൂങ്കാവ് പള്ളിയിലെ വിശുദ്ധവാരാചരണവും, സ്നേഹദീപകാഴ്ചയും ജാതി മതഭേദമെന്യേ ജനങ്ങളെ ആകർഷിക്കുന്നു. നാനൂറുവർഷത്തോളം പഴക്കമേറിയ കാട്ടൂർ പള്ളിയും നമ്മുടെ പഞ്ചായത്തിൽ ഉൾപ്പെടുന്നു. പാട്ടുകുളം ക്ഷേത്രത്തിലെ ഉത്സവാഘോഷങ്ങൾ എവരുടേയും സവിശേഷശ്രദ്ധ പിടിച്ചുപറ്റുന്നു. ശ്രീ.നാരായണഗുരുവിൻെറ പാദസ്പർശനമേറ്റ് അനുഗ്രഹീതമായ കോർത്തശ്ശേരിദേവീക്ഷേത്രവും, കുരിക്കശ്ശേരിക്ഷേത്രവും, പ്രത്യേക പരാമർശം അർഹിക്കുന്നു. പ്രസിദ്ധമായ പൊള്ളേത്തൈ പള്ളി, ചെറിയകലവൂർ ക്ഷേത്രം, ഹനുമാൻക്ഷേത്രം, മാരങ്കുളങ്ങരക്ഷേത്രം, വളനാട് ക്ഷേത്രം, മഠത്തയിൽ ക്ഷേത്രം, പനയ്ക്കൽ ക്ഷേത്രം, പ്രീതികുളങ്ങരക്ഷേത്രം, കോലാഞ്ഞിക്ഷേത്രം, തൈയ്യിൽ ക്ഷേത്രം, തെക്കൻ ഗുരുവായൂർ എന്നറിയപ്പെടുന്ന വലിയകലവൂർ ക്ഷേത്രത്തിൻെറ കുറെ ഭാഗങ്ങൾ, ഓമനപ്പുഴപ്പള്ളി, ചെറിയപൊഴി ക്രിസ്തുരാജദേവാലയം, കാരയ്ക്കൽ ക്ഷേത്രം, പാതിരപ്പള്ളി സെൻറ് ആൻറണീസ് ചാപ്പൽ തുടങ്ങിയ ആരാധനാലയങ്ങളും നമ്മുടെ ഗ്രാമത്തിൽ ഉൾപ്പെടുന്നു.

നമ്മുടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലനിൽക്കുന്ന പാരമ്പര്യത്തിന്റെ പ്രതീകങ്ങളായ സർപ്പക്കാവുകളിൽ അനുഷ്ഠിക്കുന്ന നാഗാരാധനയും അതിനോട് അനുബന്ധിച്ചുള്ള പുള്ളുവൻപാട്ടും കളമെഴുത്തും പ്രത്യേക പരാമർശ വിഷയമാണ്. കാട്ടുങ്കൽ കാവ്, ആറാവലിക്കാവ്, തുടങ്ങിയവ ഈ കൂട്ടത്തിൽപ്പെടുന്നു. അറുകുലപ്പുന്ന എന്ന് അറിയപ്പെടുന്ന ശ്രീനാരായണ നാമധേയത്തിലുള്ള ഭജനമഠം സർവ്വോദയപുരത്ത് സ്ഥിതിചെയ്യുന്നു. ക്ഷേത്രങ്ങളിലും വയലേലകളിലും നടന്നു വരുന്ന ആദിത്യപൂജയും കർക്കിടകവാവുബലി, പടയണി,വേലതുള്ളൽ, ചൂട്ടുപ ടയണി,തുടങ്ങിയ ഹൈന്ദവാചാര അനുഷ്ഠാനങ്ങളും, ദേവസ്തംവിളി,അമ്മനൈവായന, ആത്മാക്കളുടെ ദിവസാചരണം, തുടങ്ങിയ ക്രൈസ്തവാചാരങ്ങൾ ഇന്നും തനിമയോടെ നിലനിന്നു പോരുന്നു. മുസ്ലീം സമുദായങ്ങൾ അവരുടെ വിശ്വാസത്തിൽ അധിഷ്ഠിതമായ ആചാരക്രമങ്ങൾ പാലിച്ചുവരുന്നു.

തിരുവോണനാളിൽ കേരളത്തിന്റെ മറ്റു മേഖലയിലെന്ന പോലെ പുത്തൻ വസ്ത്രവുമണിഞ്ഞ് മാവേലി മന്നനെ വരവേൽക്കുവാൻ നമ്മുടെ ഗ്രാമവും മറ്റെല്ലാ ചിന്താഗതികളും വെടിഞ്ഞ് ഒരേ മനസ്സോടെ അണിനിരക്കുന്ന കാഴ്ചകാണാം. തിരുവാതിരക്കളിയും, ഊഞ്ഞാലാട്ടവും, കൈകൊട്ടിക്കളിയും, തുമ്പിതുള്ളലും ഈ കാലയളവിൽ സർവ്വസാധാരണമാണ്. പുതുമഞ്ഞ് പെയ്യുന്ന ഡിസംബറിൽ നക്ഷത്ര പ്രഭാപൂരിതമായ ക്രിസ്തുമസ്സ് രാത്രികളിലെ കരോൾ സംഘങ്ങളിൽ പ്രായഭേദമെന്യേ ഏവരും പങ്കുകൊള്ളുന്നു. കണിക്കൊന്നയും, കണിവെള്ളരിയും വിഷുകൈനീട്ടവും നിഷ്കളങ്കമായ നമ്മുടെ ഗ്രാമവിശുദ്ധിയുടെ നിദർശനമാണ്.

കലാസാംസ്കാരിക സമ്പന്നമായ കേരള ചരിത്രത്തിൽ മാരാരിക്കുളം തെക്കു ഗ്രാമപഞ്ചായത്തിന് അഭിമാനകരമായ സംഭാവനകൾ നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. ഒരു കാലത്ത് മലയാളസിനിമയിലെ ഹോളിവുഡ് എന്നറിയപ്പെട്ടിരുന്ന ഉദയാസ്റ്റുഡിയോ കലാരംഗത്ത് നിരവധി അനശ്വരപ്രതിഭകളെ സംഭാവന ചെയ്തിട്ടുള്ള നമ്മുടെ പഞ്ചായത്തിന്റെ അഭിമാനസ്തംഭമാണ്.ശാരംഗപാണി അടക്കമുള്ള നിരവധി പ്രഗത്ഭൻമാരെ ഉദയാസ്റ്റുഡിയോയിലൂടെ നമ്മുടെ പഞ്ചായത്ത് കലാകേരളത്തിന് സമർപ്പിച്ചിട്ടുണ്ട്

മലയാള നാടക പ്രസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ ധന്യമായ സംഭാവനകൾ നൽകിയിട്ടുള്ള വി.കെ.ശിവപ്രസാദ്,അഭയൻ കലവൂർ, കലവൂർ ബാലൻ, പി.ജി.രാജ്, കലവൂർ വിശ്വൻ മുതൽ പേരും ചവിട്ടുനാടക പ്രസ്ഥാനത്തിന്റെ പ്രണേതാവായ റാഫേൽ ആശാൻ പ്രാചീന നാടക സംഘടനത്തിനുവേണ്ടി മുൻകൈ എടുത്ത ജോസിഫോക്‌ലോർ - കാക്കാരശ്ശി നാടകത്തിന്റെ ഉപാസകനായ അന്തരിച്ച ശ്രീ.അജയൻ പാതിരപ്പള്ളി, ചൊൽക്കാഴ്ചയിലൂടെ ശ്രദ്ധേയനായ സി.എഫ്.ജോസഫ്, കാക്കാരശ്ശി നാടകത്തിലൂടെ പ്രശസ്തനായ കാക്കിചെട്ടൻ സോപാനസംഗീതത്തിലൂടെ പ്രശസ്തനായ കലവൂർ കൃഷ്ണക്കുറുപ്പ് , സംഗീതജ്ഞയായ കുഞ്ഞമ്മ പീറ്റർ, വിൽപ്പാട്ട്,കഥകളി ഇവയുടെ പ്രചരണത്തിന് അനവരതം യത്നിച്ച മുൻ പഞ്ചായത്ത് അംഗം കൂടിയായ കെ.കെ.കേശവൻ, കഥാപ്രസംഗ രംഗത്ത് സംഭാവനകൾ നൽകിയ ശ്രീ.പി.എസ്.വെട്ടിയാർ, വിൽപ്പാട്ട് രംഗത്ത് നിറഞ്ഞു നിന്ന ടി.വി.അപ്പുക്കുട്ടൻ, ചെണ്ടമേളസംഘങ്ങളായ കൊച്ചാപറമ്പ് കോർത്തുശ്ശേരി ബ്രദേഴ്സ്, ഗണേശൻ സംഘം, ഗരുഡൻ തൂക്കത്തിൽ പ്രശസ്തരായ ശ്രീ.അജയൻ കടപ്പുറത്ത്, ശ്രീ.പൊന്നൻ, പരിചമുട്ട് ആശാനായിരുന്ന ലിക്കാർത്തോസും നമ്മുടെ ദൃശ്യ-ശ്രാവ്യ സംസ്കാരത്തിന് അനർഹമായ സംഭാവനകൾ നൽകിയിട്ടുള്ളവരാണ്.

ആർട്ടിസ്റ്റ് കെ.പളനിയുടെ നേതൃത്വത്തിലുള്ള കേരള ഫൈനാർട്ട്സ് എന്ന ചിത്രകലാ വിദ്യാലയം പഞ്ചായത്തിന് മുതൽക്കൂട്ടാണ്. നാടക-സംഗീതരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച അന്തരിച്ച അഗസ്റ്റിൻ ഭാഗവതരും, സംഗീതജ്ഞനായി ജ്വലിച്ച് നിന്നിരുന്ന രമേശൻ ഭാഗവതരും നൽകിയിട്ടുള്ള സംഭാവനകൾ സ്മരണീയമാണ്. 200ൽ പരം വേദികളിൽ നൃത്ത-നടന കലാരംഗത്ത് ശോഭിച്ചിരുന്ന നിലവിൽ പഞ്ചായത്ത് അംഗം കൂടിയായ ശ്രീമതി.വിക്ടോറിയ കാക്കി, അഗസ്റ്റിൻ ഭാഗവതരുടെ ശിഷ്യകൂടിയാണ്.

നിത്യജീവിതത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞ വാർത്താവിതരണ ശൃംഖലയിലെ ആകാശവാണി പ്രക്ഷേപണനിലയം നമ്മുടെ പഞ്ചായത്തിലാണ്. 1937ൽ പാതിരപ്പള്ളിയിൽ ആരംഭിച്ച എസ്.എൻ.ഡി.പി., വൈ.എം.എ ഗ്രന്ഥശാലയാണ് പഞ്ചായത്തിലെ തുടക്ക ഗ്രന്ഥാലയം. 1946ൽ സ്ഥാപിതമായ കലവൂർ വൈ,എം,എ, 1959ലെ ദേശസേവിനി 1996ലെ ഔവ്വർ ലൈബ്രറി, 1976ലെ കോർത്തുശ്ശേരി എസ്.എൻ.ലൈബ്രറി എന്നിവ ഗ്രന്ഥശാലാസംഘത്തിന്റെ നേതൃത്വത്തിൽ നിലനിൽക്കുന്നു. ലൈബ്രറി കേന്ദ്രമാക്കി ദർശന ആർട്സ് ക്ലബ് എന്ന പേരിൽ ഒരു സംഘം ചെറുപ്പക്കാർ രൂപം നൽകിയ കലാസംഘടന പിൽക്കാലത്ത് റെഡ്മെൻ സൊസൈറ്റി എന്ന പേരിൽ അറിയപ്പെട്ടു. കാലികപ്രാധാന്യമുള്ള വിഷയത്തെ ആസ്പദമാക്കി സംഘടിപ്പിച്ചിരുന്ന ഇവരുടെ നാടകങ്ങൾ പ്രത്യേകം ശ്രദ്ധ ആകർഷിച്ചു. മുൻ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.കെ.ആർ.ധർമ്മാനന്ദൻ, ദേവകുമാർ ചെമ്പകശ്ശേരി, ശ്രീ.പി എസ്.വെട്ടിയാർ, കെ.ആർ.ശ്രീധരൻ എന്നിവർ പ്രമുഖരായ അഭിനേതാക്കൾ ആയിരുന്നു. മഹത്മ്യൂസിക് എന്ന പേരിൽ പാതിരപ്പള്ളിയിൽ പ്രവർത്തിച്ചിരുന്ന കലാസംഘടനയ്ക്ക് ഏകദേശം 50 വർഷത്തോളം പഴക്കമുണ്ട്. അമച്വർ നാടകരംഗത്ത് സവിശേഷശ്രദ്ധ പിടിച്ചുപറ്റിയ നാടകസംഘങ്ങളാണ് അരുണിമ നാടകസംഘം കാട്ടൂർ, കലാനികേതൻ പൂങ്കാവ്, എന്നിവ. സെവൻ ആർട്സ് ഓമനപ്പുഴ, അശ്വതി കാട്ടൂർ, സോണിമ പൊള്ളേത്തൈ, വിജയ ചെട്ടിക്കാട് സമുദ്രആർട്ട്സ് പൊള്ളേത്തൈഎന്നിവയും അമച്വർ തലത്തിൽ നിലനിൽക്കുന്നു. ധന്വന്തരി കലാനിലയത്തിലെ കമലാക്ഷി, ശ്രീമതിമാർപി.കെ.തങ്കമ്മ, സരസമ്മ, ശാന്തമ്മ സഹോദരിമാർ എന്നിവരും കലാരംഗത്ത് ശോഭിച്ചിട്ടുള്ളവരാണ്.

കായികരംഗത്ത് വൻമുന്നേറ്റം കാഴ്ചവയ്ക്കുവാൻ നമ്മുടെ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. അന്തർദേശീയ ഭാരോദ്വഹന മത്സരത്തിൽ ഇന്ത്യയെ പ്രതിനിധീകരിച്ചിട്ടുള്ള അർജ്ജുന അവാർഡ് ജേതാവായ വി.എൻ രാജു,ബാറ്റ്മിൻറണിൽ ദേശീയ തലത്തിൽ ജൂനിയർ ചാമ്പ്യൻ പട്ടം നേടിയ സനോവ് തോമസ്സ്, ലോംഗ്ജംപ് 200 മീറ്റർ, 4x100മീറ്റർ ഓട്ടത്തിൽ ദേശീയ ജേതാവ് ജെ.റ്റി.സി.ജോസഫ്, ട്രിപ്പിൾ ജംപിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് ഏഷ്യാഡിൽ പങ്കെടുക്കുവാൻ അർഹതനേടിയ സബിതാതോമസ്സ് എന്നിവർ നമ്മുടെ കായികസംസ്കാരത്തിന്റെ പുത്തൻ പ്രതീക്ഷകളാണ്. പൊള്ളേത്തൈ ദേശസേവിനിയുടെ വനിതാ വോളിബോൾടീമിലെ അംഗങ്ങളായ ഇൻറർ യൂണിവേഴ്സിറ്റി മീറ്റിന് ആലപ്പുഴയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട എൽ.

സുമയും ഇൻറർ സ്കൂൾ വേളിബോൾ മീറ്റിന് തെരഞ്ഞെടുക്കപ്പെട്ട ആർ ദീപയും നമ്മുടെ കായിക രംഗത്തെ വാഗ്ദാനങ്ങളാണ്.

അമ്പലപ്പുഴ താലൂക്കിൽ ആദ്യമായി സർവ്വകലാശാല ബിരുദം നേടിയ കെ.കെ.മാധവനും, ആതുരസേവനരംഗത്ത് നിസ്വാർത്ഥമായ സേവനത്തിന് ഇൻറർനാഷണൽ ഫ്രണ്ട്ഷിപ്പ് സൊസൈറ്റിയുടെ വിജയശ്രീ അവാർഡ് നേടിയ ഡോ.ആൻറണിതെക്കേപാലയ്ക്കലും രാഷ്ട്രപതിയിൽ നിന്ന് പരമോന്നത സൈനിക ബഹുമതികളിലൊന്നായ വീരചക്രം ഏറ്റുവാങ്ങിയ പി.എം.ഗ്രിഗറിയും മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്തിലെ പൗരൻമാരാണ്.

തീരദേശറെയിൽവേ എന്ന ആശയത്തിന് ഏറെ പഴക്കമുളളതാണ്-ലേബർ അസോസിയേഷൻ എന്നീ പേരിൽ രൂപംകൊളളുകയും പിൽക്കാലത്ത് തിരുവിതാംകൂർ കയർ ഫാക്ടറി വർക്കേഴ്സ്യൂണിൻ എന്നറിയപ്പെടുരുന്നതുമായ സംഘടന അതിൻെറ വാർഷിക റിപ്പോർട്ടിൽ ഉന്നയിച്ച 27-അടിയന്തിര ആവശ്യങ്ങളിൽ ഒന്നായിരുന്നുഇത്. എന്നാൽ ഈവിഷയത്തിൽ ശ്രീ.കെ.എൽ ഓമനപ്പിളള നടത്തിയിട്ടുളള പ്രവർത്തനങ്ങൾമൂലം കൂടുതൽ ജനശ്രദ്ധ ഈ വിഷയത്തിൽ കേന്ദ്രീകരിപ്പിക്കുന്നതിന് ഇടയാക്കുകയും ചെയ്തു. തൻമൂലം 'തീവണ്ടിപ്പിള്ള' എന്നപേരിലും പിൽക്കാലത്ത് ഇദ്ദേഹം അറിയപ്പെട്ടു. ഇദ്ദേഹം അടങ്ങുന്ന കൂരിശിങ്കൽ കുടുംബമാണ് മാരാരികുളം തെക്ക് പഞ്ചായത്തിലെയും സമീപ പ്രദേശ ങ്ങളിലേയും പലപൊതുസ്ഥാപനങ്ങൾക്കും സ്ഥലം ദാനം ചെയ്തിരിക്കുന്നത്.

ഗ്രാമത്തിൻെറ ചൈതന്യം നഷ്ടപ്പെട്ടിട്ടില്ലാത്ത ഒരു ഭൂപ്രദേശമാണ് നമ്മുടെ പഞ്ചായത്ത് എങ്കിലും നഗരവത്കരണത്തിൻെറ വളരെ വേഗത്തിലുള്ള സന്നിവേശം പ്രകടമാണ്. ഉപഭോഗസംസ്കാരത്തിൻെറ പ്രതിഫലനം പഞ്ചായത്തിലെ ഭൂരിഭാഗം വീടുകളിലും ദൃശ്യമാണ്. വാർത്താ-വിനിമയ രംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന വികസനവും ശാസ്ത്രപുരോഗതിയും പഞ്ചായത്തിലെ 50 ശതമാനത്തിൽ അധികം വരുന്ന വീടുകളുടെ സ്വീകരണമുറി മുതൽ അടുക്കളവരെ പ്രകടമാണ്. 85% ത്തിൽ അധികം വരുന്ന വീടുകളിൽ റേഡിയോയും, 40% ത്തോളം വീടുകളിൽ ടെലിവിഷനും ഉണ്ട്. ഇറക്കുമതി ചെയ്യപ്പെട്ടവയും അല്ലാത്തവയുമായ ഇരുചക്രവാഹനങ്ങളുടെ ബാഹുല്യം നാഗരികമായ ഒരു യാത്രാസംസ്കാരം തന്നെ നമ്മുടെ പഞ്ചായത്തിൽ സൃഷ്ടിക്കുന്നുണ്ട്. സാംസ്കാരിക പശ്ചാത്തലം ചിത്രീകരിക്കുമ്പോൾ തന്നെ നമ്മുടെ നാട്ടിൽ അന്യംനിന്നുപോവുന്ന പാരമ്പര്യചികിത്സാശാഖയെ പരാമർശിക്കാതിരിക്കുവാൻ സാധിക്കുകയില്ല. നമ്മുടെ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന 'കോലാഞ്ഞിൽ', 'കുറ്റിക്കൽ' കുടുംബങ്ങൾ പ്രസിദ്ധങ്ങളായ വിഷചികിത്സാകേന്ദ്രങ്ങളാണ്. മഠത്തയിൽ ക്ഷേത്രത്തിനു സമീപം താമസിക്കുന്ന വെളിയിൽ ശൂലപാണി അറിയപ്പെടുന്ന ഒരു ഭിഷഗ്വരൻ ആണ്. ഇത്തരത്തിലുള്ള പാരമ്പര്യചികിത്സയുടെ പ്രാധാന്യം പിൻതലമുറക്ക് കൈമാറ്റപ്പെടുന്നില്ല. അതുകൊണ്ട്തന്നെ ഇവർക്ക് വേണ്ടത്ര അംഗീകാരവും ലഭിക്കുന്നില്ല.

നാട്ടിൻപുറങ്ങളിൽ തൊഴിലാളികൾ സംഘാടകരായ മരണാനന്തര സഹായ സംഘടനകളുടെ നിശബ്ദമായ സേവനം ശ്രദ്ധേയമാണ്.

പാതിരപ്പളളി കേന്ദ്രമാക്കി നവശ്രുതി എന്ന പേരിൽ ഒരു ഗ്രാമീണപത്രം ഏതാനും നാൾ നമ്മുടെ പഞ്ചായത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. മൂന്ന് സിനിമാശാലകൾ പഞ്ചായ ത്തി നുള്ളിൽ പ്രവർത്തിക്കുന്നു. എന്നാൽ ഇവയുടെ പ്രവർത്തനം തൃപ്തികരമെന്ന് അഭിപ്രായപ്പെടാനാവില്ല. ടാക്സിൻെറ കാര്യത്തിൽ സിനിമാശാലകൾക്ക് സ്ലാബ് സമ്പ്രദായം ഏർപ്പെടുത്തുന്നത് നന്നായിരിക്കും .കേബിൾ ടി.വി നാട്ടിൽ സർവ്വസാധാ രണയായെങ്കിലും സഭ്യതയുടെ അതിർ വരമ്പുകൾ ലംഘിച്ചുകൊണ്ടുള്ള ഇവയുടെ സിനിമാ പ്രദർശനം നിയന്ത്രിക്കപ്പെടേണ്ടതാണ്.

### സാക്ഷരതാപ്രവർത്തനം

സമ്പൂർണസാക്ഷരതാ പ്രവർത്തനങ്ങളിലും നമ്മുടെ പഞ്ചായത്ത് മുൻപന്തിയിൽ തന്നെ ആയിരുന്നു. പ്രഥമസർവ്വെയിൽ 6124 നിരക്ഷരരെ കണ്ടെത്തുകയുണ്ടായി. പല കാരണങ്ങളാൽ നിരക്ഷരരായിതീർന്നു എന്ന കാരണത്താൽ തന്നെ സമൂഹത്തിൻെറ മുഖ്യധാരയിൽ ഉൾപ്പെടുത്തുവാൻ കഴിയാതിരുന്ന ഈ ഹതഭാഗ്യരെ സാക്ഷരരാക്കുക എന്ന ധാർമ്മിക ചുമതല ഏറ്റെടുക്കാൻ പഞ്ചായത്ത് തയ്യാറായി. തികച്ചും സ്തുത്യർഹമായ പ്രവർത്തനം തന്നെ ആയിരുന്നു ഇതു്.

### പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രധാന ആർട്ടസ് ആൻറ് സ്പോർട്ടസ് ക്ലബുകൾ

1. തമസോമ വായനശാല, വളവനാട്
2. സ്വയംപ്രഭ ആർട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്
3. ശ്രീചിത്രാ യൂത്ത് ക്ലബ്
4. ദേശസേവിനി ഗ്രന്ഥശാല പൊള്ളെത്തൈ.
5. യുവശക്തി റീഡിംഗ് റൂം
6. യുവധാരാ റീഡിംഗ് റൂം
7. ഫെയർ പൊള്ളെത്തൈ
8. ശോണിമ
9. അക്ഷര
10. എസ്.എൻ.ലൈബ്രറി കോർത്തുശ്ശേരി
11. സംസ്കാര ലൈബ്രറി ആൻറ് റീഡിംഗ് റൂം
12. വൈ.എം.എ.വായനശാല ആൻറ് ഗ്രന്ഥശാല
13. സംസ്കാര പ്രീതികുളങ്ങര
14. ബ്രദേഴ്സ് ആർട്സ് ആൻറ് സ്പോർട്സ്
15. യുവജ്യോതി റീഡിംഗ് റൂം
16. എ.വൺ വായനശാല
17. സത്യപ്രകാശധാര വായനശാല
18. ഗ്രാമീണ വായന
19. ജനനി, സർവ്വോദയപുരം
20. കാറ്റാടി വായനശാല ആൻറ് ഗ്രന്ഥശാല
21. സൂര്യ ആർട്സ് ആൻറ് സ്പോർട്സ്, ഓമനപ്പുഴ
22. അരുണിമ നാടകസംഘം, കാട്ടൂർ
23. അന്നപൂർണ്ണ വായനശാല
24. എസ്.എൻ.വായനശാല
25. ടാഗോർ ആർട്സ് ആൻറ് സ്പോർട്സ കലവൂർ
26. എസ്.എൻ.ആർട്സ് ആൻറ് സ്പോർടസ് കലവൂർ
27. N.ബ്രദേഴ്സ് കലവൂർ

28. എവർഷൈൻആർട്സ് ആൻറ് സ്പോർടസ് കലവൂർ
29. അപ്സര ആർട്സ് ആൻറ് സ്പോർട്സ്
30. നവശ്രുതി പാതിരപ്പള്ളി
31. ഉദയാവായനശാല ആൻറ് ലൈബ്രറി
32. നേതാജി ആർടസ് ആൻറ് സ്പോർട്സ്
33. സർഗവീണ ആർട്സ് ആൻറ് സ്പോർട്സ്
34. S.N.D.P.Y.M.A. വായനശാല ആൻറ് ഗ്രന്ഥശാല
35. ഔവ്വർ ലൈബ്രറി, ചെട്ടിക്കാട്
36. വൈ,ബി,സി.ചെട്ടിക്കട്
37. സൗഗന്ധിക വായനശാല
38. SYNKS ചെട്ടിക്കാടു്
39. അമലോൽഭവമാതാ, ഓമനപ്പുഴ
40. രശ്മി വായനശാല ആൻറ് ഗ്രന്ഥശാല
41. വൈ,എം,സി.പൂങ്കാവ്
42. കലാനികേതൻ പാങ്കാവ്
43. നവസൂര്യ
44. മഞ്ഞില റിക്രിയേഷൻ
45. കോറസ് നാട്യവേദി
46. അഞ്ജലി വായനശാല കലവൂർ
47. ചൈതന്യ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് ഓമനപ്പുഴ
48. യുവഭാരതം ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് പാതിരപ്പള്ളി
49. യുവശക്തി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് പൂങ്കാവ്.
50. ബ്ളൂസ്റ്റാർ
51. രശ്മി ആർട്സ് ആൻറ് സ്പോർടസ് ക്ലബ്ബ് പൂങ്കാവ്
52. മൈക്കിൾ ആർട്സ് ആൻറ് സ്പോർടസ് കാട്ടൂർ

സാദ്ധ്യതകൾ

1. സുസ്ഥിരമായി പ്രവർത്തിക്കുന്ന കലാ-സാംസ്കാരിക സംഘടനകളെ പഞ്ചായത്ത് തലത്തിൽ ഏകോപിപ്പിക്കുകയും അവയ്ക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തുകയും ചെയ്യുക. അവയെ A,B,C,D എന്ന ഗ്രേഡ് തിരിച്ച് വികസന പ്രവർത്തനങ്ങൾക്ക് ഗ്രാൻറ് നൽകുക. ഏറ്റവും നല്ല പ്രവർത്തനം കാഴ്ച വയ്ക്കുന്ന സംഘടനയ്ക്ക് വർഷം തോറും അവാർഡ് ഏർപ്പെടുത്തുക.

2. പഞ്ചായത്തിൻെറ സന്ദേശങ്ങൾ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്നതിന് പഞ്ചായത്ത് നേതൃത്വത്തിൽ തന്നെ കലാ പ്രചാരണ സംഘം രൂപീകരിക്കുക.

3 മലയാള ഭാഷയെ പരിപോഷിപ്പിക്കുന്നതിനു വേണ്ടി സാംസ്കാരിക സംഘടനകളുമായി ബന്ധപ്പെടുത്തിയോ സ്വതന്ത്രമായോ മലയാളം നഴ്സറികൾ സ്ഥാപിക്കുക.

4. ജനവിദ്യാകേന്ദ്രങ്ങൾ പഞ്ചായത്തിൻെറ ഇൻഫോർമേഷൻ കേന്ദ്രങ്ങളാക്കി മാറ്റുക.

5. എയ്ഡ്സ്, മദ്യം, മയക്കുമരുന്ന് ഈ വിപത്തുകൾക്കെതിരെ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുക.

6. കായികരംഗത്ത് സംസ്ഥാനതലത്തിൽ ശ്രദ്ധിക്കപ്പെടുന്ന പ്രതിഭകൾ ജീവിത പ്രാരാബ്ധം നിമിത്തം അവരുടെ മേഖലകളിൽ നിന്ന് പിൻവാങ്ങേണ്ടി വരുന്നു. ഇതൊഴിവാക്കുവാൻ അവർക്ക് ഉചിതമായ പരിശീലനവും മൽസരങ്ങളിൽ പങ്കെടുക്കുവാനുള്ള അവസരങ്ങളും സൃഷ്ടിക്കുക.

7. പഞ്ചായത്തിലെ ജനകീയ ആസൂത്രണ പ്രവർത്തനങ്ങൾ നടപ്പാക്കപ്പെടുന്നതിൻെറ വികസന ഘട്ടങ്ങൾ ജനങ്ങൾക്കിടയിൽ എത്തിക്കുന്നതിനും കർമ്മസമിതികളുടെ മാതൃകാ പ്രവർത്തനങ്ങൾ അറിയിക്കുന്നതിനും പഞ്ചായത്തിൻെറ നേതൃത്വത്തിൽ ഒരു പ്രതിനമാസ വാർത്താ പത്രിക അച്ചടിച്ച് വിതരണം ചെയ്യുക.

8. ഗ്രാമീണജനതയുടെ പ്രത്യേകിച്ച് വനിതകളുടെ വായനാശീലം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ഗ്രാമീണപുസ്തക വിതരണ പദ്ധതികൾ നടപ്പിലാക്കുക.

9. സംഗീതം, ചിത്രകല, കായികപഠനം ഇവ സ്കൂളുകളിലെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇത് കുട്ടികളിൽ ഫലപ്രദമായി എത്തിചേരുന്നില്ല. സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനവും തൃപ്തികരമല്ല. പാഠ്യേതര വിഷയങ്ങൾ പഠിക്കുന്നതിനും പ്രകടിപ്പിക്കുന്നതിനും ഉള്ള അവസരങ്ങളും പല സ്കൂളുകളിലും ഇല്ല. ഇവയ്ക്കം ഉചിതമായ പരിഹാരമുണ്ടാക്കുവാൻ സമിതികൾ രൂപീകരിക്കുക.

10. കുട്ടികളുടെ വിനോദ-വിജ്ഞാനത്തിന് ഉതകുമാറ് ഒരു ചിൽഡ്രൻസ് പാർക്ക് പഞ്ചായത്തിൽ നിർമ്മിക്കുക. പഞ്ചായത്തിൽ കലവൂർ കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന കുട്ടികളുടെ പാർക്കിൻെറ സ്വകാര്യ വ്യക്തികൾ കൈയ്യേറിയ സ്ഥലം ഒഴിപ്പിച്ചെടുത്ത് പാർക്ക് സ്ഥാപിക്കണം.

11. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന നാടൻ കലാരൂപങ്ങൾ, നാടൻപാട്ടുകളും പഴംചൊല്ലുകൾ മുതലായവയെ പുനരാവിഷ്കരിക്കുന്നതിനും ശേഖരിച്ചു സൂക്ഷിക്കുന്നതിനും സമിതികൾ രൂപീകരിക്കുക.

12. ഫിലിം സൊസൈറ്റികളുടെ അഭാവം നിമിത്തം കച്ചവട പ്രാധാന്യമില്ലാത്ത സിനിമകൾ തീയറ്ററുടമകൾ പ്രദർശിപ്പിക്കാറില്ല. ഈ സാഹചര്യത്തിൽ പബ്ലിക്റിലേഷൻസ് വകുപ്പുമായി ബന്ധപ്പെട്ട് പഞ്ചായത്തിൻെറ നേതൃത്വത്തിൽ വർഷം തോറും ഫിലിം മേളകൾ സംഘടിപ്പിക്കുക

13. ഔവ്വർ ലൈബ്രറിയേയും ദേശസേവിനിയേയും റഫറൻസ് ഗ്രന്ഥശാലകളാക്കി ഉയർത്തുന്നതിനുവേണ്ടിയുള്ള സഹായങ്ങൾ നൽകുക.

14. പഞ്ചായത്തിലെ അവശകലാകാരൻമാരെ കണ്ടെത്തുകയും അവർക്ക് സഹായകരമായ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും ചെയ്യുക.

15. നിലവിൽ പഞ്ചായത്തു കോളനികളിൽ ഉള്ള താമസം ഇല്ലാതെ കിടക്കുന്ന സ്ഥല വായനശാലകൾ തുടങ്ങുന്നതിനായി കുറഞ്ഞ ചിലവിൽ ഒറ്റമുറിയുള്ള കെട്ടിടങ്ങൾ പണിയണം.

പട്ടിക - 1

വാർഡടിസ്ഥാനത്തിൽ - പ്രായപരിധിതിരിച്ചുള്ള ജനസംഖ്യ

| വയസ്സ് | 5 | | 6-12 | | 13-18 | | 19-40 | | 41-60 | | 60നുമേൽ | |
|---|---|---|---|---|---|---|---|---|---|---|---|---|
| വാർഡ് | സ്ത്രീ | പുരു | സ്ത്രീ | പുരു | സ്ത്രീ | പുരു | സ്ത്രീ | പുരു | സ്ത്രീ | പുരു | സ്ത്രീ | പുരു |
| 1 | 63 | 70 | 68 | 138 | 114 | 109 | 390 | 439 | 251 | 298 | 134 | 109 |
| 2. | 43 | 36 | 73 | 69 | 84 | 77 | 315 | 297 | 145 | 135 | 88 | 73 |
| 3. | 96 | 41 | 182 | 51 | 185 | 67 | 634 | 311 | 277 | 198 | 104 | 92 |
| 4. | 305 | 186 | 318 | 455 | 655 | 344 | 505 | 628 | 613 | 547 | 501 | 457 |
| 5. | 80 | 75 | 154 | 169 | 166 | 184 | 663 | 576 | 202 | 334 | 159 | 124 |
| 6. | 91 | 82 | 156 | 154 | 146 | 114 | 619 | 542 | 283 | 296 | 169 | 130 |
| 7. | 104 | 96 | 143 | 151 | 159 | 162 | 419 | 412 | 218 | 221 | 96 | 91 |
| 8. | 98 | 71 | 106 | 106 | 141 | 123 | 483 | 447 | 204 | 232 | 128 | 109 |
| 9. | 94 | 111 | 128 | 166 | 174 | 166 | 648 | 650 | 263 | 329 | 107 | 81 |
| 10. | 62 | 49 | 99 | 116 | 77 | 95 | 465 | 430 | 155 | 176 | 185 | 79 |
| 11. | 81 | 98 | 116 | 145 | 135 | 143 | 595 | 564 | 255 | 327 | 105 | 101 |
| 12. | 115 | 38 | 153 | 207 | 334 | 289 | 603 | 595 | 873 | 320 | 152 | 147 |
| 13 | 138 | 139 | 252 | 215 | 265 | 270 | 794 | 803 | 241 | 422 | 177 | 140 |
| 14 | 100 | 100 | 142 | 200 | 229 | 209 | 769 | 724 | 405 | 477 | 227 | 291 |
| 15 | 119 | 125 | 151 | 179 | 157 | 159 | 570 | 418 | 254 | 282 | 133 | 82 |

പട്ടിക 2

വിദ്യാഭ്യാസനിലവാരം

| | എൽ.പി.എസ് | യു.പി.എസ് | എച്ച്.എസ് | ബിരുദം | പി.ജി. | സാങ്കേതികം |
|---|---|---|---|---|---|---|
| പെൺ | 313 | 670 | 2023 | 889 | 141 | 78 |
| ആൺ | 371 | 762 | 2152 | 1500 | 116 | 338 |

# സ്ത്രീ പദവി

*'വീടിനു പൊൻമണി വിളക്കുനീ*

*തറവാടിനു നിധി നീ കുടുംബിനി'*

" യത്ര നാര്യസ്തു പൂജ്യന്തേ

രമന്തേ തത്രദേവത "

എവിടെയാണോ സ്ത്രീകൾ ആരാധിക്കപ്പെടുന്നത് അവിടെ ഐശ്വര്യം കളിയാടുന്നു.

വൈദീക സംസ്കാരത്തിന്റെ പിൻതുടർച്ചക്കാരെന്ന് അവകാശപ്പെടുകയും അതിലഭിമാനം കൊള്ളുകയും ചെയ്യുന്ന ഭാരതീയർ ഈ വേദസൂക്തത്തിന്റെ ആന്തരീക നൈർമ്മല്യത്തോട് എത്ര വൈകാരികതോൻമുഖത പ്രകടമാക്കുന്നു എന്ന് ആത്മപരിശോധന നടത്തേണ്ട കാലഘട്ടത്തിലൂടെയാണ് നാം സഞ്ചരിക്കുന്നത്. കാലാകാലങ്ങളായി സംഭവിച്ചു കൊ ണ്ടിരിക്കുന്ന ബാഹ്യാന്തരിക പ്രവണതകളുടെ പശ്ചാത്തലത്തിൽ ഇതരസംസ്ഥാനങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമായ നിലവാരം സംരക്ഷിക്കുവാൻ മലയാളമങ്കമാർക്കു കഴിയുന്നുണ്ടങ്കിലും ത്വരിതഗതിയിലുള്ള നഗരവല്കരണാഭിനിവേശം സാമൂ ഹ്യബന്ധങ്ങളിലും സാമ്പത്തിക ഭദ്രതയിലും അനാരോഗ്യ കാരണങ്ങളായ ചലനങ്ങൾ സൃഷ്ടിക്കപ്പെട്ടുക്കൊണ്ടിരിക്കുന്നു. ഈ പൊതുസ്വഭാവത്തിനൊട്ടും അപവാദമല്ല നമ്മുടെ പഞ്ചായത്തിന്റേയും സ്ഥിതി.

വിവിധങ്ങളായ വെല്ലുവിളികളെ അതിജീവിച്ചുകൊണ്ടു തന്നെ കേരളം അസൂയാർഹമായ പലനേട്ടങ്ങളും കൊയ്തെടുത്തു. എന്നാൽ കേരളജനസംഖ്യയിൽ പകുതിയിലേറെ ഉൾക്കൊള്ളുന്ന സ്ത്രീ വിഭാഗത്തിന് ഈ നേട്ടങ്ങളുടെ അർഹമായ പങ്ക് അനുഭവവേദ്യമായി ഭവിച്ചിട്ടുണ്ടോ? കേരളം ഇന്നു നേരിടുന്ന വിവിധങ്ങളായ വെല്ലുവിളികളുടെ സമ്മർദ്ദങ്ങളിൽ പുരുഷൻമാരേക്കാൾ കൂടുതൽ ഞെരുക്കം അനുഭവിക്കുന്നത് സ്ത്രീകൾ തന്നെയാണ്. ജീവിതത്തിന്റെ സമസ്തമേഖലകളിലും വിദ്യാഭ്യാസ രംഗത്തായാലും, തൊഴിലവസരങ്ങളുടെ കാര്യത്തിലായാലും, സാമ്പത്തിക ഭദ്രതയുടെ തലങ്ങളിലായാലും, സാമൂഹ്യരാഷ്ട്രീയ മണ്ഡലങ്ങളിലായാലും സ്ത്രീകൾക്കെതിരെയുള്ള വിവേചനം നിലനിൽക്കുന്നു.

മാനസികവും ശാരീരികവുമായ പീഡനങ്ങളേയും അതിക്രമങ്ങളെയും വരെ അഭിമുഖീകരിക്കേണ്ട അഭിശപ്തമായ വർദ്ധിതചുറ്റുപാടാണ് വർത്തമാനകാലം. ഈ പ്രാന്തവല്കരണത്തിന് തടയിട്ടുകൊണ്ടേ ഒൻപതാം പദ്ധതിയിൽ പ്രതീക്ഷ ക്കൊത്ത പുരോഗതി കരഗതമാക്കാൻ നമുക്കു കഴിയൂ.

മാരാരിക്കുളം തെക്കു ഗ്രാമപഞ്ചായത്തിലെ ജനസംഖ്യയിൽ വാർഡടിസ്ഥാനത്തിൽ പരിശോധിച്ചാൽ തന്നെയും 51.78ശതമാനം സ്ത്രീകളാണ്. സംസ്ഥാന ശരാശരിയായ 1000 പുരുഷൻമാർക്ക് 1036 സ്ത്രീകൾ എന്ന അനുപാതത്തിൽ നിന്ന് വലിയ അന്തരമില്ല നമ്മുടെ പഞ്ചായത്തിലും.

മൂന്നു ഹൈസ്ക്കൂളുകളടക്കം 8 സ്ക്കൂളുകളാണ് ഈ പഞ്ചായത്തിലുള്ളത്.ഹൈസ്ക്കൂൾ തലത്തിൽ മാത്രം 2023 പെൺകുട്ടികൾ പഠിക്കുന്നു. ആൺകുട്ടികളാകട്ടെ 2152ഉം അപ്പർ പ്രൈമറിത്തലത്തിൽ പെൺക്ട്ടികൾ 670ഉം ആൺകുട്ടികൾ 762ഉം ആണ്. എൽ.പി.തലത്തിൽ പെൺക്കുട്ടികളുടെ എണ്ണം 313ഉം ആൺകുട്ടികളുടേത് 371 ഉം ആണ്. അക്കാഡമിക്ക് വിദ്യാഭ്യാസ മേഖലയിൽ നേരിയ ആന്തരമാണ് നിലനിൽക്കുന്നതെങ്കിലും, സാങ്കേതിക വിദ്യാഭ്യാസരംഗത്ത് തികഞ്ഞ അവഗണനയാണ് സ്ത്രീ വിഭാഗത്തിനുള്ളത്. ഏതെങ്കിലും തരത്തിലുള്ള സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചിട്ടുള്ള സ്ത്രികൾ 78 ആണ്. പുരുഷൻമാരാകട്ടെ 338ഉം . ഇവിടെ ഒരു സത്യം ഭീഷണ ഭാവത്തോടെ തുറിച്ചുനോക്കുന്നു. തൊഴിലധിഷ്ഠിതവും സാങ്കേതികവുമായ വിദ്യാഭ്യാസമെന്നാൽ തൊഴിലുപകരണങ്ങൾക്കും പുത്തൻ സാങ്കേതിക വിദ്യകൾക്കും മേലുള്ള നിയന്ത്രണമാണ് അഥവാ അതു് കൈകാര്യം ചെയ്യുന്നതിലുള്ള നൈപുണ്യമാണ്. പുത്തൻ സാങ്കേതിക വിദ്യായും, പുത്തൻ ഉപകരണങ്ങളും അടിസ്ഥാനപ്പെടുത്തി ഉൽപ്പാദനമേഖല പ്രോത്സാഹിപ്പിക്കപ്പെടുമ്പോൾ നിലവിലുള്ള സാഹചര്യത്തിൽ സ്ത്രികളാണ് പുറംന്തളളപ്പെടുന്നത്. ഔപചാരിക വിദ്യാഭ്യാസമേഖലയ്ക്കു പുറമെ ഗ്രാമ പ്രദേശങ്ങളിൽ കണ്ടുവരുന്ന സാങ്കേതിക പ്രവർത്തനമേഖലകളും വിവിധങ്ങളായ വർക്ക്ഷോപ്പുകൾ തുടങ്ങിയവയും സ്ത്രികൾക്ക് ബാലികേറാമലയായി അവശേഷിക്കുന്നു.

കേരളത്തിൽ രണ്ടാം സ്വാതന്ത്ര്യസമരം എന്ന പ്രശംസയ്ക്കുപോലും അർഹമായിതീർന്ന സമ്പൂർണ്ണസാക്ഷരതാ യജ്ഞത്തിലൂടെ പഞ്ചായത്തിലെ 4160 നിരക്ഷരരിൽ വയസ്സുവരെ 2336 സ്ത്രികളായിരുന്നു. അതായത് 56%. അതിൽ തന്നെയും 925 പേരേ മാത്രമെ നവസാക്ഷരരാക്കാൻ സാധിച്ചിട്ടുള്ളു

(പഞ്ചായത്തതിർത്തിയിലുള്ള സ്ക്കൂളുകളിൽ നിന്നുള്ള വിവരങ്ങൾ)

സ്ത്രികളുടെ തൊഴിൽ പങ്കാളിത്തനിരക്കും താരതമ്യേന താഴ്ന്നതാണ്. മരാമത്ത് രംഗത്ത് മാത്രമാണ് ഏകദേശതുല്യത നിലനിൽക്കുന്നത്. കയർ മേഖലയിലും, മൽസ്യമേഖലയിലും ഭാഗികമായിട്ടാണെങ്കിലും സ്ത്രീപങ്കാളിത്തം നിലനിൽക്കുന്നുണ്ട്. എന്നാൽ കുടുംബഭരണമടക്കമുള്ള കാണാപ്പണി മേഖലകളിലെല്ലാം സ്ത്രീകളുടെ വർദ്ധിച്ച പങ്കാളിത്തം ദർശിക്കാം.

സംസ്ഥാനത്ത് പരക്കെ കണ്ടുവരുന്ന സ്ത്രീ പുരുഷ കൂലിനിരക്കിലുള്ള വ്യത്യാസം വളരെ പ്രബലമായിത്തന്നെ നമ്മുടെ പഞ്ചായത്തിലും നിലനിൽക്കുന്നു.ഈ കൂലി വ്യത്യാസം രണ്ടുസ്വഭാവത്തിലാണ്. ഒരേ ജോലിക്ക് തന്നെ നൽകുന്ന കൂലിയിൽ ലിംഗഭേദം മാത്രമടിസ്ഥാനമാക്കി പ്രക്ടമായ അന്തരം നിലനിൽക്കുന്നു. ചുമതലപ്പെട്ട സംഘടനകളും, സർക്കാരും, കോൺട്രാക്ടർമാരും ഒരുമിച്ചിരുന്നുണ്ടാക്കുന്ന കരാറിൻെറ അടിസ്ഥാനത്തിലാണ് ഈ കൂലിനിരക്ക് തീരുമാനിച്ചിരിക്കുന്നത്. സ്ഥാപനവത്കരിക്കപ്പെട്ടിരിക്കുന്ന ഈ അനീതിയിൽ നിന്ന് മോചനമുണ്ടാകണമെങ്കിൽ പ്രസ്ഥാനങ്ങളുടെയും സംഘടനകളുടേയും, ബോധപൂർവ്വവും ശക്തവുമായ സമ്മർദ്ദവും ഇടപെടലും അനിവാര്യമാണ്.

പട്ടിക - 3

കൂലിവ്യത്യാസം

| മേഖല | സ്ത്രീ | പുരുഷൻ |
|---|---|---|
| കാർഷികം | 45-50 | 75-80 |
| കയർ | 25-30 | 75-80 |
| കോൺക്രീറ്റ് | 70-80 | 100-125 |
| കരിങ്കൽ ചുമട് | 78-80 | 83-85 |

നിരവധി തൊഴിൽ മേഖലകളിൽ സ്ത്രീ അന്യവൽക്കരിക്കപ്പെട്ടിരിക്കുന്നു എന്നതും ശ്രദ്ധേയമാണ്. വയറിംഗ്, പ്ലംബിംഗ്, ഇലക്ട്രോണിക് സർവ്വീസിംഗ്, വാഹനറിപ്പയറിംഗ്, ഫോട്ടോഗ്രാഫി മുതലായ രംഗങ്ങളിൽ സ്ത്രീകളുടെ അഭാവം പ്രകടമാണ്. അതുപോലെതന്നെ അന്യംനിന്നുപോകുന്ന പരമ്പരാഗതവ്യവസായങ്ങളിലെ സ്ത്രീതൊഴിലാളികളെ പകരം സമാന്തരതൊഴിൽ മേഖലകളിലേക്ക് പ്രവേശിപ്പിക്കുന്നുമില്ല.

മത്സമേഖലയിലെ സ്ത്രീ തൊഴിലാളികളിൽ കൂടുതൽ പേരും മത്സ്യവിപണനവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇവരുടെ യാത്രാസൗകര്യത്തിനുവേണ്ട ഏർപ്പാടുകളുടെ അപര്യാപ്തതയും പ്രതിസന്ധികൾ സൃഷ്ടിക്കുന്നുണ്ട്.

സ്ത്രീ നിർണ്ണായക പദവി കൈയാളുന്ന സാമൂഹ്യ രാഷ്ട്രീയ സംഘടനകളുടെ എണ്ണവും താരതമ്യേന കുറവാണ്. നമ്മുടെ പഞ്ചായത്തിൽ ട്രേഡ് യൂണിയൻ നേതൃനിരയിൽ സ്ത്രീകളുടെ എണ്ണം പരിമിതമാണ്. ക്ലബുകളിലും, തത്തുല്യമായ സംഘടനകളിലും ഉള്ള വനിതകളുടെ പങ്കാളിത്തം ആശ്വാസകരമല്ല. എന്നാൽ പരക്കെയുള്ള പ്രവണതക്ക് ഒരു തിരുത്തലാണ് വനിതാസംവരണത്തിൽ പെട്ടതല്ലെങ്കിലും നമ്മുടെ പഞ്ചായത്തിൻെറ ഭരണസാരഥ്യം വഹിക്കുന്നത് ഒരു വനിതയാണുള്ളത്.

മേൽ സൂചിപ്പിച്ച ചുറ്റുപാടുകളിൽ സ്ത്രീ സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങളിൽ പിന്നോക്കം നിൽക്കുന്നു എന്ന നിഗമനത്തിൽ എത്തുന്നതും അടിസസ്ഥാന രഹിതമാണ്. സമ്പൂർണ്ണ സാക്ഷരതായജ്ഞം പോലെയുള്ള പ്രവർത്തനങ്ങളിൽ നമ്മുടെ പഞ്ചായത്തിൽ സ്രീകൾ തന്നെയാണ് മേൽക്കൈ വഹിച്ചിരുന്നത്. ആകെ ഉണ്ടായിരുന്നതിൽ 261 ഇൻസ്ട്രക്ടർമാരിൽ 227 പേരും സ്ത്രീകളായിരുന്നു. 51 അക്ഷരസംഘം കൺവീനർമാരിൽ 38പേരും സ്ത്രീകളായിരുന്നു. അതുപോലെ തന്നെ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ടോട്ടൽ സാനിട്ടേഷൻ പ്രോഗ്രാമിലും സ്ത്രീകളുടെ പങ്കാളിത്തം കുറവല്ല.

ആരോഗ്യരംഗത്ത് സ്ത്രീകളഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ കുറച്ചുകണ്ടുകൂട. നമ്മുടെ പഞ്ചായത്തിലുള്ള പി.എച്ച്,സിയിലും സബ്സെൻററുകളിലും സ്ത്രീകൾക്ക് ലഭിക്കുന്ന ആരോഗ്യസംരക്ഷണപരിചരണങ്ങൾ കുറ്റമറ്റതാണെന്ന് പറഞ്ഞുകൂടാ. ഈ കേന്ദ്രങ്ങളിലൊന്നും തന്നെ സ്ത്രീകളുടേതായ സ്വകാര്യതക്ക് അർഹമായ സംവിധാനങ്ങൾ പരിമിതമാണെന്ന് കാണാം. അതുപോലെ തന്നെ പൊതുമാർക്കറ്റുകളിലും ബസ്സ്റ്റാൻറുപോലെയുള്ള കേന്ദ്രങ്ങളിലും സിനിമാശാലകളിലും മറ്റും

ആരോഗ്യസംരക്ഷണ ലക്ഷ്യമുള്ള പ്രത്യേക മൂത്രപ്പുരകളും മറ്റും ഉണ്ടാകേണ്ടിയിരിക്കുന്നു.

ആയുർദൈർഘ്യനിരക്കിൽ മുന്നിട്ടുനിൽക്കുന്നത് സ്ത്രീകളാണെന്ന യാഥാർത്ഥ്യം ഏറെ ആരോഗ്യകരമാണ്. 60 വയസിനുമേൽ പ്രായമുള്ളവരുടെ എണ്ണത്തിൽ പുരുഷൻമാരേക്കാൾ മുന്നിൽ സ്ത്രീകളാണ്. 60 വയസ്സിനുമേൽ സ്ത്രീകൾ 2461. പുരുഷൻമാർ 2100.

പഞ്ചായത്തിൽ പരിമിതമെങ്കിലും സ്ത്രീകളുടേതായ ചില വ്യവസായയൂണിറ്റുകൾ പ്രവർത്തിക്കുന്നു. സഹകരണാടിസ്ഥാനത്തിൽ 30 നുമേൽ ഷെയർ ഹോൾഡേഴ്സിനെ(സ്ത്രീകൾ) ഉൾക്കൊള്ളുന്ന ഒരു യൂണിറ്റ് 8-ാം വാർഡിൽ പ്രവർത്തനക്ഷമമാകുന്നു. പാതിരാപ്പള്ളിയിൽ ഏതാണ്ട് 20 പരിശീലനം സിദ്ധിച്ച സ്ത്രീതൊഴിലാളികൾ ബന്ധപ്പെടുന്ന ഒരു സ്ഥാപനം നിലവിലുണ്ട്. ഡി.ഡബ്ല്യു.സി.ആർ.എ. യിൽ ഉൾപ്പെടുത്തി 5 യൂണിറ്റുകളും നിലവിലുണ്ട്. ഈ സ്ഥാപനങ്ങളിലായി സുമാർ 100നുമേൽ സ്ത്രീകൾ ഭാഗികമായി തൊഴിലെടുക്കുന്നു.

സ്ത്രീകളുടെ നേതൃത്വത്തിലും നിയന്ത്രണത്തിലുമുള്ള കൂടുതൽ തൊഴിൽ മേഖലകൾ സൃഷ്ടിക്കുന്നതിൽ നാം കൂടുതൽ ജാഗ്രതകാണിക്കേണ്ടതുണ്ട്. സൃഷ്ടിക്കപ്പെടുന്ന സ്ഥാപനങ്ങളുടെ വളർച്ചക്കും, നിലനിൽപിനും ആവശ്യമായ പരിശീലനങ്ങളും, സംരംഭങ്ങളെക്കുറിച്ചുള്ള വ്യാപകവും വ്യക്തവുമായ ബോധവല്ക്കരണവും അനിവാര്യമാണ്.

നിർദ്ദേശങ്ങൾ

സ്ത്രീകളുടെ തൊഴിലവസരം വർദ്ധിപ്പിക്കുന്നതിനാവശ്യമായ സംരംഭങ്ങൾ സ്വകാര്യമേഖലയിലൊ, പൊതുമേഖലയിലൊ ഒക്കെ ഉണ്ടാകേണ്ടതുണ്ട്.

ഇലക്ട്രോണിക് മേഖലയിലും, നിർമാണമേഖലയിലും വിദഗ്ധപരിശീലനം നൽകി സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ സൃഷടിക്കാം. ഇതിനായി ട്രൈസം പരിപാടികളും ഡി.ഡബ്ല്യു.സി.ആർ.എ. പ്രവർത്തനങ്ങളും വ്യാപകവും കാര്യക്ഷമവുമാകേണ്ടിയിരിക്കുന്നു.

പരമ്പരാഗതതൊഴിൽ മേഖലകൾ (തഴപ്പായ നിർമാണം, കുട്ട-വട്ടി നിർമാണം തുടങ്ങിയവ) പുനർജീവിപ്പിക്കുവാൻ വേണ്ട മുൻകൈ പഞ്ചായത്തിൽ നിന്നുതന്നെ ഉണ്ടാകണം.

വാർഡു സാനിട്ടേഷൻ കമ്മിറ്റികളിൽ സ്ത്രീപങ്കാളിത്തം ഉറപ്പുവരുത്തണം. അതോടൊപ്പം പഞ്ചായത്തിലെ ഹെൽത്ത് പ്രമോഷൻ ടീമിൻെറ പ്രവർത്തനം കാര്യക്ഷമമാക്കണം.

പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ സ്ത്രീകൾക്കാവശ്യമായ സ്വകാര്യതാസൗകര്യങ്ങൾ ഉണ്ടാകണം. ആഴ്ചയിൽ രണ്ടുദിവസമെങ്കിലും വനിതാഡോക്ടറുടെ സേവനം ലഭ്യമാക്കണം.

പൊള്ളെത്തൈ ജി.എച്ച്.എസ്. കാട്ടൂർ എച്ച്.എഫ്.എച്ച്.എസ്. പൂങ്കാവ് എം.ഐ.എച്ച്.എസ്. തുടങ്ങിയ സ്കൂളുകളിൽ പെൺകുട്ടികൾക്കാവശ്യമായ പ്രാഥമിക സൗകര്യങ്ങൾ നിലവിലുള്ള അപര്യാപ്തതയിൽ നിന്നും പൂർണതയിലെത്തിക്കുവാനുള്ള എല്ലാ സംവിധാനങ്ങളും ഉണ്ടാകണം.

സാമൂഹ്യ-രാഷ്ട്രീയ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളിൽ സ്ത്രീകൾക്ക് നിർണായകമായ അംഗീകാരം-ലഭിക്കുവാൻ വേണ്ട തലങ്ങളിലേക്ക് ഉയർത്തുവാൻ ആവശ്യമായ പ്രവർത്തനസൗകര്യങ്ങളും, സമ്മർദ്ദങ്ങളും പഞ്ചായത്തിൽ നിന്നുണ്ടാകണം.

സാക്ഷരതാസമിതിയുടെ പഞ്ചായത്തുതല പ്രവർത്തനങ്ങളിൽ സ്ത്രീപ്രാതിനിധ്യം ഉറപ്പാക്കുകയും അവരെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ അനുകൂലമായ നിലപാട് സ്വീകരിക്കുന്നതിനാവശ്യമായ സമ്മർദ്ദം ബോധപൂർവമായിത്തന്നെ ഉണ്ടാകേണ്ടതുമാണ്.

സ്ത്രീകളിൽ വായനാശീലം വളർത്തുവാൻ അനുയോജ്യമാം വിധം പുസ്തകങ്ങൾ വീടുകളിൽ എത്തിച്ചു കൊടുക്കുവാൻ കഴിയുന്ന സഞ്ചരിക്കുന്നവായനാശാലകൾ ഉണ്ടാകണം.

സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്ന സിനിമകളും, പരസ്യങ്ങളും, മറ്റുമാധ്യമങ്ങളും നമ്മുടെ പഞ്ചായത്തിൽ അനുവദിക്കില്ലായെന്ന് ഉറപ്പുവരുത്തണം. ഈ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും

പ്രചരിപ്പിക്കുവാനും ആവശ്യമായ ഒരു പ്രതിരോധ-സന്നദ്ധസംഘടനതന്നെ പഞ്ചായത്തുതലത്തിൽ രൂപീകരിക്കണം.

സ്ത്രീകൾക്കെതിരെയുള്ള ആക്രമങ്ങൾ ചെറുക്കുന്നതിനാവശ്യമായ തരത്തിലുള്ള സംസ്കാരം വളർത്തിയെടുക്കുവാൻ വേണ്ട ബോധവൽക്കരണം വ്യാപകമാക്കുകയും, നിലവിലുള്ള നിയമങ്ങൾ കൂടുതൽ കർക്കശമാക്കുകയും ചെയ്യണം.

നിർധനരായ കുടുംബങ്ങളിലെ പെൺകുട്ടികളെ സാമൂഹ്യപദവിയിലേക്കുയർത്തുവാൻ പര്യാപ്തമാം വിധം സാമ്പത്തികസഹായം ലഭ്യമാക്കാൻ ഉതകുന്ന ക്രമീകരണങ്ങൾ പഞ്ചായത്തു തലത്തിൽ രൂപീകരിക്കേണ്ടതാണ്.

സ്ത്രീധന സമ്പ്രദായത്തിനെതിരെ ശക്തവും നിരന്തരവുമായ ബോധവല്ക്കരണ കാമ്പയിൽ സംഘടിപ്പിക്കേണ്ടതാണ്.

വ്യാജമദ്യനിർമ്മാണത്തിൻെറയും ഉപഭോഗത്തിൻെറയും തിക്തഫലം 100 ശതമാനവും അനുഭവിക്കുന്നത് സ്ത്രീകൾ തന്നെയാണ്. ഇതിനെതിരെ വ്യാപകമായ പ്രചാരവേലകളും ബോധവത്ക്കരണ പരിപാടികളും നടത്തണം.

തൊഴിലെടുക്കുന്ന സ്ത്രീകളുടെ സൗകര്യർത്ഥം കുട്ടികൾക്കായി ഡേകെയർ യൂണിറ്റുകൾ രൂപീകരിക്കേണ്ടതാണ്.

വ്യാപകമായിക്കൊണ്ടിരിക്കുന്ന കേബിൾ ടി.വിയുടെ പ്രവർത്തനങ്ങളിൽ അവശ്യം വേണ്ട നിയന്ത്രണങ്ങൾ ഉണ്ടാകണം.

**മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത് വിശേഷാൽ ഗ്രാമസഭയിലെ ഹാജർ നില**

| ഹാജർ നില | | | | | |
|---|---|---|---|---|---|
| വാർഡ് | തീയതി | സ്ത്രീ | പുരുഷൻ | ആകെ | ഉദ്യോഗസ്ഥരുടെ എണ്ണം. |
| 1 | 28-09-96 | 40 | 120 | 160 | 15 |
| 2 | 02-10-96 | 55 | 160 | 215 | 22 |
| 3 | 13-10-96 | 80 | 210 | 290 | 8 |
| 4 | 13-10-96 | 55 | 205 | 260 | 16 |
| 5 | 13-10-96 | 82 | 120 | 202 | 18 |
| 6 | 06-10-96 | 73 | 135 | 208 | 20 |
| 7 | 02-10-96 | 85 | 120 | 205 | 11 |
| 8 | 12-10-96 | 65 | 195 | 260 | 9 |
| 9 | 12-10-96 | 38 | 202 | 240 | 14 |
| 10 | 05-10-96 | 62 | 140 | 202 | 15 |
| 11 | 06-10-96 | 34 | 193 | 227 | 17 |
| 12 | 22-09-96 | 45 | 181 | 226 | 18 |
| 13 | 29-09-96 | 44 | 161 | 205 | 18 |
| 14 | 05-10-96 | 44 | 176 | 220 | 21 |
| 15 | 29-09-96 | 16 | 74 | 90 | 9 |
| | | 818 | 2392 | 3210 | 231 |

"ഒത്തുപിടിച്ചാൽ മലയും പോരും"

# സഹകരണം

ഒരു പൊതുവായ ആവശ്യത്തിൻെറ നിർവഹണത്തിനു വേണ്ടി കുറെ ആളുകൾ സമത്വത്തിൻെറ അടിസ്ഥാനത്തിൽ സ്വമേധയാ ഒരുമിച്ചു ചേരുന്നതിനെയാണ് സഹകരണമെന്നു പറയുന്നത്. സഹകരണ പ്രസ്ഥാനത്തിന് മാനവരാശിയോളം തന്നെ പഴക്കമുണ്ടാവുമെങ്കിലും റോബർട്ട് ഓവൻ മുതൽ ഷുൾസ് വരെയുള്ള പ്രമുഖരാണ് സഹകരണ പ്രസ്ഥാനത്തിന് ലോകത്തിൽ പ്രചാരം നേടിക്കൊടുത്തത്. കൂട്ടുചേർന്ന പ്രവർത്തനം, തുല്ല്യ പങ്കാളിത്തം എന്നിവ സഹകരണ പ്രസ്ഥാനത്തിൻെറ അടിസ്ഥാന തത്വങ്ങളാണ്. സ്വമേധയാ ഉള്ള സംഘടന തുറന്ന അംഗത്വം, ജനായത്തപരമായ ഭരണം മുതലായവ സഹകരണപ്രസ്ഥാനത്തിൻെറ പ്രത്യേകതകളാണ്.

കമ്പനികൾ, ബാങ്കുകൾ മുതലായവ നടത്തുന്നതിൻെറ ഒരു പ്രധാന ഉദ്ദേശ്യം പരമാവധി ലാഭം ഉണ്ടാക്കുക എന്നുള്ളതാണ്. എന്നാൽ ലാഭമെന്നതിലുപരിയായി സേവനം എന്ന ലക്ഷ്യത്തോടുകൂടി പ്രവർത്തിക്കുന്നവയാണ്. സഹകരണസംഘങ്ങൾ. ഇപ്പോൾ നമ്മുടെ നാട്ടിൽ പലതരത്തിലുള്ള അനേകം സംഘങ്ങൾ ഉണ്ട്. പഞ്ചവത്സരപദ്ധതികളിൽ സഹകരണ പ്രസ്ഥാനത്തിന് ഉന്നതമായ ഒരു സ്ഥാനമാണ് നല്കിയിരിക്കുന്നത്. അവശരായ തൊഴിലാളിവർഗ്ഗത്തെ ആ സാമ്പത്തിക ചൂഷണത്തിൽ നിന്നും രക്ഷിക്കുക എന്ന ലക്ഷ്യത്തോടുകൂടി ചിലമനുഷ്യസ്നേഹികൾ പരിശ്രമിച്ചതിൻെറ ഫലമായാണ് സഹകരണ പ്രസ്ഥാനം ജൻമമെടുത്തത്. കേവലം എളിയ നിലയിൽ ഇംഗ്ലണ്ടിൽ ആരംഭിച്ച ഈ പ്രസ്ഥാനം ക്രമേണ മറ്റു രാജ്യങ്ങളിൽ വ്യാപിക്കുകയും ഇന്ന് ലോകത്തിൽ വളരെ സ്വാധീന ശക്തിയുള്ള ഒരു പ്രമുഖ പ്രസ്ഥാനമായി വളരുകയും ചെയ്തിരിക്കുന്നു. സോവിയറ്റ് യൂണിയനാണ് സഹകരണ പ്രസ്ഥാനത്തിന് പ്രാവണ്യം ഉണ്ടാക്കിയത്. സഹകരണ പ്രസ്ഥാനം ഇന്ത്യയിലാരംഭിച്ചത് 1904 ൽ ആണ്. സ്വാതന്ത്ര്യ ലബ്ധിക്കുശേഷം രാഷ്ട്രം സഹകരണ പ്രസ്ഥാനത്തിന് കൂടുതൽ ശ്രദ്ധകൊടുക്കുകയും, കൃഷി, ചെറുകിട വ്യവസായങ്ങൾ, ഗ്രാമ ജീവിതവുമായ് ബന്ധപ്പെട്ട മറ്റു തൊഴിലുകൾ എന്നിവയുടെ അഭിവൃദ്ധിയ്ക്ക് സഹകരണപ്രസ്ഥാനത്തിന് ഗണ്യമായ ഒരു സ്ഥാനം വഹിക്കാൻ കഴിയുമെന്ന് മനസ്സിലാക്കി സഹകരണ പ്രസ്ഥാനത്തിന് ഇന്ന് ഉന്നതമായ സ്ഥാനമാണുള്ളത്.

ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് സഹകരണ പ്രസ്ഥാനം ഏറ്റവും കുടുതൽ പുരോഗതി നേടിയ സംസ്ഥാനം എന്ന ബഹുമതി കേരളത്തിനു ലഭിച്ചിട്ടുണ്ട്. മറ്റു സംസ്ഥാനങ്ങളിൽ സഹകരണത്തിൻെറ എതെങ്കിലും ചില മേഖലകളിൽ മാത്രം നേട്ടം ഉണ്ടാക്കിയപ്പോൾ കേരളത്തിൽ സഹകരണം എതെല്ലാം തുറകളിലേയ്ക്ക് വ്യാപിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ അവിടെയെല്ലാം മേൽക്കോയ്മ സ്ഥാപിക്കാൻ കഴിഞ്ഞു. പ്രത്യേകിച്ച് വായ്പാ സഹകരണ സംഘങ്ങൾ, ഉപഭോക്തൃ സഹകരണ സംഘങ്ങൾ തുടങ്ങി യവയിൽ സഹകരണപ്രസ്ഥാനത്തിൻെറ വൈവിദ്ധ്യത്തിലും കേരളം മുൻപന്തിയിലാണ്. സാമ്പത്തികാസൂത്രണവും, പഞ്ചവത്സര പദ്ധതികളും ഈ പ്രസ്ഥാനത്തിൻെറ പുരോഗതിയെ കാര്യമായി സഹായിച്ചു. തൊഴിൽ, വിദ്യാഭ്യാസം, വ്യവസായം, ബാങ്കിംഗ് കൃഷി തുടങ്ങി ചികിത്സാ രംഗത്തുവരെ സഹകരണ പ്രസ്ഥാനം വേരൂന്നിക്കഴിഞ്ഞു. സഹകരണപ്രസ്ഥാനം സ്വാധീനം

ചെലുത്താത്തതോ കടന്നു ചെല്ലാത്തതോ ആയ മേഖലകൾ ഇന്ന് ചുരുക്കമാണ്.

നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ സഹകരണ പ്രസ്ഥാനത്തിന്റെ ചരിത്രം പരിശോധിച്ചപ്പോൾ ഏതാണ്ട് 70 വർഷത്തിലേറെ പ്രവർത്തന പാരമ്പര്യം അവകാശപ്പെടാൻ അർഹതയുണ്ട്.

1926 ൽ കലവൂരിൽ ആരംഭിച്ച 'പരസ്പരസഹായ ക്ലിപ്തരഹിതബാദ്ധ്യതാ സംഘം' എന്ന സ്ഥാപനമാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ സഹകരണ സംഘം. ഇപ്പോൾ കലവൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1497 ആയി പ്രവർത്തനം നടത്തിവരുന്നു. രാമകൃഷ്ണക്കുറുപ്പ്, കുഞ്ഞികൃഷ്ണക്കുറുപ്പ്, കൃഷ്ണക്കുറുപ്പ്, പത്മനാഭപിള്ള, കുട്ടൻപിള്ള, വാസുദേവൻ ഉണ്ണി, ശ്രീധരപണിക്കർ, ദാമോദരക്കുറുപ്പ്, ഗോവിന്ദപിള്ള, മിഖയേൽ റോക്കി, നിവസ്കിൻ ജോസഫ് കൊച്ചുമിഖേൽ, പരമുപിള്ള, വേലായുധക്കുറുപ്പ്, ചിന്നൻ പിള്ള, പരമേശ്വരൻ പിള്ള, പി. എൻ. കൃഷ്ണപിള്ള, ഗോപാലക്കുറുപ്പ്, കുഞ്ഞൻപിള്ള, കുഞ്ഞുബാവക്കുഞ്ഞ്, നീലകണ്ഠക്കുറുപ്പ് തുടങ്ങി 24 പേർ ചേർന്നാണ് ഈ സംഘത്തിനു രൂപം നൽകിയത്. പ്ലാംപറമ്പിൽ രാമകൃഷ്ണക്കുറുപ്പ്, തെക്കേപന്നിവേലി നീലകണ്ഠക്കുറുപ്പ്, കുളമാക്കിയിൽ കുഞ്ഞികൃഷ്ണക്കുറുപ്പ്, അർത്ഥശ്ശേരിൽ കുഞ്ഞുമിഖയേൽറോക്കി, രാമൻകുളങ്ങര കുഞ്ഞുവേലായുധൻപിള്ള, കുട്ടൻപിള്ള, എന്നിവരായിരുന്നു ആദ്യത്തെ കമ്മറ്റിക്കാർ. പൊള്ളേത്തെ ആ സ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന ഇ. എൻ. കൃഷ്ണപിള്ളയായിരുന്നു. ആദ്യത്തെ പ്രസിഡന്റ്.

### സംഘങ്ങളുടെ ഇന്നത്തെ സ്ഥിതി

ക്രെഡിറ്റ് മേഖലയിൽ, കലവൂർ സർവ്വീസ് സഹകരണ ബാങ്ക്, കാട്ടൂർ സർവ്വീസ് സഹകരണ ബാങ്ക്, മാരാരിക്കുളം തെക്ക് പഞ്ചായത്ത് സർവ്വീസ് സഹകരണ സംഘം, മാരാരിക്കുളം തെക്ക് പട്ടികജാതി സർവീസ് സഹകരണ സംഘം ചെട്ടിക്കാട് മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം, ചെട്ടിക്കാട്-കാട്ടൂർ മത്സ്യ തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം, കാട്ടൂർ മത്സ്യ തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം, പൊള്ളേത്തെ - ചെത്തി മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം എന്നിവയാണ്.

നോൺ ക്രെഡിറ്റ് വാഭാഗത്തിൽ, കയർ മേഖലയെ ആശ്രയിച്ചിട്ടുള്ള സഹകരണ സംഘങ്ങൾ, ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ, സ്കൂൾ സൊസൈറ്റികൾ ഹോമിയോപ്പതിക്ക് സഹകരണ സംഘം എന്നിവയാണ്.

ഈ രണ്ടു വിഭാഗങ്ങളിലുള്ള സഹകരണ സംഘങ്ങളുടെ പ്രവർത്തനം പോലെ തന്നെ പഞ്ചായത്തിലെ ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട് ലാഭം എന്നതിലുപരി സേവനം എന്ന ലക്ഷ്യത്തോടെ സാധാരണക്കാരന് താങ്ങാവുന്നതരത്തിലുള്ള മിതമായ പലിശ നിരക്ക് ഈടാക്കിക്കൊണ്ട് വായ്പകൾ നല്കി വരുന്ന ചെറുസംഘങ്ങൾ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും സജീവമായി പ്രവർത്തിക്കുന്നുണ്ട്. നാളികേര സഹകരണ സംഘങ്ങളായാണ് ഇതിന്റെ പ്രവർത്തനം നടത്തിവരുന്നത്.

രണ്ട് എംപ്ലോയീസ് സഹകരണ സംഘങ്ങളും നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്നു. എക്സൽ ഗ്ലാസ് എംപ്ലോയീസ് സൊസൈറ്റികയും കെ.എസ്.ഡി.പി. എംപ്ലോയീസ് സൊസൈറ്റിയും. ഈ രണ്ടു സൊസൈറ്റികളും ജീവനക്കാർക്കാവശ്യമായ ലോണുകൾ നല്കുകയും, ചിട്ടികൾ മറ്റു ക്ഷേമ പ്രവർത്തനങ്ങൾ എന്നിവയും ഇവയുടെ കീഴിൽ നടത്തിവരുന്നു.

### കലവൂർ സർവീസ് സഹകരണ ബാങ്ക്. ക്ലിപ്തം 1497, കലവൂർ പി. ഓ.

നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ സഹകരണ സംഘമാണ്. 1926 ൽ സ്ഥാപിച്ച ഈ സഹകരണ സംഘത്തിന് 70 വർഷത്തെ പ്രവർത്തന പാരമ്പര്യം ഉണ്ട്. മാരാരിക്കുളം തെക്കു പഞ്ചായത്തിലെ കലവൂർ, പാതിരപ്പള്ളി വില്ലേജുകളിൽ ഉൾപ്പെടുന്ന 1, 6, 10 വാർഡുകൾ പൂർണ്ണമായും 2, 11 വാർഡുകൾ ഭാഗികമായും ഈ സംഘത്തിന്റെ പ്രവർത്തന പരിധിയിലുൾപ്പെടുന്നു. മാരാരിക്കുളം തെക്കു പഞ്ചായത്തിലാണ് സ്ഥാപിക്കപ്പെട്ടതെങ്കിലും മണ്ണഞ്ചേരി, കോമളപുരം എന്നീ വില്ലേജുകളിലെ കുറെ മേഖലകളും ഇതിന്റെ പ്രവർത്തന പരിധിയിൽപ്പെട്ടതാണ്. ആകെ 8053 അംഗങ്ങൾ ഉണ്ട്. ഓഹരി വില 10 രൂപയാണ്. ഈ ബാങ്കിൽ നിന്ന് പരമാവധി ഒരു ലക്ഷം രൂപ വരെ വായ്പ എടുക്കാവുന്നതാണ്. കാർഷിക, കാർഷികേതര വായ്പകളും, ചിട്ടികളും നടത്തിവരുന്നു. സ്വർണ്ണപ്പണയ വായ്പയും നല്കുന്നുണ്ട്. ഓണക്കാലത്ത് മാവേലി സ്റ്റോർ നടത്തുന്നു.

### 2. കാട്ടൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം - 313 കാട്ടൂർ പി. ഒ.

തീരദേശത്തു സ്ഥാപിച്ച ആദ്യത്തെ സഹകരണ സംഘമാണ്.

1951 ൽ പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനത്തിന്. ഏകദേശം 45 വർഷത്തെ പ്രവർത്തന പാരമ്പര്യം ഉണ്ട്. ആദ്യകാലം ... സഹകരണ സംഘമായി പ്രവർത്തനമാരംഭിച്ച ഈ പഞ്ചായത്തിലെ 3, 4, 5, 7, 8, 9 വാർഡുകൾ പൂർണ്ണമായും 2-ാം വാർഡ് ഭാഗികമായും ഇതിന്റെ പ്രവർത്തനപരിധിയിലുൾപ്പെടുന്നു. 6414 അംഗങ്ങൾ ഉണ്ട്. ഈ സംഘത്തിന്റെ പ്രവർത്തന പരിധിയിൽ മത്സ്യതൊഴിലാളികളും, കയർതൊഴിലാളികളും, ചെറുകിട പരിമിത കർഷകരും ഉൾപ്പെടുന്നു. പുരയിടങ്ങളിലെ തെങ്ങുകൾ ഈടായി സ്വീകരിച്ച് അതിൽ നിന്ന് ആദായം എടുക്കാമെന്ന ഉറപ്പിൻമേലാണ് വായ്പകൾ നല്കി വരുന്നത്. ഇന്ന് തെങ്ങിനെ ബാധിച്ചിരിക്കുന്ന മരകരോഗം ആദായം കുറയുകയും ഉള്ള തേങ്ങ കൃത്യസമയത്ത് ഇടുവിച്ച് എടുക്കുന്നതിന് തൊഴിലാളികളെ തക്ക സമയത്ത് കിട്ടാത്ത അവസ്ഥ വായ്പകൾ തിരിച്ചടവിനെ പ്രതികൂലമായി ബാധിക്കുന്നു. ടി സംഘം കാർഷിക-കാർഷികേതര വായ്പകളും സ്വർണപ്പണയ വായ്പകളും, ചിട്ടികളും നടത്തിവരുന്നു.

### 3. മാരാരിക്കുളം തെക്ക് സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ - 2336. പാതിരപ്പള്ളി പി. ഒ

1943 ൽ പ്രവർത്തനം ആരംഭിച്ച ഈ സഹകരണ സംഘത്തിന് 53 വർഷത്തെ പ്രവർത്തന പാരമ്പര്യം ഉണ്ട്. 3446 അംഗങ്ങൾ ഉണ്ട്. ഓഹരി വില 5 രൂപയാണ്. മാരാരിക്കുളം തെക്കു പഞ്ചായത്തിലെ 12, 13, 14, 15 വാർഡുകളാണ് ഇതിന്റെ പ്രവർത്തന പരിധി. കാർഷിക,

കാർഷികേതര വായ്പകളും ഭവന നിർമ്മാണ വായ്പയും ടി സംഘം നല്കി വരുന്നു. ഓണക്കാലത്ത് മാവേലി സ്റ്റോർ നടത്തുന്നുണ്ട്.

### 4. ചെട്ടികാട് മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം ലിമിറ്റഡ് നമ്പർ ഡി.എഫ് എ 79/92

ചെട്ടികാട് - പാതിരപ്പള്ളി. പി. ഓ.

1992 ൽ സ്ഥാപിച്ച ഈ സഹകരണ സംഘത്തിന് 472 അംഗങ്ങൾ ഉണ്ട്. പഞ്ചായത്തിലെ 14, 15, വാർഡുകൾ ആണ് പ്രവർത്തന പരിധി. 153 അംഗങ്ങൾക്ക് വായ്പകൾ കൊടുത്തിട്ടുണ്ട്. മത്സ്യതൊഴിലാളി കുടുംബങ്ങളിലെ സ്ത്രീകൾക്ക് കൈതൊഴിൽ ചെയ്യുന്നതിന് 500 രൂപ മുതൽ 1000 രൂപ വരെ സ്വന്തം ജാമ്യത്തിലും അതിനു മുകളിൽ 5000 രൂപ വരെയുള്ള തുക ഈടു പണയം രജിസ്റ്റർ ചെയ്തും വായ്പകൾ അനുവദിക്കുന്നു. 6% പലിശ നിരക്കിൽ പ്രതിവാര നിക്ഷേപം സംഘം സ്വീകരിക്കുന്നുണ്ട്. ടി തുക എല്ലാവർഷവും ഡിസംബർ 4-ാം തിയതി തിരികെ ക്കൊടുക്കുന്നു. സംഘം ചുമതലപ്പെടുത്തിയ ഏജൻറുമാർ മുഖാന്തിരം 5 രൂപയുടെ ഗുണിതങ്ങൾ നിക്ഷേപമായ് സ്വീകരിച്ച് 2 വർഷം കഴിയുമ്പോൾ പിരിച്ചു വിടുന്ന ഒരു നിക്ഷേപ പദ്ധതിയും ഉണ്ട്. ഇങ്ങനെ സമാഹരിക്കപ്പെടുന്ന തുക മിതമായ പലിശ നിരക്കിൽ അംഗങ്ങൾക്ക് വായ്പയായി നല്കിവരുന്നു. മത്സ്യഫെഡ് മുഖേന 637520 രൂപ വായ്പയായി 7 ഗ്രൂപ്പുകൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിന് നല്കിയിട്ടുണ്ട്. നാളിതുവരെയുള്ള സംഘത്തിൻെറ ഷെയർ തുക 37650 രൂപയാണ്.

### 5. ചെട്ടികാട്-കാട്ടൂർ മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം

ക്ലിപ്തം നമ്പർ എഫ് (എ) 8 കാട്ടൂർ-പി.ഓ.

മാരാരിക്കുളം തെക്ക് പഞ്ചായത്ത് 5, 7, 9, 14, 15 വാർഡുകൾ ആണ് പ്രവർത്തന പരിധി. 1664 അംഗങ്ങൾ ഉണ്ട്. ഷെയർ തുക - 140260 രൂപയാണ്. 220 അംഗങ്ങൾക്ക് സംഘം വായ്പ നല്കിയിട്ടുണ്ട്. മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിന് 56 ലക്ഷത്തോളം രൂപ മത്സ്യഫെഡ് വഴിയും സംഘം ഫണ്ടിൽ നിന്നു 554000 രൂപയും വായ്പയായി അനുവദിച്ചിട്ടുണ്ട്. സംഘത്തിൻെറ കീഴിൽ ഒരു മത്സ്യ മാവേലി സ്റ്റോർ പ്രവർത്തിയ്ക്കുന്നു.

### കാട്ടൂർ മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം

1992 ൽ പ്രവർത്തനം ആരംഭിച്ച ഈ സംഘത്തിന് 450 അംഗങ്ങൾ ഉണ്ട്. മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനും, മത്സ്യതൊഴിലാളി കുടുംബങ്ങളിലെ സ്ത്രീകൾക്ക് സ്വയം തൊഴിൽ വായ്പയും സംഘം നല്കിയിട്ടുണ്ട്. നിശ്ചിത സമയ പരിധിക്കുള്ളിൽ തെരഞ്ഞെടുപ്പ് നടക്കാതിരുന്നാൽ അഡ്മിനിസ്ട്രേറ്റർ ഭരണത്തിലാണ്. സംഘം ഇപ്പോൾ.

### 7. പൊള്ളേത്തൈ-ചെത്തി മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണസംഘം

നമ്മുടെ പഞ്ചായത്തിലെ 2, 3, 4 വാർഡുകളിലെ മത്സ്യതൊഴിലാളികൾ മെമ്പറൻമാരായിട്ടുള്ള സംഘമാണ്. മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിന് വായ്പകൾ അനുവദിച്ചിട്ടുണ്ട്. പൊള്ളേത്തൈയിൽ ഒരു മത്സ്യമാവേലി സ്റ്റോർ പ്രവർത്തിക്കുന്നു.

### 8. മാരാരിക്കുളം തെക്കു പട്ടികജാതി സർവ്വീസ് സഹകരണ സംഘം നമ്പർ - എ - 691

1985 ൽ പ്രവർത്തനമാരംഭിച്ചു. 706 അംഗങ്ങൾ ഉണ്ട്. ഇതിൽ പട്ടിക വർഗ്ഗക്കാരായ 32 അംഗങ്ങളുണ്ട്. ഷെയർ തുക. 10 രൂപയാണ്. പരസ്പര ജാമ്യത്തിലും കെട്ടുതെങ്ങു വ്യവസ്ഥയിലും 500 രൂപ വായ്പയും, വസ്തു ജാമ്യത്തിൽ 10000 രൂപ വരെയും വായ്പ അനുവദിക്കുന്നു. ഓണക്കാലത്ത് മാവേലി സ്റ്റോർ നടത്തുന്നു. സർക്കാർ ഷെയറായി 1,11,800 രൂപ കിട്ടിയിട്ടുണ്ട്. പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൻെറ ഉന്നമനത്തിനുതകുന്ന തരത്തിൽ പ്രവർത്തനം നടത്തുന്നതിൽ വീഴ്ചയുണ്ട്. സംഘം ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

## കയർ സംഘങ്ങൾ

### 1. സർവ്വോദയപുരം കയർ മാറ്റ്സ് & മാറ്റിംഗ്സ് സഹകരണ സംഘം

ക്ലിപ്തം നമ്പർ 732. കാട്ടൂർ

31.8.1980 ൽ ആണ് പ്രവർത്തനം ആരംഭിച്ചത്. 102 അംഗങ്ങളുണ്ട്. 1980ൽ ആരംഭിച്ചെങ്കിലും 29.5.1990 മുതൽ ആണ് വ്യാപാരം തുടങ്ങാനായത്. ക്യാഷ് ക്രെഡിറ്റിനായി 1991 മുതൽ നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇതേവരെ ലഭിച്ചിട്ടില്ല. 1995ൽ നബാർഡിൽ നിന്നുള്ള 2 ലക്ഷം രൂപ ക്യാഷ് ക്രെഡിറ്റ് കിട്ടുന്നതിനുള്ള ശ്രമം നടത്തിയിട്ടുണ്ട്. ഇപ്പോൾ 'ബി' ക്ലാസിൽ പെടുത്തിയിരിക്കുന്നു. കേവലം 10000 രൂപകൊണ്ട് ഉത്പാദനം ആരംഭിക്കുകയും 2 ലക്ഷം രൂപമാത്രം പ്രവർത്തനമൂലധനവായ്പയായി അനുവദിച്ചു കിട്ടുകയും ചെയ്തെങ്കിലും ചുരുങ്ങിയ കാലത്തെ തൊഴിലാളികളുടെ ത്യാഗമനോഭാവും കൂട്ടായ പ്രവർത്തനവും കൊണ്ട് തൊഴിലാളികളുടെ ക്ഷേമത്തിനായി ഇ.എസ്.ഐ. കയർത്തൊഴിലാളി ക്ഷേമനിധി, പ്രൊവിഡൻറ് ഫണ്ട് എന്നിവയാരംഭിക്കുന്നതിനും നേരത്തേ ഉണ്ടായിരുന്ന നഷ്ടം നികത്തി 5 ലക്ഷം രൂപയിലധികം ലാഭത്തിൽ വരുത്തുവാനും കഴിഞ്ഞു. 25 ഓളം തൊഴിലാളികൾ പണിയെടുക്കുന്നു ണ്ടെങ്കിലും തൊഴിലിനായി കാത്തിരിക്കുന്ന പകുതിയിലധികം അംഗങ്ങൾ ഇന്നും പുറത്തുനിൽക്കുന്നു. 30സെൻറ് സ്ഥലത്താണ് ഇന്ന് ഈ സ്ഥാപനത്തിൻെറ പ്രവർത്തനം കേന്ദ്രീകരിച്ചിരിക്കുന്നത് ഇതുതന്നെ തുടക്കം മുതൽ പ്രശ്നവും പോരായ്മയുമായി നിലനിൽക്കുന്നു.

### ന്യൂ ഭാരത് കയർ മാറ്റ്സ് മാറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എ.758

18.3.1985ൽ പ്രവർത്തനം ആരംഭിച്ചു. 104 അംഗങ്ങൾ ഉണ്ട്. കേന്ദ്ര സംസ്ഥാന എൻ.സി.ഡി.സി. വായ്കൾ ലഭിച്ചിട്ടുണ്ട്. ഇപ്പോൾ 55 തൊഴിലാളികൾ പണിയെടുക്കുന്നു. സംഘം ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

മേൽ സൂചിപ്പിച്ച തരത്തിലുള്ള സഹകരണസംഘങ്ങൾ ക്കായി സർക്കാർ ധനസഹായം വാങ്ങിയതിനുശേഷം പ്രവർത്തിക്കാതെ കിടക്കുന്ന സൊസൈറ്റികൾ നമ്മുടെ പഞ്ചായത്തു പ്രദേശത്തുണ്ട്. ഇത്തരത്തിലുള്ള സൊസൈറ്റികളെ സംബന്ധിച്ച് വിശദമായ ചർച്ചയും ഗൗരവമായ അന്വേഷണവും ആവശ്യമാണ്.

## ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ

നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് നാലുക്ഷീരോത്പാദക സഹകരണ സംഘങ്ങൾ ഉണ്ട്. ഇതിലൊരെണ്ണം പ്രവർത്തന രഹിതമാണ്. പഞ്ചായത്തിൻെറ വടക്കുഭാഗത്ത് വാർഡ് മൂന്നിൽ പ്രവർത്തിക്കുന്ന മപാള്ളെത്തെ ക്ഷീരോത്പാദക സഹകരണ സംഘം പ്രതിദിനം ശരാശരി 500 ലിറ്റർ പാൽ ശേഖരിക്കുന്നു. ഇതിൽ പഞ്ചായത്തിൽ തന്നെ 150 ലിറ്റർ പാൽ വിൽപനനടക്കുന്നു. മാരൻകുളങ്ങര പ്രദേശത്ത് പ്രവർത്തിക്കുന്ന കാട്ടൂർ ക്ഷീരോത്പാദക സഹകരണ സംഘം പ്രതിദിനം ശരാശരി 410 ലിറ്റർ പ്രതിദിനം പഞ്ചായത്തു പ്രദേശത്ത് 110 ലിറ്റർ പാതിരാപ്പള്ളിയിലെ ക്ഷീരോത്പാദക സഹകണ സംഘം പ്രതിദിനം ശരാശരി 300 ലിറ്റർ ശേഖരിക്കുന്നു. ഇതിൽ പഞ്ചായത്തിൽ തന്നെ 150 ലിറ്റർ വിൽക്കുന്നു. 3 സംഘങ്ങളിലുമായി ഏതാണ്ട് 225 പേർ പാൽ അളക്കുന്നു.

കന്നുകാലി വളർത്തൽ ഭൂരിഭാഗം കുടുംബങ്ങളും ഉപേക്ഷിച്ച സ്ഥിതിയാണുള്ളത്. ആവശ്യത്തിന് വൈക്കോലും, കാലിത്തീറ്റയും ലഭ്യമല്ലാത്തതും ഈ രംഗത്ത് കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്. പഞ്ചായത്തിൻെറ എല്ലാ വാർഡുകളിലും ക്ഷീരോത്പാദക സഹകരണ സംഘങ്ങളുടെ സാന്നിദ്ധ്യം അനുഭവപ്പെടുന്നില്ലാ എന്നത് ഈ രംഗത്തെ പോരായ്മയായി നിലനിൽക്കുന്നു.

കേരളാസ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് ക്ലിപ്തം 432

ഹോമിയോ മരുന്ന് ഉത്പാദനവുമായി ബന്ധപ്പെട്ട് പാതിരാപ്പള്ളിയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന് 1800 അംഗങ്ങളുണ്ട്. 39 ജീവനക്കാർ ജോലി ചെയ്യുന്നു.

### പ്രാഥമിക വായ്പാ സഹകരണസംഘങ്ങൾ

പ്രശ്നങ്ങൾ നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൻെറ പൊതുവികസനപദ്ധതികളിൽ സഹകരണസംഘങ്ങൾക്ക് നിർണായക പങ്ക് വഹിക്കാൻ കഴിയണം.

2. ഇന്ന് നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾ കൃഷിക്കാരുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള സ്കീമുകൾ തയ്യാറാക്കുന്നതിലും വായ്പ അനുവദിക്കുന്നതിലും താത്പര്യം കുറവാണ്. ഇത് മാറ്റിയെടുത്ത് കൃഷിക്കാർക്ക് പരമാവധി സഹായവും പ്രോത്സാഹനവും നല്കണം.

3. അമിത പലിശയ്ക്ക് പണം കടം കൊടുക്കുന്ന പണ ഇടപാടുകാരിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും ജനങ്ങളെ രക്ഷിച്ചേ തീരു. ഇതിനെ നേരിടുന്നതിന് ഇന്ന് നിലവിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കണം.

4. സ്വർണ്ണ പണയ വായ്പാ പദ്ധതി എല്ലാ സംഘങ്ങളിലും വ്യാപിപ്പിക്കണം.

5. വായ്പ തുക തിരിച്ചടയ്ക്കുന്നതിന് കാലാകാലങ്ങളിൽ ബോധവത്ക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കും കളക്ഷൻ ഏജൻറുമാരെ ചുമതലപ്പെടുത്തുകയും ചെയ്യുക.

6. അപേക്ഷകൾക്ക് ആവശ്യത്തിനുതകുന്ന തരത്തിൽ കൃത്യസമയത്ത് വായ്പകൾ കൊടുക്കുവാൻ സംഘങ്ങൾ ശ്രദ്ധിക്കണം.

7. ഓഹരി വായ്പാ അനുപാതം 1:10 എന്നത് 1:20 ആക്കണം എടുക്കുന്ന വായ്പയുടെ 10% ഓഹരിയായി അടയ്ക്കേണ്ടി വരുന്നതുമൂലം വായ്പ എടുക്കുന്നതിൽ അംഗങ്ങൾക്കു താത്പര്യം കുറവാണ്.

8. രാസവള വില്പനയോടൊപ്പം കർഷകരുടെ താത്പര്യം കണക്കിലെടുത്ത് ജൈവവള വില്പനയും സംഘങ്ങളുടെ ചുമതലയിൽ നടത്തണം.

### മത്സ്യ സഹകരണസംഘം

പ്രശ്നങ്ങൾ - നിർദ്ദേശങ്ങൾ

മത്സ്യതൊഴിലാളികൾ ഇന്നു നേരിടുന്ന ഏറ്റവും വലിയ പ്രശ്നം മത്സ്യ ബന്ധനോപകരണങ്ങളുടെ അപര്യാപ്തതയാണ്. ഇവിടെ നിലനില്ക്കുന്ന "തരക്" സമ്പ്രദായം ഉന്മൂലനം ചെയ്യാത്തിടത്തോളം മത്സ്യ-തൊഴിലാളികളെ പൂർണ്ണമായ തൊഴിലുടമകളാക്കാൻ കഴിയില്ല. 10% കമ്മീഷൻ വ്യവസ്ഥയിൽ തൊഴിലുപകരണങ്ങൾക്ക് സ്വന്തമാക്കാൻ കഴിയുന്നില്ല. മത്സ്യഫെഡുവഴി സഹകരണ സംഘങ്ങൾ മുഖേന മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിനുള്ള മുഴുവൻ തുകയും ലഭ്യമാക്കി ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്. ഇപ്പോൾ മത്സ്യഫെഡ് വഴി ഭാഗികമായേ വായ്പകൾ അനുവദിക്കുന്നുള്ളു. ഇതു മൂലം ഒരേ സമയം തരകൻെറയും മത്സ്യഫെഡിൻെറയും ബാദ്ധ്യതക്കാരൻ ആയിതീരുകയും മത്സ്യഫെഡിൻെറ വായ്പതുക തിരിച്ചടക്കാൻ കഴിയാതെ വരുകയും ചെയ്യുന്നു.

മത്സ്യബന്ധനത്തിലൂടെ കൂടുതൽ മത്സ്യം ലഭിക്കുന്ന കാലങ്ങളിൽ അവ സൂക്ഷിക്കാൻ സാദ്ധ്യമല്ലാ. അതാണ് മറ്റൊരു പ്രശ്നം. തന്മൂലം കുറഞ്ഞ വിലയ്ക്ക് മത്സ്യം വില്ക്കുന്നതിന് തൊഴിലാളികൾ നിർബന്ധിതരാകുന്നു. മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് മത്സ്യ സഹകരണ സംഘങ്ങളുമായി ബന്ധപ്പെടുത്തി ഫ്രീസറുകൾ വാങ്ങിയാൽ മത്സ്യ ദൗർലഭ്യം അനുഭവപ്പെടുന്ന സമയത്തും ആവശ്യക്കാർക്ക് കൊടുക്കുവാനും മത്സ്യതൊഴിലാളികൾക്ക് കൂടുതൽ വില ലഭ്യമാക്കുവാനും കഴിയും.

വള്ളങ്ങൾക്ക് ആവശ്യത്തിന് പെർമിറ്റ് മണ്ണെണ്ണ ലഭിക്കാത്തതും, ലഭിക്കുന്ന മണ്ണെണ്ണ ചില വള്ളം ഉടമകൾ കൂടിയ വിലയ്ക്ക് മറിച്ച് വില്ക്കുന്നതും കാരണം അമിതമായ സാമ്പത്തിക ചെലവുണ്ടാകുകയും ചെയ്യുന്നു. ഇത് ഒഴിവാക്കുന്നതിന് സഹകരണ സംഘങ്ങൾ വഴി പെർമിറ്റിന് ആവശ്യത്തിനനുസരിച്ച് മണ്ണെണ്ണ കൊടുക്കുവാൻ കഴിഞ്ഞാൽ ഇത് മാറ്റിയെടുക്കാനാവും.

പുതിയ എൻജിൻ വാങ്ങുമ്പോൾ യഥാസമയം പെർമിറ്റ് കിട്ടാത്തതും അമിതമായ കള്ളപെർമിറ്റുകൾ നിലനില്ക്കുന്നതും ഈ രംഗത്തെ ഒരു പ്രശ്നമാണ്. ഇതിലും സഹകരണ സംഘങ്ങൾക്ക് നിർണായക പങ്കു വഹിക്കാൻ കഴിയണം.

മത്സ്യ സഹകരണ സംഘങ്ങൾ വഴി മത്സ്യതൊഴിലാളിയ്ക്ക് പൂർണ്ണമായി വായ്പ ലഭ്യമാക്കുകയും പ്രാഥമിക സഹകരണ സംഘങ്ങൾ മത്സ്യലേലം തനതായി നടത്തുകയും ചെയ്യുക ഇതു വഴി വായ്പകൾ തിരിച്ചടവ് കൃത്യമായി നടക്കുകയും ഇടത്തട്ട് ചൂഷണം അവസാനിപ്പിക്കാനും കഴിയും.

### കയർ സഹകരണ സംഘങ്ങൾ

പ്രശ്നങ്ങൾ - നിർദ്ദേശങ്ങൾ

കയറുൽപ്പന്നങ്ങളുടെ അഭ്യന്തരം വിദേശ മർക്കറ്റുകളിലെ സ്തംഭനവും, ഉല്പാദനചെലവിൻെറ വർദ്ധനവിനനുസരിച്ച് ഉത്പന്നങ്ങൾക്ക് വില ലഭിക്കാത്തതും പ്രതിസന്ധിയായി നിലനില്ക്കുന്നു. വൻകിട കയറ്റുമതിക്കാർ കഴിഞ്ഞ കാലയളവിൽ മറ്റൊരു തന്ത്രവും പ്രയോഗിച്ചു. വരുന്ന 15 വർഷക്കാലത്തേയ്ക്ക് ചെയ്താലും തീരാത്ത ഓർഡറുകൾ ഉണ്ടെന്നും ആയതിനാൽ എത്ര ഉത്പാദിപ്പിച്ചാലും ആവശ്യത്തിനു തികയുകയില്ലായെന്നും പ്രചരിപ്പിച്ചു. ഇതിൻെറ ഫലമായി ക്രമാതീതമായി ഒറ്റ തറികൾ വർദ്ധിക്കുകയും നല്ലൊരു പുതിയ വിഭാഗം തൊഴിലാളികൾ ഈ രംഗത്തേക്കു വരുകയും ചെയ്തു. തന്മൂലം തൊഴിലാളികളുടെ വിലപേശൽ ശേഷികുറഞ്ഞു. കുറഞ്ഞ വിലയ്ക്ക് വൻകിടക്കാർക്കും. ഇടത്തട്ടുകാർക്കും കയറുൽപ്പന്നങ്ങൾ ശേഖരിക്കാൻ കഴിഞ്ഞു. തൊഴിലാളികൾക്ക് അർഹതപ്പെട്ട പല ആനുകൂല്യങ്ങളും കിട്ടാത്ത അവസ്ഥയും നിലനില്ക്കുന്നു. പ്ലാസ്റ്റിക് ഉല്പന്നങ്ങൾ സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നം ഇന്ന് യൂറോപ്യൻ സമൂഹത്തിൽ കയറിനോട് പ്രിയം വർദ്ധിപ്പിച്ചിരിക്കുന്നു. ഈ അനുകൂല സാഹചര്യം മുതലെടുക്കാൻ ഉത്പന്ന വൈവിധ്യ വൽക്കരണമടക്കമുള്ള ഒരു നവീന പദ്ധതിയ്ക്ക് രൂപം കൊടുക്കണം. ഈ കാര്യത്തിൽ നിലവിൽ പ്രവർത്തിക്കുന്ന കയർ സഹകരണ സംഘങ്ങൾക്ക് ഏറെ സംഭാവന ചെയ്യുവാൻ കഴിയും.

നിർദ്ദേശങ്ങൾ

1. നമ്മുടെ പഞ്ചായത്തിലെ മുഴുവൻ കയർ ഫാക്ടറി, കയർ പിരിതൊഴിലാളികളേയും സഹകരണാടസ്ഥാനത്തിൽ സംഘടിപ്പിച്ച് വൻകിട കയർ ഫാക്ടറിയും, കയർ സൊസൈറ്റികൾക്കും രൂപം കൊടുക്കുക. നിലവിൽ പ്രവർത്തിക്കുന്ന കയർ സഹകരണസംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുക.

2. ചെറുകിട കയർ ഫാക്ടറി ഉടമകളുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള സഹകരണ സംഘത്തിനു രൂപം നല്കുകയും കയറ്റുമതിക്കാരിൽ നിന്ന് സംഘം നേരിട്ട് ഓർഡർ ശേഖരിച്ച് ചെറുകിട ഉത്പാദകർക്ക് വിതരണം ചെയ്യുകയും ചെയ്യുക. ഇതുമൂലം കയറ്റുമതിക്കാർക്കും ചെറുകിട ഉത്പാദകർക്കും ഇടയിലുള്ള "ഡിപ്പൊ" സമ്പ്രദായം എന്ന ഇടത്തട്ട് ചൂഷണം അവസാനിപ്പിക്കാൻ കഴിയും

3. വനിതകൾക്കായി ആടർൂൻ ഞഛരജ്ഞൂടൻഛിഇ കയറുൽപ്പന്ന കരകൗശല നിർമ്മാണ പരിശീലനം കൊടുത്ത് അവരുടേതായ സഹകരണ സംഘം രൂപീകരിക്കുക.

കാർഷികരംഗം

കേവലം തുണ്ടുഭൂമികൾ മാത്രം കൈവശമുള്ള കൃഷിക്കാർ കൂടുതലുള്ള നമ്മുടെ പഞ്ചായത്തിൽ സഹകരണ കൃഷി ഏറ്റവും അനുയോജ്യമാണ്. ഉല്പാദനം വർദ്ധിപ്പിക്കുക, കാർഷിക പ്രവർത്തനങ്ങൾ നവീകരിക്കുക, കർഷകരുടെ ജീവിത നിലവാരം ഉയർത്തുക എന്നീ ലക്ഷ്യത്തോടെ ആഞ്ഞര ാട്ട്ാ ഡഛരൻഭൂഭീ മർടൂ്ാൺഇ കൂട്ടുകൃഷി സംഘങ്ങൾ രൂപീകരിക്കുക.

ഉപഭോക്തൃ സഹകരണ സംഘം

ഉപഭോക്തൃ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമക്കാൻ വേണ്ടി നമ്മുടെ പഞ്ചായത്തിൽ കൂടുതൽ ഉപഭോക്തൃ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

മൃഗ സംരക്ഷണം

1. കുറഞ്ഞ വിലയ്ക്ക് കാലിതീറ്റയും, കോഴിതീറ്റയും ലഭ്യമക്കുക ഇതിനായി പ്രാദേശികമായി ലഭ്യമാകുന്ന വിഭവങ്ങൾ സമാഹരിച്ച് സഹകരണാടിസ്ഥാനത്തിൽ തീറ്റ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കണം.

2. സഹകരണാടിസ്ഥാനത്തിൽ മൃഗ സംരക്ഷണ കേന്ദ്രങ്ങൾ ആരംഭിക്കുക.

3. ഇപ്പോൾ നിലവിലുള്ള ക്ഷീരോത്പാദന സൊസൈറ്റികളുടെ സാന്നിദ്ധ്യം പഞ്ചായത്തിൻെറ എല്ലാ വാർഡുകളിലും ഉണ്ടാകുന്നില്ല. അതു മാറ്റിയെടുത്ത് പ്രവർത്തനം വ്യാപിപ്പിക്കണം.

കെട്ടിട നിർമ്മാണ ഉപകരണ വിതരണ സൊസൈറ്റി

സഹകരണാടിസ്ഥാനത്തിൽ കോൺക്രീറ്റ് ഉത്പന്നങ്ങൾ, ജനലുകൾ, ഇഷ്ടികകൾ എന്നിവ നിർമ്മിച്ച് ഉപഭോക്താക്കൾക്ക് കൊടുക്കാവുന്നതാണ്. ശക്തമായ മേൽനോട്ടവും, നിർമ്മാണത്തിൽ കൂടുതൽ ഉത്തരവാദിത്വവും കാണിച്ചാൽ കൂടുതൽ വികസന സാദ്ധ്യതയുള്ള സ്ഥാപനമാക്കി മാറ്റാൻ കഴിയും.

വനിതാ ഭക്ഷ്യ സംസ്ക്കരണ സംഘം

വാണിജ്യാടിസ്ഥാനത്തിൽ സംഘടിപ്പിക്കാവുന്ന ഒന്നാണിത്. അച്ചാർ, മിക്ചർ, മുതലായവ ഉണ്ടാക്കുന്നതിനുള്ള സാങ്കേതിക വിദ്യ പഠിപ്പിച്ചാൽ കുറച്ച് വനിതകൾക്ക് ജോലി കൊടുക്കാൻ കഴിയും.

ഹൗസിംഗ് സഹകരണ സംഘം

പഞ്ചായത്തിലെ മുഴുവൻ ആളുകൾക്കും വീടു നിർമ്മിക്കുക എന്ന ലക്ഷ്യം വച്ചു കൊണ്ട് പാർപ്പിട സൗകര്യം സംഘം വഴി തരപ്പെടുത്തിക്കൊടുക്കാവുന്നതാണ്.

ഈ റിപ്പോർട്ട് ചുരുക്കി കൊണ്ട് സൂചിപ്പിക്കാനുള്ളത്. ജനങ്ങൾക്ക് പ്രത്യേകിച്ച് ഗ്രാമീണ ജനതയ്ക്ക് ആശ്രയിക്കാവുന്ന ഒരു പ്രസ്ഥാനമെന്ന നിലയ്ക്ക് സഹകരണ പ്രസ്ഥാനത്തിന് പകരം മറ്റൊന്നില്ല. ഇടത്തട്ടുകാരായ സമൂഹത്തിലെ ഇത്തിക്കണ്ണികളുടെ ക്രൂരവും, പൈശാചികവുമായ സമ്മർദ്ദതന്ത്രങ്ങൾ സാധാരണക്കാരനെ പൊറുതി മുട്ടിക്കുന്നു. ഇതിൽ നിന്ന് അവരെ രക്ഷിക്കുക എന്നതാത്രെ സഹകരണ പ്രസ്ഥാനത്തിന് നമ്മുടെ പഞ്ചായത്തിൽ നിർവഹിക്കാനുള്ള പ്രധാന കടമ.

ജനകീയ ആസൂത്രണ പദ്ധതിയുടെ ഭാഗമായി നമ്മുടെ പഞ്ചായത്തിലെ 15 വാർഡുകളിലെ ഗ്രാമസഭകൾ ചർച്ചയ്ക്ക് സമർപ്പിച്ച റിപ്പോർട്ട്, സ്ഥലത്തെ സഹകാരികളുമായി കൂടിയാലോചിച്ച് തയ്യാറാക്കിയ നിർദ്ദേശങ്ങളാണ് മുകളിൽ സൂചിപ്പിച്ചിട്ടുള്ളത്. നമ്മുടെ പഞ്ചായത്തിൻെറ പരാധീനതകൾ കണ്ടറിഞ്ഞ് അവ പരിഹരിക്കാൻ വഴി തേടുന്ന നിങ്ങളുടെ മുൻപാകെ ഈ വികസന റിപ്പോർട്ട് സജീവമായി ചർച്ചയ്ക്കും അംഗീകാരത്തിനുമായി സവിനയം സമർപ്പിക്കുന്നു.

| | സംഘത്തിൻെറ പേര് | സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | ഓഹരി മൂലധനം | ലാഭമോ നഷ്ടമോ |
|---|---|---|---|---|---|
| 1 | സർവ്വോദയപുരം കയർ മാറ്റ്സ് & മാറ്റിംഗ് സഹകരണ സംഘം | 1960 | 102 | 146172 | ലാഭം |
| 2 | ന്യൂ ഭാരത് കയർ മറ്റ്സ് & മാറ്റിംഗ് സഹകരണ സംഘം | 1985 | 104 | 672,050 | നഷ്ടം |
| 3 | പാതിരപ്പള്ളി ക്ഷീരോത്പ്പാദക സഹകരണ സംഘം | - | 40 | - | - |
| 4 | കാട്ടൂർ ക്ഷീരോത്പ്പാദക സഹകരണ സംഘം | - | - | - | - |
| 5 | പൊള്ളേത്തൈ ക്ഷീരോത്പ്പാദക സഹകരമ സംഘം | 1984 | 283 | - | - |
| 6 | ഹോമിയോപ്പതിക്ക് കോ ഓപ്പറേറ്റീവ് ഫാർമസി പാതിരപ്പള്ളി | | 1800 | | |
| 7 | K.S.D.P. എംപ്ലോയീസ് സൊസൈറ്റി | 1975 | 520 | | |
| 8 | എക്സൽ ഗ്ലാസ് എംപ്ലോയീസ് സൊസൈറ്റി | | | | |
| 9 | ചെട്ടിക്കാട് U.P. സ്ക്കൂൾ സഹകരണ സംഘം | 1975 | 2084 | | ലാഭം |
| 10 | കാട്ടൂർ H.S. സഹകരണ സംഘം | | 5722 | 6326 | ലാഭം |

**പട്ടിക 1**

**ക്രഡിറ്റ് സൊസൈറ്റികൾ**

| | സംഘത്തിൻെറ പേര് | സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | ഓഹരി മൂലധനം | ലോൺസംഖ്യ തിരിച്ചടയ്ക്കാത്തതിനു കാരണം | ലാഭമോ നഷ്ടമോ |
|---|---|---|---|---|---|---|
| 1 | കലവൂർ സർവ്വീസ് സഹകരണ ബാങ്ക് | 1926 | 8053 | 2030000 | അംഗങ്ങളുടെ സാമ്പത്തിക ബുദ്ധിമുട്ട്. ബോധവത്ക്കരണക്കുറവ് | ലാഭം |
| 2 | കാട്ടൂർ സർവ്വീസ് സഹകരണ ബാങ്ക് | 1951 | 6414 | 5 ലക്ഷം | ″ | നഷ്ടം |
| 3 | മാരാരിക്കുളംതെക്ക് സർവ്വീസ് സഹകരണ സംഘം | 1943 | 3446 | 2 ലക്ഷം | ″ | നഷ്ടം |
| 4 | ചെട്ടിക്കാട് മത്സ്യ തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം | 1992 | 472 | 37650 | ″ | ″ |
| 5 | ചെട്ടിക്കാട് കാട്ടൂർ മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം | 1987 | 1664 | 1,40,260 | ″ | ″ |
| 6 | കാട്ടൂർ മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം | 1992 | 450 | - | - | - |
| 7 | പൊള്ളേത്തൈ ചെത്തി മത്സ്യ തൊഴിലാളി ക്ഷേമ സഹകരണ സംഘം. | 1987 | | | | |
| 8 | മാരാരിക്കുളം തെക്ക് പട്ടികജാതി സർവ്വീസ് സഹകരണ സംഘം | 1985 | 706 | 1,11,800 | ബോധവത്ക്കരണക്കുറവ് | നഷ്ടം |

*"ഒരു ചേറിൽ കുരുക്കുന്നു സിതാംബുജങ്ങൾ*
*കാറിൽ പിറക്കുന്നു പയക്കണങ്ങൾ*
*മങ്ങിക്കിടക്കുന്ന പുഷ്ഠഭൂവിൽ*
*മാഹാത്മ്യ ചിത്രം വരുവാൻ മനോജ്ഞം"*

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

ജാതിമത ഉച്ചനീചത്വങ്ങളുടെ പരകോടിയിൽ നിന്ന കേരളത്തെ കണ്ടുകൊണ്ട് സ്വാമി വിവേകാനന്ദൻ പറയുകയുണ്ടായി കേരളം ഒരു ഭ്രാന്താലയമെന്ന്. തൊട്ടുകൂടാത്തവർ, തീണ്ടിക്കൂടാത്തവർ, ദൃഷ്ടിയിൽ പെട്ടാൽ ദോഷമുള്ളോർ എന്നിങ്ങനെ മനുഷ്യനെ അകറ്റിനിർത്തിയിരുന്ന പോയകാലഘട്ടത്തിൽ ഈ വിഭാഗത്തിൻെറ ഉന്നമനത്തിനായി അയിത്തോച്ചാടനം ജീവിതവൃതമായി സ്വീകരിച്ച മഹാത്മജി തുടങ്ങിവച്ച പ്രവർത്തനങ്ങൾ കേരളത്തിലും ചലനങ്ങൾ സൃഷ്ടിക്കുകയും അവർണരോടൊപ്പം സവർണരും ഈ സമരങ്ങളിൽ പങ്കാളികളാവുകയും ചെയ്തു.

മഹാനായ അയ്യൻകാളിയുടെ നേതൃത്വത്തിൽ നടന്ന വേങ്ങന്നൂർ സമരം, സമസ്തമാനവ പുരോഗതിയെ ലക്ഷ്യം വെച്ചുകൊണ്ടുള്ള ശ്രീനാരായണ പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ മഹാകവി പണ്ഡിറ്റ് കറുപ്പൻെറ പ്രവർത്തനങ്ങൾ മഹാരഥൻമാരായ കെ. കേളപ്പൻ, ടി.കെ. മാധവൻ, സഹോദരൻ അയ്യപ്പൻ, എ.കെ. ഗോപാലൻ, പി. കൃഷ്ണപിള്ള തുടങ്ങിയവരുടെ നേതൃത്വത്തിൽ നടന്ന വൈക്കം സത്യാഗ്രഹവും എല്ലാമെല്ലാം. എന്നാൽ ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങളുടെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് ആ പാമ്പരാവ് തുടരുന്ന കാര്യത്തിൽ എന്തുകൊണ്ടോ പിൻതലമുറക്കാർ അറച്ചുനിന്നു. ഭരണഘടനാശിൽപിയായ ഡോ. ബി.ആർ. അംബേദ്കർ ഈ വിഭാഗത്തിൻെറ ഭരണഘടനാവകാശങ്ങൾ സുശക്തമായി ഭരണഘടനയിൽ പ്രതിപാദിച്ചിട്ടുണ്ടെങ്കിലും പരിഷ്കൃത സമൂഹവുമായി ഇവരെ പൊരുത്തപ്പെടുത്തുവാൻ ഇനിയും നാം തയ്യാറാകേണ്ടിയിരിക്കുന്നു. ഇവരുടെ സർവ്വതോന്മുഖമായ പുരോഗതി എന്ന ലക്ഷ്യം കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ലായെങ്കിലും ചില ഗുണപരമായ മാറ്റങ്ങൾ കാണുവാൻ സാധിക്കുന്നു. ഈ സമൂഹത്തെ കൈപിടിച്ചുയർത്തുവാൻ ജനപ്രതിനിധികളും സാമൂഹ്യസന്നദ്ധ സംഘടനകളും വിവിധ സർക്കാർ ഏജൻസികളും അവധാനതയോടെ ഒന്നിക്കേണ്ടിയിരിക്കുന്നു. ഇതിനായി സുതാര്യവത്കരണത്തിന് ഊന്നൽ നൽകുന്ന ഒൻപതാം പദ്ധതി പ്രവർത്തനങ്ങളിൽ നമുക്ക് ഒത്തുചേരാം.

ഭരണഘടനയുടെ 341-ാം ഖണ്ഡികപ്രകാരം നിർദേശിക്കപ്പെട്ടിട്ടുള്ള പട്ടികയിൽപെടുന്ന സമുദായങ്ങളെ പട്ടികജാതിയെന്നും 342-ാം ഖണ്ഡികപ്രകാരമുള്ളവരെ പട്ടികവർഗ്ഗമെന്നും പറയുന്നു. 1951 ലെ ഭരണഘടനാഭേദഗതിയിലൂടെ ഈ വിഭാഗത്തിൻെറ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ പുരോഗതിക്കായി പദ്ധതികളും പരിപാടികളും നടപ്പിലാക്കാൻ സംസ്ഥാനസർക്കാരുകൾക്ക് അതിർത്തിയില്ലാത്ത അധികാരങ്ങൾ നൽകിയിട്ടുണ്ട്. പദ്ധതി ആസൂത്രണത്തിലെന്നപോലെ അവ നടപ്പിൽവരുത്തുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. പലപ്പോഴും ഉദ്യോഗസ്ഥൻമാരുടെ കൈകളിൽ പദ്ധതികൾ പാളിപ്പോകുന്നതായിക്കാണാം. അഴിമതി, പദ്ധതിവിഹിത ദുർവിനിയോഗം എന്നിവ ഈ രംഗത്ത് വളരെക്കൂടുതലാണ്. അനർഹർ ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നത് ഈ രംഗത്ത് വിരളമല്ല.

ഈ പ്രവണതകൾ ഇല്ലായ്മ ചെയ്യുവാൻ സർക്കാർ നടപടികൾ സ്വീകരിക്കാറുണ്ടെങ്കിലും ലക്ഷ്യം കൈവരിച്ചിട്ടില്ല. ഗുണഭോക്താക്കളെയും, പൊതുജനപ്രതിനിധികളെയും പദ്ധതി നടപ്പിനെക്കുറിച്ച് ബോധവാൻമാരാക്കിയാൽ ഈ പ്രശ്നത്തിന് പരിഹാരമായി.

### പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പ്രശ്നങ്ങൾ

ഈ വിഭാഗത്തിൽപ്പെട്ടവരിൽ ഭൂരിഭാഗവും വയലേലകളിലും പറമ്പുകളിലും കൂലിപ്പണിയെടുത്ത് ജീവിച്ചുപോരുന്നവരാണ്. മറ്റു ചില മേഖലകളിലും ഉപജീവനത്തിനായി ഇവർ പോകാറുണ്ട്. കുടുംബങ്ങളിലെ വിദ്യാഭ്യാസ നിലവാരം ആശാവഹമല്ല. . സർക്കാർ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നല്കാറുണ്ടങ്കിലും കുടുംബപ്രാരാബ്ധങ്ങൾ നിമിത്തം കുട്ടികൾ പരമ്പരാഗതത്തൊഴിലുകളിൽ പ്രവേശിക്കുന്നതായി കാണാം. ന്യൂനപക്ഷം വിദ്യാഭ്യാസം സിദ്ധിച്ച് സർക്കാർ തൊഴിൽ മേഖലകളിൽ പ്രവേശിച്ചിട്ടു ണ്ടെങ്കിലും മഹാഭൂരിപക്ഷത്തിന്റെയും നില ദയനീയ മാണ്. ഇവർ കലാസാംസ്കാരിക രംഗങ്ങളിൽ വേണ്ടത്ര പുരോഗതി പ്രാപിച്ചിട്ടില്ല. അടിസ്ഥാന സൗകര്യങ്ങളായ ശുദ്ധജലം, വൈദ്യുതി, കക്കൂസ് എന്നിവയുടെ ലഭ്യത വളരെ പരിമിതമാണ്. കോളനികളിൽ താമസിക്കുന്ന വരെക്കാൾ കുറച്ചു കൂടി ഉയർന്ന ജീവിതനിലവാരം പുലർത്തുന്നവരാണ് ഒറ്റപ്പെട്ടു ജീവിക്കുന്ന കുടുംബങ്ങൾ. സർക്കാർ പദ്ധതികളെ കുറിച്ചുള്ള അറിവില്ലായ്മയും സർക്കാരിന്റെ കർക്കശമായ നിബന്ധനകളും കാരണം ഇവർക്കു ലഭിക്കേണ്ട ആനുകൂല്യങ്ങൾ പൂർണ്ണമായി ലഭിക്കുന്നില്ല. ഇവരുടെ ഡിപ്പാർട്ടുമെന്റ് മുഖേന വർഷാവർഷം ക്ഷേമപ്രവർത്തനങ്ങൾക്കായി അനുവദിച്ചുവരുന്ന ഭീമമായ തുക ഉദ്യോഗസ്ഥൻമാരുടെ കെടുകാര്യസ്ഥതമൂലം നഷ്ടപ്പെടുന്നതായി കാണാം. ഇതുമൂലം ഈ ആനുകൂല്യങ്ങൾ തട്ടിയെടുക്കുവാൻ കയ്യാളൻമാർക്കു സാധിക്കുന്നു.

വിദ്യാഭ്യാസ - തൊഴിൽ - സാമൂഹ്യ - രാഷ്ട്രീയ രംഗങ്ങളിൽ ഈ വിഭാഗത്തിലെ സ്ത്രീകൾ പുരുഷൻമാരേക്കൾ പിന്നിലാണ്. സാമൂഹിക ഉച്ചനീചത്വങ്ങൾ ഇന്നും ചില സ്ഥലങ്ങളിൽ നിലവിലുണ്ട്. അന്ധവിശ്വാസങ്ങൾ നിലനിൽക്കുന്നു. സ്വയം തൊഴിൽ മേഖലകളുടെ അഭാവം, സാങ്കേതികവിദ്യാഭ്യാസ പരിശീലനകേന്ദ്രങ്ങളുടെ കുറവ്, ഇടത്തട്ടുകാരുടെ ചൂഷണം, ഇവമൂലം ഇവർ അനുഭവിക്കുന്ന ക്ലേശങ്ങൾ വളരെ വലുതാണ്. ശുചീകരണപ്രവർത്തനങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ നിമിത്തം ആരോഗ്യമില്ലായ്മ, പകർച്ചവ്യാധികൾ എന്നിവ ഈ സമൂഹത്തിന്റെ ഇടയിൽ വളരെ കൂടുതലാണ്.

### സാധ്യതകൾ

1. സാമൂഹിക ഉച്ചനീചത്വങ്ങൾ മാറ്റിയെടുക്കുവാനും തങ്ങൾ താഴെതട്ടുകാരാണെന്നുള്ള ധാരണ മാറ്റിയെടുക്കുവാനും ശരിയായ ബോധവൽക്കരണത്തിലൂടെ മാത്രമേ കഴിയു.

2. പട്ടികജാതി പട്ടികവർഗ്ഗത്തിന്റെ സ്ഥായിയായ പുരോഗതിക്ക് ജീവിതത്തിന്റെ അടിസ്ഥാന സൗകര്യ ങ്ങളായ കുടിവെള്ളം, കക്കൂസ്, പാർപ്പിടങ്ങൾ എന്നിവ സമയബന്ധിതമായി ലഭ്യമാക്കുക. പ്രാഥമിക വിദ്യാഭ്യാസം നിർബന്ധിതമാക്കുക.

3. ഉന്നതവിദ്യാഭ്യാസം നേടിയവരെ കണ്ടെത്തി അനുമോദിക്കുകയും അവർക്ക് തൊഴിൽ ഉറപ്പുവരുത്തുകും ചെയ്യുക.

4. മഴക്കാലങ്ങളിൽ തെങ്ങുകയറ്റത്തൊഴിലാളികൾക്ക് മറ്റുതൊഴിലുകളിൽ ഏർപ്പെടുന്നതിന് സൗകര്യം ഒരുക്കുക.

5. ഈ വിഭാഗത്തിനു വേണ്ടി സമ്പാദ്യപദ്ധതികൾ നടപ്പിലാക്കുക.

6. വിവിധ കുടിൽവ്യവസായങ്ങളാരംഭിക്കുന്നതിന് നെയ്ത്ത്, തയ്യൽ, കൊല്ലപ്പണി, ആശാരിപ്പണി, ഈറ, ചൂരൽ ഇവകൊണ്ടുള്ള ഉത്പന്നങ്ങൾ നിർമിക്കൽ എന്നിവയിൽ ആവശ്യമായ പരിശീലനം കൊടുക്കുക. ദാരുശില്പനിർമാണം, തഴപ്പായ, കയറുപിരി, ഇലക്ട്രോണിക് ഉപകരണങ്ങളുടെ റിപ്പയർ തുടങ്ങിയ മേഖലകളിൽ സ്വയംതൊഴിൽ കണ്ടെത്തുന്നതിന് പരിശീലനവും സഹായവും നൽകുക.

7. നിരക്ഷരരെ കണ്ടെത്തി സാക്ഷരരാക്കുക.

8. ഹരിജനക്ഷേമവകുപ്പിന്റെ കീഴിലുള്ള എക്സാമിനേഷൻ സെൻറർ, ട്രെയിനിംഗ് സെൻററുകൾ, ഉത്പാദനപരിശീലനകേന്ദ്രങ്ങൾ എന്നീ സ്ഥാപനങ്ങളിലെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.

9. എസ്.എസ്.എൽ.സി. തോറ്റ പട്ടികജാതി പട്ടികവർഗ്ഗവിദ്യാർത്ഥികളെ ആനുകൂല്യങ്ങളെക്കുറിച്ച് ബോധ്യപ്പെടുത്തി തുടർവിദ്യാഭ്യാസത്തിനു പ്രേരിപ്പിക്കുക.

10. ഈ വിഭാഗത്തിൽപെട്ടവർ കൂട്ടമായി താമസിക്കുന്ന ഇടങ്ങളിൽ ടെലിവിഷൻ സെറ്റുകൾ സ്ഥാപിക്കുക. ഇത് പരിഷ്കൃതലോകവുമായി ബന്ധപ്പെടാൻ അവരെ സഹായിക്കും.

11. താഴ്ന്ന വരുമാനക്കാർക്ക് സൗജന്യറേഷൻ നൽകുക.

12. ഉന്നതവിദ്യാഭ്യാസത്തിന് മതിയായ തുക സ്കോളർഷിപ്പായി നൽകുക.

13. സാമൂഹ്യക്ഷേമസന്നദ്ധസംഘടനാ പ്രവർത്തനങ്ങളിൽ ഇവരെ ഉൾപ്പെടുത്തുക.

ഡിപ്പാർട്ടുമെന്റ് നടത്തിയ പദ്ധതികളുടെ അവലോകനം

പട്ടികജാതി പെൺകുട്ടികളുടെ വിവാഹധനസഹായം

| വർഷം | എണ്ണം | തുക |
|---|---|---|
| 1991 96 | 7 | 14000 |
| 1996-97 | 1 | 2000 |
| ആകെ | 8 | 16000 |

മാരാരിക്കുളം തെക്കുപഞ്ചായത്തിൽ നിന്നും പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പിന്റെ ഭവനനിർമാണഫണ്ടിൽനിന്നും അനുവദിച്ച ഭവനങ്ങളുടെ എണ്ണവും ചെലവായ തുകയും

| വർഷം | ഭവനങ്ങളുടെ എണ്ണം | തുക |
|---|---|---|
| 1991-92 | 1 | 8500 |
| 1992 - 93 | 12 | 144000 |
| 93 - 94 | 3 | 36000 |
| 94 - 95 | 2 | 24000 |
| 95 - 96 | 1 | 20000 |
| ആകെ | 19 | 3,12,500 |



വീടുകൾ കെട്ടിമേയുന്നതിനുള്ള ധനസഹായം 1991 - 96

| വർഷം | ഭവനങ്ങളുടെ എണ്ണം | തുക |
|---|---|---|
| 1991-92 | 5 | 750 |
| 1992 - 93 | 4 | 600 |
| 93 - 94 | 3 (500 രൂപ പ്രകാരം) | 1500 |
| 94 - 95 | 3 | 1500 |
| 95 - 96 | 3 | 1500 |
| ആകെ | 18 | 5850 |

ഉദ്യോഗാർത്ഥികളുടെ യാത്രാപ്പടി

| വർഷം | എണ്ണം | തുക |
|---|---|---|
| 1991-92 | 4 | 210 |
| 1992 - 93 | 8 | 280 |
| 93 - 94 | 10 | 725 |
| 94 - 95 | 7 | 300 |
| 95 - 96 | 14 | 1030 |
| ആകെ | 43 | 2545 |

ചികിത്സാ സഹായം

| വർഷം | അപേക്ഷകരുടെ എണ്ണം | തുക |
|---|---|---|
| 1991-92 | 2 | 1000 |
| 1992 - 93 | ഇല്ല | ഇല്ല |
| 93 - 94 | ഇല്ല | ഇല്ല |
| 94 - 95 | ഇല്ല | ഇല്ല |
| 95 - 96 | ഇല്ല | ഇല്ല |
| ആകെ | 2 | 1000 |

# മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്ത് ബഡ്ജറ്റ് 1996-97

| വരവ് | | | ചെലവ് | | |
|---|---|---|---|---|---|
| 1. പഞ്ചായത്ത് നികുതി | - | 18,37,500.00 | 1. നടത്തിപ്പും പിരിവും | - | 10,65,000.00 |
| 2. പ്രത്യേക ആക്റ്റ് പ്രകാരമുള്ള വരവ് | - | 8,73,000.00 | 2. പൊതുമരാമത്ത് | - | 10,65,000.00 |
| 3. പഞ്ചാ. വസ്തുക്കളിൽ നിന്നുള്ള വരവ് | - | 3,45,000.00 | 3. വിദ്യാഭ്യാസം | - | 4,70,000.00 |
| 4. പഞ്ചായത്ത് ഫീസ് | - | 1,26,000.00 | 4. ജലവിതരണവും ഡ്രെയിനേജും | - | 6,00,000.00 |
| 5. ഗവണ്മെൻറ് ഗ്രാൻറ് | - | 39,00,000.00 | 5. പൊതുജനാരോഗ്യം | - | 17,03,000.00 |
| 6. പലവകയിനത്തിലുള്ള വരുമാനം | - | 23,75,000.00 | 6. തെരുവു വിളക്ക് | - | 4,00,000.00 |
| 7. മൂലധന കണക്ക് | - | 1500000.00 | 7. കൃഷി | - | 6,10,000.00 |
| 8. കടമിനം സംബന്ധിച്ച കണക്ക് | - | 80,000.00 | 8. മൃഗപരിപാലനം | - | 2,90,000.00 |
| ആകെ | - | 110,36,500.00 | 9. സാമൂഹ്യക്ഷേമം | - | 4,00,000.00 |
| പ്രാരംഭ ബാക്കി | - | 6,93,882.95 | 10. വിവിധ സ്ക്കീമുകൾ പ്രകാരമുള്ള ചിലവ് | - | 5,85,000.00 |
| ഒട്ടാകെ | - | 117,30,382.95 | 11. പഞ്ചാ. വസ്തുക്കൾ, കശാപ്പുശാല നിർമ്മാണം | - | 1,06,000.00 |
| | | | 12. ഷോപ്പിംഗ് സെൻറർ-കം-കമ്മ്യൂണിറ്റി ഹാൾ | - | 10,00,000.00 |
| | | | 13. പ്ലാൻ പദ്ധതികൾ | - | 1785000.00 |
| | | | 14. പ്ലാനിൽ പെടാത്ത പദ്ധതികൾ | - | 400000.00 |
| | | | 15. കടമിനം-മടക്കി കൊടുക്കാൻ | - | 80,000.00 |
| | | | ആകെ | - | 111,06,500.00 |
| | | | അവസാന ബാക്കി | - | 6,23,882-95 |
| | | | ഒട്ടാകെ | - | 117,30,382.95 |

"പലതുള്ളിപ്പെരുവെള്ളം"

# വിഭവസമാഹരണം

നമ്മുടെ പഞ്ചായത്തിന്റെ മുഖ്യ വരുമാന മാർഗ്ഗങ്ങൾ മത്സ്യബന്ധനവും, കൃഷിയും, കയർമേഖലയിലെ വിവിധ ഇനം തൊഴിലുകളും ആയിരുന്നു. എന്നാൽ ഈ മേഖലകളിലേക്ക് 'പുരോഗതിക്കായ്' എന്ന ഭാഷ്യത്തിൽ കൊണ്ടുവന്ന മണ്ണിനും, മനുഷ്യനും യോജിക്കാത്ത കെട്ടിയിറക്കപ്പെട്ട അടിച്ചേൽപിക്കപ്പെട്ട ആധുനിക കാർഷിക-വ്യാവസായിക-വ്യാപാരവല്ക്കരണവും, 'ഒരല്പം' വിദ്യാഭ്യാസം ലഭിച്ചു എന്ന പേരിൽ വെള്ളക്കോളർ തൊഴിലിനോടുള്ള ഈ മേഖലകളിലെ യുവതലമുറയുടെ അമിതമായ അഭിവാഞ്ഛയും പരമ്പരാഗത തൊഴിലുകളോട് ഭരണാധികാരി വർഗ്ഗത്തിനും സമൂഹത്തിനാകെത്തന്നെയുള്ള അവഗണനാ മനോഭാവവും ഈ പഞ്ചായത്തിന്റെ സാമ്പത്തിക പുരോഗതിയെ ഒരളവോളം പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഒരു സാധാരണ സർക്കാർ ജീവനക്കാരന് ലഭിക്കുന്ന പരിഗണനയോ, ആദരവോ പോലും ഒരു കൃഷിക്കാരനോ പരമ്പരാഗത തൊഴിലാളിക്കോ ഈ സമൂഹത്തിൽ ലഭിക്കുന്നില്ല എന്ന ദുഃഖകരമായ സത്യം ഉൾക്കൊണ്ടുകൊണ്ടും ആ അവസ്ഥയെ മാറ്റുവാൻ ശ്രമിച്ചുകൊണ്ടും മാത്രമെ നമുക്കിനു മുന്നോട്ടു പോകാനൊക്കൂ.

പരമ്പരാഗത തൊഴിൽ മേഖലകളിലൊക്കെ സംവത്സരങ്ങൾക്കു മുൻപുണ്ടായിരുന്ന കൂട്ടായ്മയും, പരസ്പരം സുഖദുഃഖങ്ങൾ പങ്കിടുവാൻ കഴിഞ്ഞിരുന്ന മാനസിക വളർച്ചയും ഇന്ന് അന്യം നിന്നിരിക്കുന്നു. മത്സ്യമേഖലയിൽ പ്രായാധികൃത്താൽ തൊഴിലിനു പോകാൻ സാധിക്കാത്ത വ്യക്തികൾക്കും ഓരോ ദിവസവും മൊത്തം ലഭിക്കുന്ന മത്സ്യത്തിന്റെ ഒരു പങ്ക് നൽകിവന്നിരുന്നു. ഒരു പക്ഷേ ഇതായിരിക്കും കേരളത്തിലെ ആദ്യത്തെ 'പെൻഷൻ' സമ്പ്രദായം. പണിക്കു പോകുന്നവരുടെ കൂട്ടത്തിൽ ഒരാൾക്ക് അസുഖം വന്ന് അയാൾക്ക് ആ ദിവസം ജോലി ചെയ്യാൻ കഴിയാതെ വന്നാൽ ആ വ്യക്തിക്കും വരുമാനത്തിന്റെ ഒരു പങ്ക് 'സിക്ക് ലീവ്' ആനുകൂല്യം ആയി നല്കിയിരുന്നു. ഇത്തരത്തിലുള്ള സഹജീവിയോടുള്ള സ്നേഹവും ആദരവും സമൂഹത്തിൽ ആകെതന്നെ കാണുന്നില്ല. സുഖകരമായ ആ ഗതകാല സാമൂഹികാവസ്ഥ തിരിച്ചുകൊണ്ടു വരാൻ നാം ബോധപൂർവം ശ്രമിച്ചേ മതിയാവൂ.

പാട്ടവും വാരവും നിർത്തലാക്കിയും സ്വന്തമായി പുരയിടവും കൃഷിഭൂമിയും ലഭിച്ചതോടുകൂടി ഉടമസ്ഥതാബോധം വന്ന ജനത കൃഷിയിൽ വർദ്ധിത വീര്യത്തോടെ പ്രവർത്തന നിരതമാകുകയും തൻമൂലം കൃഷിമേഖലയിൽ നിസ്തുല ചൈതന്യം വിളങ്ങുകയും ചെയ്തിരുന്നു. എന്നാൽ ശരിയായിട്ടുള്ള ശാസ്ത്ര നേട്ടങ്ങൾ തെറ്റായി പ്രയോഗിച്ചതിന്റെ ദൂഷ്യഫലമായി ഇന്നു കൃഷി ഒരു നഷ്ടകച്ചവടമായി കൃഷിക്കാരും മറ്റുള്ളവരും കാണുന്നു. കൂടാതെ അതുവരെ ലഭിച്ചിരുന്ന മറ്റാനുകൂല്യങ്ങൾ നിർത്തലാക്കിയതും ഈ അധഃപതനത്തിന് ആക്കം കൂട്ടി. ഗ്രൂപ്പ് ഫാമിംഗിന്റെ പ്രയോഗത്തിലുണ്ടായിട്ടുള്ള

അശാസ്ത്രീയത കഴിയാവുന്നത്ര പരിഹരിച്ചുകൊണ്ടും അശാസ്ത്രീയമായ വളപ്രയോഗം മൂലം നഷ്ടപ്പെട്ട മണ്ണിന്റെ ജൈവികത തിരിച്ചുകൊണ്ടുവന്നും നിർത്തലാക്കിയ ആനുകൂല്യങ്ങൾ പുനസ്ഥാപിച്ച് അതന്റെ നിരക്കിൽ വർദ്ധനവുണ്ടാക്കിയും കൃഷിമേഖലയെ പുനർജീവിപ്പിക്കാൻ കഴിയണം.

മത്സ്യമേഖലയിലേക്ക് ഭൂവുടമകൾ കൂടിയായ ഇടനിലക്കാരുടെ ബോധപൂർവ്വമായ കടന്നു കയറ്റവും വിദേശ ട്രോളറുകളുടെ അധിനിവേശവും തൊഴിലാളികളെ വമ്പിച്ച ചൂഷണത്തിനു വിധേയരാക്കി. ശേഖരിക്കുന്ന മുഴുവൻ മത്സ്യത്തിന്റെയും വില നിശ്ചയിക്കുന്നതിനുള്ള അവകാശം പോലും യഥാർത്ഥ തൊഴിലാളികളിൽ നിന്നും ഇടനിലക്കാർ കൈയ്യടക്കിവച്ചു. എന്നാൽ കാലാന്തരത്തിൽ മത്സ്യമേഖലയിലുണ്ടാക്കിയ സഹകരണ പ്രസ്ഥാനങ്ങളുടെ കടന്നു വരവോടെ ഒരു പരിധിവരെ ഈ ചൂഷണത്തിനു കുറവുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ പ്രയോജനം സാർവ്വത്രികവും കുറ്റമറ്റതും ആക്കുന്നതിലേക്കായി നമ്മുടെ സവിശേഷ ശ്രദ്ധപതിയേണ്ടതുണ്ട്.

തൊണ്ടടിച്ച് കയറുപിരിച്ച് വരുമാനം കണ്ടെത്തിയിരുന്ന സ്ത്രീകൾക്ക് നാളികേരോല്പാദനത്തിലെ കുറവു മൂലമുണ്ടായ തൊണ്ടിന്റെ ദൗർലഭ്യം അവരുടെ തൊഴിലിനു മാന്ദ്യം ഉണ്ടാക്കുവാൻ കാരണമാക്കി. കേന്ദ്രീകൃത രീതിയിൽ പണിയെടുപ്പിച്ചരുന്ന പട്ടണത്തിലെ ഫാക്ടറികളിൽ പണിയെടുക്കുവാൻ പോയിരുന്ന പുരുഷൻമാർ ആ തൊഴിലുകളിൽ നിന്നും പരിഞ്ഞുവന്ന് പ്രാദേശികമായി ഓരോരുത്തർക്കും 'സ്വർണ്ണഹസ്തദാനമായി' ലഭിച്ച തറികൾ സ്ഥാപിച്ച് ഉല്പാദനം തുടങ്ങി. എന്നാൽ തൊഴിൽ വ്യാപനം മൂലം തൊഴിലാളികൾക്കു ലഭിക്കുമായിരുന്ന അർഹമായ സമ്പത്ത് ഇടനിലക്കാരുടെ വേഷത്തിൽ വന്ന കുത്തക മുതലാളിമാർ മുഖേനഅവർക്കു നഷ്ടപ്പെട്ടു. പ്രാദേശിക അസംസ്കൃത വസ്തുക്കളുടെ അപര്യാപ്തതമൂലം പുറം ദേശങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന ചകിരിയും, കയറും കയർ ഉല്പാദനമേഖലയേ ഗ്രസിച്ചു. രജിസ്ട്രേർഡ് കയർത്തറി ഉടമകൾക്കൊക്കെ കയർ ബോർഡിൽ കൂടിത്തന്നെ ഓർഡറുകൾ വിതരണം ചെയ്യുന്നതിൽ പൂർണ്ണമായും ശ്രദ്ധിക്കുക, കയറ്റുമതി ഉല്പന്നങ്ങളുടെ ഗുണ നിലവാരം കർക്കശമായി ഉറപ്പു വരുത്തുക, ശക്തമായ സഹകരണ സംഘങ്ങൾ സ്ഥാപിച്ച് അഭ്യസ്തവിദ്യരായ യുവജനതക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നീകാര്യങ്ങൾ കാലതാമസംവിനാ ചെയ്യേണ്ടത് ഈ രംഗത്തിന്റെ ഉയർച്ചക്കും, നിലനില്പിനും അനുപേക്ഷണീയമായ സഹായങ്ങളാണ്.

ഇത്തരത്തിൽ ദരിദ്രവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഈ പഞ്ചായത്തിന്റെ ഇന്നത്തെ അവസ്ഥയെ മാറ്റിമറിയ്ക്കേണ്ടത് അനിവാര്യമാണ്. ഇറക്കുമതി ചെയ്ത പരിഷ്കാര ജീവിത ശൈലിയിൽപ്പെട്ട് അതിന്റെ മസ്മരികതയിൽ ലയിച്ച് കർമ്മശേഷി നഷ്ടപ്പെട്ട ഒരു വിഭാഗത്തെയും കൂടി തട്ടിയുണർത്തി അവരുടെ മുഴുവൻ മാനവശേഷിയും കാര്യക്ഷമതയോടുകൂടി ഏകികരിച്ച് പഞ്ചായത്തിന്റെ പൊതു വികസനത്തിനായി, മുഴുവൻ മാനവശേഷിയേയും സമാഹരിക്കാൻ കഴിഞ്ഞാൽ അതു തന്നെയാണ് പഞ്ചായത്തിന്റെ പ്രഥമവും, പ്രധാനവുമായ വിഭവ സമാഹരണം.

പഞ്ചായത്തിന്റെ വരുമാനം ഉയർത്തുന്നതിന് താഴെ വിശദമാക്കുന്ന നിർദ്ദേശങ്ങൾ പരിഗണിയ്ക്കാവുന്നതാണ്.

1. 'കൃഷി ലാഭകരമല്ല' എന്ന കർഷകന്റെ അഭിപ്രായം തെറ്റാണെന്നു സമർത്ഥിക്കുവാൻ കഴിയണ്. വിത്തിന്റേയും, വളത്തിന്റേയും ക്രമാതീതമായ വിലവർദ്ധനവ്, അശാസ്ത്രീയമായ കൃഷിരീതി അവലംബിയ്ക്കൽ എന്നിവമൂലമാണ് കൃഷി നഷ്ടമായിത്തീരുന്നത്. ഇതു മാറ്റി കൃഷിക്കാരിൽ ആത്മവിശ്വാസമുണ്ടാക്കുവാൻ വിള ഇൻഷ്വറൻസ് പഞ്ചായത്തു മുഖേന നടപ്പിലാക്കാം. പഞ്ചായത്തിന്റെ സഹായത്തോടെ വിത്തും വളവും നൽകി വിളവ് വർദ്ധിപ്പിക്കുന്നതനാവശ്യമായ ക്രമീകരണങ്ങൾ ഉറപ്പുവരുത്തുക.

2. ഇന്ന് സാർവ്വത്രികമായി കാണുന്ന അശാസ്ത്രീയ കുഴൽക്കിണർ നിർമ്മാണത്തിന് സർക്കാർ തലത്തിൽ നിന്നുള്ള ധനസഹായം പൂർണ്ണമായും നിറുത്തലാക്കുക. ഈ ധനസഹായം പഞ്ചായത്തിലെ കൃഷിക്കും ജലസേചനത്തിനുമായി കുളങ്ങൾ കുഴിയ്ക്കുന്നതിന് നൽകണം. കൂടാതെ കുഴൽക്കിണറുകൾ താഴ്ത്തുന്നതിന് ഉയർന്ന നിരക്കിൽ സെസ്സ് ഏർപ്പെടുത്തുക.

3. വിദഗ്ധോപദേശത്തോടു കൂടി ജലം വാർന്നു പോകുന്നത് നിയന്ത്രിക്കുക. പൊഴികളിൽ ജലം കവിഞ്ഞൊഴുകുന്ന സമ്പ്രദായം ഉണ്ടാക്കുക. ഇത്തരം ബണ്ടുകൾ നിർമ്മിച്ച് ഇവിടങ്ങളിൽ ശാസ്ത്രീയമായി മത്സ്യം വളർത്തുകയും, മീൻ വലവീശിപ്പിടിയ്ക്കുന്നതിന് ലൈസൻസ് ഏർപ്പെടുത്തുകയും ചെയ്യുക.

4. ഉൾനാടൻ ഗ്രാമങ്ങളിലെ കുളങ്ങളിൽ സൗജന്യമായി നൽകുന്ന മത്സ്യക്കുഞ്ഞുങ്ങളെക്കൊണ്ട് ഉല്പാദനം നടത്തുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുക. പൊതുകുളങ്ങൾ മത്സ്യകൃഷിക്കായി ലേലം ചെയ്തു കൊടുക്കുക.

5. മുഴുവൻ ആടുമാടുകൾക്കും പഞ്ചായത്തുതലത്തിൽ നിർബ്ബന്ധിത ഇൻഷ്വറൻസ് ഏർപ്പെടുത്തുക. ഇൻഷ്വറൻസ് പ്രീമിയം പഞ്ചായത്ത് സ്വീകരിക്കുകയും, സൗജന്യ ചികിത്സയും, പ്രതിരോധ ഔഷധങ്ങളും നൽകുകയും വേണം.

6. മത്സ്യബന്ധന മേഖലയിലുള്ള എല്ലാ മത്സ്യബന്ധനോപകരണങ്ങൾക്കും പഞ്ചായത്തിൽ രജിസ്ട്രേഷൻ നിർബ്ബന്ധമാക്കുക.

7. മത്സ്യബന്ധന മേഖലയിൽ മത്സ്യം ശേഖരിക്കുവാനെത്തുന്ന വാഹനങ്ങൾക്ക് 'ടോൾ' ഏർപ്പെടുത്തുക.

8. കാലിത്തീറ്റയുടെ ക്രമാതീതമായ വിലക്കയറ്റവും, ഗുണനിലവരം കുറഞ്ഞ തീറ്റയുടെ ഉപയോഗവും മൃഗപരിപാലനത്തെ ബാധിക്കുന്നുണ്ട്. ഇതിനൊരു പരിഹാരമായി പഞ്ചായത്തതൃത്തിയിൽ ഒരു മിനി കാലിത്തീറ്റ ഫാക്ടറി പ്രവർത്തന ക്ഷമമാക്കുക. നബാഡിന്റെ സാമ്പത്തിക സഹായത്തോടെയും പഞ്ചായത്തിന്റെ നിയന്ത്രണത്തിലും, പൊതുജനങ്ങളുടെ പങ്കാളിത്തോടും ഈ

സംരംഭം നടത്തുവാൻ സാധിയ്ക്കണം പഞ്ചായത്തിനു വരുമാനവും, തൊഴിൽ രഹിതർക്ക് പ്രത്യക്ഷവും പരോക്ഷവുമായ തൊഴിലവസരങ്ങളും ലഭിക്കും. നമ്മുടേയും, സമീപ പഞ്ചായത്തുകളുടേയും കാലിത്തീറ്റയുടെ ദൗർലഭ്യം കുറയ്ക്കുകയും ചെയ്യാം.

9. ചെറുകിട കയർത്തറി ഉടമകൾക്ക് രജിസ്ട്രേഷൻ ഫീസും, തൊഴിൽ നികുതിയും ഏർപ്പെടുത്തുക.

10. ചെറുകിട മേഖലയിൽ കയർ റാട്ടു യൂണിറ്റുകൾ രൂപീകരിക്കുക.

11. തഴ, കൈതമുല, ഈർക്കിൽ, ചൂരൽ, വള്ളികൾ എന്നിവ കൊണ്ടു നിർമ്മിയ്ക്കുവാൻ കഴിയുന്ന ഉല്പന്നങ്ങളുടെ ഒരു വ്യവസായ സഹകരണ സംഘം രൂപീകരിയ്ക്കാവുന്നതാണ്.

12. ഗാർഹികാവശ്യങ്ങൾക്കുള്ള കറിപ്പൊടികൾ, ജാം, അച്ചാറുകൾ, പലഹാരങ്ങൾ എന്നിവയുടെ നിർമ്മാണശാല ഖാദിബോർഡിൻെറ സഹായത്തോടെ പഞ്ചായത്തുതലത്തിൽ സ്ഥാപിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക. അതൊരു സഹകരണ വ്യവസായ യൂണിറ്റായി രജിസ്റ്റർ ചെയ്യുക.

13. പഞ്ചായത്തിൻെറ പുറമ്പോക്കു സ്ഥലങ്ങളിൽ സ്ഥിരം ബങ്കുകൾ സ്ഥാപിക്കുകയും അത് വ്യക്തികൾക്കും വാടകക്ക് കൊടുക്കുകയും ചെയ്യുക.

14. സ്വയം തൊഴിൽ പദ്ധതി പ്രകാരം ലീഡ് ബാങ്കുമായി ബന്ധപ്പെട്ട് പഞ്ചായത്തിൻെറ സഹായത്തോടെ 10 ബങ്കുകൾ വീതം നിരത്തിലിറക്കുക.

15.പഞ്ചായത്തിൻെറ കീഴിൽ അറവുശാല നിർമ്മിക്കുക. സീൽവച്ച ആടുമാടുകളെ മാത്രം അറവിനായി അനുവദിയ്ക്കുക. അറവുശാല ലേലം ചെയ്തു കൊടുക്കുകയും, സീലിംഗിന് ഫീസ് ഏർപ്പെടുത്തുകയും ചെയ്യുക.

16. വിനോദനികുതി കാര്യക്ഷമമായി നടപ്പിലാക്കുക. സിനിമാശാലകൾക്ക് വാർഷിക നികുതി നടപ്പിലാക്കുക.

17. പരസ്യങ്ങൾക്ക് നികുതി ഏർപ്പെടുത്തുക

18. കേബിൾ ടി. വി. കോൺട്രാക്റ്റേഴ്സിനും, ന്യായമായ ഓപ്പറേറ്റേഴ്സിനും ലൈസൻസ് ഫീ ഏർപ്പെടുത്തുക.

19. ഫോട്ടോഗ്രാഫേഴ്സ്, വീഡിയോഗ്രാഫേഴ്സ് എന്നിവർക്ക് രജിസ്ട്രേഷൻ ഫീസ് ഏർപ്പെടുത്തുക.

20. പഞ്ചായത്തതൃത്തിയിൽ പ്രവർത്തിക്കുന്ന കയറ്റുമതി-വ്യവസായ സ്ഥാപനങ്ങൾക്ക് ഓരോ കണ്ടെയ്നർ വിട്ടയയ്ക്കുമ്പോഴും, ലോറി വിട്ടയയ്ക്കുമ്പോഴും ഓരോന്നിനും കയറ്റുമതിച്ചുങ്കം ഏർപ്പെടുത്തുക, 250- രൂപാവീതം

21. വ്യവസായ സ്ഥാപനങ്ങളിൽ വൻകിട നിന്നും കയറ്റുമതി ചെയ്യുന്ന ഉല്പന്നങ്ങളുടെ വിലയിൽ നിന്ന് ഒരു ചെറിയ അംശം പഞ്ചായത്തിന് ലഭിയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുക.

22. തടി, സ്റ്റീൽ, ചൂരൽ എന്നീവ്യവസായങ്ങളുടെ ഉല്പാദനത്തിൻെറ ആകെ തുകയുടെ അടിസ്ഥാനത്തിൽ ഫീസ് ഏർപ്പെടുത്തുക.

23. സ്പെയർപാർട്ട്സുകൾ വില്ക്കുന്ന കടകൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തുക.

24. വിദേശമദ്യ ഷാപ്പുകളുടെ നികുതി വർദ്ധിപ്പിക്കുക.

25. സിമൻറു വർക്സിനു ലൈസൻസ് ഏർപ്പെടുത്തുക.

26. ട്രസ്റ്റ്, പ്രൈവറ്റ് ചിട്ടി, വ്യക്തികളുടെ സാമ്പത്തിക ഇടപാടുകൾ എന്നിവയുടെ പ്രവർത്തനങ്ങൾക്ക് ടാക്സ് ഏർപ്പെടുത്തുക.

27. കാലികളുടെ വർദ്ധനവിനനുസരിച്ച് വീടുകൾ തോറും, കൂട്ടായും ഗോബർഗ്യാസ് പ്ലാൻറുകൾ സർക്കാർ ധനസഹായത്തോടെ നിർമ്മിക്കുവാൻ ശ്രമിക്കണം. ഇതിന് പൊതുജന പങ്കാളിത്തം കൂടി ഉറപ്പാക്കണം.

28. പഞ്ചായത്തിൽ വിറക് ഇന്ധനമായി ഉപയോഗിയ്ക്കുന്ന എല്ലാ വീടുകളിലും ദക്ഷത കൂടിയ അടുപ്പ് സ്ഥാപിക്കുക. ...വിലുള്ള ഗ്രാൻ് ഇതിലേക്ക് പ്രയോജനപ്പെടുത്തണം. പൊതുജനപങ്കാളിത്തവും ഉറപ്പാക്കണം.

29. വൈദ്യുതിയുടെ പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് ജനപങ്കാളിത്തത്തോടുകൂടി ടച്ചിംഗ് വെട്ടുന്ന പരിപാടി സംഘടിപ്പിക്കുക. മനുഷ്യപ്രയത്നം സൗജന്യമായി ഉപയോഗിയ്ക്കാം.

30. ജനതാ മത്സ്യ മാർക്കറ്റ് നിർമ്മിച്ച് അതിലെ കടമുറികൾ വാടകയ്ക്ക് നൽകുക. മത്സ്യമാർക്കറ്റ് ലേലം ചെയ്ത് മത്സ്യക്കച്ചവടം അനുവദിക്കുക. ഒരു കോൾഡ് സ്റ്റോറേജ് സ്ഥാപിയ്ക്കുക.

31. തെരുവുവിളക്കുകൾക്ക് പ്രത്യേക മീറ്റർ സമ്പ്രദായം ഏർപ്പെടുത്തുക.

32. വലിപ്പമുള്ള പുതിയ റോഡുകൾ വേണ്ടെന്നു വയ്ക്കുക. ആവശ്യമുള്ളത്രയും ഫുട്പാത്തുകൾ അനുവദിക്കുകയും, നിർമ്മാണ സാനഗ്രികൾക്കാവശ്യമായ തുക പഞ്ചായത്തിൽ നിന്ന് നല്കുകയും, നിർമ്മാണ പ്രവർത്തനം പ്രാദേശിക മനുഷ്യ വിഭവ ശേഷി സമാഹരിച്ചു കൊണ്ടു നടത്തുകയും ചെയ്യുക. ഇതിലൂടെ പഞ്ചായത്തിനു ലാഭിയ്ക്കാൻ കഴിയുന്ന തുക മറ്റു വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിയ്ക്കാനും കഴിയും.

33. ട്യൂട്ടോറിയൽ-പാരലൽ കോളേജുകൾക്ക് രജിസ്റ്റേഷൻ ഏർപ്പെടുത്തുക.

34. പഞ്ചായത്തു തലത്തിൽ ഒരു കോ-ഓപ്പറേറ്റീവ് കോളജ് സ്ഥാപിയ്ക്കുക. ഇതിൽ സാങ്കേതിക വിദ്യാഭ്യാസ കോഴ്സുകളും ആരംഭിയ്ക്കാം. ബിരുദാനന്തര ബിരുദധാരികളെക്കൊണ്ട് ഓഹരി എടുപ്പിച്ച് വർത്തന മൂലധനം കണ്ടെത്താം.

35. പഞ്ചായത്തിലെ സഹകരണ സംഘങ്ങൾ അവയുടെ ചെലവിനത്തിൽ ഒരു ഭാഗം പഞ്ചായത്തിൻെറ വികസന പ്രവർത്തനത്തിനു വേണ്ടി മാറ്റി വയ്ക്കുന്നതിനായി സംസ്ഥാന സഹകരണ നിയമത്തിൻെറ ഉപനിബന്ധനകളിൽ പരിഷ്കാരം വരുത്തുവാൻ സമ്മർദ്ദം ചെലുത്തുക.

36. നാളികേര സഹകരണ സംഘങ്ങൾക്ക് അതിൻെറ വാർഷിക റിട്ടേണുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ നിന്നും നികുതി ഏർപ്പെടുത്തുക.

37. കെട്ടിട നികുതി നിയമം കർക്കശമായും നടപ്പിലാക്കുക.

38. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്ക് സഹകരണ അടിസ്ഥാനത്തിൽ പാർപ്പിട ഫണ്ട് ഉണ്ടാക്കുക.

39. പട്ടികജാതി-പട്ടിക വർഗ്ഗ-ഘടക പദ്ധതികൾ സ്ഥലകാല പരിതസ്ഥിതികൾക്കനുസരണമായി വിനിയോഗിക്കുവാനും, കഴിയാതെ വന്നാൽ ആ വിഭാഗത്തിൻെറ മറ്റു പ്രത്യുല്പാദന മേഖലകളിൽ വിനിയോഗിക്കുന്നതിനുള്ള അംഗീകാരവും ഉണ്ടാകേണ്ടതാണ്.

40. വാർഡുകൾതോറും വാർഡു വാട്ടർ കമ്മിറ്റികൾ രൂപീകരിച്ച് ശുദ്ധജലവിതരണം കാര്യക്ഷമമാക്കുക. പൈപ്പു സംരക്ഷണത്തിൻെറ ആവശ്യകത ജനങ്ങളെ ബോദ്ധ്യപ്പെടുത്തുക.

41. പഞ്ചായത്തു തലത്തിൽ വിവിധ ഫണ്ടുകളിൽ നിന്നുമായി അൺടൈഡ്, ജെ. ആർ. വൈ., മറ്റേജൻസികൾ നടപ്പിലാക്കി വരുന്ന കക്കൂസ് നിർമ്മാണം പ്രത്യേകം പ്രത്യേകമാക്കാതെ ഇവയെ സംയോജിപ്പിച്ച് ഗുണഭോക്താക്കളുടെ കൂടി പങ്കാളിത്തത്തോടെ നൽകാൻ കഴിഞ്ഞാൽ എണ്ണം വർദ്ധിപ്പിയ്ക്കാവുന്നതാണ്. തികച്ചും കാര്യക്ഷമതയുള്ളതാണെന്നു ബോദ്ധ്യം വന്ന ടോട്ടൽ സാനിട്ടേഷൻ പദ്ധതി യുടെ ഭാഗമായി എസ്.ഇ.യു.-ൻെറ നിർദ്ദേശപ്രകാരം നമ്മുടെ പഞ്ചായത്തിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന ഒന്നാംഘട്ടം ചെലവു കുറഞ്ഞ നിർമ്മാണ രീതി അവലംബിയ്ക്കുന്നത് നന്നായിരിക്കും.

42. ആരോഗ്യരംഗത്തെ നേട്ടങ്ങൾ നിലനിറുത്തുന്നതിനും, രോഗാതുരത കുറച്ചുകൊണ്ടുവരുന്നതിനും പഞ്ചായത്തിലെ സന്നദ്ധ സംഘടനകളെക്കൂടി കൂട്ടിയോജിപ്പിച്ച് വാർഡു പഞ്ചായത്തു തലങ്ങളിൽ സാനിട്ടേഷൻ കമ്മിറ്റികൾ സംഘടിപ്പിക്കുന്നത് ഉചിതമാണ്.

43. പഞ്ചായത്തുതലത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ പ്രാദേശിക തലത്തിൽ വൈദഗ്ദ്ധ്യമുള്ളവരെ കൂട്ടിയോജിപ്പിച്ച് വികസനസേന രൂപീകരിക്കുക. ഈ സേനയിൽ പഞ്ചായത്തിൽ തൊഴിലില്ലായ്മ വേതനം പറ്റുന്നവരേ നിർബ്ബന്ധമായും അംഗങ്ങളാക്കണം.

44. പഞ്ചായത്തിൽ പ്രത്യുൽപാദനപരമായ പ്രവർത്തനങ്ങൾക്ക് മൂലധനം നിക്ഷേപിക്കുന്ന വ്യക്തികൾക്ക് ഷെയർ അടിസ്ഥാനത്തിലുള്ള തങ്ങളുടെ നിക്ഷേപത്തിന് നിയമപരമായ ഉറപ്പുവരുത്തുക. അത്തരത്തിലുള്ളവർക്കോ, അവരുടെ നോമിനികൾക്കോ തൊഴിൽ ഉറപ്പുവരുത്തുകയും ചെയ്യുക.

45. സർക്കാരിൽ നിന്നും പഞ്ചായത്തിനു ലഭിക്കേണ്ട തുക കുടിശിക വരുത്താതെ യഥാസമയം പഞ്ചായത്തിൽ ലഭിയ്ക്കുമെന്ന് ഉറപ്പുവരുത്തുക. തുക ചെലവാക്കാതെ ഇരുന്നാൽ അടുത്ത വർഷം അതാതു വർഷങ്ങളിൽ തന്നെ ചെലവാക്കുവാൻ ശ്രമിയ്ക്കുക.

46. ഉത്സവങ്ങൾ, പെരുന്നാൾ, ചാകരക്കോള്, തുടങ്ങിയ സന്ദർഭങ്ങളിൽ താല്കാലികമായി നിർമ്മിക്കുന്ന കച്ചവടസ്ഥാപനങ്ങൾക്ക് താല്ക്കാലിക ലൈസൻസ് ഏർപ്പെടുത്തുക.

47. വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ കഴിയുന്ന തരത്തിൽ ലൈസൻസ് നടപടികൾ പരിഷ്കരിക്കുക.

48. അളവും തൂക്കവും ലൈസൻസ് പഞ്ചായത്തംഗീകാരത്തോടുകൂടി മാത്രം നടപ്പാക്കുക.

49. ഭൂനികുതിയുടെ നിരക്കു വർദ്ധിപ്പിക്കുക, അതിൻെറ കൂടുതൽ വിഹിതം പഞ്ചായത്തിനു ലഭ്യമാക്കുക.

50. വിവാഹ രജിസ്ട്രേഷൻ ഫീ ഈടാക്കുക.

51. പഞ്ചായത്തിൻെറ നേതൃത്വത്തിൽ ഒരു കമ്മ്യൂണിറ്റി ഹാളും, ഷോപ്പിംഗ് കോംപ്ലെക്സും, ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ നിർമ്മിക്കുക.

52. ഏറ്റവും തിരക്കേറിയ കലവൂർ പ്രദേശത്ത് ഒരു കംഫർട്ട് സ്റ്റേഷൻ നിർമ്മിച്ച്, ഓരോ വർഷവും ലേലം ചെയ്തു കൊടുത്ത് പ്രവർത്തിപ്പിക്കുക.

53. 22 പ്രൈവറ്റ് ബസുകൾ സർവ്വീസ് നടത്തുന്ന കലവൂർ, റെയിൽവേ സ്റ്റേഷനിൽക്കൂടി ലാക്കാക്കി ഒരു പ്രൈവറ്റ് ബസ്സ്റ്റാൻറും, ലോറിസ്റ്റാൻറും കൂടി നിർമ്മിക്കുക.

54. ധാരാളമായി ലഭിയ്ക്കുന്നതും, പാഴാക്കികളയുന്നതുമായ ഔഷധഗുണ സമൃദ്ധമായ കശുമാങ്ങ ഉപയോഗിച്ച് ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.

55. ബ്ലേഡ് പലിശ നിരക്കിൽ നിന്നും ജനങ്ങളെ രക്ഷിക്കാൻ വാർഡുതലത്തിൽ ഡെപ്പോസിറ്റ് ഫണ്ട് ശേഖരിച്ച് കുറഞ്ഞ സർവ്വീസ്-ചാർജ് നിരക്കിൽ വായ്പകൾ കൊടുക്കുവാൻ ആവശ്യമായ സംവിധാനം സൃഷ്ടിക്കുക.

മേൽപ്പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾക്കു പുറമേ പഞ്ചായത്തിൻെറ സർവ്വതല സ്പർശിയായ എല്ലാവികസന പ്രവർത്തനങ്ങളിലും, മരവിച്ചു നില്ക്കുന്ന മനുഷ്യശേഷിയെ വ്യക്തമായ ദിശാബോധത്തോടെ നിയന്ത്രിച്ചും പ്രവർത്തനക്ഷമമാക്കി ഉപയോഗിച്ചാൽ അത്ഭുതകരമായ വളർച്ചയും, നേട്ടങ്ങളും കൈവരിയ്ക്കാൻ കഴിയും എന്നു നാം മനസ്സിലാക്കുക.

# ഉപസംഹാരം

കേരളത്തിൻെറ ഒൻപതാം പദ്ധതിയുടെ മർമ്മ പ്രധാനമായ പ്രത്യേകത സംസ്ഥാനപദ്ധതി അടങ്കലിൻെറ 40% വരെ പഞ്ചായത്തു സ്ഥാപനങ്ങൾ അവരുടെ ഇച്ഛാശക്തിയ്ക്കനുസൃതമായി തയ്യാറാക്കുന്ന വികസന പദ്ധതികൾക്കായി മാററി വയ്ക്കുന്നു എന്നതാണ്. തൻെറ മണ്ണിനേയും ,ജലത്തേയും, സാദ്ധ്യതകളേയും, മാററകേററങ്ങളേയും തിരിച്ചറിഞ്ഞുകൊണ്ട് താഴേതട്ടിൽ നിന്നും ജനപങ്കാളിത്തത്തോടെ വികസന പദ്ധതികൾ ആവിഷ്കരിക്കുക എന്ന ചരിത്ര ദൗത്യമാണ് ഇതിലൂടെ പ്രവർത്തികമാകുന്നത്.

വാർഡുകൺവെൾഷനുകളും, ഗ്രാമസഭകളും ചേർന്ന് ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രാദേശിക വികസന പ്രശ്നങ്ങൾ കണ്ടെത്തുക, അവയെ സാദ്ധ്യതളുടെയും,പരിമിതികളെയും പശ്ചാത്തലത്തിൽ മുൻഗണനാക്രമത്തിൽ ചിട്ടപ്പെടുത്തുക. തുടങ്ങിയ പ്രഥമവും, പ്രധാനവുമായ പ്രവർത്തനങ്ങൾ പൂർത്തി കരിക്കപ്പെട്ടിരിക്കുന്നു. ഗ്രാമസഭകളിൽ നിന്നുയർന്നു വന്നജനജീവിതസ്പർശികളായ പ്രശ്നങ്ങൾ സത്വരവും, പ്രായോഗിക പ്രസക്തിയും, സ്ഥായീഭാവമുള്ള പദ്ധതികളാക്കി പ്രയോഗതലത്തിലെത്തിച്ച് പരിഹരിക്കുക എന്ന കാലഘട്ടത്തിൻെറ ചുമതലയാണ് ഇനി നമുക്ക് ഏറെറടുക്കുവാനുള്ളത്.

ഈ റിപ്പോർട്ടു തയ്യാറാക്കുന്ന സന്ദർഭം വരെയും ഈ പഞ്ചായത്തിലെ സെക്രട്ടറിയായി സേവനം ചെയ്തു, ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ പ്രാഥമികഘട്ടങ്ങളിലെല്ലാം തന്നെ ആത്മാർത്ഥമായി സഹകരിച്ച ശ്രീ. കെ. ധനഞ്ജയൻെറ പ്രതിബദ്ധത നിസ്തുലമാണ്.

ഇത്തരുണത്തിൽ ഒട്ടേറെ പ്രവർത്തകരുടെ ആത്മാർത്ഥമായ സേവനം ഉണ്ടായിട്ടുണ്ട്. 65 എൽ.ആർ. പി. മാരുടേയും, ഇവരുടെ പ്രവർത്തനങ്ങളെയാകെ കൂട്ടിയോജിപ്പിച്ചുകൊണ്ടിരിക്കുന്ന കൺവീനർ ശ്രീ. കെ. പവിത്ര പണിക്കർ, ശ്രീമാൻമാർ കെ. എസ്. സ്റ്റാൻലി (ഇൻസ്പെക്ടർ, ഡി.ഡി.പി.), റ്റി.ജെ ബഞ്ചമിൻ പി.എസ്. വെട്ടിയാർ എന്നിവരുടേയും സേവനം ശ്ലാഘനീയമാണ്.

ജനാധിപത്യം അന്വർത്ഥമാക്കുവാൻ പ്രേരകമായി ഭവിക്കുന്ന ഈ പുത്തൻ പ്രഭാതത്തെ-പുത്തൻ സംസ്കാരത്തെ വരവേൽക്കാൻ അരയും, തലയും മുറുക്കി നില്ക്കുന്ന നാം തികഞ്ഞ മാനസികൈക്യത്തോടും, പാരസ്പര്യത്തോടും, സർവ്വോപരി 'എനിയ്ക്കും എൻെറ പിൻമുറക്കാർക്കും വേണ്ടി' എന്ന ലക്ഷ്യത്തോടും കൂടി ലവലേശം സങ്കോചമില്ലാതെ തുറന്ന മനസ്സോടെ സഹകരിയ്ക്കണമേ എന്നഭ്യർത്ഥിച്ചു കൊണ്ടും ചുരുക്കട്ടെ.

